# തിരുസഭാചരിത്രസംഗ്രഹം

(ഹയർ സെക്കണ്ടറിസ്കൂളിലേ ഉപയോഗത്തിന്)

STP

Printed and Published by
THE ST THOMAS PRESS, PALAI
1962

വില 75 Ps.

St. Antony's Monastery
ALWAYE, P. O.
KERALA STATE.

# തിരുസഭാചരിത്രസംഗ്രഹം

(ഹയർ സെക്കണ്ടറി ക്ലാസ്സുകളിലേക്ക്)

| | |
|---|---|
| ഒന്നാംപതിപ്പ് | കോപ്പി 5000 |
| രണ്ടാംപതിപ്പ് | കോപ്പി 4000 |
| മൂന്നാംപതിപ്പ് | കോപ്പി 8000 |

Printed at the
St Thomas Press, Palai
December 1962

# തിരുസഭാചരിത്രസംഗ്രഹം

(ഹയർസെക്കണ്ടറി ക്ലാസ്സുകളിലേക്ക്)

ACHARYA PALACKAL JEEVASS KENDRAM
LIBRARY

ACHARYA PALACKAL JEEVASS KENDRAM
LIBRARY
16817

Published by
The St Thomas Press, Palai
for
The Text Book Committee,
Diocese of Palai
Dec. 1962

വില 75 ന.സ.

Dharmaram College Library
Acc. No. 87934
Call. No. J11 / T349

*Nihil Obstat*

**Rev. Fr. Jacob Maliekel**
(Censor Deputus)

Palai
30—5—1960

*Re - Imprimatur*

Rt. Rev. Msgr Philip Valyil
Vicar General
*Diocese of Palai*

Palai
30--11 –1962

St. Antony's Monastery
ALWAYE. P. O.
KERALA STATE.

# പ്രസ്താവന

ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിപ്പിക്കുന്നതിനു പാലാ രൂപതയിൽ ഏർപ്പെടുത്തിയിരിക്കുന്ന ടെക്സ്റ്റുബുക്കു കമ്മിററി 1954-ൽ പ്രസിദ്ധംചെയ്ത തിരുസ്സഭാചരിത്രസംഗ്രഹം എന്ന പുസ്തകത്തിൻെറ പരിഷ്കരിച്ച മൂന്നാംപതിപ്പാണ് ഇപ്പോൾ പ്രസിദ്ധീകരിച്ചിരിക്കുന്നതു്. രണ്ടാംപതിപ്പിൽനിന്നു സാരമായ മാററമൊന്നും ഇതിൽ വരുത്തിയിട്ടില്ല. എന്നാൽ രണ്ടാംപതിപ്പു പ്രസിദ്ധം ചെയ്തതിനു ശേഷം ആധുനികകാലത്തു് ഉണ്ടായിട്ടുള്ള ചരിത്രസംഭവങ്ങളിൽ പ്രസക്തമായ ഭാഗങ്ങൾ അതതു സ്ഥലത്തു ചേർക്കുവാൻ ശ്രമിച്ചിട്ടുണ്ടു്.

ഈ പുസ്തകത്തിലേ ഉള്ളടക്കം മൂന്നു ഭാഗങ്ങളായി തിരിച്ചിരിക്കുകയാണു്. ഒന്നാം ഭാഗത്തിൽ തിരുസഭാസ്ഥാപനം മുതൽ ആധുനികകാലംവരെ ഉണ്ടായിട്ടുള്ള പ്രധാന ചരിത്രസംഭവങ്ങൾ വളരെ ചുരുക്കമായി ചേർത്തിട്ടുണ്ടു്. രണ്ടായിരം കൊല്ലത്തേ തിരുസഭയുടെ നീണ്ടചരിത്രം ഏതാനും പേജുകളിലാക്കി ഒതുക്കിനിറുത്തുക ഏററം പ്രയാസമുള്ള കാര്യമാണു്. വിദ്യാർത്ഥികൾ അവശ്യം അറിഞ്ഞിരിക്കേണ്ടതും ഏററം പ്രധാനമായതുമായ ചരിത്രസംഭവങ്ങളേ ഈ ഭാഗത്തു ചേർത്തിട്ടുള്ളൂ. തിരുസഭാസ്ഥാപനം, മതപീഡനങ്ങൾ, മാർപ്പാപ്പായുടെ രാഷ്ട്രാധിപത്യം, ഫ്യൂഡൽ കാലഘട്ടത്തിൽ സഭയ്ക്കു നേരിട്ട വിപത്തുകൾ, ഭൗതികാധികാരികളുമായുണ്ടായ ഉരസൽ, മദ്ധ്യമകാലചരിത്രം, കുരിശുയുദ്ധങ്ങൾ, നവോത്ഥാനം, പ്രോട്ടസ്റ്റൻറ മതവിപ്ലവം, മഹാന്മാരായ മാർപ്പാപ്പാമാർ, പുതിയ സന്യാസ സഭകൾ, വിദേശങ്ങളിലേ കത്തോലിക്കസഭാപ്രചരണം, തിരുസ്സഭാസാഹിത്യം, തിരുസ്സഭയുടെ ആധുനിക കാലത്തേ വിജയങ്ങൾ, സോഷ്യലിസവും കമ്മ്യൂണിസവും, ഫ്രാൻസിലേ നവോത്ഥാനം തുടങ്ങിയ അതിപ്രധാന ചരിത്രസംഭവങ്ങളെക്കുറിച്ചു മാത്രം വളരെ ചുരുക്കമാ

യിട്ടേ ഈ ഭാഗത്തു് പ്രതിപാദിച്ചിട്ടുള്ളു. ഇതിലെ ഓരോ അദ്ധ്യായവും ഓരോ വലിയ പുസ്തകം എഴുതാൻമാത്രം വിപുലവും പ്രാധാന്യമേറിയതുമാണെന്നുള്ള വസ്തുത ഞങ്ങൾ മറക്കുന്നില്ല.

ഭാരതസഭാചരിത്രമാണു പുസ്തകത്തിന്റെ രണ്ടാംഭാഗത്തു പ്രതിപാദിച്ചിരിക്കുന്നതു്. വി. തോമ്മാശ്ലീഹാ ഭാരതത്തിൽനിന്നു് സുവിശേഷവേല ആരംഭിച്ചതുമുതൽ ഇന്നുവരെയുള്ള ഭാരതസഭാ ചരിത്രത്തിലെ ഏററം പ്രധാനഭാഗം മാത്രം ചുരുക്കമായി ഇവിടെ ഉൾക്കൊള്ളിച്ചിരിക്കുകയാണു്. മാർത്തോമ്മാശ്ലീഹായുടെ ഭാരതത്തിലെ പ്രേഷിതവേല, അതിനുശേഷമുള്ള ഭാരതസഭയിലെ സ്ഥിതി, പോർട്ടുഗീസുകാരും നസ്രാണികളും, ഉദയംപേരൂർ സൂന്നഹദോസ്, കൂനൻകുരിശുസത്യം, മലങ്കരസഭയിലെ വലിയശീശ്മ, അനന്തര സംഭവങ്ങൾ, കരിയാററിൽ യൗസേപ്പുമല്പാനും പുനരൈക്യശ്രമങ്ങളും, കേരളസഭയിലെ കമ്മലീത്താഭരണം തുടങ്ങിയ ഭാരതസഭാചരിത്രത്തിലെ, പ്രധാനസംഭവങ്ങളാണു് ഇവിടെ പ്രതിപാദിച്ചിരിക്കുന്നതു്.

ഇൻഡ്യയിലെ മിഷൻപ്രവത്തനത്തെക്കുറിച്ചു പൊതുവിലും, ദക്ഷിണേൻഡ്യയിലേയും ഉത്തരേൻഡ്യയിലേയും മിഷൻരംഗങ്ങളെക്കുറിച്ചു പ്രത്യേകിച്ചും പ്രതിപാദിച്ചതിന്റെശേഷം, ഇൻഡ്യൻ ഹയരാക്കിസ്ഥാപനം, ഇൻഡ്യൻ മിഷന്റെ അഭിവൃദ്ധി, ഭാരതസഭയുടെ ആധുനികസ്ഥിതി എന്ന വിഷയങ്ങളെക്കുറിച്ചു ചുരുക്കത്തിൽ പരാമശിച്ചുകൊണ്ടു മൂന്നാംഭാഗവും അവസാനിപ്പിച്ചിരിക്കുന്നു.

Palai,
8—12—1960. For the Text Book Committee.

# വിഷയവിവരം

## ഒന്നാംഭാഗം

### ആരംഭവും പ്രചാരവും


| | | |
|---|---|---|
| 1 | ക്രിസ്തുമതത്തിൻെറ ഉദയകാലം | 1 |
| 2 | തിരുസഭയുടെ സ്ഥാപനം | 3 |
| 3 | ക്രിസ്തുമതത്തിൻെറ പ്രചാരത്തിനുള്ള കാരണങ്ങൾ | 8 |
| 4 | മതപീഡനങ്ങൾ | 9 |
| 5 | സഭയുടെ ഘടന | 13 |
| 6 | സഭാരാഷ്ട്രങ്ങളുടെ ഐക്യം | 19 |
| 7 | മാർപ്പാപ്പായുടെ രാഷ്ട്രാധിപത്യം | 22 |
| 8 | ക്രിസ്തീയജീവിതത്തിലുണ്ടായ ആത്മീയപുരോഗതി | 23 |
| 9 | ഫ്യൂഡൽ കാലഘട്ടിൽ സഭയ്ക്കുനേരിട്ട ആപത്തുകൾ | 24 |
| 10 | ഭൗതികാധികാരികളുമായുണ്ടായ ഉരസൽ | 30 |
| 11 | **മദ്ധ്യമകാലചരിത്രം** | 34 |
| 12 | കുരിശുയുദ്ധങ്ങൾ | 38 |
| 13 | നവോത്ഥാനം | 44 |
| 14 | പ്രോട്ടെസ്റ്റൻറ മതവിപ്ലവം | 45 |
| 15 | സഭയും പ്രോട്ടെസ്റ്റൻറ വിപ്ലവം | 49 |
| 16 | മഹാന്മാരായ മാപ്പാപ്പാമാർ | 50 |
| 17 | പുതിയ സന്യാസസഭകൾ | 51 |
| 18 | വിദേശങ്ങളിലെ കത്തോലിക്കാസഭാപ്രചരണം | 52 |
| 19 | തിരുസഭാസാഹിത്യം | 53 |
| 20 | വിപ്ലവയുഗത്തിലെ സഭ | 54 |
| 21 | തിരുസഭയുടെ ആധുനിക കാലത്തേ വിജയങ്ങൾ | 58 |

22 സോഷ്യലിസ്സവും കമ്യൂണിസവും 59
23 ഫ്രാൻസിലേ നവോത്ഥാനം 61
24 ഉപസംഹാരം 65

# രണ്ടാംഭാഗം

## ഭാരതസഭാചരിത്രം

1 ഭാരതസഭയും മാർത്തോമ്മാശ്ലീഹായും 72
2 ഭാരതസഭ, മാർത്തോമ്മാശ്ലീഹായ്ക്കുശേഷം 77
3 പോർട്ടുഗീസുകാരും നസ്രാണികളും 79
4 മാർ യൗസേപ്പ മെത്രാപ്പോലീത്താ 80
5 മാർ അബ്രാഹം മെത്രാപ്പോലീത്താ 91
6 ഡോം മെനേസീസ് മെത്രാപ്പോലീത്തായും ഉദയംപേരൂർ സൂനഹദോസും 83
7 ലത്തീൻ മെത്രാന്മാരുടെകീഴിൽ 87
8 കൂനൻകുരിശുസത്യം 88
9 മലങ്കരയിലേ വലിയ ശീശ്മ 90
10 മാർ സെബസ്ത്യാനി മെത്രാൻ 91
11 പള്ളിവീട്ടിൽ മാർ ചാണ്ടിമെത്രാൻ 91
12 കൊടുങ്ങല്ലൂർ അതിരൂപത 92
13 കരിയാററിൽ യൗസേപ്പുമല്പാനും പുനരൈക്യശ്രമങ്ങളും 95
14 പാറേമ്മാക്കൽ തോമ്മാക്കത്തനാർ 96
15 കേരളസഭയിലേ കർമ്മലീത്താഭരണം 97
16 റോക്കോസ് ശീശ്മ 99
17 മേലൂസ് ശീശ്മ 100
18 സുറിയാനിക്കാർ വേർതിരിക്കപ്പെടുന്നു 101
19 സുറിയാനിക്കാർക്ക് നാട്ടുമെത്രാന്മാർ 102

20 സീറോ–മലബാർ ഹയരാക്കി സ്ഥാപനം 103
21 അധികാരപരിധി വിസ്തൃതമാകുന്നു 105
22 മലങ്കരസഭയിലെ മലർവാടി 107
23 വിശ്വവിഖ്യാതയായ അൽഫോൻസാ 108
24 കേരളീയരുടെ മിഷൻപ്രവർത്തനം 109
25 പുനരൈക്യപ്രസ്ഥാനം 113
26 കേരളത്തിലെ ലത്തീൻക്രിസ്ത്യാനികൾ 116


# മൂന്നാം ഭാഗം

## ഇൻഡ്യയിലെ മിഷൻപ്രവർത്തനം


1 ദക്ഷിണേന്ത്യയിലെ മിഷൻരംഗങ്ങൾ 120
2 ഉത്തരേന്ത്യയിലെ മിഷൻരംഗങ്ങൾ 125
3 ഭാരതമിഷന്റെ അന്ധകാരയുഗം 127
4 ഇൻഡ്യയിൽ ഒരു നവചൈതന്യം 129
5 പുതിയ വികാരിയാത്തുകൾ 130
6 പാദ്രുവാദോ ശീശ്മ 131
7 ഇന്ത്യൻ ഹയരാക്കി സ്ഥാപനം 132
8 ഇന്ത്യൻമിഷന്റെ അഭിവൃദ്ധി 132
9 ഭാരതസഭയുടെ ആധുനികസ്ഥിതി 137

St. Antony's Monastery
ALWAYE. P. O.
KERALA STATE

ഒന്നാംഭാഗം

# തിരുസഭാചരിത്രം

# ക്രിസ്തുമതത്തിൻെറ ഉദയകാലം

ദൈവപുത്രനെ സ്വീകരിക്കുന്നതിന്ന മനുഷ്യരാശി രണ്ടു വിധത്തിൽ തയ്യാറെടുത്തു:—പ്രത്യക്ഷമായും പരോക്ഷമായും.

## പേഗൻമതങ്ങൾ

ദൈവത്തിൽനിന്നു് അകന്നും സന്മാർഗ്ഗത്തിൽനിന്നു് അധ:പതിച്ചുംപോയ പുരാതന പേഗൻ (Pagan) മതങ്ങൾ ക്രിസ്തുമതത്തിൻെറ ആവിർഭാവത്തിന്ന നിഷേധാത്മകമായി രംഗമൊരുക്കുകയായിരുന്നു. വി. പൗലോസ്സ് അപ്പസ്തോലൻ പറയുംപോലെ ഓരോ ജനതയും യഥേഷ്ടം അവക്കു പ്രത്യേകമായ മാർഗ്ഗങ്ങളിലൂടെ ചരിച്ചു കൊണ്ടിരുന്നു. നാഗരികത പ്രാപിച്ച മിക്കജനതകളും വിഗ്രഹാരാധനയിലും സന്മാർഗ്ഗഭ്രംശത്തിലും ആണ്ടുകഴിഞ്ഞിരുന്നു. ദൈവാലയങ്ങൾ നിരങ്കുശമായ ജഡികസുഖാനുഭവത്തിനുള്ള രംഗങ്ങളായി മാറിക്കഴിഞ്ഞിരുന്നു. എ. ഡി. രണ്ടാംശതകത്തിൽ ജീവിച്ചിരുന്ന, പുറജാതികളുടെ വിശ്രുതനെന്നു് അറിയപ്പെടുന്ന വി. ജസ്റ്റിൻ ചോദിക്കുകയാണു്, 'ജൂപ്പിററിനെ ആരാധിക്കുന്ന നിനക്കു് എങ്ങനെയാണു നിനക്കെതിരായി ഗൂഢാലോചന നടത്തുന്ന നിൻെറ പുത്രനെപ്പററി പരാതിപറയുവാൻ കഴിയുന്നതു്? വീനസിൻെറ കോവിലിൽ അച്ചന നടത്തുന്ന നിനക്കു നിൻെറ പുത്രിയുടെ സന്മാർഗ്ഗഭ്രംശത്തെപ്പററി കുററം പറയുവാൻ എന്താണവകാശം?' വി. പൗലോസ് റോമാക്കാക്കെഴുതിയ ലേഖനങ്ങളിൽ അവരുടെ അസാന്മാർഗ്ഗിക ജീവിതത്തെ ഏററവും നിശിതമായി അപലപിച്ചിട്ടുണ്ടു്.

ഈ നാശഗത്തത്തിൽനിന്നു തങ്ങളെ ഉദ്ധരിക്കാൻ അലൗകികശക്തിക്കേ കഴിവുള്ളു എന്നൊരു ബോധം എങ്ങനെയോ അവരിലും വേരൂന്നിക്കഴിഞ്ഞിരുന്നു.

യഹൂദമതം

ഇതേസമയംതന്നെ, യഹൂദജനതയും അവരുടെ മതവും മിശിഹായുടെ പ്രബോധനങ്ങളുടെ പ്രചാരത്തിനു വഴിയൊരുക്കിക്കൊണ്ടു നിലകൊണ്ടിരുന്നു.

ഈജിപ്ത്, ബാബിലോണിയാ, അസ്സീറിയാ, മാസിഡോണിയാ, ഗ്രീസ്, റോം തുടങ്ങിയ പുരാതനസാമ്രാജ്യങ്ങളിലെല്ലാം ചിന്നിച്ചിതറിപ്പാർത്തിരുന്ന യഹൂദജനങ്ങൾ ഒരു ലോകരക്ഷകൻെറ വരവിനെ പ്രതീക്ഷിച്ചുകൊണ്ടാണിരുന്നതു്. വിദേശങ്ങളിൽ താവളമുറപ്പിച്ചിരുന്ന ഈ യഹൂദരുടെ ഹൃദയങ്ങളും മാതൃഭൂമിയിലുള്ള സ്വവംശ്യരുടെ ഹൃദയങ്ങളോടൊപ്പം ഈ പ്രതീക്ഷയിൽ താളംതെറ്റാതെ സ്പന്ദിച്ചുകൊണ്ടിരുന്നു. മോറിയാ മലമുകളിൽ സ്ഥിതിചെയ്തിരുന്ന ജറുസലേം ദൈവാലയത്തിലാണ് അവരുടെയെല്ലാം മതപരമായ ചിന്തകൾ കേന്ദ്രീകരിച്ചിരുന്നതു്. അവരെല്ലാം മോശയുടെ പ്രമാണങ്ങളെ അക്ഷരംപ്രതി അനുവർത്തിക്കുകയും പതിവായി സിനഗോഗുകളിൽ സമ്മേളിച്ചു പ്രവാചകന്മാരുടെ ഈശ്വരപ്രേരിതങ്ങളായ സൂക്തങ്ങൾ പാരായണം ചെയ്യുകയും ചെയ്തിരുന്നു. പിന്നീടുണ്ടായ ക്രിസ്തീയ സമ്മേളനങ്ങളുടെ (congregations) മുന്നോടികളായിരുന്നു പ്രസ്തുത സിനഗോഗുകൾ.

യവനതത്ത്വശാസ്ത്രം

യവനന്മാരുടെ അമൂല്യങ്ങളായ തത്ത്വചിന്തകൾക്കു ക്രിസ്തുമതപ്രചാരത്തിനു കളമൊരുക്കാൻ വളരെയേറെക്കഴിഞ്ഞിട്ടുണ്ടു്. മോശയുടെ പ്രമാണങ്ങൾ യഹൂദരിൽ വലിയ സ്വാധീനശക്തി ചെലുത്തിയെങ്കിൽ പ്ലേറ്റോയുടെ തത്ത്വചിന്തകൾ യവനരിലും അപ്രകാരമുള്ള സ്വാധീനബലം ചെലുത്തുകയുണ്ടായി. ചിരപ്രതീക്ഷിതനായ രക്ഷകൻ ജൂദയായിൽ അവതരിക്കുമെന്നുപോലും ചില പേഗൻ ഗ്രന്ഥകാരന്മാർ നേരത്തേ രേഖപ്പെടുത്തിയിട്ടുണ്ടു്.

# തിരുസഭയുടെ സ്ഥാപനം

ലോകചരിത്രത്തിൻെറ ഒരു പ്രത്യേകഘട്ടത്തിൽ ദൈവം മനുഷ്യനായി അവതരിച്ചു. പരിശുദ്ധ ത്രിത്വത്തിലെ രണ്ടാമാളായ ദൈവസുതൻ നമ്മേപ്പോലെ ശരീരവും ആത്മാവും സ്വീകരിച്ചു മനുഷ്യനായി ഭൂമിയിൽ അവതരിച്ചു. ഈശോമിശിഹാ എന്നായിരുന്നു അദ്ദേഹത്തിൻെറ നാമധേയം. ആദിമാതാപിതാക്കളുടെ പാപംനിമിത്തം മനുഷ്യവർഗ്ഗം പാപത്തിലും ദുരിതത്തിലും ആണ്ടുപോയതായും അവർ പിശാചിൻെറ അടിമകളായി അധഃപതിച്ചതായും അവിടുന്നു കണ്ടു. അവരുടെ കൈവിലങ്ങുകൾ തകർത്തു പാപമാലിന്യം കഴുകിക്കളഞ്ഞു്, അവരെ പിതാവിലേക്കു പ്രത്യാനയിക്കുന്നതിനുവേണ്ടിയാണു മിശിഹാ അവതരിച്ചതു്. ഇതിലേക്കു രണ്ടു പ്രധാന കാര്യങ്ങളാണു് അവിടുത്തേക്കു നിർവ്വഹിക്കേണ്ടിയിരുന്നതു്; നിത്യസൗഭാഗ്യത്തിനു് അവകാശികളായിത്തീരേണ്ടതിനു് എങ്ങനെ ജീവിക്കണമെന്നു് അവരെ പഠിപ്പിക്കുക; പിന്നീടു്, അവരുടെ പാപഭാരത്തിൻെറ പരിഹാരമായി ഏററവും ഭയാനകമായ ഒരു മരണത്തിനു സ്വയം വിധേയനാവുക. അതുകൊണ്ടു മുപ്പതു വയസ്സു പൂർത്തിയായപ്പോൾ അവിടുന്നു ജനങ്ങളുടെ ഇടയിൽ സഞ്ചരിച്ചു് പിതാവു തന്നെ ഭരമേല്പിച്ച ദിവ്യസന്ദേശം പ്രചരിപ്പിക്കുവാൻ തുടങ്ങി. അത്ഭുതപ്രവർത്തനങ്ങൾ കണ്ടു് ആശ്ചര്യപരതന്ത്രരായ ജനതതിയുടെ ഹൃദയങ്ങളിലേക്കു് അവിടുത്തെ ദിവ്യസൂക്തങ്ങൾ കടന്നുചെന്നു. പലസ്തീനായിലെ പാവപ്പെട്ട തൊഴിലാളികളിൽനിന്നു് അദ്ദേഹം പന്ത്രണ്ടുപേരെ തെരഞ്ഞെടുക്കുകയും തൻെറ മരണാനന്തരം സ്വസന്ദേശം ലോകമെങ്ങും എത്തിക്കുന്നതിനു് അവർക്കുവേണ്ട പരിശീലനം നല്കുകയും ചെയ്തു. അവരിൽ ഒരാളെ അവിടുന്നു് അവരുടെ നേതാവായി നിയമിച്ചു. തൻെറ സഭാസൗധം പടുത്തുയർത്തുവാനുള്ള അടിസ്ഥാനശിലയായിക്കണ്ടതിനാൽ അയാൾക്കു് അവിടുന്നു പാറയെന്നർത്ഥമുള്ള † കേപ്പാ, അഥവാ

† കേപ്പാ എന്നതു് സുറിയാനിഭാഷയും പത്രോസ് എന്നതു് ഗ്രീക്കുഭാഷയു ആണു്.

പത്രോസ് എന്നു നാമകരണംചെയ്തു. അവസാനം അവിടുന്നു തന്റെ പീഡയും മരണവുംവഴി സ്വജീവനെ ബലിയപ്പിച്ചുകൊണ്ട്, മനുഷ്യരെ രക്ഷിച്ചു. എന്നാൽ, നേരത്തേ പ്രവചിച്ചിരുന്നതുപോലെ മൂന്നു ദിവസം കഴിഞ്ഞപ്പോൾ അദ്ദേഹം അത്യുജ്ജ്വലതേജസ്സോടുകൂടി പുനരുത്ഥാനം ചെയ്തു. അനന്തരം, തന്റെ ശിഷ്യന്മാക്കു കൂടെക്കൂടെ പ്രത്യക്ഷപ്പെട്ട്, അന്തിമങ്ങളായ നിദ്ദേശങ്ങളും ഉദ്ബോധനങ്ങളും നല്കിക്കൊണ്ടു നാല്പതു ദിവസം അവിടുന്നു ഭൂമിയിൽ കഴിച്ചുകൂട്ടി. ഒടുവിൽ, അവരെ വിട്ടുപിരിയുവാനുള്ള സമയമായി. മനുഷ്യരെ ദൈവവുമായി ഐക്യപ്പെടുത്തുന്ന വി. കൂദാശകളെല്ലാം മിശിഹാ ശിഷ്യരെ മനസ്സിലാക്കിക്കഴിഞ്ഞിരുന്നു. പുനരുത്ഥാനത്തിനുശേഷം നാല്പതാം ദിവസം ഒലിവുമലയിൽവച്ച്, തന്റെ തിരുനാമത്തിൽ ലോകത്തെ പഠിപ്പിക്കുന്നതിനും ഭരിക്കുന്നതിനും വിശുദ്ധീകരിക്കുന്നതിനുമുള്ള അധികാരം അവക്കു നല്കിയശേഷം മിശിഹാ സ്വർഗ്ഗാരോഹണം ചെയ്തു.

"സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു. എന്റെ പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു. ആകയാൽ നിങ്ങൾപോയി സകല ജാതികളേയും ശിഷ്യപ്പെടുത്തി പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ അവക്കു മാമ്മോദീസാ നല്കി, ഞാൻ നിങ്ങളോടു കല്പിച്ചിട്ടുള്ളതെല്ലാം ആചരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ. ഞാനോ ഇതാ, ലോകാവസാനംവരെ എല്ലാ നാളുകളിലും നിങ്ങളോടുകൂടെയുണ്ട്". (വി. മത്തായി 28, 18, 19, 20.)

ഈ അന്ത്യമൊഴികൾ അവക്കു പ്രചോദനവും ആത്മധൈര്യവും നല്കി. പലസ്തീനായിലെ നിരക്ഷരരായ ഒരു സംഘം സാധുമുക്കുവത്തൊഴിലാളികൾ ലോകജനതകളെ പഠിപ്പിക്കുക! അതു വിശ്വാസ്യമായിത്തോന്നുകയില്ല. എന്നാൽ, പത്തുദിവസത്തേ നിരന്തര പ്രാത്ഥനയ്ക്കുശേഷം സെഹിയോൻ ഊട്ടുശാലയിൽവച്ചു പരിശുദ്ധാത്മാവ് അഗ്നിജിഹ്വകളുടെ രൂപത്തിൽ അവരുടെമേൽ ഇറങ്ങി. അതോടെ

ആ പാമരസംഘം പല ഭാഷകരം സംസാരിക്കാവുന്ന ജ്ഞാനോപ ദേഷ്ടാക്കളായി മാറി. ക്രൂശിതനായ ക്രിസ്തുവിൻെറ അത്ഭുതകരമായ പുനരുത്ഥാനത്തെപ്പററിയും അദ്ദേഹത്തിൻെറ ദിവ്യോപദേശങ്ങളെ പ്പററിയും ഉടൻതന്നെ അവർ പ്രഭാഷണചാതുരിയോടുകൂടി ഉപദേശ ങ്ങരം നടത്തിത്തുടങ്ങി. പെന്തെക്കോസ്തു് തിരുനാളിൽ സംബന്ധി ക്കുന്നതിനായി വിവിധ രാജ്യങ്ങളിൽനിന്നും ജറുസലേമിൽ തടിച്ചു കൂടിയിരുന്ന ജനസമൂഹങ്ങരംക്കു് അവരുടെ ഉദ്ബോധനങ്ങരം മഹ ത്തായ മാനസികപരിവത്തനം വരുത്തി. വി. പത്രോസിൻെറ ഉജ്ജ്വലത്തായ പ്രസംഗം ശ്രവിച്ചു് മൂവായിരം ജനങ്ങരം അന്നുതന്നെ മാനസാന്തരപ്പെട്ടു. അദ്ദേഹംതന്നെ ജറുസലേം ദൈവാലയത്തിൻെറ പ്രവേശനദ്വാരത്തിങ്കൽവച്ചു് ഒരു പംഗുവിനെ മിശിഹായുടെ നാമ ത്തിൽ സ്വസ്ഥനാക്കിയതോടെ അവരുടെ സംഖ്യ അയ്യായിരമായി വദ്ധിച്ചു. അപ്പസ്തോലന്മാരുടെ പ്രസംഗങ്ങളും അത്ഭുതപ്രവത്തനങ്ങ ളും മൂലം വിശ്വാസികളുടെ എണ്ണം അനുദിനം പെരുകിവന്നു. മിശി ഹായിൽ വിശ്വസിക്കുകയും ജ്ഞാനസ്നാനംസ്വീകരിക്കുകയും ചെ യ്യുന്ന ഏവരും സത്യസഭയിൽ അംഗങ്ങളാകുമായിരുന്നു. പരസ്നേ ഹപ്രവണരായി, സുചരിതരായി ഇങ്ങനെയൊരു നൂതനസമുദായം വളൻവരുന്നതുകണ്ടപ്പോരം യഹൂദപ്രമാണികരം ഭയചകിതരായി. യഹൂദമതത്തിൻെറ അധഃപതനത്തിനു് ഇതു് വഴിതെളിക്കുമെന്ന ഭയ ന്നു് അവർ ക്രിസ്തുമതപ്രചാരകരിൽ പ്രമുഖരായ വി. പത്രോസിനേയും വി. യോഹന്നാനേയും സാൻഹെദ്രീം സഭാസമക്ഷം വരുത്തി. ക്രിസ്തു വിൻെറ നാമത്തിൽ മതപ്രചരണം നടത്തുവാൻ പാടില്ലെന്നു നിരോ ധിച്ചു. മനുഷ്യരെ അനുസരിക്കുന്നതിനേക്കാരം ദൈവത്തെ അനുസ രിക്കുകയാണു തങ്ങളുടെ കത്തവ്യമെന്നു് അവർ ധൈര്യപൂർവ്വം മറു പടി പറഞ്ഞു. പൊതുജനപ്രക്ഷോഭണം ഭയന്നു യഹൂദപ്രമാണികരം അവരെ വിട്ടയച്ചുവെങ്കിലും അവരുടെ മതസംഘടന അത്ഭുതകര മായി വളൻവരുന്നതു കണ്ടപ്പോരം, അതിനെ അടിച്ചമത്താൻതന്നെ അവർ തീരുമാനിച്ചു. അങ്ങനെ, ശക്തിയേറിയ മർദ്ദനമാരംഭിച്ചു. മിശിഹായ്ക്കുവേണ്ടി ആദ്യമായി രക്തസാക്ഷിമകുടം ചൂടിയതു

വി. സ്റ്റീഫനായിരുന്നു. അപ്പസ്തോലന്മാർ ജൂദയായിലും സമറിയായിലും ചിന്നിച്ചിതറി. എന്നാൽ, പാലസ്തീനായിലെ പ്രമുഖ നഗരങ്ങളിലെല്ലാം ക്രിസ്തുമതം പ്രചരിക്കുന്നതിന് ഇതു വളരെയധികം സഹായിക്കുകയാണു ചെയ്തതു്. പന്ത്രണ്ടുവർഷത്തോളം യഹൂദരുടെ ഇടയിൽ വേദപ്രചരണം നടത്തിയതിനുശേഷം, അജ്ഞാനാന്ധകാരത്തിൽ ആണ്ടുകിടന്നിരുന്ന അന്യമതസ്ഥരുടെയിടയിൽ സത്യസഭാദീപം കൊളുത്തുവാൻ അപ്പസ്തോലന്മാർ സന്നദ്ധരായി. യഹൂദരായിരുന്ന ക്രിസ്ത്യാനികൾ ഇതിനെതിരായിരുന്നെങ്കിലും ആയിടയ്ക്കുണ്ടായ ഒരു ദിവ്യദർശനംമൂലം ഇക്കാര്യത്തിൽ അസന്ദിഗ്ദ്ധനായിത്തീർന്നിരുന്ന വി. പത്രോസ് അവരുടെ ആശങ്കകൾ ദൂരീകരിച്ചു. കൊർണേലിയസ് എന്ന റോമൻ ശതാധിപനായിരുന്നു പുറജാതികളിൽനിന്ന് ആദ്യമായി തിരുസഭയെ ആശ്ലേഷിച്ചതു്. അന്നു ഭൂമുഖത്തുണ്ടായിരുന്ന വിവിധ ജനതകൾക്കിടയിൽ മതപ്രചരണം നടത്തുന്നതിനായി അപ്പസ്തോലന്മാർ നാനാദേശങ്ങളിലേക്കു പുറപ്പെട്ടു. വി. മത്തായി, വി. തോമസ്, വി. ബർത്തലൂമ്യ, വി. ജൂഡ് എന്നിവർ പൗരസ്ത്യദേശങ്ങളിലേക്കും, വി. അന്ത്രയോസും മററു ചിലരും പശ്ചിമഭാഗത്തേക്കും പോയി. വി. ജയിംസ് ജറുസലേമിൽത്തന്നെ താമസിച്ചു. എ. ഡി. 44–ൽ അദ്ദേഹം രക്തസാക്ഷിയായി മരണം വരിച്ചു. വി. ജയിംസ് രണ്ടാമൻ ജറുസലേമിലെ പ്രഥമമെത്രാനായി വാഴിക്കപ്പെട്ടു.

റോമാസാമ്രാജ്യത്തിൽ സുവിശേഷം പ്രചരിപ്പിച്ചതിൽ പ്രധാനപങ്കു വഹിച്ചതു വി. പത്രോസും വി. പൗലോസുമായിരുന്നു. സഭയുടെ തലവനായി മിശിഹായാൽ നിയുക്തനായിരുന്ന വി. പത്രോസാണ് ഇതര അപ്പോസ്തലന്മാർക്കും ശിഷ്യപരമ്പരകൾക്കും നേതൃത്വം നല്കിയിരുന്നതു്. അദ്ദേഹം ജറുസലേം വിട്ടതിനുശേഷം സിറിയായിലെത്തി വേദപ്രചരണം നടത്തി. പൗരസ്ത്യലോകത്തിലെ പ്രമുഖനഗരമായിരുന്ന അന്ത്യോക്യയായിരുന്നു അപ്പോൾ അദ്ദേഹത്തിൻെറ ആസ്ഥാനം. എന്നാൽ, പരിശുദ്ധാത്മാവിന്റെ ദിവ്യപ്രചോദനമനുസരിച്ച്, റോമാസാമ്രാജ്യത്തിൻെറ തലസ്ഥാനമായ റോ

മിലേക്ക് അദ്ദേഹം തൻെറ ആസ്ഥാനം മാററി. അങ്ങനെ, റോമിലെ പ്രഥമമെത്രാനായി വി. പത്രോസ് തിരുസഭാസിംഹാസനത്തിൽ ആരൂഢനായി. എത്രവഷ്ത്തോളം അദ്ദേഹം റോമിൽകഴിച്ചുകൂട്ടി യെന്നുള്ളതിനെപ്പററി പൂണ്ണമായ വിവരങ്ങളില്ല. മതപീഡനങ്ങളുടെ പ്രാരംഭഘട്ടത്തിൽ അദ്ദേഹം വത്തിക്കാൻകുന്നിൻെറ സാനുപ്രദേശത്തുവച്ചു ക്രൂശിക്കപ്പെട്ടു. അദ്ദേഹത്തിൻെറ മൃതശരീരം സംസ്കരിച്ച സ്ഥാനത്താണു സെൻറ് പീറേറഴ്സ് ദൈവാലയം പണികഴിപ്പിച്ചിരിക്കുന്നതു്.

പുറജാതികളുടെ അപ്പസ്തോലൻ എന്ന പേരിനു തികച്ചും അഹൻ വി. പൗലോസാണ്. ജറുസലേമിലെ ആദ്യമതപീഡനങ്ങൾക്കു നേതൃത്വം വഹിച്ചിരുന്ന ഒരു യഹൂദനായിരുന്നു അദ്ദേഹം. ഡമാസ്കസിലെ ക്രിസ്ത്യാനികളെ ബന്ധിക്കുന്നതിനായി അങ്ങോട്ടുപോകുമ്പോൾ അദ്ദേഹം ക്രിസ്തുവിൻെറ ആഹ്വാനം ശ്രവിക്കുകയും അതോടുകൂടി മാനസാന്തരപ്പെടുകയും ചെയ്തു. ക്രിസ്ത്യാനികളെ എതിക്കുന്നതിനുപകരം സിനഗോഗിൽച്ചെന്നു് അദ്ദേഹം മിശിഹായുടെ സന്ദേശം പ്രസംഗിക്കുകയാണുണ്ടായതു്. സുദീർഘമായ പഠനത്തിനുശേഷം മററുള്ള അപ്പസ്തോലന്മാരുടെ അനുമതിയോടുകൂടി അദ്ദേഹം സിറിയാ, ഏഷ്യാമൈനർ, മാസിഡോണിയാ, ഗ്രീസ് എന്നീരാജ്യങ്ങളിൽ സഞ്ചരിച്ചു മതപ്രചരണംനടത്തുകയും സഹസ്രക്കണക്കിനു് ആളുകളെ സഭാംഗങ്ങളാക്കുകയും ചെയ്തു. ജറുസലേമിലേക്കു മടങ്ങിവന്നപ്പോൾ അദ്ദേഹം കരാഗൃഹത്തിലടയ്ക്കപ്പെട്ടു. ഒരു റോമൻപൗരൻ എന്നനിലയിൽ സീസറിൻെറ അടുക്കൽ നിവേദനം നടത്തണമെന്നാവശ്യപ്പെട്ടതിൻെറ ഫലമായി, വി. പൗലോസ് റോമിലേക്ക് അയക്കപ്പെട്ടു. അവിടേയും തടവിലായിരുന്നെങ്കിലും ബഹുമാനപൂവ്വമാണ് അദ്ദേഹത്തോടു പെരുമാറിയിരുന്നതു്. നീറോ ചക്രവത്തിയുടെ മതപീഡനകാലത്തു് അദ്ദേഹം ശിരച്ഛേദം ചെയ്യപ്പെട്ടു. മററു പ്രധാന അപ്പസ്തോലന്മാരുടെ ഭൗതികാവശിഷ്ടങ്ങൾ നിക്ഷേപിച്ചതിനടുത്തുതന്നെയാണ് അദ്ദേഹത്തിൻെറ ശരീരവും സംസ്കരിച്ചിരിക്കുന്നതു്. ഒരു സുവിശേഷപ്രസംഗകൻ എന്ന നിലയിൽ മാത്രമല്ല,

തൻെറ വിശ്രുതങ്ങളായ ലേഖനങ്ങൾ മുഖേനയും അദ്ദേഹം വേദപ്രചരണം നിർവ്വഹിച്ചിട്ടുണ്ട്.

മററപ്പോസ്തലന്മാരെയെല്ലാം അതിജീവിച്ച്, വേദപ്രചരണം നടത്തിയതു് "ഇടിയുടെ പുത്രൻ" എന്നുകൂടി അറിയപ്പെടുന്ന വി. യോഹന്നാനാണ്. ഏഷ്യാമൈനറിൽപ്പെട്ട എഫേസൂസ് നഗരമായിരുന്നു അദ്ദേഹത്തിൻെറ പ്രധാനകേന്ദ്രം. ഡൊമീഷ്യൻ ചക്രവത്തി അദ്ദേഹത്തെ റോമിലേക്കു വരുത്തി തിളയ്ക്കുന്ന എണ്ണക്കിടാരത്തിലെറിഞ്ഞെങ്കിലും, അദ്ദേഹം, ദൈവപരിപാലനയാൽ അത്ഭുതകരമായി രക്ഷപ്പെട്ടു. അവിടെനിന്നു് അദ്ദേഹത്തെ പാത്മോസ് ദ്വീപിലേക്കു നാടുകടത്തി. അവിടെവച്ചാണ് അദ്ദേഹം വെളിപാടുപുസ്തകം രചിച്ചതു്.

# ക്രിസ്തുമതത്തിൻെറ സത്വരപ്രചാരത്തിനുള്ള കാരണങ്ങൾ

ക്രിസ്തുമതത്തിൻെറ വിജയലാളിതമായ പ്രചാരത്തിനു സഹായിച്ച പ്രധാന കാരണം, മിശിഹാ വാഗ്ദാനം ചെയ്തിരുന്ന ദൈവപരിപാലനം തന്നെയാണ്. തൻെറ ദൈവത്വത്തേയും ദിവ്യദൌത്യത്തേയും തെളിയിക്കുന്നതിനു മിശിഹാ അത്ഭുതങ്ങൾ പ്രവത്തിച്ചതുപോലെ, അവിടുത്തെ അനുയായികളും അത്ഭുതപ്രവത്തനങ്ങൾവഴി അവരുടെ സന്ദേശത്തിൻെറ വിശ്വാസ്യത തെളിയിക്കുകയുണ്ടായി. വി. പൗലോസ് സൂചിപ്പിച്ചിട്ടുള്ളതുപോലെ ഈ അത്ഭുതപ്രവത്തനങ്ങൾ വിശ്വാസികൾക്കുവേണ്ടിയായിരുന്നില്ല, അവിശ്വാസികൾക്കുവേണ്ടിയായിരുന്നു. അതുകൊണ്ട്, തിരുസഭാതരു ദൃഢമൂലമായതോടുകൂടി അത്ഭുതങ്ങളുടെ എണ്ണം വളരെ കുറവായി.

ക്രിസ്തുമതപ്രചാരത്തെ വളരെയധികം സഹായിച്ച മറെറാരു സംഗതി, ആദിമക്രിസ്ത്യാനികളുടെ ഭക്തിതീക്ഷ്ണതയും വിശ്വാസ

സംരക്ഷണത്തിനുവേണ്ടി ജീവൻപോലും ബലികഴിക്കാനുള്ള അവരു ത്യാഗസന്നദ്ധതയുമായിരുന്നു. മററു മതസ്ഥരുടെയിടയിൽ ക്രിസ്തുമത ത്തെപ്പററി ആദരവു വർദ്ധിക്കുവാൻ ഇതു കാരണമായി.

മനുഷ്യൻെറ ഉന്നതങ്ങളായ ആശകാംക്ഷം ആദർശങ്ങാംക്കും അനുരൂപമായ തത്വസംഹിതകളാണു ക്രിസ്തുമതത്തിലുണ്ടായിരുന്ന തു്. അതായിരുന്നു ജനങ്ങളെ ആകർഷിക്കുവാനുള്ള മറെറാരു കാരണം. ലോകത്തിൻെറയും മനുഷ്യരാശിയുടേയും ആവിർഭാവത്തിനും നില നില്പിനും ഏററവും യുക്തിപൂർവ്വമായ വിശദീകരണം നല്കാൻ കഴി ഞ്ഞതു ക്രിസ്തുമതത്തിനു മാത്രമാണു്. ദൈവസൃഷ്ടിയിൽ മനുഷ്യ രെല്ലാം തുല്യരാണെന്നുള്ള ക്രിസ്തുമതസിദ്ധാന്തം, വർഗ്ഗപരമായും സാംസ്കാരികമായും സാമ്പത്തികമായും അസമത്വം അനുഭവിച്ചിരു ന്ന ജനങ്ങളുടെ ഉള്ളിൽ ഒരു നവോന്മേഷമുളവാക്കി. ധനികക്കു് ഔദാര്യവും വിജ്ഞാനികാംക്കു വിനയവും സേവകക്കു് അനുസരണ യും എല്ലാവർക്കും പരസ്നേഹവും ഉപദേശിച്ചുകൊടുത്ത ആ തത്വ സംഹിത, പുരാതനവേദാന്തികാംക്കും തത്വജ്ഞാനികാംക്കും സങ്ക ല്പിക്കുവാൻ പോലും കഴിയാത്ത വിധം അത്ര അനവദ്യവും അന്യൂന വുമായിരുന്നു. ആധുനിക ചിന്തകരെപ്പോലും അത്ഭുതപരതന്ത്രരാ ക്കിക്കൊണ്ടു് അതിന്നും വിരാജിക്കുകയാണല്ലോ.

## മതപീഡനങ്ങൾ

വിഗ്രഹാരാധനയിലും ബഹുദേവതാവിശ്വാസത്തിലും നിമ ഗ്നരായിരുന്ന റോമൻ ഭരണാധികാരികാംക്കു് അവയെ ശക്തിപൂർവ്വം എതിർത്തുകൊണ്ടു വളൻവന്ന ക്രിസ്തുമതത്തിൻെറ പ്രചാരം അരോച കമായിത്തോന്നി. ബലം പ്രയോഗിച്ചുതന്നെ തിരുസഭയെ അടിച്ചു മത്താൻ അവർ തീരുമാനിച്ചു. മൂന്നു ശതാബ്ദങ്ങളോളം ഈ മർദ്ദനം തുടൻവെങ്കിലും കോൺസ്റ്റൻെറയിൻ ചക്രവത്തിയുടെ കാലത്തോടു കൂടി തിരുസഭ വിജയംവരിക്കുകയും തിയൊഡോഷ്യസ് ചക്രവത്തി

യുടെ കാലത്തു സാമ്രാജ്യത്തിലെ ഔദ്യോഗികമതമായി പ്രഖ്യാപിക്കപ്പെടുകയുംചെയ്തു.

പത്തു പീഡനങ്ങളാണു പ്രധാനമായി ചരിത്രത്തിൽ അറിയപ്പെടുന്നതു്. അവ നടന്ന കാലവും നടത്തിയ ചക്രവർത്തിമാരും മുറയ്ക്കു താഴെച്ചേർക്കുന്നു.

| | | |
|---|---|---|
| നീറോ | എ. ഡി. | 64–68. |
| ഡൊമീഷ്യൻ | ,, | 95–96. |
| ട്രാജൻ | ,, | 106–117. |
| മാർക്കസ് ഔരേലിയസ് | ,, | 161–180. |
| സെപ്റ്റിമിയസ് സെവേരുസ് | ,, | 202–211. |
| മാക്സിമിയൻ | ,, | 235–238. |
| ഡേസ്യുസ് | ,, | 249–251. |
| വലേരിയൻ | ,, | 257–260. |
| ഔരേലിയൻ | ,, | 274–275. |
| ഡയോക്ലീഷ്യൻ | ,, | 303–313. |

ഇവയിൽ ഏററവും ഭീകരമായ മർദ്ദനം നടത്തിയതു നീറോ, ട്രാജൻ, സെപ്റ്റിമിയസ്, സേവേരുസ്, ഡേസ്യുസ്, ഡയോക്ലീഷ്യൻ എന്നിവരായിരുന്നു.

ക്രിസ്തുമതത്തിന്റെ അത്ഭുതകരമായ പ്രചാരം കണ്ടു് ഈഷ്യാലുക്കളായിത്തീർന്നിരുന്ന റോമാക്കാർ അവരെ സംഹരിച്ചൊതുക്കുന്നതിനു് അവസരം നോക്കിയിരിക്കുകയായിരുന്നു. റോമാനഗരത്തിലൊരുഭാഗം കൊള്ളിവച്ചു നശിപ്പിച്ച നീറോ ചക്രവർത്തി, ആ ഘോരകർമ്മം നടത്തിയതു ക്രിസ്ത്യാനികളാണെന്നു് ആരോപണം നടത്തിയതോടെ റോമാക്കാർ ക്രിസ്ത്യാനികളെ പരസ്യമായിവേട്ടയാടി വധിക്കുവാൻ തുടങ്ങി. തലസ്ഥാനനഗരിമുതൽ സാമ്രാജ്യത്തിലെല്ലായിടത്തും ഈ പീഡനം വ്യാപിച്ചു. വി. പത്രോസും വി. പൗലോസുമാണു് ആദ്യമായി വധിക്കപ്പെട്ടതു്. തുടന്നു്, അനേകാ

യീരം ക്രിസ്ത്യാനികൾ നിഷ്ഠുരമർദ്ദനങ്ങൾക്കും ക്രൂരമരണത്തിനും ഇരയായി. ഡൊമീഷ്യൻെറ പീഡനകാലത്താണു വി. യോഹന്നാൻ ശ്ലീഹാ തിളയ്ക്കുന്ന എണ്ണയിൽ എറിയപ്പെട്ടതും അദ്ദേഹം അത്ഭുതകരമായി രക്ഷപ്പെട്ടതും.

രണ്ടാംശതകത്തിൻെറ പ്രാരംഭഘട്ടം ഏറെക്കുറെ പ്രശാന്തമായിരുന്നു. സിറിയന്മാരെ ജയിച്ചടക്കിയ ട്രാജൻ ചക്രവർത്തി നടത്തിയ വിജയോത്സവത്തിൽ ക്രിസ്ത്യാനികൾ പങ്കെടുത്തില്ല എന്ന കാരണം പറഞ്ഞുകൊണ്ട്, അവർ വീണ്ടും പീഡനങ്ങൾക്കു വിധേയരായി. അന്ത്യോക്യയിലെ മെത്രാനായിരുന്ന വി. ഇഗ്നേഷ്യസും ജറുസലേമിലെ മെത്രാനായിരുന്ന വി. സൈമണും ഈ കാലത്താണ് നിഹനിക്കപ്പെട്ടതു്. മാർക്സ് ഔരേലിയസിൻെറ പീഡനകാലത്തു് വി. ജസ്റ്റിൻ, വി. പോളിക്കാപ്പ്, വി. സിസിലിയാ, വി. ഫെലിസിത്താസ് എന്നിവർ വധിക്കപ്പെട്ടു. പതിനഞ്ചു സംവത്സരത്തോളം പീഡനങ്ങൾ ഇടവിട്ടുനടന്നുകൊണ്ടിരുന്നു. ജർമ്മൻസേനയ്ക്കെതിരായി നടന്ന ഒരു യുദ്ധത്തിൽ റോമൻസേനയിലെ ക്രിസ്തീയഭടന്മാരുടെ പ്രാർത്ഥനയാൽ റോമൻഭടന്മാർ അത്ഭുതകരമായി രക്ഷപ്പെട്ടതിനെ അനുസ്മരിച്ചാണ് പീഡനം നിർത്തിവയ്ക്കുകയുണ്ടായതു്.

മൂന്നാംശതകത്തിൻെറ ആരംഭത്തിൽ പത്തു വർഷത്തേക്കു പറയത്തക്ക പീഡനമൊന്നും ഉണ്ടായില്ല. എന്നാൽ, എ. ഡി. 210-ൽ സെപ്റ്റിമിയസ് സെവേരൂസ് മതപരമായ സമ്മേളനങ്ങളെ നിരോധിച്ചുകൊണ്ട് ഒരു വിളംബരം പുറപ്പെടുവിച്ചു. ഇതോടുകൂടി പീഡനങ്ങളും സർവ്വത്ര വ്യാപിച്ചു. ഈജിപ്തിലെ പീഡനത്തിൽ ഓരിജൻ എന്ന സഭാപിതാവിൻെറ പിതാവായ ലിയോണൈഡസ് വധിക്കപ്പെട്ടു. പെർപ്പെതുവായും ഫെലിസിത്താസും കാർത്തേജിൽവച്ചു മർദ്ദിതരായി. ലയൺസിൽ ശതക്കണക്കിനു വിശ്വാസികൾ മൃഗീയമായി വധിക്കപ്പെട്ടു. 249-ൽ ഡേസ്യസ് ചക്രവർത്തി സിംഹാസനാരോഹണം ചെയ്തപ്പോൾ പീഡനങ്ങൾ വീണ്ടും ഊർജ്ജിതമായി. അനുയായികളെ നേതാക്കളിൽനിന്നും, നേതാക്കളെ ക്രൂരമർദ്ദനങ്ങൾകൊണ്ടു

ക്രിസ്തുമതവിശ്വാസത്തിൽനിന്നും വ്യതിചലിപ്പിക്കുക എന്നതായിരുന്നു ഡേസ്യുസിൻെറ അടവ്. ഫേബിയൻ മാർപ്പാപ്പായുടേയും ജറുസലേം മെത്രാനായിരുന്ന വി. അലക്സാണ്ടറുടേയും വധത്തെത്തുടർന്നുണ്ടായ അതിക്രൂരമായ പീഡനങ്ങളെ അനേകായിരം ജനങ്ങൾ അചഞ്ചലരായി അഭിമുഖീകരിച്ചുവെങ്കിലും കുറേപ്പേർ മിശിഹായിലുള്ള വിശ്വാസം ത്യജിച്ചു സ്വന്തജീവൻ രക്ഷിക്കാൻ നോക്കി. ഉഗ്രങ്ങളായ പ്രായശ്ചിത്തങ്ങൾക്കുശേഷമേ അവരെ തിരുസഭയിലേക്കു സ്വീകരിക്കുകയുണ്ടായുള്ളു.

അവസാനം പീഡനം നടന്നതു ഡയോക്ലീഷ്യൻെറ ഭരണകാലത്താണ്. ക്രിസ്ത്യാനികളുടെ ബാഹുല്യവും അവരുടെ ബാഹ്യമായ കർമ്മാനുഷ്ഠാനങ്ങളും ചക്രവർത്തിയെ ശുണ്ഠിപിടിപ്പിച്ചു. വിശുദ്ധഗ്രന്ഥങ്ങൾ ചുട്ടെരിച്ചും ദൈവാലയങ്ങൾ ഇടിച്ചുനിരത്തിയും ക്രിസ്ത്യാനികളെ ക്രൂരപീഡനങ്ങൾക്കു വിധേയമാക്കിയും ഡയോക്ലീഷ്യൻ ക്രിസ്തുമതത്തെ നാമാവശേഷമാക്കുന്നതിനു സർവ്വകഴിവും വിനിയോഗിച്ചുനോക്കി. 305-ൽ ഡയോക്ലീഷ്യൻ ചക്രവർത്തി സ്ഥാനത്യാഗം ചെയ്യുകയും പിൻഗാമിയായി ഗലേരിയസ് പീഡനം കുറേക്കാലത്തേക്കുക്കൂടി തുടരുകയും ചെയ്തു.

അതിശക്തരായ സമ്രാട്ടുകളുടെ സംഹാരശ്രമങ്ങളെയെല്ലാം അതിജീവിച്ച തിരുസഭാശിശു വളർന്നുകൊണ്ടേയിരുന്നു. കൊൺസ്റ്റൻറയിൽ ചക്രവർത്തിയുടെ വാഴ്ചക്കാലത്തോടുകൂടി പീഡനങ്ങൾക്കു ഒരറുതിവന്നു.

306-ലാണു കോൺസ്റ്റൻറയിൽ സിംഹാസനാരോഹണം ചെയ്തതു്. ഇററലിയിലെ ഗവർണരായ മാക്സെൻഷ്യസ് തനിക്കെതിരായി സമരസന്നാഹങ്ങളൊരുക്കുന്നുവെന്നു മനസ്സിലാക്കിയ കോൺസ്റ്റൻറയിൻ, ഒരു വമ്പിച്ച സേനയുമായി ഇററലിയിലേക്കു പുറപ്പെട്ടു. മാക്സെൻഷ്യസിൻെറ സേന, റോമിലേക്കു പിൻമാറി. ടൈബർ നദിയുടെ ഇരുകരകളിലുമായി രണ്ടു സൈന്യങ്ങളും സമരസന്നദ്ധരായി നിലകൊണ്ടു. നല്ലൊരു യോദ്ധാവായിരുന്നെങ്കിലും

സമരപയ്യവസാനത്തെപ്പററി കോൺസ്റ്റൻറയിന്ന് ആശങ്കയുണ്ടാകാതിരുന്നില്ല. സഹായമഭ്യത്ഥിച്ചുകൊണ്ട് അദ്ദേഹം ക്രീസ്തുവിനെ സ്മരിക്കുകയും പെട്ടെന്ന് അംബരമദ്ധ്യത്തിൽ അതിദീപ്രമായ ഒരു കുരിശു കാണപ്പെടുകയും ചെയ്തു. "ഈ അടയാളത്തിൽ നീ വിജയം വരിക്കും" എന്ന് അതിന്നു ചുററം എഴുതിയിരുന്നു. അന്നു രാത്രി മിശിഹാ പ്രത്യക്ഷപ്പെട്ടു ചക്രവത്തിക്ക് അതിൻെറ അത്ഥം വിവരിച്ചുകൊടുത്തു. അടുത്തദിവസം ക്രൂശടയാളമുള്ള പതാകയുടെ പിന്നിൽ അണിനിരന്ന കോൺസ്റ്റൻറയിൻെറ സേന, മാക്സെൻഷ്യസിനെ നിശ്ശേഷം പരാജിതനാക്കി. അങ്ങനെ, 312-ൽ കോൺസ്റ്റൻറയിൻ പാശ്ചാത്യദേശങ്ങളുടെ അധിപനായി. 324-ൽ ലിസിനിയസ് എന്ന ശത്രുവിനെക്കൂടി തോല്പിച്ചപ്പോഠം കോൺസ്റ്റൻറയിൽ റോമാസാമ്രജ്യത്തിൻെറ ഏകഛത്രക്രാധിപതിയായിത്തീർന്നു. അനന്തരം, കോൺസ്റ്റാൻറിനോപ്പിഠം തലസ്ഥാനമാക്കിക്കൊണ്ട്, അദ്ദേഹം ഭരണം നടത്തി. ഒരു വിളംബരംമൂലം അദ്ദേഹം ക്രിസ്ത്യാനികഠംക്ക് സൈ്വയ്രമായ ആരാധനാസ്വാതന്ത്ര്യം നല്കി. അദ്ദേഹം ക്രിസ്ത്യാനികളുടെ കണ്ടുകെട്ടിയിരുന്ന വസ്തുക്കഠം തിരിച്ചുകൊടുക്കുകയും ദൈവാലയങ്ങഠം നിമ്മിക്കുന്നതിനുവേണ്ടി ഉദാരമായ സഹായങ്ങഠം നല്കുകയുംചെയ്തു. അദ്ദേഹത്തിൻെറ മാതാവായ വി. ഹെലിനാ പലസ്തീനായിലേക്കു തീത്ഥാടനം നടത്തുകയും മിശിഹാ തൂങ്ങിമരിച്ച വി. കുരിശ് A. D. 326-ൽ കണ്ടെടുക്കുകയുംചെയ്തു. ക്രിസ്ത്യാനികളോടു വളരെ അനുകൂലമായി വത്തിച്ചിരുന്നെങ്കിലും, അദ്ദേഹത്തിന്നു മരണശയ്യയിൽ വച്ചേ ജ്ഞാനസ്നാനം സ്വീകരിക്കുന്നതിന്നു ഭാഗ്യമുണ്ടായുള്ളൂ.

## സഭയുടെ ഘടന

### 1. മാപ്പ്പാപ്പായുടെ പരമാധിപത്യം

സഭയുടെ തലവനായി മിശിഹായാൽ വി. പത്രോസ് നിയമിതനായതുപോലെ മററപ്പസ്തോലന്മാരും സഭാഭരണത്തിന്നു നിയു

ക്തരായിരുന്നു. വി. പത്രോസ് വധിക്കപ്പെട്ടപ്പോഠം അദ്ദേഹത്തിൻെറ പിൻഗാമി ക്രിസ്തുവിൻെറ വികാരിയായി അവരോധിക്കപ്പെട്ടു. ആദ്യശതകങ്ങളിൽ ഈ പരമാധികാരം ഇന്നത്തേപ്പോലെ കൂടെക്കൂടെ പ്രയോഗിച്ചിരുന്നില്ല. ആശയവിനിമയസൗകര്യം കുറഞ്ഞിരുന്നതുകൊണ്ടു പ്രാദേശികപ്രശ്നങ്ങഠം അതാതു സ്ഥലത്തേ അധികാരികഠം കൈകാര്യം ചെയ്തുപോന്നു. ആദ്യഘട്ടങ്ങളിലേ ചരിത്രരേഖകഠം പലതും നഷ്ടപ്പെട്ടുപോയെങ്കിലും റോമിലേ തിരുസിംഹാസനത്തിൻെറ പരമാധികാരത്തെ തെളിയിക്കുന്നതിനു മതിയായവ അവശേഷിച്ചിട്ടുണ്ടു്. ഏ. ഡി. 96-ൽ കൊറീന്തിലേ സഭയിലുണ്ടായ അഭിപ്രായഭിന്നത അന്നത്തേ മാപ്പാപ്പായായിരുന്ന വി. ക്ലെമെൻറ് ഇടപെട്ടു പറഞ്ഞൊതുക്കിയെന്നു മാത്രമല്ല, അദ്ദേഹത്തെ അനുസരിക്കാതിരിക്കുന്നതു ഘനതരമായ പാപമായിരിക്കുമെന്ന വസ്തുത അവരെ അനുസ്മരിപ്പിക്കുകകൂടി ചെയ്തു.

അന്ത്യോക്യയിലേ വി. ഇഗ്നേഷ്യസ് മററു സഭാധിപന്മാർക്കയച്ച കത്തുകളിലേക്കാഠം കൂടുതൽ ആദരവോടെയാണു റോമിലേ സഭാധിപനു എഴുതിയിട്ടുള്ളതെന്ന സംഗതിതന്നെ ഇതിനു മറെറാരു തെളിവാണു്. വി. സിപ്രിയൻ റോമൻ സഭയെ പ്രധാന സഭയായും വി. പത്രോസിൻെറ സിംഹാസനത്തെ സഭയുടെ ഐക്യത്തിൻെറ കേന്ദ്രവും ഉൽപ്പത്തിസ്ഥാനവുമായി ചിത്രീകരിച്ചിരുന്നു. മാർപ്പാപ്പാമാർക്കെതിരായിട്ടു് എഴുതിയിട്ടുള്ള തെർത്തുല്യൻപോലും തൻെറ കാലത്തെ കലിസ്റ്റസ് പാപ്പായെ മെത്രാന്മാരുടെ മെത്രാനായി വർണ്ണിക്കുകയും തിരുസഭയെ സാകല്യേന ബന്ധിക്കുന്ന പ്രഖ്യാപനങ്ങഠം ചെയ്യാനുള്ള അദ്ദേഹത്തിൻെറ അധികാരത്തെ സമ്മതിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ടു്. പാഷണ്ഡികഠം തങ്ങളുടെ സിദ്ധാന്തങ്ങളുടെ അംഗീകാരത്തിനായി എപ്പോഴും റോമിലേ മെത്രാനെ സമീപിച്ചുകൊണ്ടിരുന്നതും സഭാസംബന്ധമായ വിഷമപ്രശ്നങ്ങളെ നേരിടേണ്ടിവന്നപ്പോഴെല്ലാം മെത്രാന്മാർ റോമിനെ ശരണംതേടിയിട്ടുള്ളതും റോമൻ തിരുസിംഹാസനത്തിൻെറ പരമാധികാരം ഐകകണ്ഠ്യേന അംഗീകരിക്കപ്പെട്ടിരുന്നു എന്ന വസ്തുതയാണു കാണിക്കുന്നതു്. 343-ൽ സാർ-

ദിക്കായിൽ കൂടിയ തിരുസംഘത്തിൽ, മാർപ്പാപ്പായുടെ സന്നിധി യിൽ നിവേദനം നടത്താനുള്ള സഭാംഗങ്ങളുടെ അവകാശം സ്ഥിരീ കരിക്കപ്പെട്ടിട്ടുമുണ്ട്.

## 2. മെത്രാന്മാരും രൂപതകളും

തിരുസഭയിലുള്ള മെത്രാന്മാരെല്ലാം അപ്പസ്തോലന്മാരുടെ പിൻഗാമികളാണെന്നുള്ളതിന് അന്ത്യോകൃയിലെ വി. ഇഗ്നേഷ്യ സിൻെറ ലേഖനങ്ങൾ മതിയായ തെളിവുകളാണ്. ക്രിസ്തീയ സഭ കൾ രൂപീകരിച്ചിടത്തെല്ലാം സഭാഭരണത്തിനായി മെത്രാന്മാരും നി യുക്തരായിരുന്നു. വി. പൗലോസ് എഫേസൂസിലേ മെത്രാനായി തിമോത്തിയേയും ക്രീററിലെ മെത്രാനായി ടൈററസിനേയും വാഴി ച്ചതായി നാം വായിക്കുന്നുണ്ട്. വി. യോഹന്നാൻ പാത്മോസിൽ നിന്നു തിരിച്ചെത്തി ഏഷ്യാമൈനററിൽ മെത്രാന്മാരേയും വൈദിക രേയും നിയമിച്ചതായും കാണുന്നു. ഇങ്ങനെ, അപ്പസ്തോലന്മാരുടെ കാലം മുതല്ക്കേ മെത്രാന്മാർ സഭാഭരണത്തിൻെറ ചുമതല വഹിച്ചു പോന്നു. പുരാതന സഭാപിതാക്കന്മാരെല്ലാം ഇതിനു സാക്ഷ്യംവഹി ക്കുന്നുണ്ട്. മിശിഹാ പിതാവിനെ അനുസരിച്ചതുപോലെ നിങ്ങൾ നിങ്ങളുടെ മെത്രാനെ അനുസരിക്കുക എന്നു വി. ഇഗ്നേഷ്യസ്, വൈദികരോട്ട് ഉദ്ബോധിപ്പിച്ചിട്ടുള്ളതും വി. ക്ലെമെൻറ് മെത്രാ ന്മാരുടെ അധികാരത്തെപ്പററി ഊന്നിപ്പറഞ്ഞിട്ടുള്ളതും സ്മർത്തവ്യ മാണ്. ഓരോ മെത്രാൻേറയും ഭരണത്തിൻ കീഴിലുള്ള പ്രദേശത്തി ന്ന് രൂപതയെന്നും മെത്രാപ്പോലീത്തായുടെ അധികാരാതിർത്തിക്കുള്ളി ലുള്ള പ്രദേശത്തിന്ന് അതിരൂപതയെന്നുമാണ് പേരു്.

## 3. വൈദികരും അല്മായരും

ഓരോ രൂപതയിലും മെത്രാൻെറ കീഴിൽ മിശിഹായുടെ പ്രതിനിധികളായി വിശ്വാസികളുടെ ആത്മീയനേതൃത്വം വഹിക്കു ന്നവരാണു വൈദികർ. സുവിശേഷപ്രചരണത്തിനായി മിശിഹാ

അപ്പസ്തോലന്മാരെ തെരഞ്ഞെടുത്തപ്പോഠം മുതൽ വൈദികചരിത്രം ഉദ്ഘാടിതമായി. ഭരണീയരായ വിശ്വാസികളെയാണ് അല്മായരെന്നു വിളിക്കുന്നതു്. അല്മായരെ ക്രീസ്തുവിൻെറ മാർഗ്ഗത്തിൽക്കൂടി നയിക്കുന്ന അജപാലന്മാരായ വൈദികർ ദിവ്യബലി അർപ്പിച്ചും വിശ്വാസികഠംക്കാവശ്യമായ കൂദാശകഠം നല്കിയും വിശ്വാസസംരക്ഷണത്തിനുവേണ്ട ഉദ്ബോധനങ്ങഠം നല്കിയും ക്രിസ്തീയലോകത്തിൻെറ എല്ലാ ഭാഗത്തും പ്രവർത്തിക്കുന്നു.

## 4. ആദിമക്രിസ്തീയ സാഹിത്യം

പുതിയനിയമം ദൈവനിവേശിതമെന്ന് ആദിമസഭതന്നെ അംഗീകരിക്കുകയുണ്ടായി. നാലു സുവിശേഷങ്ങഠം, വി. ലൂക്കോസ് എഴുതിയ അപ്പസ്തോലന്മാരുടെ നടപടികഠം, വി. പൗലോസിൻെറ പതിന്നാലു ലേഖനങ്ങഠം, വി. പത്രോസിൻെറ രണ്ടു ലേഖനങ്ങഠം, വി. യോഹന്നാൻെറ മൂന്നു ലേഖനങ്ങഠം, വി. ജയിംസിൻെറ ഒരു ലേഖനം, വി. ജൂഡിൻെറ ഒരു ലേഖനം, വി. യോഹന്നാൻ എഴുതിയ വെളിപാടുകഠം ഇത്രയുമാണു പുതിയ നിയമത്തിൻെറ ഉള്ളടക്കം. ഇവ കൂടാതെ ആദിമസഭാപിതാക്കളും കൃതികളും സഭാസാഹിത്യശേഖരത്തിനു മുതൽ കൂട്ടിയിട്ടുണ്ടു്. വി. ജസ്റ്റിൻ, വി. ഇരെനേയൂസ്, വി. സിപ്രിയാൻ, വി. അത്തനാസിയൂസ്, വി. ജറോം, വി. അഗുസ്തീനോസ്, വി. ആംബ്രോസ്, വി. ഹിലാരി എന്നീ സഭാപിതാക്കന്മാരുടെ നാമങ്ങഠം പ്രത്യേകം സ്മരണീയങ്ങളാണ്. വി. ബർണാർദിൻെറ കാലംമുതൽ സഭാപിതാക്കന്മാരുടെ സ്ഥാനമലങ്കരിച്ചതു് വേദപാരംഗതന്മാരാണ്.

തിരുസഭയുടെ പ്രബോധനങ്ങളെ വിശ്വാസികഠംക്കു വിശദീകരിച്ചുകൊടുക്കുകയും കത്തോലിക്കാസഭയുടെ പരമ്പരാഗതമായ വിശ്വാസസത്യങ്ങളെ പാഷണ്ഡസിദ്ധാന്താക്രമണങ്ങളിൽ നിന്നു ഭദ്രമായി സംരക്ഷിക്കുകയും ചെയ്തുവെന്നുള്ളതാണു സഭാപിതാക്കന്മാർ ചെയ്ത അവിസ്മരണീയവും അമൂല്യവുമായ സേവനം.

## 5. ആദിമശതകങ്ങളിലേ പാഷണ്ഡതകൾ

വി. പൗലോസിൻെറ കാലത്തുപോലും പാഷണ്ഡസിദ്ധാന്തങ്ങൾ തല ഉയൎത്തിയിട്ടുണ്ട്. മനുഷ്യബുദ്ധിക്കതീതമായവയൊന്നും വിശ്വസിക്കാൻ തയ്യാറാകാതെ ഒരു വിഭാഗം ഗ്രീക്കുതത്വജ്ഞാനത്തെ ആശ്രയിച്ചുനിന്നിരുന്നു. ഗ്നോസ്റ്റിക്സ് (Gnostics) എന്നറിയപ്പെടുന്ന ഇക്കൂട്ടരുടെ സിദ്ധാന്തങ്ങളെ വി. പൗലോസ് ശക്തിയായി എതിൎത്തിട്ടുണ്ട്.

## 6. ആരിയൂസിൻെറ പാഷണ്ഡത

തിരുസഭയ്ക്കെതിരായി ഉയൎന്ന ഏററവും പ്രബലനായ പാഷണ്ഡി ആരിയൂസായിരുന്നു. അലക്സാണ്ട്റിയായിലേ നിരാശാഭരിതനായ ഒരു വൈദികനായിരുന്നു ആരിയൂസ്. പരിശുദ്ധ ത്രിത്വവും മിശിഹായുടെ ദൈവത്വവും നിഷേധിച്ചുകൊണ്ടാണ് ആരിയൂസ് പ്രസംഗം തുടങ്ങിയതു്. അയാളുടെ പ്രഭാഷണചാതുരിയും യുക്ത്യാഭ്യാസങ്ങളും അനേകംപേരെ വഴിതെററിച്ചു. ഈ അബദ്ധസിദ്ധാന്തത്തെ എതിൎക്കുന്നതിനായി 325-ൽ ഏഷ്യാമൈനറിൽ സൂനഹദോസ് സമ്മേളിച്ചു. മുന്നൂറിൽപരം മെത്രാന്മാർ ഇതിൽ പങ്കെടുത്തു. ആരിയൂസിൻെറ സിദ്ധാന്തത്തെ ഖണ്ഡിച്ചുകൊണ്ടുള്ള നിക്യാവിശ്വാസപ്രമാണം എല്ലാ ഞായറാഴ്ചയും തിരുനാൾ ദിനങ്ങളിലും ദിവ്യബലിസമയത്തു നാം പാരായണം ചെയ്യുന്നുണ്ട്. അലക്സാണ്ട്റിയായിലേ അത്തനാസിയൂസ് എന്നൊരു യുവാവായ ഡീക്കനായിരുന്നു ആര്യൻ സിദ്ധാന്തം ഏററവും സമൎത്ഥമായി എതിൎത്തതു്. നൂറു വൎഷത്തോളം ആരിയൻ പാഷണ്ഡത വിശ്വാസികളുടെ ഇടയിൽ ആശയക്കുഴപ്പം സൃഷ്ടിച്ചുകൊണ്ടു പ്രചരിക്കുകയുണ്ടായി. പ്രസിദ്ധിയുടെ അത്യുച്ചകോടിയിൽ വിഹരിക്കുമ്പോൾ ആരിയൂസിനെ, അവിചാരിതമായ മരണം അസ്തമിപ്പിച്ചുകളഞ്ഞു.

## 7. നെസ്തോറിയൻ പാഷണ്ഡത

ആരിയൻ പാഷണ്ഡത തിരോഭവിച്ചതോടുകൂടി മറെറാന്നു പൊന്തിവന്നു. മിശിഹായിൽ ദൈവത്വആളും മനുഷ്യആളും ഉണ്ടെ

ന്നും, ദൈവം മനുഷ്യനായില്ലെന്നും പരി. കന്യക ദൈവമാതാവല്ലെന്നും ആയിരുന്നു പുതിയ സിദ്ധാന്തം. കോൺസ്റ്റാൻറിനോപ്പിളിലെ പാത്രിയർക്കീസായിരുന്നു ഈ അബദ്ധസിദ്ധാന്തത്തിൻെറ ഉപജ്ഞാതാവ്. ഇത്തവണ തിരുസഭയുടെ വിശ്വാസസംരക്ഷകനായി വി. സിറിൽ മുമ്പോട്ടുവന്നു. സെലസ്റ്റിൻ പാപ്പായുടെ അനുമതിയോടുകൂടി അദ്ദേഹം പരിശുദ്ധ കന്യകയുടെ നഗരമെന്നു പ്രഖ്യാതമായ എഫേസൂസിൽവച്ചു 431-ൽ ഒരു സൂനഹദോസ് വിളിച്ചുകൂട്ടുകയും അതു നെസ്തോറിയൻ സിദ്ധാന്തം ഖണ്ഡിച്ചുകൊണ്ടു പരിശുദ്ധ മറിയത്തിൻെറ ദൈവമാതൃത്വം അംഗീകരിക്കുകയും ചെയ്തു.

## 8. യൂത്തിക്കീസിൻെറ പാഷണ്ഡത

മിശിഹായെപ്പററിയുള്ള തിരുസഭയുടെ വിശ്വാസത്തെ എതിർത്തുകൊണ്ടു യൂത്തിക്കീസ് എന്നുപേരായ മറെറാരു പാഷണ്ഡി മുമ്പോട്ടുവന്നു. മിശിഹായിൽ മനുഷ്യത്വമില്ലെന്നായിരുന്നു അയാളുടെ സിദ്ധാന്തം. മഹാനായ ലിയോ ആയിരുന്നു അന്നത്തെ മാർപ്പാപ്പാ. സഭയുടെ വിശ്വാസ സത്യം വിശദീകരിച്ചുകൊണ്ടു പരിശുദ്ധപിതാവ് ഒരു താത്ത്വികലേഖനം പുറപ്പെടുവിച്ചു. 451-ൽ കാൽസിഡോണിൽ കൂടിയ സൂനഹദോസിൽ പ്രസ്തുത ലേഖനം വായിച്ചപ്പോൾ അവിടെ സംബന്ധിച്ചിരുന്ന സഭാപിതാക്കന്മാർ ഏകകണ്ഠമായി ഇങ്ങനെ ഉദ്ഘോഷിച്ചു. "അപ്പസ്തോലന്മാരുടെ വിശ്വാസമാണിതു്. ലിയോയിൽക്കൂടി പത്രോസ് സംസാരിക്കുന്നു"

## 9. ഏകമനോവാദ പാഷണ്ഡത

കാൽസിഡോണിലെ സൂനഹദോസിനുശേഷം യൂത്തിക്കീസിൻെറ അനുയായികൾ മറെറാരു സിദ്ധാന്തവുമായി രംഗപ്രവേശം ചെയ്തു. ദൈവത്വവും മനുഷ്യത്വവും ക്രീസ്തുവിലുണ്ടെങ്കിലും, അവിടുത്തേക്കു് ഏകമനസ്സേ ഉള്ളുവെന്നായിരുന്നു അവരുടെ വാദം. സേർജിയൂസായിരുന്നു അവരുടെ നേതാവു്. 680-ൽ കോൺസ്റ്റാൻറിനോപ്പി

ളിൽ സമ്മേളിച്ച സൂനഹദോസ് ഈ പാഷണ്ഡമതത്തെ ശപിക്കുകയും മിശിഹായിൽ രണ്ടു മനസ്സുണ്ടെന്ന സിദ്ധാന്തം സ്ഥിരീകരിക്കുകയും ചെയ്തു.

## 10. പാശ്ചാത്യ പാഷണ്ഡത

മിക്ക പാഷണ്ഡതകളും പൗരസ്ത്യസഭകളിലാണ് പൊട്ടിമുളച്ചതു്. ആദ്യകാലംമുതലേ പൗരസ്ത്യക്രിസ്ത്യാനികളിലാണ് ഒരു വിയോജനപ്രവണത ഉണ്ടായിക്കണ്ടതു്. എന്നാൽ പാശ്ചാത്യരിലും പാഷണ്ഡസിദ്ധാന്തം ഉളവായിട്ടില്ലെന്നു പറയാൻ പാടില്ല. മനുഷ്യന്റെ ആത്മരക്ഷയ്ക്കു ദൈവവരപ്രസാദം ആവശ്യമില്ലെന്ന് ഒരു അബദ്ധസിദ്ധാന്തവുമായി പെലേജിയസ് എന്നൊരു സന്യാസി പുറത്തുവന്നു. ഈ സിദ്ധാന്തത്തിനു കുറേയൊക്കെ പ്രചാരം സിദ്ധിക്കുകയുണ്ടായി. കാർത്തേജിലെ സൂനഹദോസുകളും, സോസിമൂസ്പാപ്പായും ഈ അബദ്ധോപദേശത്തെ ഖണ്ഡിക്കുകയും ശപിക്കുകയും ചെയ്തു. പെലേജിയനിസം അടുത്തതായി ബ്രിട്ടനിലേയ്ക്കും സംക്രമിച്ചു. ജർമ്മാനൂസ് മെത്രാനാണ് ഇതിനെ എതിർക്കുന്നതിനായി അങ്ങോട്ടു നിയുക്തനായതു്. അതിൽ അദ്ദേഹം തികച്ചും വിജയിയായി.

# സഭാരാഷ്ട്രങ്ങളുടെ ഐക്യം

## 1. റോമാസാമ്രാജ്യത്തിന്റെ അധഃപതനം

സാമ്രാജ്യത്തിന്റെ രണ്ടായിട്ടുള്ള വിഭജനവും തുടരെത്തുടരെ വന്ന ദുർബ്ബലരായ ഭരണാധികാരികളും മൂലം അശക്തമായിത്തീർന്ന റോമാസാമ്രാജ്യത്തിന്, വടക്കുനിന്നും കിഴക്കുനിന്നും ഉണ്ടായ കിരാതന്മാരുടെ ആക്രമണത്തെ പ്രതിരോധിക്കാൻ സാധിക്കാതെ വന്നു. ഗോത്തുവർഗ്ഗക്കാരുടെ രാജാവായ അലാരിക്ക് 410–ലും ഹൂണവർഗ്ഗക്കാരുടെ നേതാവായ അററിലാ 425–ലും റോമിനെ ആക്രമിച്ചു. മഹാനായ ലിയോ പാപ്പാ, തന്നെ ഏകനായി അഭിമുഖീകരിച്ചതു കണ്ടു കിരാതനേതാവായ അററിലാ കൂടുതൽ നാശങ്ങൾ ചെയ്യാതെ തിരിച്ചു

പോയി. മൂന്നുവർഷം കഴിഞ്ഞു വാൻഡൽ വർഗ്ഗാധിപനായ ഗൻസെറിക്ക് ഒരു വലിയ സൈന്യവുമായി റോമിനെ ആക്രമിച്ചു.

ഇത്തവണയും ലിയോ മാർപ്പാപ്പാ ശ്രമിച്ചുനോക്കിയെങ്കിലും ആക്രമണകാരിയെ പിന്തിരിപ്പിക്കുവാൻ കഴിഞ്ഞില്ല. റോമാനഗരം അവർ ഭയങ്കരമായി കൊള്ളചെയ്തു.

ഒടുവിൽ 476-ൽ ഒഡോവാക്കർ എന്ന കിരാത സേനാനായകൻ പാശ്ചാത്യ റോമൻസാമ്രാജ്യം കീഴടക്കി ഭരണം നടത്തി.

## 2. കിരാതവർഗ്ഗക്കാരുടെ മതപരിവർത്തനം.

ഇങ്ങനെ റോമിനെ ജയിച്ചടക്കിയ കിരാതവർഗ്ഗക്കാരിൽ ഒരു വിഭാഗം ആര്യൻപാഷണ്ഡികളും ബാക്കിയുള്ളവർ അവിശ്വാസികളും ആയിരുന്നു. കത്തോലിക്കാസഭയേയും വൈദികരേയും വെറുത്തിരുന്ന ഈ നിഷ്ഠുരവർഗ്ഗക്കാർ ക്രിസ്തീയ സംസ്കാരത്തെ സമൂലവിച്ഛേദം ചെയ്യുമോ എന്നു പലരും ഭയപ്പെട്ടു. ലോകനാഗരികതയേയും ക്രിസ്തീയസംസ്കാരത്തേയും, അജയ്യരായി കാണപ്പെട്ട ഈ ആക്രമികളിൽനിന്നു ആരു സംരക്ഷിക്കുമെന്നുള്ളതായിരുന്നു അന്നത്തെ പ്രശ്നം. സീസറന്മാരുടെ തലസ്ഥാനനഗരത്തെത്തന്നേയും അരക്ഷിതമായി വിട്ടുപേക്ഷിച്ചുകൊണ്ടു ചക്രവർത്തിമാർ എവിടെയോ പോയി അഭയം തേടി. പുരാതനറോമിലെ സാംസ്കാരികനിധികളും, കിരാതത്വം ഗ്രസിച്ചുതുടങ്ങിയ ലോകനാഗരികതയും, സംരക്ഷിക്കുന്നതിനായി ഒരു ധാർമ്മിക ശക്തിമാത്രം അവശേഷിച്ചു, കത്തോലിക്കാസഭ.

തിരുസ്സഭയാകട്ടെ ധീരതയോടും തീക്ഷ്ണതയോടുംകൂടി ആ കിരാതവർഗ്ഗങ്ങൾക്കിടയിൽ ക്രിസ്തുവിൻെറ സന്ദേശം പ്രചരിപ്പിച്ചു. അത്ഭുതമെന്നുപറയട്ടെ, കത്തോലിക്കാസഭയെ സംഹരിക്കുന്നതിനു ശപഥംചെയ്തു വന്നിരുന്ന ആ കശ്മലവർഗ്ഗക്കാർ, തിരുസ്സഭയുടെ ധീരോദാത്തസംരക്ഷകരായും വത്സലസന്താനങ്ങളായും രൂപാന്തരപ്പെട്ടു. അവർ റോമൻജനതയുമായി സമ്മിശ്രണംചെയ്തു സുശീലരായ ഒരു പുതിയ ക്രൈസ്തവജനതയായി ഉയൎന്നുവന്നു.

യൂറോപ്പിൻെറയും ക്രിസ്തുമതത്തിൻെറയും പിന്നീടുള്ള ചരിത്രത്തിൽ കൂടുതൽ പ്രധാനമായ പങ്കുവഹിച്ചതു് ഈ വർഗ്ഗത്തിൽപ്പെട്ട ഫ്രാങ്കജാതിക്കാരാണു്. ഇവരുടെ ഒരു രാജാവായ ക്ലോവിസ്, ക്ലോത്തിൽദായെന്നൊരു ക്രിസ്തീയ രാജകുമാരിയെ വിവാഹം ചെയ്തു. ക്ലോത്തിൽദായുടെ പ്രാർത്ഥനയനുസരിച്ച് ക്ലോവിസും അനുയായികളും ക്രിസ്തുമതം സ്വീകരിച്ചു. ക്ലോവിസിൻെറ ജ്ഞാനസ്നാനം സഭാചരിത്രത്തിൽ പുതിയൊരദ്ധ്യായം കുറിക്കുകയുണ്ടായി. പഴയ റോമൻസാമ്രാജ്യത്തിൻെറ സ്ഥാനത്തു് അങ്ങനെയുള്ള പുതിയൊരു ക്രിസ്തീയസാമ്രാജ്യം ഉയർന്നുവന്നു.

ക്ലോവിസ്സ് ദിഗ്വിജയം നടത്തിയിടത്തെല്ലാം സത്യവേദവും പ്രചരിപ്പിച്ചു. അദ്ദേഹം മരിക്കുമ്പോൾ തിരുസഭയ്ക്കു ഗോൾ പ്രദേശത്തിൽ (ഫ്രാൻസും ജർമ്മനിയും ഉൾപ്പെട്ട പ്രദേശം) വിസ്മയകരമായ പ്രചാരം സിദ്ധിച്ചിരുന്നു. സഭയുടെ 'സീമന്തപുത്രൻ' എന്നാണു ക്ലോവീസ് അറിയപ്പെടുന്നതു്.

## 3. മഹമ്മദിൻെറ ഖഡ്ഗം

അധികം കാലതാമസമുണ്ടായില്ല, അതീവ ഭീകരമായ ഒരു എതിർശക്തി സഭയ്ക്കെതിരായി ഉടലെടുത്തു. എ. ഡി. 610 ാമാടടുത്തു ദൈവനിയുക്തനായ ഒരു ദീർഘദർശിയെന്നു സ്വയം അവകാശപ്പെട്ടുകൊണ്ടു്, മഹമ്മദ് എന്നൊരറേബ്യൻ വണിക്കു ഒരു പുതിയമതം പ്രചരിപ്പിച്ചുതുടങ്ങി. സൈനികശക്തിയോടുകൂടി തുടങ്ങിയ ആ മതപ്രചരണം പൗരസ്ത്യദേശത്തെല്ലാം പടർന്നുപിടിച്ചു. മഹമ്മദിൻെറ അനുയായികൾ വിശുദ്ധസ്ഥലങ്ങൾ (Holy lands) ഉൾപ്പെടെയുള്ള പൗരസ്ത്യരാജ്യങ്ങൾ കീഴടക്കിയശേഷം, ആഫ്രിക്കയുടെ ഉത്തരപ്രദേശത്തുകൂടി സ്പെയിനിലേക്കു കടന്നു. സ്പെയിനും അവർക്കു കീഴടങ്ങി. ഒടുവിൽ പിരണീസ് പർവ്വതപംക്തികൾ തരണം ചെയ്തു് ഈ ക്രിസ്തുമതവൈരികൾ ഫ്രാങ്കവർഗ്ഗക്കാരുടെ കോട്ടകളിൽ ചെന്നുമുട്ടി. അന്നത്തെ ഫ്രാങ്കരാജാവായ ചാറൽസ് മാർടെൽ, സുശക്തമായ ഒരു സേനയോടുകൂടി മഹമ്മദീയസേനയെ "ടൂർസ്" എന്ന സ്ഥലത്തുവച്ച് 732-ൽ നിശ്ശേഷം പരാജയപ്പെടുത്തി.

# മാർപ്പാപ്പായുടെ രാഷ്ട്രാധിപത്യം
(Papal States)

അതിധീരമായി സഭാസേവനം നടത്തിയ മൂന്നു ഫ്രാങ്കരാജാക്കന്മാരിൽ പ്രഥമൻ ചാററൽസ് മാർട്ടൻ ആയിരുന്നു. ചാററൽസിൻെറ പുത്രനായ പെപ്പിനും പെപ്പിൻെറ പുത്രനായ ചാർലിമെയിനും ആയിരുന്നു മററു രണ്ടുപേർ. ചാററൽസ് മാർട്ടെൽ സഭയുടെ ശത്രുക്കളോടു പോരാടുക മാത്രമല്ല, തൻെറ രാജ്യാതിർത്തിക്കുള്ളിലും വെളിയിലും തീക്ഷ്ണതാപൂർവ്വം തിരുസഭാപ്രചരണം നടത്തുകകൂടിച്ചെയ്തു. പെപ്പിനും പിതാവിൻെറ കാലടികളെ പിന്തുടരുകയുണ്ടായി. അക്കാലത്തു വടക്കെ ഇററലിയെ ആക്രമിച്ചുകൊണ്ടിരുന്ന ലൊംബാർഡ് വർഗ്ഗക്കാരെ അമർച്ച ചെയ്യാനായി പെപ്പിൻ രണ്ടു പ്രാവശ്യം ആൽപ്സ് പർവ്വതനിരകൾ കടന്നു സൈന്യങ്ങളെ തെക്കോട്ടു നയിച്ചിട്ടുണ്ട്. രണ്ടാംപ്രാവശ്യം അവരെ പരാജയപ്പെടുത്തിയശേഷം, അവരിൽനിന്നു പടവെട്ടിപ്പിടിച്ച ഒരു പ്രദേശം അദ്ദേഹം തിരുസഭാതലവനായ മാർപ്പാപ്പായ്ക്കു സമ്മാനിച്ചു. ഇററലിയിലെ ജനങ്ങൾ പാപ്പായെ തങ്ങളുടെ ആത്മീയാചാര്യൻ എന്നതുപോലേതന്നെ ഭൗതികഭരണാധിപനായിക്കൂടി കുറേക്കാലമായി കരുതിപ്പോന്നിരുന്നു. പെപ്പിൻെറ തിരുമുൽക്കാഴ്ചയോടുകൂടി മാർപ്പാപ്പാ ധനികച്ചും രാഷ്ട്രീയ വ്യക്തിത്വമുള്ള ഒരു സ്വതന്ത്ര ഭൗതിക ഭരണാധികാരിയായിത്തീർന്നു. അഖിലലോക വ്യാപ്തിയുള്ള കത്തോലിക്കാസഭയുടെ ദൃശ്യനായകൻ മറെറാരു ഭരണാധിപനു വിധേയമായിരിക്കുക വിഹിതമല്ലല്ലോ.

പെപ്പിൻെറ പുത്രനായ ചാർലിമെയിൻ രണശൂരനായ ഒരു ഭരണാധിപനായിരുന്നു. അദ്ദേഹം യൂറോപ്പുഭൂഖണ്ഡം മുഴുവൻ ജയിച്ചടക്കി അവിടെയെല്ലാം തിരുസഭയുടെ പ്രചാരത്തിനുവേണ്ടി ഊർജ്ജസ്വലമായി പ്രയത്നിച്ചു. അദ്ദേഹത്തിൻെറ സുസംഘടിതമായ സാമ്രാജ്യത്തിലെങ്ങും വിദ്യാലയങ്ങൾ സ്ഥാപിതങ്ങളായി. രാജധാനിയിൽ സ്ഥാപിക്കപ്പെട്ട ഉന്നതവിദ്യാപീഠത്തിൽ ചക്രവർത്തിതന്നെ ഒരു അദ്ധ്യേതാവായിരുന്നു പോൽ.

1. വിശുദ്ധ റോമാസാമ്രാജ്യം

ഏ. ഡി 800–ൽ ക്രിസ്തുമസ്ദിവസം ചാർലിമെയിൻരാജാവ് റോമിൽവച്ചു ലിയോ തൃതീയൻ എന്ന മാർപ്പാപ്പായാൽ വിശുദ്ധ റോമാ സമ്രാട്ടായി കിരീടധാരണം ചെയ്യപ്പെട്ടു. ഇങ്ങനെ ചാർലിമെയിൻ തിരുസഭയുടേയും സഭാതാല്പര്യങ്ങളുടേയും ഔദ്യോഗിക സംരക്ഷകനായി നിയുക്തനായി. ക്രിസ്തുവിൻെറ സാമ്രാജ്യത്തിനു വ്യാപ്തിയും ശക്തിയും വളർത്തുകയെന്ന ഒരേ ഒരു ലക്ഷ്യമേ ഉണ്ടായിരുന്നുള്ളു മാർപ്പാപ്പാക്കും ചക്രവർത്തിക്കും. മാർപ്പാപ്പാ ആത്മീയകാര്യങ്ങളിൽ കൂടിയും ചക്രവർത്തി ഭൗതികാധികാരങ്ങൾ മുഖേനയും അതിനുവേണ്ടി യത്നിച്ചുപോന്നു.

# ക്രിസ്തീയജീവിതത്തിലുണ്ടായ ആത്മീയപുരോഗതി

ഭൗതികവും ആത്മീവുമായ അധികാരങ്ങൾ തമ്മിൽ ചാർലിമെയിൻെറ കാലത്തുണ്ടായ അനുരഞ്ജനംമൂലം തിരുസഭ അത്ഭുതപൂർവ്വമായ അഭിവൃദ്ധി കൈക്കൊണ്ടു. വൈദികർക്കു കൂടുതൽ വിദ്യാഭ്യാസവും ശിക്ഷണവും സിദ്ധിക്കുന്നതിനുള്ള സൗകര്യങ്ങൾ വർദ്ധിച്ചു. സകല വിശുദ്ധന്മാരുടെ തിരുനാൾ, പരിശുദ്ധകന്യകയുടെ ശുദ്ധീകരണത്തിരുനാൾ, ജനനത്തിരുനാൾ, സ്വർഗ്ഗാരോപണത്തിരുനാൾ, മിശിഹായുടെ സ്വർഗ്ഗാരോഹണത്തിരുനാളിനു മുമ്പുള്ള പ്രാർത്ഥനാദിനങ്ങൾ (Rogation days) മുതലായവ ആചരിക്കുവാൻ ആരംഭിച്ചതു ഈ ഘട്ടത്തിലാണ്. റോമിലേ, അപ്പസ്തോലന്മാരുടെ ശവകുടീരത്തിലേക്കും ജറുസലേമിലേ വിശുദ്ധസ്ഥലങ്ങളിലേക്കും അതുപോലെ മററു തീർത്ഥസ്ഥലങ്ങളിലേക്കുമുള്ള പുണ്യയാത്രകൾ വിശ്വാസികളുടെ ഇടയിൽ സാധാരണമായിത്തീർന്നു. വി. ഗ്രിഗരി മാർപ്പാപ്പാ, ദൈവാലയങ്ങളിലേ കർമ്മാനുഷ്ഠാനങ്ങൾ (Liturgy) ക്രമപ്പെടുത്തിയതും കൂദാശകൾ നല്കുന്നതിനുള്ള നിയമങ്ങൾ വ്യവസ്ഥപ്പെടുത്തിയതും ഈ കാലത്താണ്.

ഗ്രിഗോരിയൻ ഗാനം എന്ന വിശ്രുതമായ ഗീതങ്ങളുടെ കർത്താവും അദ്ദേഹമായിരുന്നു. ഏ. ഡി. 590 മുതൽ 604 വരെ അദ്ദേഹം സഭാഭരണം നടത്തി.

ഈ കാലത്തോടുകൂടി യൂറോപ്പിലെ എല്ലാ ജനതകളുംതന്നെ അന്ധമതസിദ്ധാന്തങ്ങളിൽ (Paganism) നിന്നുമകന്നു ക്രിസ്തീയ നാഗരികതയിലേക്ക് ഉയർന്നുകഴിഞ്ഞിരുന്നു. ഒരു നല്ലവിഭാഗം വിശ്വാസികളാം, ദൈവവിളിയനുസരിച്ചു സന്യസ്തജീവിതം വരിച്ചുതുടങ്ങി. വിശുദ്ധ ഗണത്തിലേക്കു് ആരോഹണംചെയ്തവരുടെ സംഖ്യയും ഒട്ടും കുറവല്ല. രാജവംശജരായിത്തന്നെ വി. ക്ലോത്തിൽദാ, വി. ക്ലോദ്, വി. ബേത്തിൽഡാ, വി. ആർനോംഡ് എന്നിങ്ങനെ എത്രയോ ഉജ്ജ്വലനാമധേയങ്ങളാം എടുത്തുപറയുവാൻകഴിയും! അനേകം മെത്രാന്മാർ ഈ കാലത്തു് വി. പദവിയിലേക്കുയർന്നിട്ടുണ്ടു്. നിർദ്ദയരായ ഭരണാധിപന്മാരോടും പാഷണ്ഡസിദ്ധാന്തങ്ങളോടും ഒരേ സമയം പടവെട്ടേണ്ടിവന്ന പൗരസ്ത്യ സഭയിൽത്തന്നെ വി. മാർട്ടിൻ വി. മാസ്റ്റിമൂസ്, വി. സൊഫ്രോണിയസ് എന്നിങ്ങനെ അനേകം വിശുദ്ധന്മാരെ കാണുവാൻ കഴിയും.

## ഫ്യൂഡൽ കാലഘട്ടത്തിൽ സഭയ്ക്കു നേരിട്ട ആപത്തുകൾ

### (ഏ. ഡി 800 — 1300

ഈ അദ്ധ്യായത്തിലെ പ്രധാന വിഷയത്തിലേക്കു തിരിയുംമുമ്പു്, പൗരസ്ത്യസാമ്രാജ്യത്തിലെ സഭയുടെ അവസ്ഥ, ഒന്നാരായേണ്ടതാണു്. കോൺസ്റ്റാൻറിനോപ്പിൾ നവീന റോമായാക്കിക്കൊണ്ടു് പൗരസ്ത്യ റോമാസമ്രാട്ടുകൾ പരിശുദ്ധ സിംഹാസനത്തിൻെറമേൽ ആധിപത്യം ചെലുത്താൻ ശ്രമം തുടങ്ങി. ക്രിസ്തുവിൻെറ വികാരിയുടെ അധികാരത്തെ അവഗണിച്ചുകൊണ്ടു മതകാര്യങ്ങളിൽ കൈകടത്താൻകൂടി അവർ മുതിന്നു. വൈദികരിൽ ചിലർപോലും അവരെ അനുകൂലിച്ചു

തോടുകൂടി അവിടുത്തേ സഭാചൈതന്യത്തിനു സാരമായ ഹാനി സംഭവിച്ചു. ഒന്നിനുപിറകെ ഒന്നായി പാഷണ്ഡത പൊട്ടിപ്പുറപ്പെട്ടു. ആദ്യമായി പ്രാബല്യത്തിൽവന്നതു ഏകമനോവാദ (Monothelites) പാഷണ്ഡതയാണ്. അടുത്തതായി വിഗ്രഹധ്വംസനവാദികളുടെ (Iconoclasts) പുറപ്പാടായി. കോൺസ്റ്റാൻറിനോപ്പിളിലേ ലിയോ ചക്രവത്തിയും, തുടൎന്ന് അദ്ദേഹത്തിൻെറ പിൻഗാമികളും ഇവരെ അനുകൂലിക്കുകയും ദൈവാലയത്തിൽനിന്നു പ്രതിമകളും ചിത്രങ്ങളും നീക്കംചെയ്യണമെന്നു വിളംബരം പുറപ്പെടുവിക്കുകപോലും ചെയ്തു. ഒടുവിൽ ഐറിൻ ചക്രവത്തിനി ഏഡ്രിയൻ മാപ്പാപ്പായോട് ഈ അഭിപ്രായഭിന്നതയുന്മൂലനം ചെയ്യുന്നതിനായി ഒരു സാൎവ്വത്രികസൂനഹദോസ് വിളിച്ചുകൂട്ടണമെന്ന് അഭ്യൎത്ഥിച്ചു.

787-ൽ നിക്യാ നഗരത്തിൽ കൂടിയ സൂനഹദോസ് പ്രതിമാവണക്കത്തെ അനുവദിച്ചും സാധൂകരിച്ചുംകൊണ്ട് അന്തിമതീൎമാനം ചെയ്തു. വിഗ്രഹങ്ങളും ചിത്രങ്ങളും പ്രതിനിധാനം ചെയ്യുന്നതിനെയാണു വിശ്വാസികൾ വണങ്ങുന്നതെന്ന് ഈ സൂഹദോസ് വ്യക്തമാക്കുകകൂടി ചെയ്തു.

## 1. ഫോഷ്യൻ ഛിദ്രം

പ്രതിമാഭജ്ഞകരുടെ വാദകോലാഹലങ്ങൾ നിശബ്ദമായതോടെ ഒരു ഛിദ്രം തലയുയൎത്തി — പരിശുദ്ധ സിംഹാസനത്തിൻെറ പരമാധികാരത്തെ എതിൎത്തുകൊണ്ടു സഭയിൽ തന്നെ ഉണ്ടാകുന്ന ഒരു പിളൎപ്പിനാണു ഛിദ്രം (Schism) എന്നുപറയുന്നതു്.

വി. നിക്കൊളാസ് മാപ്പാപ്പായുടെ കാലത്തു കോൺസ്റ്റാൻറിനോപ്പിളിലേ പാത്രിയക്കീസായിരുന്ന ഫോഷ്യസ്, പരിശുദ്ധസിംഹാസനത്തിൻെറ പരമാധികാരത്തെ ചോദ്യംചെയ്തുകൊണ്ടു കുഴപ്പങ്ങൾ ഉണ്ടാക്കാൻ തുടങ്ങി. ഏറെത്താമസിയാതെ സമാധാനം പുനഃസ്ഥാപിക്കപ്പെട്ടുവെങ്കിലും, മതപരമായ പ്രസ്തുത സ്വാതന്ത്ര്യതൃഷ്ണ നിശ്ശേഷം നിൎമ്മാജ്ജനം ചെയ്യാൻ കഴിഞ്ഞില്ല. 1043-ൽ കോൺസ്റ്റാൻറിനോപ്പിളിലേ തന്നെ മറെറാരു പാത്രിയക്കീസായ മൈക്കാം

സീറലേറിയസ് ഈ ഫിദ്മവാദം വീണ്ടും ഉന്നയിക്കുകയും അതിനു കുറെയെല്ലാം പ്രാബല്യം സിദ്ധിക്കുകയും ചെയ്തു. മാർപ്പാപ്പാമാർ പലരും ശ്രമിച്ചിട്ടും ഈ വിടവു നികത്താൻ സാധിച്ചില്ല. ഇന്നും ഫിദ്മവാദം പൗരസ്ത്യരിൽ ഒരു വിഭാഗം ജനങ്ങളെ സത്യസഭയിൽനിന്നും വേർതിരിച്ചു നിർത്തിയിരിക്കുകയാണ്.

## 2. വീണ്ടും അപകട മേഖല

ഈ കാലത്തു യൂറോപ്പിൽ സഭയ്ക്കു ഗണ്യമായ പുരോഗതി സിദ്ധിച്ചെങ്കിലും പല പരീക്ഷണഘട്ടങ്ങളേയും തരണം ചെയ്യേണ്ടിവന്നു. വിശുദ്ധ റോമാസാമ്രാജ്യം ഒരു പരിപൂർണ്ണക്രിസ്തീയരാഷ്ട്രമായി ഉയർന്നുവെങ്കിലും ചാർലിമെയിൻചക്രവർത്തിയുടെ വ്യക്തിമാഹാത്മ്യമായിരുന്നു അതിനു സഹായിച്ചതു് എന്നു നാം വിസ്മരിക്കരുതു്. അദ്ദേഹത്തിൻെറ നിര്യാണത്തോടുകൂടി സാമ്രാജ്യം അധഃപതിക്കാൻ തുടങ്ങി. പ്രബലനായ ഒരു ഭരണാധിപൻെറ അഭാവത്തിൽ കേന്ദ്രഭരണകൂടം തകർന്നുവീണു. വലിയ ഭൂവുടമകളെല്ലാം രാജാക്കന്മാരായി ഭരണം തുടങ്ങി. അങ്ങനെ യൂറോപ്പുമുഴുവൻ ഫ്യൂഡലിസം എന്നറിയപ്പെടുന്ന ഒരു പ്രത്യേകതരം സാമൂഹ്യവ്യവസ്ഥിതിക്കു വിധേയമായി. റോമാസാമ്രാജ്യത്തിൻെറ തകർച്ചയും ഫ്യൂഡലിസാടിസ്ഥാനത്തിലുള്ള പുതിയ ഭരണകൂടത്തിൻെറ ആവിർഭാവവും സഭയ്ക്കു വളരെയധികം വൈഷമ്യങ്ങൾ വരുത്തിവച്ചു. എങ്കിലും ഈ കൊടുങ്കാററിലും സഭാസൗധം ഉലയാതെതന്നെ നിലകൊണ്ടു.

## 3. വീണ്ടും ആക്രമണങ്ങൾ.

നൂററാണ്ടുകളായി സഭ, യൂറോപ്പിൽ പടുത്തുയർത്തിയ ക്രിസ്തീയസംസ്കാരവും നാഗരികജീവിതവും അപകടത്തിലാകത്തക്കവിധം ഉഗ്രങ്ങളായ ആക്രമണങ്ങൾ നാനാഭാഗത്തുനിന്നുമുണ്ടായി. സ്ലാവുവർഗ്ഗക്കാരും ഹംഗേറിയന്മാരും ആവാർ വർഗ്ഗക്കാരും, ഫ്രാൻസിനും റഷ്യക്കും മദ്ധ്യേ വസിച്ചിരുന്ന മററു പല വർഗ്ഗങ്ങളും പടിഞ്ഞാറോട്ടു

തള്ളിക്കയറി. ഡാന്യൂബ് തടങ്ങളിൽനിന്നും പാഞ്ഞുകയറിയ രണശൂരരും അശ്വാരൂഢരുമായിരുന്ന ഹംഗേറിയന്മാർ ഫ്രാൻസിലും ജർമ്മനിയിലും ഇററലിയിൽപ്പോലും വമ്പിച്ച നാശങ്ങൾ വരുത്തി. വടക്കു സ്കാൻഡിനേവിയായിൽ നിന്നും കടൽവഴിയും കരമാർഗ്ഗമായും ഇരമ്പിക്കയറിയ ആക്രമണകാരികൾ, കണ്ണിൽക്കണ്ടതെല്ലാം കൊള്ളിവച്ചു കൊള്ളകൾ നടത്തി. ദക്ഷിണഭാഗത്തുനിന്നു മഹമ്മദീയസേനകൾ യൂറോപ്പിലേക്കു തള്ളിക്കയറിക്കൊണ്ടിരുന്നു. ഈ ആക്രമണപ്രവാഹങ്ങളെ തട്ടുത്തുനിരത്തി അന്ധവിശ്വാസികളും ക്രൂരസ്വഭാവികളുമായ ഈ പുതിയ ജനതതികളെ ക്രിസ്തുമതാവലംബികളാക്കാനുള്ള വിഷമമേറിയ ചുമതല തിരുസഭ വീണ്ടും ഏറെറടുത്തു.

878-ൽ ഡാനീഷ് രാജാവായ ഗുത്രം (Guthrum) ജ്ഞാനസ്നാനം സ്വീകരിച്ചു. ഇക്കാലത്തുതന്നെ മഹാനായ ആൽഫ്രഡ് രാജാവു് ദക്ഷിണഭാഗത്തു ക്രിസ്തീയജീവിതത്തെ പുനരുദ്ധരിക്കാൻ ശ്രമം തുടങ്ങിയിരുന്നു. ദൈവാലയങ്ങളും സന്യാസമന്ദിരങ്ങളും വിദ്യാലയങ്ങളും പുനഃസ്ഥാപിതങ്ങളായി. കാൻറർബറിയിലെ മെത്രാപ്പോലീത്താ ആയിരുന്ന വി. ഡൺസ്റ്റനും കന്യൂട്ട് രാജാവും തിരുസഭാപ്രചാരത്തിനുവേണ്ടി അമൂല്യസേവനം നടത്തി.

ബ്രയാൻ ബോറു (Brian Boru)വിൻെറ പ്രയത്നഫലമായി ഏ. ഡി. 1014 ആയപ്പോഴേക്കും അയർലണ്ടു് ഒരു പരിപൂർണ്ണ ക്രിസ്തീയരാജ്യമായിക്കഴിഞ്ഞിരുന്നു. ഡന്മാർക്കിലും സ്വീഡനിലും വി. ആൻസ്ഗാരിയസ് തിരുസഭയുടെ ബീജാവാപംചെയ്തു. കന്യൂട്ട്രാജാവിൻേറയും വി. എറിക്കിൻേറയും പ്രോത്സാഹനഫലമായി അവിടെയും സഭ തഴച്ചുവളൎന്നു.

## 4 ഫ്യൂഡലിസ്റ്റ് വിപത്തു്

മുൻപറഞ്ഞവിധം സഭയ്ക്കെതിരായി ബാഹ്യാക്രമണങ്ങളുടെ കരുക്കൾ നീക്കിയതോടൊപ്പംതന്നെ അതിനുള്ളിൽ അധഃപതനപ്രവണതകൾ വളൎത്തുന്നതിനും സാത്താൻ ശ്രമിക്കാതിരുന്നില്ല. അതിനു്

അവന്നു ലഭിച്ച ഏററവും പററിയ മാർഗ്ഗമായിത്തീൎന്ന ഫ്യൂഡലിസ്റ്റ് സാമൂഹ്യവ്യവസ്ഥിതി.

എട്ടാംശതകത്തിൻെറ അന്ത്യഘട്ടത്തോടുകൂടി മെത്രാന്മാരും സന്യാസാശ്രമങ്ങളും വലിയ ഭൂസ്വത്തുടമകളായിത്തീൎന്നിരുന്നു. പലവിധത്തിൽ ദാനമായി കിട്ടിയവയായിരുന്നു ഈ ഭൂസ്വത്തെല്ലാം. ആത്മരക്ഷയ്ക്കുള്ള ഒരു സൽക്രിയയായി പ്രഭുക്കന്മാർ സഭയ്ക്കു സംഭാവന ചെയ്തവയാണധികവും. വൈദികർ നടത്തിയ രാജ്യസേവനത്തിനു പ്രതിഫലമായി ഭരണാധികാരികളും വളരെയേറെ സ്വത്തുക്കൾ ദാനം ചെയ്തിട്ടുണ്ട്. റോമാസാമ്രാജ്യം തകൎന്നുകഴിഞ്ഞപ്പോൾ വലിയ ഉദ്യോഗങ്ങൾ വഹിക്കുന്നതിനു അഭ്യസ്തവിദ്യരായി വൈദികർ മാത്രമേ ഉണ്ടായിരുന്നുള്ളു. മതകൎമ്മങ്ങൾ ഉചിതമായ പ്രൗഢിയോടുകൂടി നിവ്വഹിക്കുന്നതിനും ആതുരാലയങ്ങൾ, ലാസർ മന്ദിരങ്ങൾ, വിദ്യാലയങ്ങൾ മുതലായവ നടത്തിക്കൊണ്ടുപോകുന്നതിനും ക്രിസ്തീയ സംസ്കാരത്തിൻെറ ദീപയഷ്ടി ഉയൎത്തിപ്പിടിക്കുന്നതിനുതന്നേയും ഈ ഭൂസ്വത്ത് പ്രയോജനപ്പെട്ടിരുന്നു. പക്ഷേ, ഈ ഭൂസ്വത്തുടമയോടുകൂടി മെത്രാന്മാരും ആശ്രമാധിപതികളും (Abbots) മററു ഫ്യൂഡൽ പ്രഭുക്കളോടൊപ്പം ഒരു ഭൗതികാധിപതിക്കു വിധേയരാവുകയും വേണ്ടിവന്നാൽ തങ്ങളുടെ അധീനതയിലുള്ള കുടിയാന്മാൎക്ക് (tenants) സൈനികമായ സംരക്ഷണം നല്കാൻ ബാദ്ധ്യസ്ഥരാവുകയുംചെയ്തു. "ലേ ഇൻവെസ്റ്റിച്ചർ" എന്ന ചടങ്ങുമൂലം മെത്രാന്മാരും ആശ്രമാധിപന്മാരുമെല്ലാം ഭൗതികാധികാരത്തിനു മാത്രമല്ല, ആത്മീയാധികാരത്തിനും അവരുടെ അധിരാജാക്കന്മാരോട് (Over lords) കടപ്പെട്ടിരിക്കുന്നു എന്നൊരു തെററായ ധാരണ പലരിലും ഉളവായി. ഭൗതികാധികാരഭ്രമത്തിൽ പലരും ആത്മീയാധികാരം വിസ്മരിച്ചുകളഞ്ഞു. മത്സരവും ലോഭവും സൎവ്വത്ര വിളയാടി. ഉന്നതവൈദികസ്ഥാനങ്ങളിൽ രാജാക്കന്മാരുടെ രാഷ്ട്രീയസുഹൃത്തുക്കളും അധികാരമോഹികളായ പ്രഭുപുത്രന്മാരും പ്രവിഷ്ടരാകാനുള്ള സാഹചര്യങ്ങൾ വൎദ്ധിച്ചു. ആത്മീയാധികാരസ്ഥാനങ്ങൾ ചിലപ്പോഴെല്ലാം ക്രയവിക്രയം ചെ

 യ്യപ്പെട്ടുവെന്നുതന്നെ പറയാം. * മെത്രാന്മാരും ആശ്രമാധിപസ്ഥാപനങ്ങളും ദീർഘകാലത്തേക്ക് അനാഥമായി കിടക്കേണ്ടിവന്നിട്ടുണ്ട്. അക്കാലത്തെ വികുതി രാജഭണ്ഡാരത്തിലേക്ക ലഭിക്കാമല്ലോ എന്ന ഉദ്ദേശ്യത്തിൻപേരിൽ, എത്രയോ വലിയ ഉത്തരവാദിത്വമുള്ള പാപ്പാസ്ഥാനത്തിനുതന്നെ റോമിലെ പ്രഭുകുടുംബങ്ങൾ വഴക്കടിച്ചു. ഈ ദയനീയാവസ്ഥകളുടെ ഫലം കുറേയൊക്കെ നമുക്ക് ഊഹിക്കുവാൻ കഴിയും. വൈദികർ തങ്ങളുടെ പരിശുദ്ധ സ്ഥാനത്തിനു് ഒട്ടും അനുയോജ്യമല്ലാത്തവിധം പ്രാപഞ്ചികജീവിതം നയിക്കുവാൻ തുടങ്ങി. വിശ്വാസികളിൽ പലരും ദുർവൃത്തരും അവിശ്വാസികളുമായിത്തീന്നു.

## 5. ശുദ്ധീകരണം

ഇപ്രകാരമുള്ള പരീക്ഷണങ്ങൾ നേരിടുമെന്നു ദിവ്യരക്ഷകൻ തന്നെ പ്രവചിച്ചിട്ടുണ്ട്. എന്നാൽ ഈ ആപൽസന്ധിയിൽ ആരും അതിനെതിരായി സ്വരം ഉയത്തിയില്ലെന്നു മനസ്സിലാക്കരുതു്. വി. ബ്രൂണോ, വി. ഡൺസ്റ്റൻ, വി. നിക്കോളാസ് മാപ്പാപ്പാ, സിൽവെസ്റ്റർ മാപ്പാപ്പാ തുടങ്ങിയവർ അതിശക്തിയായ ഭാഷയിൽ ഈ സാന്മാർഗ്ഗികാധഃപതനത്തെ എതിർത്തിട്ടുണ്ട്. സഭയുടെ ശുദ്ധീകരണം പ്രധാനമായും ജപതപാധികൾകൊണ്ടാണ നടക്കേണ്ടതു്. പ്രാർത്ഥനയുടെ ശക്തികേന്ദ്രങ്ങൾ സന്യാസാശ്രമങ്ങളാണല്ലോ. യൂറോപ്പിൽ പല ഭാഗങ്ങളിലായി അനേകം സന്യാസസഭകൾ ഉടലെടുത്തുതുടങ്ങി. വി. ബനഡിക്ട്, വി. റോമുവാൾഡ്, വി. ജോൺ ഗ്വാൽബർട്ട്, മെന്തോണിലെ വി. ബർണാർഡ് തുടങ്ങിയ മഹാത്മാക്കൾ സ്ഥാപിച്ച സഭകളും, കൊളോണിലെ വി. ബ്രൂണോയുടെ കർത്തൂസ്യൻ സഭയും, വി. റോബെർട്ടിൻെറ സിസ്റ്റേർസ്യൻ സഭയും എല്ലായിടത്തും പ്രചരിച്ചു. ബാഹ്യലോകം വിശ്വാസമാന്ദ്യത്തിൻെറ അന്ധകാര

---

* "Bishoprics and other spiritual offices were bought and sold (the sin of Simony)" A primer of Church History. P. 27

ത്തിൽ ആണ്ടുപോയപ്പോഠം കത്തോലിക്കാജീവിതചൈതന്യത്തിൻെറ സ്ഫുലിംഗങ്ങഠം ഉജ്ജ്വലിപ്പിച്ചുകൊണ്ടു് ഈ സന്യാസസഭകഠം എങ്ങും പ്രചരിച്ചു.

## ഭൗതികാധികാരികളുമായുണ്ടായ ഉരസൽ

962-ൽ അന്നത്തെ മാപ്പാപ്പാ സാക്സണി പ്രദേശത്തിലേ ഓട്ടോ പ്രഥമൻ എന്ന രാജാവിനെ വിശുദ്ധ റോമാസാമ്രാജ്യത്തിൻെറ അധിപതിയായി വാഴിച്ചു. ആദ്യഭരണാധികാരികഠം സഭാതാല്പര്യങ്ങഠം സംരക്ഷിക്കുന്നതിൽ ഉത്സുകരായിരുന്നെങ്കിലും, അനന്തരഗാമികഠം അവരുടെ അധികാരം ദുർവിനിയോഗം ചെയ്യാൻ തുടങ്ങി. തങ്ങളുടെ പാർശ്വവർത്തികളെ, യോഗ്യതയൊന്നും പരിഗണിക്കാതെ രംഗപ്രവേശം ചെയ്യിപ്പിച്ചുകൊണ്ടു പാപ്പായുടെ തെരഞ്ഞെടുപ്പിൽപ്പോലും അവർ കൈകടത്തുവാൻ ആരംഭിച്ചു. ലിയോ മാപ്പാപ്പായും (നവമൻ) നിക്കോളാസ് (ദ്വിതീയൻ) മാർപ്പാപ്പായും ഇതിനെ എതിർത്തെങ്കിലും, ഗ്രിഗറി ഏട്ടാമനാണു് അനർഹമായ ഈ അധികാരപ്രയോഗത്തിനു പൂർണ്ണമായ വിരാമമിടുവിച്ചതു്. "ലേ ഇൻവെസ്റ്റിച്ചർ" (Lay investiture) സമ്പ്രദായം അദ്ദേഹം നിരോധിച്ചു. ജർമ്മനിയിലേ ചക്രവർത്തിമാരും, പിന്നീടു് ഇംഗ്ലണ്ടിലേയും ഫ്രാൻസിലേയും രാജാക്കന്മാരും, തിരുസ്സഭയും തമ്മിൽ ദീർഘകാലം നടന്ന ഒരു മത്സര (struggle) ത്തിൻെറ നാന്ദിയായിരുന്ന ഗ്രിഗറി മാപ്പാപ്പായുടെ പ്രഖ്യാപനം.

## ജർമ്മനിയുമായുണ്ടായ മത്സരം

ജർമ്മനിയിലേ ഹെൻറി നാലാമൻ ചക്രവർത്തി, ഏഴാംഗ്രിഗറി മാർപ്പാപ്പായെ സ്ഥാനഭ്രഷ്ടനാക്കിക്കൊണ്ടു് ഒരു വിളംബരം പുറപ്പെടുവിച്ചു. ഇതിനു മറുപടിയായി മാർപ്പാപ്പാ ചക്രവത്തിയെ

സഭാഭ്രഷ്ടനാക്കി. ഒടുവിൽ ഹെൻറി, കനോസ്സായിൽ എത്തി മാർപ്പാപ്പായോടു മാപ്പുചോദിച്ചു. മൂന്നുദിവസത്തേ പരസ്യമായ പശ്ചാത്താപപ്രകടനത്തിനുശേഷം ചക്രവർത്തി സഭയിലേക്കു വീണ്ടും സ്വീകരിക്കപ്പെട്ടു. എങ്കിലും കുറേക്കഴിഞ്ഞപ്പോഠം ഹെൻറി പഴയ നടപടികഠംതന്നെ അവലംബിക്കുകയാണുണ്ടായതു്. അധികം താമസിയാതെ അദ്ദേഹം മാർപ്പാപ്പായെ റോമിൽനിന്നു ബഹിഷ്കരിക്കാൻ പോലും മടിച്ചില്ല. തിരുസഭയുടെ സ്വാതന്ത്ര്യം സംരക്ഷിക്കാനുള്ള തീവ്രയത്നങ്ങഠംക്കിടയിൽ 1085-ൽ ആ മഹാത്മാവു് ദിവംഗതനായി. മുപ്പതുവർഷത്തോളം ഹെൻറി, താൻ കൃത്രിമമായി വാഴിച്ച പാപ്പാവേഷധാരികളുമായി ഇററലിയെ പീഡിപ്പിച്ചുകൊണ്ടിരുന്നു. 1106-ൽ പുത്രനായ ഹെൻറി പഞ്ചമനുമായുണ്ടായ യുദ്ധത്തിൽ അദ്ദേഹം പരാജിതനായി. അങ്ങനെ ഈ സഭാവൈരി, വിദേശത്തു കിടന്നു മരണമടഞ്ഞു. പുതിയ ചക്രവർത്തിയും തിരുസിംഹാസനത്തോടു പഴയനയംതന്നെയാണു തുടന്നതു്. അദ്ദേഹവും സഭാഭ്രഷ്ടനാക്കപ്പെട്ടു. തൻെറ പാശ്വവർത്തികളുടെ ആനുകൂല്യം നഷ്ടപ്പെട്ടു തുടങ്ങിയതോടുകൂടി, ചക്രവർത്തി, കലിക്സ്ററസ് മാർപ്പാപ്പായുമായി വേംസിലേ കൺകോർദാത്തു് എന്നറിയപ്പെടുന്ന ഒരു സൗഹാർദ്ദസന്ധിമൂലം രമ്യപ്പെട്ടു. ഇതനുസരിച്ചു, തിരുസഭയുടെ എല്ലാ അധികാരങ്ങളേയും ചക്രവർത്തി അംഗീകരിച്ചുകൊടുത്തു. അരനൂററാണ്ടോളം നീണ്ടുനിന്ന സംഘട്ടനം ഇങ്ങനെ സഭയുടെ വിജയത്തിൽ പര്യവസാനിച്ചു.

1167-ൽ ഫ്രെഡറിക്കു് ബാർബറോസ്സയെന്ന ജർമ്മൻ ചക്രവർത്തി, സ്വന്തസ്വാധീനം ചെലുത്തി ഒരു പാപ്പായെ വാഴിക്കാനുള്ള ശ്രമം നടത്തുകയുണ്ടായി. ഇതിൽ അയാഠം പരിപൂർണ്ണമായി പരാജയപ്പെട്ടു. ചക്രവർത്തി, മാർപ്പാപ്പായുടെ പാദങ്ങളിൽവീണു മാപ്പു് അപേക്ഷിച്ചു. അതുമുതൽ ബാർബറോസ്സാ, സഭയുടെ ഒരു ധീരസേവകനായി മാറി. മൂന്നാമത്തേ കുരിശുയുദ്ധത്തിൻെറ നേതൃത്വം വഹിച്ചതു് അദ്ദേഹമായിരുന്നു. അദ്ദേഹത്തിൻെറ പൗത്രൻ ഫ്രെഡറിക്കു് ദ്വിതീയൻ വീണ്ടും സഭയുമായി മത്സരം തുടങ്ങി. അദ്ദേഹം

ഇററലിയെ ആക്രമിച്ച വളരെ നാശങ്ങഠം വരുത്തിക്കൂട്ടി. ജമ്മനിയിൽ ആദ്യത്തേ കലാപമുണ്ടായി. അദ്ദേഹവും സഭാഭ്രഷ്ടനാക്കപ്പെട്ടു. എങ്കിലും മരണസമയത്തു തിരുസഭയെ ആശ്ലേഷിക്കവാനുള്ള ഭാഗ്യം അദ്ദേഹത്തിനു സിദ്ധിച്ചു. സഭയെ അടിമത്വത്തിൽ ആഴ്ത്താനുള്ള രണ്ടുനൂററാണ്ടുകാലത്തേ ശ്രമത്തിനു ശേഷം 1268—ൽ ഈ രാജവംശം അന്യംനിന്നുപോയി.

## ഇംഗ്ലണ്ടുമായുള്ള സംഘഷം

ഈ കാലത്തു് ഇംഗ്ലണ്ടും സഭയ്ക്കൊരു പരീക്ഷണകേന്ദ്രമായിത്തീൎന്നു. വി. എഡ്വേർഡിൻേറയും, (Confessor) ജേതാവായ വില്യമിൻേറയും ഭരണകാലത്തു് അവിടെ കത്തോലിക്കാചൈതന്യം അഭിവൃദ്ധി പ്രാപിച്ചിരുന്നു. അവരുടെ അനുഗാമികളായ വില്യം റുഫസ്സും ഹെൻടി ഒന്നാമനും സഭയുടെ പ്രഖ്യാപിത ശത്രുക്കളായിരുന്നു. കാൻറർബറിയിലേ മെത്രാപ്പോലീത്താ ആയിരുന്ന വിശുദ്ധ ആൻസ്ലമിൻെറ ആത്മസ്ഥൈര്യംമൂലം ഹെൻടിക്കും സഭയുടെ സ്വാതന്ത്ര്യം അനുവദിച്ചുകൊടുക്കേണ്ടതായിവന്നു. അമ്പതുവഷങ്ങഠംക്കുശേഷം, ഹെൻറി രണ്ടാമൻ സഭയെ തൻെറ ആജ്ഞാനുവത്തിയാക്കാൻ ശ്രമം തുടങ്ങി. ഹെൻടിയുടെ അതിമോഹങ്ങളെ വി. തോമസ് എ ബക്കററ് എന്ന മെത്രാപ്പോലീത്താ അതിശക്തിയായി പ്രതിരോധിച്ചതുമൂലം കാൻറർബറിയിലേ മെത്രാസനദൈവാലയത്തിലേ ബലിപീഠത്തുങ്കൽവച്ചു് അദ്ദേഹം വധിക്കപ്പെട്ടു. എങ്കിലും ഈ ക്രൂരപ്രവൃത്തിക്കു രാജാവു് ആ രക്തസാക്ഷിയുടെ ശവകുടീരത്തിങ്കൽ പരസ്യമായി പശ്ചാത്താപം പ്രകടിപ്പിക്കുകയും, സഭയുടെ അവകാശങ്ങഠം അംഗീകരിച്ചു കൊടുക്കുകയും ചെയ്തു. ജോൺ രാജാവിൻെറ സിംഹാസനാരോഹണത്തോടുകൂടി സംഘട്ടനം വീണ്ടുമാരംഭിച്ചു. ധീരാഗ്രണിയായ ഇന്നസെൻറ് തൃതീയൻ എന്ന മാർപ്പാപ്പാ അദ്ദേഹത്തെ സഭാഭ്രഷ്ടനാക്കിയതോടെ, രാജാവിൻെറ മനോവീര്യം അണയുകയും അദ്ദേഹം സഭയ്ക്കു വിധേയനാവുകയും ചെയ്തു. കാൻറർ

ബറിയിലെ മെത്രാപ്പോലീത്താ, ആയിരുന്ന സ്റ്റീഫൻ ലാങ്ങ്ടൻെറ നേതൃത്വത്തിൽ സംഘടിച്ച, മെത്രാന്മാരും പ്രഭുക്കളും ഉൾപ്പെട്ട ദൈവത്തിൻേറയും സഭയുടേയും സേന, രാജാവിനെക്കൊണ്ട മാഗ്നാ കാർട്ടാ എന്ന രാഷ്ട്രീയപ്രമാണത്തിൽ ഒപ്പുവയ്പിച്ചതോടുകൂടി സഭയുടേയും ജനങ്ങളുടേയും അവകാശസ്വാതന്ത്ര്യങ്ങൾ അംഗീകൃതമായി.

## ഫ്രാൻസിലെ സമരം

ഫ്രാൻസിലെ രാജാവായ ഫിലിപ്പ് രണ്ടാമൻെറ വിവാഹമോചനശ്രമത്തോടെയാണ് അവിടത്തെ സമരം ആരംഭിച്ചതു്. ക്രിസ്തീയധർമ്മത്തിൽനിന്നും ഇങ്ങനെ വ്യതിചലിക്കുന്നതിൻെറ അനൗചിത്യത്തെ ഇന്നസെൻറ് തൃതീയൻ രാജാവിനെ അനുസ്മരിപ്പിച്ചെങ്കിലും, അദ്ദേഹം കൂട്ടാക്കിയില്ല. ഒടുവിൽ ഫ്രാൻസുരാജ്യം മുഴുവൻ സഭാമുടക്കിൽ ഉൾപ്പെടുത്തി. ഉടൻതന്നെ ഫിലിപ്പ് പശ്ചാത്തപിച്ച സഭയുമായി പുനരൈക്യപ്പെട്ടു. പതിമൂന്നാംനൂററാണ്ടിൻെറ മദ്ധ്യഘട്ടംവരെ വി. ലൂയി നവമൻ എന്ന രാജസിദ്ധൻെറ സൽഭരണം ആസ്വദിക്കാൻ ഫ്രാൻസിനു ഭാഗ്യമുണ്ടായി. അക്കാലത്തു് അവിടെ സഭയ്ക്കു് അതിരററ വളച്ച്യുണ്ടായതിൽ അത്ഭുതപ്പെടുവാനില്ല. എന്നാൽ അദ്ദേഹത്തിൻെറ പൗത്രൻ, ഫിലിപ്പുരാജാവു് വീണ്ടും വഴക്ക തുടങ്ങി. അന്നത്തെ മാർപ്പാപ്പാ ആയിരുന്ന ബോനിഫസ് അഷ്ടമൻ, രാജാവിൻെറ അധികാരദുർവ്വിനിയോഗത്തെ സുധീരമായി എതിർക്കുകയും സഭയുടെ പരിപാവനങ്ങളായ അവകാശങ്ങളെ പരിരക്ഷിക്കുന്നതിൽ വിജയം വരിക്കുകയും ചെയ്തു.

ഫ്യൂഡലിസത്തിൽ നിന്നും സംജാതമായ ഇത്തരം അനേകം വിപത്തുകളെ മദ്ധ്യമശതകങ്ങളിലെ തിരുസഭാതലവന്മാർക്ക് അഭിമുഖീകരിക്കേണ്ടിവന്നിട്ടുണ്ടു്. തികച്ചും ജാഗരൂകരായ അമരക്കാരെപ്പോലെ അവർക്ക് ഈ കൊടുങ്കാററിലും കോളിളക്കത്തിലും തകരാതെ സഭാനൗകയെ മുന്നോട്ടുനയിക്കുവാൻ കഴിഞ്ഞു. ക്രിസ്തുവിൻെറ അധിരാജത്വം ലോകത്തിൽ അംഗീകൃതമാകുന്നതിനുവേണ്ടി അവർക്ക് ദൈവദത്തമായിരുന്ന അധികാരം മാത്രമായിരുന്നു, ഈ സമരങ്ങളിലെല്ലാം അവരുടെ ഏകയായുധം. അവർ വിജയിക്കുകയും ചെയ്തു.

# മദ്ധ്യമകാലചരിത്രം

## ഏ. ഡി. 1073—1300

എല്ലാംകൊണ്ടും മദ്ധ്യമകാലഘട്ടം ഏററവും സുഖപൂർണ്ണമായ ഒന്നായിരുന്നുവെന്നുപറയാം. ഭൗതികമായിത്തന്നെ താരതമ്യേന ക്ഷേമകരമായ മരു ഘട്ടത്തിലേക്ക ലോകം കാലൂന്നിക്കഴിഞ്ഞിരുന്നു. മദ്ധ്യമയുഗങ്ങളിലെ മനോഹരമായ വസ്തുശില്പംതന്നെ ഇതിനു് തെളിവാണു്. ഇന്നത്തേതുപോലുള്ള സുഖസൗകര്യങ്ങൾ ഇല്ലായിരുന്നെങ്കിലും, എല്ലാവരുംതന്നെ സംതൃപ്തരായി കഴിഞ്ഞുകൂടി. ഇന്നത്തേതുപോലുള്ള പടർന്നുപിടിച്ച ദാരിദ്ര്യം അന്നു് ഉണ്ടായിരുന്നില്ല. ധനികരുടെ ഔദാര്യവും സന്ന്യാസമന്ദിരങ്ങളോടു് അനുബന്ധിച്ച നടത്തപ്പെട്ടിരുന്ന അഗതിമന്ദിരങ്ങളും ദാരിദ്ര്യക്ലിഷ്ടന്മാർക്കു താങ്ങും തണലുമായി നിലകൊണ്ടിരുന്നു.

സ്വകാര്യസ്വത്തുടമ നിലവിൽ വന്നതോടുകൂടി കൃഷിയും വാണിജ്യവും അഭിവൃദ്ധി പ്രാപിച്ചു. തൊഴിലാളികളുടെ ഉദ്ധാരണത്തിനായി ഗിൽഡുകൾ പ്രവർത്തിച്ചിരുന്നു. തൊഴിലാളികളുടെ ഒരുതരം സൊഡാലിററികളായിരുന്നു, ഈ ഗിൽഡുകൾ എന്നുപറയാം.

ഈ കാലഘട്ടത്തിൻെറ മറെറാരു പ്രത്യേകത മനുഷ്യരിൽ വളർന്നുവന്ന നിയമവിധേയത്വമാണു്. ചുരുക്കം ചില നിയമലംഘകന്മാരില്ലായിരുന്നുവെന്നു് അർത്ഥമാക്കേണ്ടതില്ല. എങ്കിലും നിയമം പൊതുഗുണത്തിനാണെന്നധാരണ വളർന്നു വന്നതോടുകൂടി എല്ലാവരും തന്നെ അതിനെ സമാദരിക്കാൻ തുടങ്ങി. തൊഴിൽഗിൽഡുകൾ, (Trade Guilds) വേലസമയവും, കൂലിയും, വിലയും നിജപ്പെടുത്തി. പണവായ്പകളെ സംബന്ധിച്ച പ്രത്യേക നിയമങ്ങൾ സഭ രൂപീകരിച്ചതിനാൽ അമിതമായ പലിശ വാങ്ങൽ നിലച്ചു. മാഗ്നാകാർട്ടാ പോലുള്ള രാഷ്ട്രീയ നിയമസംഹിതകളും ഈ കാലത്താണ സുവ്യക്തരൂപം കൈക്കൊള്ളാൻ തുടങ്ങിയതു്. തിരുസ്സഭയുടെ പിന്തുണയോ

ടുകൂടി നടത്തപ്പെട്ട അന്താരാഷ്ട്രീയ ഉടമ്പടികരം, പരിപാവനങ്ങളായി കരുതപ്പെട്ടുപോന്നു. കുരിശുയുദ്ധങ്ങരംപോലുള്ള നീതിപൂർവ്വകങ്ങളായ സമരങ്ങളെ അനുഗ്രഹിച്ചെങ്കിലും, സാധാരണ യുദ്ധങ്ങളെ നിരുത്സാഹപ്പെടുത്തുന്നതിലും സമാധാനസംരക്ഷണത്തിലും സഭ ദത്തശ്രദ്ധയായിരുന്നു.

നിയമത്തോടുള്ള സമാദരവും വിധേയത്വവും മൂലം മദ്ധ്യമശതകങ്ങരം സമാധാനത്തിൻെറ ഒരു കാലഘട്ടമായിരുന്നു. തന്മൂലം, ജനങ്ങരംക്കു തത്വചിന്തകളിലും, കലകളിലും വിഹരിക്കുന്നതിനു സൗകര്യം സിദ്ധിച്ചു. വിദ്യാഭ്യാസത്തിനു് അത്ഭുതകരമായ പുരോഗതി ഉണ്ടായി. സന്യാസമന്ദിരങ്ങരം ഓരോന്നും ഓരോ വിദ്യാപീഠമായിത്തീൎന്നു. പാരീസ്, ബൊളോഞ്ഞാ, ഓക്സ്ഫോഡ് എന്നീ മഹാനഗരങ്ങരം, വിശ്രുതവിദ്യാലയങ്ങളുടെ ആസ്ഥാനങ്ങളായി. എല്ലാ വിജ്ഞാനശാഖകളുടേയും ഒരു വത്സലമാതാവായിത്തീൎന്നു തിരുസ്സഭ.

സഭയുടെ മാതൃനിർവ്വിശേഷമായ പരിലാളനയിൽ തത്വചിന്ത വളരെയേറെ പുരോഗമിച്ചു. മദ്ധ്യമശതകങ്ങളിലെ പ്രഖ്യാതവിജ്ഞാനികളുടെ സംഭാവനയാണു് ഇന്നത്തെ തത്വശാസ്ത്രത്തിൻെറ ആസ്പദം. വി. ആൻസ്ലം, വി. ബർണാർദ്ദ്, മഹാനായ വി. ആൽബർട്ടു്, വി. തോമസ് അകവിനാസ്, വി. ബൊനവെഞ്ചർ എന്നിവരുടെ പേരുകരം പ്രത്യേകം സ്മൎത്തവ്യമാണു്.

കത്തോലിക്കാതത്വശാസ്ത്രത്തിൻെറ അടിത്തറയിട്ടതു് വി. ആൻസ്ലം ആണു്. വി. ബർണാർദ്ദ് ഒരു മഹാനായ തത്വചിന്തകനും ദൈവശാസ്ത്രജ്ഞനുമായിരുന്നു. ജന്തുശാസ്ത്രം സസ്യശാസ്ത്രം ഭൂമിശാസ്ത്രം തുടങ്ങിയ ശാസ്ത്രശാഖകളിൽക്കൂടി നിഷ്ണാതനായ ഒരു തത്വചിന്തകനായിരുന്നു വി. ആൽബെർട്ടു് എന്ന ഡൊമിനിക്കൻ സന്യാസി. യുക്തിയേയും വിശ്വാസത്തേയും സമഞ്ജസമായി സംയോജിപ്പിച്ചുകൊണ്ടു് അനേകം തത്വശാസ്ത്രകൃതികരം വിരചിച്ച വി. തോമസ് അകവിനാസ്, അക്കാലത്തെ ഏററവും സമുന്നതനായ

വിജ്ഞാനിയായിരുന്നു. "സുമ്മാ തിയൊളോജിക്കാ" ആണ് അദ്ദേഹത്തിൻെറ മികച്ചകൃതി. പ്രോട്ടെസ്റ്റൻറ വിപ്ലവം മൂലം ആധുനിക ലോകത്തെ അഭിമുഖീകരിച്ച പ്രശ്നങ്ങൾക്കെല്ലാം സമാധാനം കണ്ടെത്തിയതു് അദ്ദേഹത്തിൻെറ തത്വശാസ്ത്രകൃതികളിൽക്കൂടിയാണ്.

'സെറാഫിക്ക ഡോക്ടർ' എന്നു വിഖ്യാതനായ ബൊനവെഞ്ചർ ഒരു ഫ്രാൻസീസ്കൻ സന്യാസിയായിരുന്നു.

മദ്ധ്യമശതകങ്ങളിലേ സാഹിത്യകൃതികളും കലകളും മിക്കവയും കത്തോലിക്കാമതത്തിൻെറ സംഭാവനകളാണ്. ഡാൻേറയുടെ ,ഡിവയിൻ കോമെഡി' എന്ന വിശ്വോത്തരകാവ്യം രചിക്കപ്പെട്ടതു ഈ കാലത്താണ്. കത്തോലിക്കാമതത്തിലേ നിഗൂഢതത്വങ്ങൾ (Mysteries) വിശദീകരിക്കുന്നതിനുവേണ്ടി തിരുസ്സഭയുടെ നോട്ടത്തിൽ നടത്തപ്പെട്ട കലാപരിപാടികളാണ് ആധുനിക നാടകസാഹിത്യത്തിനു മാതൃക നല്കിയതു്. പുതിയ സംഗീതകലയ്ക്കു ബീജാവാപംചെയ്തതു ഗൈ ഡി അറസ്സോ എന്ന സന്യാസി ആയിരുന്നു. ചിത്രകലയും കൊത്തുപണിയും പരിപുഷ്ടി പ്രാപിച്ചു. എല്ലാ കലകളും വിശ്വാസപ്രചരണത്തിനുള്ള ഉപാധിയായിത്തീൎന്നു. അഥവാ, മദ്ധ്യമശതകങ്ങളിലേ വിശ്വാസദാർഢ്യം കലാരൂപങ്ങളിലൂടെ ആവിഷ്കൃതങ്ങളായി എന്നും പറയാം.

ഇതിൻേറയെല്ലാം അടിയിൽ സഭാംഗങ്ങളുടെ ഉജ്ജ്വലമായ വിശ്വാസമാണു പ്രവൎത്തിച്ചിരുന്നതു്. വിശുദ്ധന്മാരുടെ തിരുശേഷിപ്പുകളുടെനേരേയുള്ള ഭക്ത്യാദരവുകൾകൊണ്ടും അവർ അവരുടെ വിശ്വാസതീക്ഷ്ണത പ്രകടമാക്കിയിരുന്നു. ഈ തീൎത്ഥാടനങ്ങൾ പലപ്പോഴും ജീവാപായകരങ്ങളായിരുന്നിട്ടുംകൂടി അവർ അതിൽനിന്നും പിന്തിരിഞ്ഞിരുന്നില്ല. 'നന്മനിറഞ്ഞവളേ, നിനക്കു സ്വസ്തി' 'പരലോകരാജസ്ത്രീയേ' തുടങ്ങിയ ജപങ്ങൾ 'ആകാശങ്ങളിലിരിക്കുന്ന' എന്നതു കഴിഞ്ഞാൽ ഏററവും പ്രധാനപ്പെട്ട പ്രാൎത്ഥനകളായി പ്രചരിച്ചുതുടങ്ങി. വി. സൈമൺസ്റ്റോക്കിൻെറ പ്രോത്സാഹനഫലമായി കർമ്മല മാതൃഭക്തിക്കു പ്രചുരപ്രചാരം സിദ്ധിക്കുകയും കർമ്മലോ

ത്തരീയം വിശ്വാസികഠം ഒരു ആത്മീയായുധമായി ധരിച്ചുതുടങ്ങുകയും ചെയ്തു. ആൽബിജെൻസ്യൻ പാഷണ്ഡതക്കെതിരായി വി. ഡോമിനിക്കു നടത്തിയ കുരിശുയുദ്ധത്തിലെ പ്രധാന ആയുധം കൊന്താനമസ്കാരമായിരുന്നു. അബദ്ധോപദേശങ്ങളെ ഉന്മൂലനം ചെയ്യുന്നതിനു് ഇൻക്വിസിഷൻ കോടതികഠം സ്ഥാപിക്കപ്പെട്ടതും ഇക്കാലത്താണു്. ഡൊമിനിക്കൻ സഭയിലെയും ഫ്രാൻസീസ്കൻ സഭയിലെയും സന്യാസികഠം ഉഠംപ്പെട്ട ഒരു "വിചാരണ സംഘം" ആയിരുന്നു ഇൻക്വിസിഷൻ. പാഷണ്ഡികളെ കണ്ടുപിടിച്ചു നിയമപരമായ വിചാരണക്കുശേഷം പശ്ചാത്താപം പ്രകടിപ്പിക്കാത്തവരെ നിയമാനുസൃത ശിക്ഷയ്ക്കായി രാഷ്ട്രത്തെ ഏല്പിക്കുകയായിരുന്നു ഇൻക്വിസിഷൻെറ കടമ. അക്കാലത്തു പാഷണ്ഡത, സഭയ്ക്കും രാഷ്ട്രത്തിനും ഒന്നുപോലെ ഹാനികരമായി പരിഗണിക്കപ്പെട്ടിരുന്നുവെന്നുള്ളതും ഓമ്മിക്കേണ്ടതാണു്.

സന്യാസസഭകളുടെ ആവിർഭാവമാണു് മദ്ധ്യമശതകങ്ങളുടെ മറെറാരു വിജയം. പരിശുദ്ധാത്മാവിയുടെ ദിവ്യപ്രേരണയനുസരിച്ചു് അനേകം സ്ത്രീപുരുഷന്മാർ ദൈവത്തേയും സമസൃഷ്ടികളെയും സേവിക്കുന്നതിനായി സന്യാസസഭകളിൽ ചേന്നു. ഈ പുതിയ സഭകഠം പ്രാത്ഥനാനിരതരായി കഴിഞ്ഞുകൂടുക മാത്രമല്ല, ലോകരംഗങ്ങളിലേക്കു് ഇറങ്ങിച്ചെന്നു മിശിഹായെപ്പോലെ ദരിദ്രജീവിതം നയിച്ചു മനുഷ്യരെ സ്വർഗ്ഗീയകാര്യങ്ങളിൽ ഉൽബുദ്ധരാക്കിയിരുന്നു. വി. ഫ്രാൻസീസ് അസ്സീസി സ്ഥാപിച്ച സന്യാസസഭ ഇവയിലൊന്നാണു്. പാഷണ്ഡതകഠംക്കെതിരായി പടപൊരുതുന്നതിനും, വിശ്വാസികഠംക്കു മതകാര്യങ്ങളിൽ ഉദ്ബോധനം നല്കുന്നതിനുമായി വി. ഡോമിനിക്കു്, ഡൊമിനിക്കൻസഭ സ്ഥാപിച്ചു. കൂടാതെ അഗസ്റ്റീനിയൻസഭ, കമ്മലീത്താസഭ എന്നു രണ്ടു സന്യാസസഭകഠംകൂടി രൂപമെടുത്തു. പരിശുദ്ധകന്യകയുടെ സേവകരെന്ന പേരിൽ 1283–ൽ ഫ്ളോറൻസിൽ സ്ഥാപിതമായ സന്യാസസഭയുഠംപ്പെടെ അഞ്ചു സഭകഠം വിശ്വാസികഠംക്കു ഉത്തേജനം നല്കിക്കൊണ്ടു് ഉയന്നുവരുകയും ലോകത്തിൻെറ നാനാഭാഗങ്ങളിലേക്കും അവ പ്രചരിക്കുകയും ചെയ്തു.

# കുരിശു യുദ്ധങ്ങൾ

ദിവ്യരക്ഷകന്റെ ജീവിതംകൊണ്ടും മരണംകൊണ്ടും പുനരുത്ഥാനംകൊണ്ടും പരിപാവനമായ വിശുദ്ധസ്ഥലങ്ങൾ പല നൂററാണ്ടുകളായി മഹമ്മദീയാധിപത്യത്താലായിരുന്നു. ക്രിസ്തീയതീർത്ഥകർക്കു തന്മൂലം പല ക്ലേശങ്ങളും നേരിട്ടു. പന്ത്രണ്ടും പതിമൂന്നും ശതകങ്ങളിലെ പരിശുദ്ധപിതാക്കന്മാർ, യൂറോപ്പിലെ മാടമ്പികളോടും രാജാക്കന്മാരോടും വിശുദ്ധസ്ഥലങ്ങൾ അവിശ്വാസികളുടെ കൈയിൽനിന്നും മോചിപ്പിക്കുന്നതിനായി അണിനിരക്കുവാൻ ആഹ്വാനം ചെയ്തു. മതപരമായ ഒരു നവോന്മേഷം യൂറോപ്പിലാകെ അലയടിച്ചു. രണ്ടുനൂററാണ്ടു കാലത്തേക്കു കിടമത്സരമെല്ലാം ഉപേക്ഷിച്ചു രാജാക്കന്മാരും പ്രഭുജനങ്ങളും അനേകസഹസ്രം ക്രിസ്തീയഭടന്മാരും പലസ്തീനായിലേക്കു പ്രവഹിച്ചുകൊണ്ടിരുന്നു.

ആകെ ഏഴു കുരിശുയുദ്ധങ്ങൾ നടത്തപ്പെട്ടു. ആദ്യത്തേതു 1095-ലും അവസാനത്തേതു 1270-ലുമാണു നടന്നതു്. അർബൻ ദ്വിതീയൻ, യൂജിൻ തൃതീയൻ, ഇന്നസെന്റ് തൃതീയൻ എന്നീ പാപ്പാമാരും പീററർ എന്ന സന്യാസി (Peter the Hermit) യും, വി. ബർണാർദ്ദമാണു കുരിശുയുദ്ധങ്ങൾക്കു പ്രചോദനം നല്കി അവയെ സംഘടിപ്പിക്കുവാൻ നേതൃത്വം വഹിച്ചതു്. സൈനിക നേതൃത്വം നല്കിയ പ്രമുഖ രാജാക്കന്മാർ, ഫ്രെഡറിക്കു ബാർബറോസാ, ഫിലിപ്പ് ദ്വിതീയൻ, സിംഹഹൃദയനായ റിച്ചാഡ്, ആൻഡ്രൂ ദ്വിതീയൻ, എഡ്വേർഡ് ഒന്നാമൻ, വി. ലൂയി നവമൻ എന്നിവരായിരുന്നു. ജറുസലേമും അതുപോലുള്ള മററു പല മർമ്മപ്രദേശങ്ങളും പിടിച്ചടക്കാനും അവിടെയൊരു ക്രിസ്തീയഭരണകൂടം സ്ഥാപിക്കുവാനും ക്രിസ്തീയയോദ്ധാക്കൾക്കു കഴിഞ്ഞെങ്കിലും യൂറോപ്പിൽനിന്നു തുടർച്ചയായ സഹായം ലഭിക്കാതെ പോയതുകൊണ്ടു് അവയെല്ലാം മഹമ്മദീയശക്തിക്കു കീഴടങ്ങേണ്ടതായിവന്നു.

# കുരിശുയുദ്ധങ്ങളുടെ പരിണതഫലങ്ങൾ

കുരിശുയുദ്ധങ്ങൾ പരിപൂർണ്ണമായ ഒരു സൈനിക വിജയം അല്ലായിരുന്നെങ്കിലും തിരുസ്സഭാചരിത്രത്തിൽ അവയ്ക്കു വളരെ പ്രാധാന്യമുണ്ട്. ടെംപ്ലാർ മാടമ്പികളുടെ (Knights Templar) സൈനിക സഭ, സെൻറ് ജോണിൻെറ ഹോസ്പിററലേഴ്സ് മാടമ്പികൾ (Knights Hospitallers of St John), ട്യൂട്ടോണിക്ക മാടമ്പികൾ (Teutonic Knights) തുടങ്ങിയ സഭകൾ ആവിർഭവിക്കുന്നതിനു കാരണം കുരിശുയുദ്ധങ്ങളാണ്.

ക്രിസ്തീയമാടമ്പിത്വത്തിൻെറ ധാർമ്മിക രണശൂരത. യൂറോപ്പിൽ പ്രചരിപ്പിച്ചതും കുരിശുയുദ്ധങ്ങളാണ്. കുറേക്കാലത്തേക്കെങ്കിലും, പൗരസ്ത്യസഭകളും പരിശുദ്ധസിംഹാസനവും തമ്മിലുള്ള പിളർപ്പു നികത്താനും ഇവ ഉപകരിച്ചു. ശാസ്ത്രം, കല, സാഹിത്യം എന്നീമണ്ഡലങ്ങളിൽ പുതിയ വെളിച്ചം തട്ടുന്നതിനു് ഈ പാശ്ചാത്യ പൗരസ്ത്യ ബന്ധം കാരണമായി. മഹമ്മദീയാക്രമണപ്രവാഹം യൂറോപ്പിലേക്ക് ഇരമ്പിക്കയറാതിരിക്കാനും ഈ യുദ്ധങ്ങൾ സഹായിക്കുകയുണ്ടായി. ധീരതയുടെ ഉരകല്ലിൽ തങ്ങളുടെ വിശ്വാസസ്ഥിരത പരീക്ഷിക്കുന്നതിനു് അനേകം വിശ്വാസികൾക്കു് ഒരു നല്ലസന്ദർഭവും ഇവമൂലം സിദ്ധിച്ചു.

# ഒരു സുവർണ്ണകാലഘട്ടം

ഇന്നസെൻറ് തൃതീയൻ മാർപ്പാപ്പായുടേയും, വി. ലൂയി നവമൻേറയും, വി. തോമസ് അക്വിനാസിൻേറയും വി. ഫ്രാൻസീസ് അസ്സീസിയുടേയും ആ കാലഘട്ടം മനുഷ്യചരിത്രത്തിലെ ഒരു സുവർണ്ണദശയായിരുന്നുവെന്നു് ഏതു ചരിത്രപഠിതാവിനും കാണുവാൻകഴിയും.

ജീവിതത്തിൻെറ എല്ലാ തുറകളിൽനിന്നു്, സ്ത്രീകളിലും പുരുഷന്മാരിലും നിന്നു്, ധനികരിലും ദരിദ്രരിലും നിന്നു്, മെത്രാന്മാരിലും പാപ്പാമാരിലും നിന്നു്, കന്യാസ്ത്രീകളിലും സന്യാസികളിലും നിന്നു് അസംഖ്യം വിശുദ്ധർ ഉയൎന്നതു് ഈ കാലത്താണു്. ദരിദ്രരുടേയും രോഗികളുടേയും, അനാഥരുടേയും പരിചരണത്തിനുവേണ്ടി, അടിമകളുടെ ഉദ്ധാരണത്തിനുവേണ്ടി, വിശുദ്ധസ്ഥലങ്ങളുടെ സ്വധീരവിമോചനത്തിനുവേണ്ടി അനേകം പ്രസ്ഥാനങ്ങൾ ആവിർഭവിച്ചതും ഈ ഘട്ടത്തിലാണു്. ക്രിസ്തീയ ധൎമ്മത്തിൻെറ വെളിച്ചത്തിൽ നിയമസംഹിതകൾ രൂപീകരിക്കപ്പെട്ടതും ഈ കാലത്തുതന്നെ. ലാളിത്യത്തിൻേറയും അതേസമയം പ്രൗഢിയുടേയും ഒരു കാലഘട്ടമായിരുന്നു അതു്. പ്രസ്തുതഘട്ടത്തിലേ സാഹിത്യവും കലകളും വിശ്വാസത്തിത്തിൻെറ അനവദ്യപരിമളം ചൊരിഞ്ഞിരുന്നു. കത്തോലിക്കാസഭയുടെ വിശ്വവ്യാപകത്തിലൂടെയും ഐക്യത്തിലൂടെയും ലോകത്തെങ്ങുമുള്ള വിശ്വാസികൾ വിശ്വസാഹോദര്യത്തിലിണങ്ങിച്ചേൎന്നു.

# വിശ്വാസക്ഷതിയുടെ കാലഘട്ടം

## (ഏ. ഡി. 1300–1648)

ദൈവം സഭയ്ക്കു നല്കിയിരിക്കുന്ന പ്രസാദവരം വിശ്രമത്തിൻേറതല്ല, സമരത്തിൻേറതാണു്. സമാധാനം നല്കുവാനല്ല, വാളുകൾ വിതറുവാനാണു താൻ വന്നിരിക്കുന്നതെന്നു ക്രിസ്തുനാഥൻ അരുളിച്ചെയ്തിട്ടുണ്ടല്ലോ. ദൈവദൂതന്മാരുടെയോ, വിശുദ്ധന്മാരുടെയോ മാത്രമായ ഒരു സംഘടനയായിരുന്നു സഭയെങ്കിൽ, മറിച്ചു സംഭവിക്കുമായിരുന്നു. അന്ധകാരശക്തികളുടെ നിരന്തരാക്രമണത്തിനും വഞ്ചനയ്ക്കും ശരവ്യമായ, (target) ആദിപാപത്തിൻെറ അവകാശികളായ, അധമങ്ങളായ വികാരങ്ങൾക്കും ദൗർബ്ബല്യങ്ങൾക്കും വിധേയരായ മനുഷ്യരുടെ മേലാണു ഭൂമുഖത്തു തിരുസ്സഭ കെട്ടിപ്പടുക്കപ്പെട്ടിരിക്കുന്നതു്. സ്വൎഗ്ഗീയ പിതൃരാജ്യത്തേക്കു ശത്രുരാജ്യത്തുകൂടി പ്രയാണംചെയ്യുന്ന ഒരു സൈന്യത്തെ പോലെ സഭയ്ക്കു് ഇടയ്ക്കിടയ്ക്കു ഭയങ്കരങ്ങ-

ളായ വിപത്തുകളെ അഭിമുഖീകരിക്കേിവരും. മുറിവേററും ക്ഷീണി ച്ചും പലരും വീണുപോയേക്കും. പലരും തൽസ്ഥാനത്തു അണി നിരക്കാൻ പുതിയതായി വന്നുചേരും. ഒടുവിൽ അന്തിമനിർണ്ണായക സമരവും കഴിഞ്ഞു വിജയലാളിതമായി സൈന്യം പിതൃരാജ്യത്തിൽ കാൽകുത്തുകയും ചെയ്യും.

മദ്ധ്യമശതകങ്ങളിൽ തിരുസ്സഭയ്ക്കു അനുഭവിക്കാനിടയായ സമാധാനസുഖം നീണ്ടുനില്ക്കാതിരുന്നെങ്കിൽ, അപ്പോഠം അത്ഭുതപ്പെടു വാനില്ലല്ലോ. കാവൽഭടന്മാരുടെ കണ്ണുകഠം ഉദാസീനങ്ങളായി, വിശ്വാസം ക്ഷയിക്കാനും തുടങ്ങി. സഭയുടെ ദീർഘകാലത്തെ നിർവ്വിഘ്നസ്വാതന്ത്ര്യം കണ്ടു കോപാവിഷ്ടനായ തിന്മയുടെ സമ്രാട്ട്, (prince of evil) ലോകഗതിക്കു ഇടയ്ക്കിടയ്ക്കു ഉണ്ടായിക്കൊണ്ടിരു ന്ന പരിവത്തനങ്ങളുടെ കൂട്ടുപിടിച്ചു വെളിയിൽനിന്നും ആക്രമണം തുടങ്ങി.

## 1. അവിഞ്ഞോണിലേ പാപ്പാമാർ (1305–1377)

ആസന്നമായ കൊടുങ്കാററിന്റെ സൂചിപ്പിച്ച ആദ്യത്തെ കാർ മേഘം, ക്ലെമെൻറ പഞ്ചമൻ പാപ്പായുടെ ആസ്ഥാനം റോമിൽനിന്നു ഫ്രാൻസിൽ അവിഞ്ഞോണിലേക്കു മാററപ്പെട്ടതോടുകൂടി ദൃശ്യമായി. സഭയുടെ ബാബിലോണിയൻ അടിമത്വത്തിൻെറ ആരംഭമായിരുന്നു ഇതു്. ഈ ആസ്ഥാനമാററത്തിനു പല കാരണങ്ങളുമുണ്ടായി. പരി ശുദ്ധപിതാക്കന്മാരോടു റോമൻജനത അവലംബിച്ച പരുഷമായ നിലപാടും റോമിൻെറ അനാരോഗ്യകരമായ ശീതോഷ്ണസ്ഥിതിയും ഈ മാററത്തിനു കാരണങ്ങളായിരുന്നുവെന്നു പറയപ്പെടുന്നു. ഏതാ യാലും ഒരു ഫ്രഞ്ചുനഗരത്തിൽനിന്നു സഭയുടെ ഭാഗധേയങ്ങഠം നിർണ്ണ യിക്കപ്പെടാൻ തുടങ്ങിയതോടുകൂടി, മററു രാജ്യങ്ങളിൽ തിരുസിംഹാ സനത്തിൻെറ സ്വാധീനബലം കുറയാൻതുടങ്ങി. ഒടുവിൽ, സ്വീ ഡനിലേ വി. ബ്രിജീത്തായുടേയും, സീയന്നായിലേ വി. കത്രീനായു ടേയും തീക്ഷ്ണമായ പ്രാർത്ഥനയുടെ ഫലമായി ഗ്രിഗരി നവമൻ മാർപ്പാപ്പാ 1377-ൽ നിത്യനഗരത്തിലേക്കു പ്രത്യാഗമിച്ചതോടെ, റോമാ വീണ്ടും തിരുസ്സഭയുടെ ആസ്ഥാനകേന്ദ്രമായിത്തീർന്നു.

## 2. പാശ്ചാത്യഛരിദ്ംമം (1378-1417)

ബാബിലോണിയൻ അടിമത്വത്തിൻെറ പര്യവസാനം മറെറാരു ദുർഘടഘട്ടത്തിൻെറ പ്രാരംഭമായിരുന്നു. റോമിലേക്കു തിരിച്ചുപോകുവാൻ വൈമുഖ്യം കാണിച്ച ഫ്രഞ്ചു് കർദ്ദിനാളന്മാർ ഊർബൻ പാപ്പായ്ക്കെതിരായി ക്ലെമെൻറു ഏഴാമനെ എതിർപാപ്പായായി വാഴിക്കുകയും അദ്ദേഹത്തോടുകൂടി അവിഞ്ഞോണിലേക്കു തിരിച്ചുപോവുകയും ചെയ്തു. ഇങ്ങനെ അതിഭയങ്കരമായ പാശ്ചാത്യ ഛരിദ്ംമം ഉടലെടുത്തു. രണ്ടു വിരുദ്ധപാളയങ്ങളായി സഭ വിഭജിക്കപ്പെട്ടു. രാഷ്ട്രാധിപന്മാരും തുടർന്നു ജനങ്ങളും തരംപോലെ രണ്ടു കക്ഷികളിലുംചേർന്നു. മെത്രാന്മാരുടേയും വൈദികരുടേയും ഇടയിലും ഈ ഭിന്നിപ്പു് ഉണ്ടായി. ഇതിനെല്ലാംപുറമെ, പീസായിൽ കൂടിയ തിരുസംഘം മൂന്നാമതൊരു പാപ്പായെ വാഴിക്കുവാനും തീരുമാനിച്ചു. 30 വർഷത്തോളം ഈ അസ്വാസ്ഥ്യാവസ്ഥ നീണ്ടുനിന്നു. 1414-ൽ സിജിസ്മണ്ടു് ചക്രവർത്തിയുടെ നിർദ്ദേശപ്രകാരം കൂടിയ കോൺസ്റ്റൻസിലേ സൂനഹദോസു് മാർട്ടിൻ പഞ്ചമനെ നിയമാനുസൃതം മാർപ്പാപ്പായായി തെരഞ്ഞെടുത്തു. ഇങ്ങനെ പ്രസ്തുത ഭയങ്കര ഛരിദ്ംമം നാമാവശേഷമായി. ദൈവപരിപാലനകൊണ്ടു മാത്രമാണു സഭയ്ക്കു ഈ ഭീകര പരീക്ഷണഘട്ടം തരണം ചെയ്യുവാൻ കഴിഞ്ഞതെന്നു സ്പഷ്ടമാണു്.

## 3. പ്ലേഗുബാധ (The Black Death)

ഈ കാലത്തുതന്നെ യൂറോപ്പിൽ ഒരു പ്ലേഗുബാധ ഉണ്ടായി. The Black Death എന്നു് അറിയപ്പെടുന്ന ഈ മഹാമാരിമൂലം നാല്പതു ലക്ഷത്തോളം ആളുകൾ മരണമടഞ്ഞു. ആതുര സംരക്ഷണത്തിനിറങ്ങിയ അനേകം വൈദികരും സന്യാസികളും ഈ ഭയങ്കര വ്യാധിക്കിരയായി. തൽഫലമായി വേണ്ടിടത്തോളം പരിശീലനവും ശിക്ഷണവും ലഭിക്കാത്ത ചെറുപ്പക്കാർ വൈദികപദവിയിലേക്കു് ഉയർത്തപ്പെട്ടു. സഭാശത്രുക്കൾക്കുപോലും ഉത്തരവാദപ്പെട്ട സ്ഥാനങ്ങളിൽ കയറിപ്പററുവാൻ സാധിച്ചു. പിന്നീടുണ്ടായ പാഷണ്ഡതകൾക്കു വഴിതെളിച്ചതു ഈ ദുസ്ഥിതിയായിരുന്നു.

## 4. പാഷണ്ഡതകൾ

### വൈക്ലിഫും ഹസ്സും

വിശ്വാസതീക്ഷ്ണതയുടെ മറപിടിച്ചുകൊണ്ടു വൈക്ലിഫും ഹസ്സും പാപ്പായുടേയും മെത്രാന്മാരുടേയും ദൈവദത്തമായ അധികാരത്തെ ചോദ്യം ചെയ്യാൻ തുടങ്ങി. മാർട്ടിൻ ലൂതറിൻെറ പ്രോട്ടെസ്റ്റൻറ് വിപ്ലവത്തിനു മാർഗ്ഗദർശനം നല്കിയതു വൈക്ലിഫായിരുന്നു. ലൊല്ലാർഡുകൾ എന്നാണ് വൈക്ലിഫിൻെറ അനുയായികൾ ഇംഗ്ലണ്ടിൽ അറിയപ്പെട്ടിരുന്നതു്. ബൊഹീമിയായിൽ പ്രേഗിലെ ജറോമും ജോൺഹസ്സും ഈ സിദ്ധാന്തത്തിൻെറ പ്രവാചകന്മാരായി മുമ്പോട്ടുവന്നു. അവർ രണ്ടുപേരും മരണശിക്ഷ അനുഭവിച്ചെങ്കിലും അവരുടെ ദുർബ്ബോധനങ്ങൾ ബൊഹീമിയൻ ജനതയെ പ്രോട്ടെസ്റ്റൻറ മതസ്വീകരണത്തിൻെറ നാശഗർത്തത്തിൽ പതിപ്പിച്ചു.

## 5. പൗരസ്ത്യസഭ

ബാബിലോണിയൻ അടിമത്വത്തെത്തുടർന്നുണ്ടായ ആപത്തുകൾമൂലം യൂറോപ്പിലെ കത്തോലിക്കാ വിശ്വാസചൈതന്യത്തിനു ഗണ്യമായ ഹാനി തട്ടിയിരുന്നു. പതിനഞ്ചാം ശതകത്തിൻെറ ആരംഭത്തോടുകൂടി പൗരസ്ത്യദേശത്തും വിശ്വാസക്ഷയത്തിനുള്ള പ്രത്യേക സാഹചര്യങ്ങൾ ആവിർഭവിച്ചു. മഹമ്മദീയർ കോൺസ്റ്റാൻറിനോപ്പിൾ പിടിച്ചടക്കുന്നതിനുള്ള ശ്രമങ്ങൾ വീണ്ടും തുടങ്ങി. അപകടത്തിലായ യൂറോപ്യൻ ക്രിസ്തീയ നാഗരികത്വം സംരക്ഷിക്കുന്നതിനുവേണ്ടി ഒരു വിശുദ്ധ സമരത്തിനിറങ്ങാൻ മാർപ്പാപ്പാമാർ ആഹ്വാനമുയർത്തി. പക്ഷേ, കുരിശുയുദ്ധകാലത്തുണ്ടായിരുന്ന തീക്ഷ്ണത എങ്ങും ദൃശ്യമായില്ല. ഹംഗറിയും അൽബേനിയായുംകൂടി തൽക്കാലത്തേക്കെങ്കിലും തുർക്കികളെ പിന്നോക്കം പായിച്ചു. എന്നാൽ അധികം കഴിയേണ്ടിവന്നില്ല, കോൺസ്റ്റാൻറിനോപ്പിളിനു് അതിൻെറ അഹന്തയുടെ ദുരന്തഫലം അനുഭവിക്കുവാൻ. റോമിൻെറ പരമാധികാരം സമ്മതിച്ചുകൊണ്ടു ഗ്രീക്കു ചക്രവർത്തി, മാർപ്പാപ്പായോടു് സഹായ

മഭുത്ഥിച്ചു. 1438-ൽ ഫ്ളോറൻസിൽ കൂടിയ സൂനഹദോസിൽ വച്ച് പൗരസ്ത്യഛരിദ്മത്തിൽപ്പെട്ട യവുനായസഭയെ തിരുസ്സഭയിൽ ലയിപ്പിക്കുവാൻ അനുവദിച്ചു. പക്ഷേ, ഈ ഐക്യം നിലനിന്നില്ല. തുർക്കികളുടെ അടിമകളായാലും, റോമൻസഭയുടെ ആധിപത്യം അനുവദിച്ചുകൊടുക്കുകയില്ലെന്നു പൗരസ്ത്യർ ശാഠ്യംതുടങ്ങി. 1453-ൽ തുർക്കികൾ കോൺസ്റ്റാൻറിനോപ്പിൾ ആക്രമിച്ചു കീഴ്പ്പെടുത്തി, പൗരസ്ത്യദേശങ്ങളെ അധീനതയിലാക്കി.

# നവോത്ഥാനം

ഈ ഘട്ടത്തിൽ യൂറോപ്പിലെങ്ങും ഒരു മാനസികപരിവർത്തനത്തിൻെറ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിരുന്നു. ജീവിതത്തെ ഒരു പുതിയ നിലപാടിൽ മനുഷ്യൻ വീക്ഷിക്കുവാൻ തുടങ്ങി. ഈ പുതിയ വീക്ഷണം ഒട്ടുംതന്നെ ഉല്ക്കൃഷ്ടോന്മുഖമായിരുന്നില്ല. മധ്യമശതകങ്ങളിൽ, പ്രത്യേകിച്ചും പതിമ്മൂന്നാം ശതകത്തിൽ സുഖതൃഷ്ണകൾക്ക് പ്രാബല്യം സിദ്ധിച്ചിരുന്നെങ്കിലും, അതിനു രണ്ടാംസ്ഥാനമേ നല്കപ്പെട്ടിരുന്നുള്ളു. നിത്യജീവിതത്തിനായിരുന്നു, ജനങ്ങൾ പ്രാധാന്യം കൊടുത്തിരുന്നതു്. ഇപ്പോൾ നേരേമറിച്ചായി കഥ. മനുഷ്യൻെറ യഥാർത്ഥ ലക്ഷ്യമായ നിത്യസൗഭാഗ്യം വിസ്മരിക്കപ്പെടുകയോ അവഗണിക്കപ്പെടുകയോ ചെയ്തു.

ഈ വ്യതിയാനത്തിനു പല കാരണങ്ങളുമുണ്ടായി. വിജ്ഞാനമണ്ഡലത്തിൽ വമ്പിച്ച പുരോഗതിയുണ്ടായി. മുദ്രണയന്ത്രം കണ്ടുപിടിക്കപ്പെട്ടു. വാസ്കോഡിഗാമായും ക്രിസ്റ്റഫർ കൊളംബസും പുതിയ ജലമാർഗ്ഗങ്ങളും ഭൂഖണ്ഡങ്ങളും കണ്ടുപിടിച്ചു. ഗ്രീസിലേയും റോമിലേയും പുരാതന സാഹിത്യശില്പകലകളിലേക്കു നൂതനസാഹിത്യകാരന്മാരുടെ ശ്രദ്ധ തിരിഞ്ഞു. കോൺസ്റ്റാൻറിനോപ്പിളിൻെറ അധഃപതനത്തോടുകൂടി ആ സംസ്കാരകേന്ദ്രത്തിൽ വസിച്ചിരുന്ന യവനപണ്ഡിതന്മാർ യൂറോപ്പിലെ വിവിധ രാജ്യങ്ങളിലേക്കു കടന്നു. അതോടുകൂടി പ്രാചീനവിജ്ഞാനത്തോടുള്ള പ്രതിപത്തി വർദ്ധിക്കാൻ

തുടങ്ങി. ഈ പേഗൻ വിജ്ഞാനത്തിൽനിന്നു പ്രചോദനം ലഭിച്ച പണ്ഡിതന്മാരിൽ ഒരു വിഭാഗം ക്രിസ്തുമതത്തിൻെറ നിയന്ത്രണത്തിൽ നിന്നു് വെട്ടിമാറി, കേവലം പേഗൻ വിശ്വാസങ്ങളെ ആശ്ലേഷിച്ചു തുടങ്ങി.

സാഹിത്യത്തിലും കലയിലുമുണ്ടായ ഈ പുതിയ പ്രസ്ഥാനത്തെ ശരിയായ മാൎഗ്ഗത്തിലേക്കു തിരിച്ചുവിടുവാൻ ക്രിസ്തീയ ചിന്തകന്മാർ ശ്രമിക്കാതിരുന്നില്ല. വി. തോമസ്മൂർ, വി. ജോൺഫിഷർ, നിക്കോളാസ് പഞ്ചമൻ മാർപ്പാപ്പാ, (ഇദ്ദേഹമാണു് വത്തിക്കാൻ ഗ്രന്ഥാലയത്തിൻെറ സ്ഥാപകൻ) ജൂലിയസ് ദ്വിതീയൻ പാപ്പാ, ചിത്രകാരന്മാരായ മൈക്കേൾ ആഞ്ജലോ, റഫേൽ എന്നിവരെല്ലാം ഇക്കാൎയ്യത്തിൽ അമൂല്യസേവനം അനുഷ്ഠിച്ചിട്ടുള്ളവരാണു്.

അച്ചടിയന്ത്രം കണ്ടുപിടിച്ചതോടുകൂടി ഗ്രന്ഥനിർമ്മാണം ക്ഷിപ്രസാദ്ധ്യമായിത്തീരുകയും, തൽഫലമായി ബഹുജനങ്ങളിൽ വായനാഭിരുചിയും ജ്ഞാനതൃഷ്ണയും വൎദ്ധമാനമാകുകയും ചെയ്തു.

പുതിയ ഭൂഖണ്ഡങ്ങളുടെ കണ്ടുപിടിത്തത്തോടെ മതപ്രചരണസംരംഭങ്ങൾക്കു ശക്തികൂടി. ഇങ്ങനെയൊക്കെയാണെങ്കിലും നവോത്ഥാനം പൊതുവിൽ മനുഷ്യരെ ദൈവത്തോടു് അടുപ്പിക്കുകയല്ല, അകററുകയാണു് ചെയ്തതു്. പുതിയ നേട്ടങ്ങളിൽ വിസ്മയഭരിതനായ മനുഷ്യൻഅവൻെറ കഴിവുകളിൽ അനൎഹമായ വിശ്വാസം സമർപ്പിച്ചു. സൎവ്വകാൎയ്യങ്ങളിലും ദൈവതിരുമനസ്സിനു വിധേയമാകേണ്ട മനുഷ്യമനസ്സിനെ ഇങ്ങനെ സൎവ്വസ്വതന്ത്രമാക്കിയതോടുകൂടി, കത്തോലിക്കാ സഭയ്ക്കെതിരായി ജനങ്ങളെ അണിനിരത്തുവാൻ ഒരു നേതാവിനു് അത്രവളരെ പണിപ്പെടേണ്ടിയിരുന്നില്ല.

## പ്രോട്ടെസ്റ്റൻറ മതവിപ്ലവം

പ്രോട്ടെസ്റ്റൻറ മതവിപ്ലവത്തിൻെറ കൊടി ആദ്യമായി ഉയൎത്തിയതു്, മാൎട്ടിൻലൂതർ എന്നൊരു തലതിരിഞ്ഞ ജൎമ്മൻ സന്യാസി

യായിരുന്നു. സ്വിററ്സർലണ്ടിൽ സ്വിങ്ഗ്ളും ഫ്രാൻസിൽ കാൽവിനും ലൂതറെ അനുഗമിച്ചു. നവീകരണത്തിൻെറ പേരിലാണ് ഇവർ മുമ്പോട്ടുവന്നതു്. സഭയ്ക്കുള്ളിൽ പല ന്യൂനതകളും അന്നുണ്ടായിരുന്നുവെന്നുള്ളതു് വാസ്തവമാണ്. ഉന്നതമണ്ഡലങ്ങളിലുള്ള വൈദികർ പലരും ആദർശമനുസരിച്ച ജീവിതം നയിച്ചിരുന്നില്ല. താഴെയുള്ളവർക്ക ശരിയായ വിദ്യാഭ്യാസം സിദ്ധിച്ചിരുന്നുമില്ല. അതുകൊണ്ടു് തിരുസ്സഭയെ ഒന്നു ശുദ്ധീകരിക്കുന്നതിന്നുതന്നെ ദിവ്യനാഥൻ തിരുമനസ്സായി. കൂദാശകളും പ്രാത്ഥനകളും വഴിയുള്ള ശുദ്ധീകരണപ്രവത്തനങ്ങരം അനുസ്യൂതമായി നടന്നുകൊണ്ടിരുന്നു. എന്നാൽ തലതിരിഞ്ഞ നവീകരണപ്രസ്ഥാനക്കാർ സഭയുടെ ശുദ്ധീകരണംകൊണ്ടു മാത്രം തൃപ്തിപ്പെട്ടില്ല. ലൂസിഫറിൻെറ ആഹ്വാനമാണവർ പ്രതിദ്ധ്വനിപ്പിച്ചതു് 'ഞാൻ ആരെയും സേവിക്കുകയില്ലെന്നു'ള്ള ആഹ്വാനം! സഭയുടെ ദൈവദത്തമായ പരമാധികാരത്തെ അവർ എതിൎത്തു. സഭയേയും സഭാതത്വങ്ങളേയും സ്വമേധയാ രൂപാന്തരപ്പെടുത്തുന്നതിന്നുകൂടി അവർ ഒരുമ്പെട്ടു. വിശ്വാസത്തിൻെറ ഏക ആധാരം വി. ലിഖിതങ്ങരം മാത്രമാണെന്നും അവ ഓരോരുത്തക്കും ഇഷ്ടം പോലെ വ്യാഖ്യാനിക്കാമെന്നുംവരെ അവർ വാദിച്ചു. നന്മപ്രവൃത്തികരം കൂടാതെതന്നെ മിശിഹായിലുള്ള വിശ്വാസംകൊണ്ടുമാത്രം രക്ഷപ്രാപിക്കാമെന്നായിരുന്നു അവരുടെ സിദ്ധാന്തം. ദിവ്യബലിയേയും, പരിശുദ്ധ കുർബാനായിലേ ദിവ്യരക്ഷകൻെറ സാന്നിദ്ധ്യത്തേയും അവർ നിഷേധിച്ചു. വൈദികന്മാർ ക്രിസ്തുവിൻെറ പ്രതിപുരുഷന്മാരാണെന്നും, ശുദ്ധീകരണസ്ഥലം ഉണ്ടെന്നുമുള്ള ശാസ്ത്രോക്തമായ ഉപദേശങ്ങളെ അവർ നിരസിച്ചു. ക്രൂശിതരൂപത്തേയും പരിശുദ്ധജനനിയുടേയും മററു വിശുദ്ധന്മാരുടേയും പ്രതിമകളേയും വണങ്ങുന്നതിന്നു് അവർ എതിരായിരുന്നു. ഇതും പാപമോചനവും വിശുദ്ധഗ്രന്ഥത്തിന്നും പാരമ്പര്യവിശ്വാസത്തിന്നും വിരുദ്ധമാണെന്നു് അവർ പ്രഖ്യാപിച്ചു.

പ്രോട്ടെസ്റ്റൻറ വിപ്ലവത്തിലേ അബദ്ധങ്ങളും അതിൻെറ നിരത്ഥകതയും മനസ്സിലാക്കുന്നതിന്നു്, അതു വരുത്തിക്കൂട്ടിയ അനു-

ത്ഥങ്ങൾ നോക്കിയാൽ മതി. ഒന്നാമതായി ഈ മതപരിഷ്കർത്താക്കളാണെന്നു് അറിയപ്പെട്ടവർതന്നെ സാന്മാർഗ്ഗികജീവിതം നയിച്ചിരുന്നവരല്ല. രണ്ടാമതു് പ്രോട്ടസ്റ്റൻറിസത്തിൻെറ പ്രചാരത്തോടുകൂടി, മനുഷ്യജീവിതത്തിൽ വിഷാദാത്മകമായ ഒരു കരിനിഴൽ വീശുവാൻ തുടങ്ങി. മൂന്നാമതായി, ഈ നവീകരണ പ്രസ്ഥാനംതന്നെ, പരസ്പര വിരുദ്ധങ്ങളായ അസംഖ്യം സഭാവിഭാഗങ്ങളുടെ ഉൽപത്തിക്കു് കാരണമാവുകയാണു് ചെയ്തതു്. ഇതിനെല്ലാം പുറമേ, യൂറോപ്പുഖണ്ഡം, ഇതോടുകൂടി നിരന്തരയുദ്ധങ്ങൾ മൂലം ഒരു രക്തക്കളമായി രൂപാന്തരപ്പെട്ടു. മാത്സര്യത്തിൻേറയും വിദ്വേഷത്തിൻേറയും വിഷബീജങ്ങൾ സർവ്വത്ര വിതയ്ക്കപ്പെടുകയുംചെയ്തു.

1524-ൽ ജർമ്മനിയിലുണ്ടായ കർഷകവിപ്ലവംതന്നെ നോക്കുക. ഇതിൻെറ ഫലമായി രാജ്യത്തിൻെറ അഞ്ചിലൊന്നുഭാഗം ജനശൂന്യമായിപ്പോയി. 1618- മുതൽ 1648 വരെ ഫെർഡിനാൻഡ് ചക്രവർത്തിയും പ്രോട്ടെസ്റ്റൻറ് ശക്തികളും തമ്മിൽ ഒരു സുദീർഘ സമരംതന്നെ നടന്നു.

ഇതേസമയത്തു കാൽവിൻെറ അനുയായികളുടെ ശ്രമഫലമായി ഫ്രാൻസിൽ എട്ടു് ആഭ്യന്തരസമരങ്ങൾ നടക്കുകയുണ്ടായി. ഒടുവിൽ കത്തോലിക്കർക്കു് തന്നെ വിജയം സിദ്ധിച്ചു. ഫ്രാൻസിൽ ഇങ്ങനെ കത്തോലിക്കർക്കു് പ്രാബല്യം ലഭിച്ചെങ്കിലും, ഫെർഡിനാൻഡു് ചക്രവർത്തിയെ ഭയന്നു് അവർ ഉടൻതന്നെ പ്രോട്ടെസ്റ്റൻറ് ശക്തികളുമായി സഖ്യംചെയ്തു. ഇതിൻെറ ഫലമായി, പ്രോട്ടെസ്റ്റൻറ് രാഷ്ട്രങ്ങൾ വിജയിക്കുകയും അവർക്കു് സാമാന്യം സ്ഥിരപ്രതിഷ്ഠ ലഭിക്കുകയുംചെയ്തു.

## ഇംഗ്ലണ്ടും അയർലണ്ടും

അയർലണ്ടിലും ഇംഗ്ലണ്ടിലുമാണു് പ്രോട്ടെസ്റ്റൻറ് വിപ്ലവം മൂലം ഏററവും ദയനീയമായ മാററമുണ്ടായതു്. ലൂതർ ജർമ്മനിയിൽ മതവിപ്ലവം തുടങ്ങിയപ്പോൾ ഇംഗ്ലണ്ടു് കത്തോലിക്കാ വിശ്വാസ

ത്തിൽ അടിയുറച്ചുനിന്നിരുന്നു. എന്നാൽ ഹെൻട്രി എട്ടാമൻ തന്റെ പട്ടമഹഷിയായ കാതറൈൻ രാജ്ഞിയെ പരിത്യജിച്ച്, നിയമവിരുദ്ധമായി ആനിബോളിൻ എന്ന കൊട്ടാരനത്തകിയെ പരിണയിക്കുവാൻ മുതിന്നപ്പോഠം, പരിശുദ്ധസിംഹാസനവുമായി അവിടേയ്യം മത്സരം ആരംഭിച്ചു. റോമ്മായുമായുള്ള എല്ലാ ബന്ധങ്ങളും വിച്ഛേദിച്ചുകൊണ്ടു് 1534 – ൽ ഹെൻട്രി ഒരു രാജകീയ പരമാധികാര നിയമം പാസ്സാക്കി. ഇതോടുകൂടി ഇംഗ്ലണ്ടിലെ സഭയുടെ പരമാധികാരം ഹെൻട്രി സ്വയം ഏറെറടുത്തു. കൂദാശകളുടെ അനുഷ്ഠാനത്തിലോ, സഭയുടെ പ്രബോധനങ്ങളിലോ ഹെൻട്രി വ്യതിയാനങ്ങഠം വരുത്തിയില്ലെങ്കിലും, ഇംഗ്ലണ്ടിലെ കത്തോലിക്കർ അദ്ദേഹത്തിന്റെ വിക്രിയകഠം അംഗീകരിച്ചില്ല. തുടന്നു അതിരൂക്ഷമായ ഒരു പീഡനം ആരംഭിച്ചു. സന്യാസാശ്രമങ്ങളുടെ വക സ്വത്തുക്കളെല്ലാം കണ്ടുകെട്ടി. വി. ജോൺഫിഷർ, വി. തോമസ്മൂർ എന്നിവർ രക്തസാക്ഷികളായി.

ഹെൻട്രിയുടെ പിൻഗാമി എഡ്വേർഡ് ആറാമനാണ ബലം പ്രയോഗിച്ച് ലൂതറുടെ സിദ്ധാന്തങ്ങഠംക്കു് ഇംഗ്ലണ്ടിൽ പ്രചാരം നല്കിയതു്. കാതറൈൻരാജ്ഞിയുടെ മകളായിരുന്ന മേരി ട്യൂഡറിന്റെ ഭരണകാലത്തു് കത്തോലിക്കാ വിശ്വാസം പുനഃസ്ഥാപിതമായി. പ്രൊട്ടെസ്റ്റൻറുകാക്കെതിരായി കശനമായ നിയമങ്ങഠം തന്നെ പ്രാബല്യത്തിൽവന്നു. എന്നാൽ അനന്തരഗാമിയായ ഒന്നാം എലിസബത്തു രാജ്ഞി, കത്തോലിക്കരെ പിഢിപ്പിച്ചൊതുക്കുവാൻ സന്നദ്ധയായി. മെത്രാന്മാരും വൈദികരും മൃഗീയമായി വേട്ടയാടപ്പെട്ടു. മരണശിക്ഷയിൽനിന്നും രക്ഷപ്പെട്ട കത്തോലിക്കക്കു് ഭീമമായ നികുതികഠം കൊടുക്കേണ്ടിവന്നു.

എലിസബത്തു് രാജ്ഞിയുടെ പീഡനംകൊണ്ടു് പൊറുതിമുട്ടി ഐറിഷ്ജനങ്ങഠം, ടൈറൻ പ്രഭുവിന്റെയും ടർകോനൽ പ്രഭുവിന്റെയും നേതൃത്വത്തിൽ വിപ്ലവമുണ്ടാക്കി. ഈ ശ്രമം പരാജയപ്പെടുകയാണുണ്ടായതു്. സ്റ്റുവാർട്ടു് രാജാക്കന്മാരായ ജയിംസ്

പ്രഥമനും ചാറംസ് പ്രഥമനും ഈ പീഡനമുറകറംക്ക് അല്പം അയവു വരുത്തി. 1641-ൽ അയർലണ്ടിലേ ധീരസേനാനികറം ഒരു വിപ്ലവസമരത്തിനു രംഗത്തിറങ്ങി. നേതാക്കന്മാരുടെ അനൈക്യം മൂലം ഈ സംരംഭവും പരാജയപ്പെട്ടു. ചാറംസ് പ്രഥമൻെറ ശിരച്ഛേദനത്തിനു ശേഷം, ഇംഗ്ലണ്ടിലേ ഭരണകത്താവായി അവരോധിക്കപ്പെട്ട ക്രോംവെല്ലിൻെറ ഭരണകാലത്തു കത്തോലിക്കാമതപീഡനങ്ങറം പൂവ്വാധികം ശക്തിപ്പെട്ടു. എങ്കിലും ഐറിഷ് വിശ്വാസികറം ഈ അഗ്നിപ്പരീക്ഷയിൽ മനംപതറാതെതന്നെ നിലകൊണ്ടു. പ്രാത്ഥനയായിരുന്നു അവരുടെ ഏററവും ശക്തിയേറിയ ആയുധം.

# സഭയും പ്രോട്ടെസ്റ്റൻറ വിപ്ലവവും

## (ഏ. ഡി. 1517 — 1700.)

പ്രോട്ടെസ്റ്റൻറ വിപ്ലവത്തിൻെറ കോളിളക്കത്തിലും തിരുസഭാവഞ്ചിയെ ദിവ്യരക്ഷകൻ ഭദ്രമായി കാത്തുസൂക്ഷിച്ചു. പ്രോട്ടെസ്റ്റൻറ വിപ്ലവത്തിനു മുമ്പുതന്നെ, തിരുസഭയിൽ യഥാത്ഥമായ ഒരു ശുദ്ധീകരണപ്രസ്ഥാനം സമാരംഭിച്ചു കഴിഞ്ഞിരുന്നു. ലൂതറിൻേറയും അനുയായികളുടേയും ആക്രമണം തുടങ്ങിയപ്പോറം വിശ്വാസികറം ഒന്നുകൂടെ ജാകരൂകരാവുകയും തിരുസഭാസംരക്ഷണത്തിനു ബദ്ധകങ്കണരാവുകയും ചെയ്തു.

### 1. കത്തോലിക്കാമതനവീകരണം.

പ്രൊട്ടെസ്റ്റൻറ വിപ്ലവത്തിൽനിന്നും വേർതിരിച്ചു മനസ്സിലാകുന്നതിനുവേണ്ടി ഈ ശുദ്ധീകരണപ്രസ്ഥാനത്തെ കത്തോലിക്കാമതനവീകരണമെന്നു വ്യവഹരിച്ചു വരുന്നു. ഇതിൻെറ ഫലമായി രണ്ടുകാര്യങ്ങറം സംഭവിച്ചു. പ്രധാനമായി, യൂറോപ്പിൽ കത്തോലിക്കാമതചൈതന്യത്തിന് ഒരു പുനരുജ്ജീവനം ലഭിച്ചു. കൂടാതെ ഏഷ്യാ, ആഫ്രിക്കാ, അമേരിക്കാ എന്നീ രാജ്യങ്ങളിൽ നടന്ന മിഷനറി പ്രവത്തനങ്ങറംമൂലം വിദേശരാജ്യങ്ങളിൽ അനേകം അവിശ്വാ

സികരം സത്യസഭയിലേക്ക് ആനീതരായി. ഇങ്ങനെ, തിരുസ്സഭയിൽ നിന്നു തെററിമാറിയവരേക്കാരം അനേകമടങ്ങു മനുഷ്യർ തിരുസ്സഭാതരുവിന്റെ തണലിൽ ആശ്രയം തേടിയണഞ്ഞു.

## 2. ട്രെൻറിലേ സൂനഹദോസ് (1545—1565).

യൂറോപ്പിൽ കത്തോലിക്കാചൈതന്യം പുനരുദ്ധരിക്കുന്നതിന് ഏററവും സഹായിച്ചതു് ട്രെൻറിലേ സൂനഹദോസും (Council of Trent) അതിന്റെ പ്രവൎത്തനങ്ങരം നിയന്ത്രിച്ച പാപ്പാമാരുമാണ്. മതപരിഷ്കൎത്താക്കളെന്നു സ്വയം നടിച്ചിരുന്ന പാഷണ്ഡികളുടെ അക്രമണങ്ങളിൽനിന്നു വിശ്വാസസത്യങ്ങളെ സംരക്ഷിക്കുകയും, അവരുടെ അവഹേളനത്തിനു പാത്രീഭവിച്ച യഥാൎത്ഥ ക്രിസ്തുമതതത്ത്വങ്ങളെ വിശദീകരിക്കുകയുമായിരുന്നു പ്രസ്തുത സൂനഹദോസിന്റെ പ്രധാന പ്രവൎത്തനം. 1545_ലാണു സഭാപിതാക്കന്മാർ ആദ്യമായി ട്രെൻറ നഗരത്തിൽ സമ്മേളിച്ചതു്. സമരങ്ങളും സാംക്രമികരോഗങ്ങളും മൂലം പലപ്പോഴും പ്രതിബന്ധങ്ങരം ഉണ്ടായതുമൂലം ഇരുപതുവൎഷം ഈ സൂനഹദോസ് നീണ്ടുനിന്നു. തിരുസഭയിലേ സമുജ്ജ്വലരായ പല ദൈവശാസ്ത്രജ്ഞന്മാരും ഈ സൂനഹദോസിൽ പങ്കെടുത്തു. അവർ ക്രിസ്തുമതതത്ത്വങ്ങളെ വിശദീകരിക്കുകയും നിൎവ്വചിക്കുകയും ചെയ്തതുകൂടാതെ, സഭയിൽ നുഴഞ്ഞുകയറിക്കൊണ്ടിരുന്ന അനേകം ദുരാചാരങ്ങളെ പരിഹരിക്കുകയും ചെയ്തു. വൈദികരുടെ പരിശീലനം കൂടുതൽ കാൎയ്യക്ഷമമായി നടത്തുന്നതിനുവേണ്ടി അനേകം വിശിഷ്ട സെമിനാരികരം സ്ഥാപിതങ്ങളായി. ഇതിന്റെയെല്ലാം ഫലമായി കത്തോലിക്കാസഭയിൽ അത്യുജ്ജ്വലത്തായ ഒരു പുനരുജ്ജീവനം പ്രത്യക്ഷപ്പെട്ടു.

# മഹാന്മാരായ മാർപ്പാപ്പാമാർ

ട്രെൻറിലേ സൂനഹദോസു മൂലം അനേകം നന്മകരം തിരുസഭയ്ക്കു സിദ്ധിച്ചു. പ്രസ്തുത സൂനഹദോസിന്റെ തീരുമാനങ്ങരം നടപ്പിൽ വരുത്തുവാൻ പുണ്യചരിതരും അഭിജ്ഞരും അതേസമയം കൎമ്മ

67154



ശ്ശുരരുമായ ഒട്ടധികം മാർപ്പാപ്പാമാർ ഉണ്ടായി എന്നുള്ളതു പ്രത്യേകിച്ചും അനുഗ്രഹകരമായിരുന്നു. ഇവരിൽ എല്ലാംകൊണ്ടും പ്രഥമഗണനീയൻ വിശുദ്ധ പീയൂസ് പഞ്ചമനായിരുന്നു. ഇദ്ദേഹത്തിൻെറ കാലത്തു് ആസ്ത്രിയായിലേ ഡോൺ ജോൺ എന്ന നാടുവാഴിയുടെ കീഴിൽ ക്രൂശുയുദ്ധത്തിനായി ഒരു നാവികപ്പടയെ നിയോഗിക്കുകയുണ്ടായി. തുടന്നു്, ലപ്പാൻേറാ യുദ്ധത്തിൽ ലഭിച്ച ഉജ്ജ്വലവിജയത്തിൻെറ കൃതജ്ഞതാസൂചകമായി 'ക്രിസ്ത്യാനികളുടെ സഹായമേ' എന്ന സംജ്ഞകൂടി മാതാവിൻെറ ലുത്തിനിയായിൽ ചേത്തതു് ഈ പരിശുദ്ധപിതാവാണു്.

# പുതിയ സന്യാസസഭകൾ

പരിശുദ്ധപിതാക്കന്മാർ ഇങ്ങനെ തിരുസഭാ പരിഷ്കരണങ്ങൾ തുടന്നുകൊണ്ടിരുന്നപ്പോൾ അസംഖ്യം സന്യാസികൾ അവരുടെ പ്രാത്ഥനമൂലം കത്തോലിക്കാചൈതന്യത്തെ ഉത്തേജിപ്പിക്കുകയും ചെയ്തിരുന്നു. ഇഗ്നേഷ്യസ് ലയോളാ എന്ന വിശുദ്ധ യോദ്ധാവായിരുന്നു ഇവരിൽ പ്രമുഖൻ. യുദ്ധക്കളത്തിൽവച്ചു് മുറിവേററ ഇഗ്നേഷ്യസ് അവശനായിക്കിടക്കുമ്പോൾ 'വിശുദ്ധന്മാരുടെ ജീവചരിത്രങ്ങൾ' എന്ന ഒരു ഗ്രന്ഥം വായിക്കാനിടയാവുകയും അവയാൽ ആകൃഷ്ടനായ അദ്ദേഹം, ആ വിശുദ്ധാത്മാക്കളുടെ കാലടികൾ പിന്തുടരുവാൻ തീരുമാനിക്കുകയും ചെയ്തു. സഭാശത്രുക്കളുമായുള്ള പോരാട്ടത്തിൽ പരിശുദ്ധ പിതാക്കന്മാരെ സഹായിക്കാനായി, മിശിഹായുടെ ഭടസമൂഹം (Society of Jesus) എന്ന പേരിൽ ഒരു സന്യാസ സഭ അദ്ദേഹം സ്ഥാപിച്ചു. 1556-ൽ ഇഗ്നേഷ്യസ് മരിക്കുമ്പോൾ, അദ്ദേഹത്തിൻെറ അനുയായികൾ യൂറോപ്പിലെല്ലായിടത്തും വ്യാപിച്ചുകഴിഞ്ഞിരുന്നു.

വി. ഫ്രാൻസീസ് സേവ്യർ, വി. ഫ്രാൻസീസ് ബോർജിയാ, വി. പീററർ കനീഷ്യസ്, വി. റോബർട്ട് ബല്ലാർമിൻ, വി. അലോഷ്യസ് ഗോൺസാഗാ, വി. ജോൺ ബക്ക്മൻസ്, സ്തനിസ്

Dharmaram College Library
Bangalore-29

ളാവൂസ് കോസ്റ്റ്കാ എന്നീ പ്രഖ്യാതരായ സുകൃതികൾ ഈ സന്യാസസഭയിൽപ്പെട്ടവരായിരുന്നു.

വി. ഫിലിഫ് നേരി, ദൈവത്തിൻെറ വി. യോഹന്നാൻ, ലല്ലീസിലേ വി. കമില്ലൂസ്, വി. കാജിററൻ, വി. ജറോം എമിലിയൻ, വി. ജോസഫ് കലസാൻക്ഷ്യസ്, വി. ഫ്രാൻസീസ് കറച്ചിയോളാ എന്നിവരും സന്യാസസഭകൾ സ്ഥാപിച്ച് തിരുസഭാപ്രചരണത്തിൽ സജീവമായി പങ്കെടുത്തവരാണ്.

ഫ്രാൻസിൽ വി. ജോൺ യൂദീസും, സാധുക്കളുടെ അപ്പോസ്തോലനായ വി. വിൻസെൻ ഡി പോളും പുതിയ സന്യാസസഭകൾ സ്ഥാപിച്ചു. വി. വിൻസെൻറ ഡി പോളിൻെറ സഹോദരികൾ ആതുരാലയങ്ങളിലും അനാഥമന്ദിരങ്ങളിലും വിദ്യാലങ്ങളിലും ദീനപരിചരണവും സാധുസേവനവും നിർവ്വഹിച്ചുകൊണ്ട് ലോകമെങ്ങും ഇപ്പോൾ വ്യാപിച്ചുകഴിഞ്ഞിട്ടുണ്ട്. പ്രേഷിതവൃത്തിക്ക് പരിശീലനം നല്കുന്ന 'വി. സൾപീസിൻെറ വൈദികർ' എന്ന സംഘടന ഓളിയർ എന്ന വൈദികൻ സ്ഥാപിച്ചതാണ്.

# വിദേശങ്ങളിലേ കത്തോലിക്കാസഭാപ്രചരണം

യൂറോപ്പിൽ വിശ്വാസത്തിൽനിന്നും തെററിപ്പോയ വിടവ് നികത്തത്തക്കവണ്ണം വിദേശരാജ്യങ്ങളിൽ പുതിയ ജനസമൂഹങ്ങൾ തിരുസഭയെ ആശ്ലേഷിച്ചുകൊണ്ടിരുന്നു. വെസ്റ്റിൻഡീസിലേയും മെക്സിക്കോവിലേയും പെറുവിലേയും കിരാതജനങ്ങൾക്കിടയിൽ ഫ്രാൻസിസ്കൻ സന്യാസിമാരും ഡൊമിനിക്കൻ സന്യാസിമാരും വേദപ്രചരണം നടത്തി. വി. തോമസ് സൊളാണോ, വി. ലൂയീ ബർടാഡ് എന്നീ സന്യാസിമാരായിരുന്നു ഇവരിൽ പ്രമുഖർ. വി. പീററർ ക്ലാവർ എന്നൊരു സന്യാസിതന്നെ മൂന്നുലക്ഷം നീഗ്രോകളെ മാനസാന്തരപ്പെടുത്തുകയുണ്ടായി.

ക്യാനഡായിലേ ജസ്വിററ് മിഷനറിമാക്ക് ആദിമഘട്ടങ്ങളിൽ ആ ദേശത്തുള്ള "റഡ്ഇൻഡ്യന്മാരിൽ" നിന്നു് പീഡനങ്ങൾ ഉണ്ടായെങ്കിലും, പ്രസ്തുത മിഷനറിമാരുടെ നിസ്തന്ദ്രപരിശ്രമംമൂലം ഒരു ശതാബ്ദത്തിനുള്ളിൽ അവിടേയും സഭ ദൃഢമൂലമായി.

ആഫ്രിക്കയിൽ ഡൊമിനിക്കൻ സന്യാസിമാരും കപ്പൂച്ചിൻ സന്യസിമാരും അഗസ്റ്റീനിയൻ വൈദികരും മതപ്രചരണം നടത്തി.

വി. ഇഗ്നേഷ്യസ് ലയോളായുടെ ആദ്യകാലസഹകാരികളിൽ ഒരാളായ വി. ഫ്രാൻസീസ് സേവ്യർ ആയിരുന്നു, ഇക്കാലത്തു പൗരസ്ത്യദേശത്തേ സഭയുടെ ഏററവും മികച്ച മിഷനറി. ആഫ്രിക്കയുടെ കിഴക്കേത്തീരത്തുകൂടി മിഷനറി പ്രവത്തനം നടത്തി, അദ്ദേഹം, ഇന്ത്യയുടെ പശ്ചിമതീരത്തുള്ള ഗോവായിലെത്തി. അനേകായിരങ്ങളെ മാനസാന്തരപ്പെടുത്തിക്കൊണ്ടു് അദ്ദേഹം, ഈസ്റ്റ്ഇൻഡീസിലും പിന്നീടു ജപ്പാനിലും സഞ്ചരിച്ചു. ക്രിസ്തുവിനുവേണ്ടി ജയിച്ചടക്കണമെന്നു താൻ തീക്ഷ്ണതാപൂർവ്വം അഭിലക്ഷിച്ചിരുന്ന ചീനാദേശത്തെ വിദൂരതയിൽ ദർശിച്ചുകൊണ്ടു് ആ വിശുദ്ധൻ 1552-ൽ സാൻചുൻ ദ്വീപിൽവച്ചു് ദിവംഗതനായി.

## തിരുസഭാസാഹിത്യം

തിരുസഭയുടെ സാഹിത്യസമ്പാദ്യങ്ങൾക്ക് ഇക്കാലത്തു് അത്ഭുതപൂർവ്വമായ അഭിവൃദ്ധി ഉണ്ടായി. വി. റോബർട്ടുബല്ലാർമിൻ, വി. പീററർ കനീഷ്യസ് എന്നീ രണ്ടു ദൈവശാസ്ത്രജ്ഞന്മാരുടെ കൃതികൾ പ്രത്യേകം പ്രസ്താവ്യങ്ങളാണു്. ആവിലായിലേ വി. ത്രേസ്യായുടേയും കുരിശിന്റെ വി. യോഹന്നാന്റേയും ആത്മീയപരിമളം തുളമ്പുന്ന കൃതികൾ ഇക്കാലത്താണു രചിക്കപ്പെട്ടതു്. വി. ഇഗ്നേഷ്യസ് ലയോളാ, വി. ഫ്രാൻസീസ് ഡി സാലസ്, വി. ജോൺ യൂദീസ്, വി. മേരി മഗ്ദലേൻ ഡി പാസി, വി. കാതറൈൻ ഡി റിച്ചി എന്നീ പുണ്യചരിതരുടെ അമൂല്യലേഖനങ്ങൾ സഭാസാഹിത്യശേഖരത്തിന്റെ മുതൽക്കൂട്ടു വദ്ധിപ്പിച്ചു.

ഭക്തിസംതൃപ്തി

ദിവ്യകാരുണ്യസ്വീകരണം, വിശ്വാസികളുടെ ഇടയിൽ കൂടുതൽ പ്രചരിച്ചു. നാല്പതുമണിയാരാധന എന്ന ഭക്തകൃത്യം രൂപം പ്രാപിച്ചതു് ഈ കാലത്താണു്. പരിശുദ്ധ കന്യകയോടും വി. യൗസേപ്പിനോടുമുള്ള വണക്കം സാർവ്വത്രികമായിത്തീൎന്നു.

# വിപ്ലവയുഗത്തിലെ സഭ

## (എ. ഡി. 1700 – 1900)

പ്രൊട്ടെസ്റ്റൻറ് വിപ്ലവം, ക്രൈസ്തവലോകത്തിൽ ബാഹ്യമായ ചില പരിവൎത്തനങ്ങൾ വരുത്തിയെങ്കിലും യൂറോപ്യൻ ജീവിതരീതി കത്തോലിക്കാവിശ്വാസത്തിൽ അധിഷ്ഠിതമായിത്തന്നെ മുമ്പോട്ടു നീങ്ങി. രാഷ്ട്രങ്ങളുടെ ഭരണസമ്പ്രദായങ്ങളും ജനതകളുടെ ജീവിതക്രമങ്ങളും ക്രിസ്തീയവിശ്വാസത്തിൽ വേരുറപ്പിച്ചു നിന്നു. ക്രിസ്തീയമായ അവിടത്തെ സമൂഹ്യവ്യവസ്ഥിതിയെ പാടേ തകൎത്തു കളയുന്നതിനുവേണ്ടി ഫ്രെഞ്ചുവിപ്ലവവും തുടൎന്നുണ്ടായ സംഭവഗതികളും ഒരു തീവ്രശ്രമം നടത്തി.

### 1. ഗാലിക്കനിസം

തിരുസഭയുടെ ദൈവദത്തമായ അധികാരത്തിന്മേൽ നടത്തപ്പെട്ട ഒന്നാമത്തെ ആക്രമണം, തിരുസഭയുടെമേൽ തങ്ങളുടെ അധികാരം പുനസ്ഥാപിക്കുവാനുള്ള രാജാക്കന്മാരുടെ ശ്രമമായിരുന്നു. ഫ്രാൻസിലാണു് ഈ ശ്രമം ഭീകരരൂപം കൈക്കൊണ്ടതു്. ലൂയി പതിന്നാലാമൻ എന്ന പ്രബലനായ ഫ്രെഞ്ചു രാജാവു് 1682–ൽ അവിടത്തെ വൈദികരെ വിളിച്ചുകൂട്ടി "ഗാലിക്കൻസഭയുടെ സ്വാതന്ത്ര്യങ്ങൾ" എന്നപേരിൽ ഒരു പട്ടയം പാസാക്കി. പരിശുദ്ധ പിതാവിൻെറ പരമാധികാരത്തെ നിഷേധിക്കുന്ന ഒന്നായിരുന്നു, ഈ പ്രഖ്യാപനം. പരിശുദ്ധ പിതാക്കന്മാരുടെ എതിൎപ്പുമൂലം, ലൂയി ഇതു പിൻവലിച്ചെങ്കിലും ക്രമേണ ഫ്രെഞ്ചു് വൈദികരിൽ ഛിദ്രവാസന വളൎത്താൻ ഇതു സഹായകമായി.

## 2. ജാൻസെനിസം

തിരുസഭയുടെമേൽ നടത്തപ്പെട്ട രണ്ടാമത്തേ ആക്രമണം ജാൻസനിസ്റ്റുകളുടേതായിരുന്നു. അട്ടത്തകാലത്തു സംഭവിച്ച വിശ്വാസശൈഥില്യം പരിഹരിക്കുന്നതിനു കത്തോലിക്കർ ആദിമക്രിസ്ത്യാനികളുടെ വിശ്വാസതീക്ഷ്ണതയിലേക്കും ഉഗ്രതപഃക്രിയകളിലേക്കും പിന്തിരിയണമെന്നായിരുന്നു ഇവരുടെ വാദം. ദൈവത്തിൻെറ കാരുണ്യത്തെ അവഗണിച്ചുകൊണ്ടു ദൈവത്തിൻെറ നീതിക്കു അവർ പ്രാധാന്യംനല്കി. അവരുടെ അഭിപ്രായപ്രകാരം ദിവ്യകാരുണ്യം സ്വീകരിക്കുവാനുള്ള അഹ്ത വളരെ ചുരുക്കംപേർക്കു ഉണ്ടായിരുന്നുള്ളു. ജാൻസേനിയസ് എന്നൊരു ഫ്രെഞ്ചുമെത്രാനായിരുന്നു ഇവരുടെ നേതാവു്. ഔദ്ധത്യം വദ്ധിച്ച ഇവർ പരിശുദ്ധസിംഹാസനത്തെ അനുസരിക്കുവാൻപോലും വിസമ്മതിച്ചു. സ്വതന്ത്രചിന്തയിലേക്കും തദ്വാരാ വിശ്വാസരാഹിത്യത്തിലേക്കും അനേകംപേരെ വഴിതെററിക്കുവാൻ ഇവരുടെ ഉദ്ബോധനങ്ങൾ ഇടനല്കി.

## 3. തിരുഹൃദയഭക്തി

ജാൻസെനിസം, അതിൻെറ പ്രാബല്യത്തിൻെറ അത്യുച്ചകോടിയിലെത്തിയപ്പോൾ, ഈശോമിശിഹാ, മാർഗറെററു് മേരി അലക്കോക്കു് എന്ന പുണ്യവതിക്കു പ്രത്യക്ഷപ്പെട്ടു് തിരുഹൃദയഭക്തിയുടെ അത്ഭുതകരങ്ങളായ സിദ്ധികളെ അവക്കു വെളിപ്പെടുത്തിക്കൊടുത്തു. മാസാദ്യവെള്ളിയാഴ്ച ഭക്തിയുടെ മാഹാത്മ്യം, ലോകത്തിനു വെളിപ്പെട്ടതു് അന്നുമുതൽക്കാണു്.

## 4. റാഷനലിസം

തിരുസഭയുടെ നേരെയുണ്ടായ മൂന്നാമത്തേ ആക്രമണം യുക്തിവാദികളിൽ നിന്നായിരുന്നു. ദൈവത്തിൻേറയും തിരുസഭയുടേയും അധികാരത്തിൻെറ സ്ഥാനത്തു് ഇവർ യുക്തിചിന്തയെ മാത്രം വാഴിച്ചിരുത്തി. വിശുദ്ധലിഖിതങ്ങളെ സ്വതന്ത്രമായി വ്യാഖ്യാനിച്ചുതുടങ്ങിയ യുക്തിവാദികൾ, ഒടുവിൽ ഈശ്വരാസ്തിത്വത്തെത്തന്നേയും

നിഷേധിച്ചു. പതിനെട്ടാംനൂററാണ്ടിൽ ഇംഗ്ലണ്ടും ഫ്രാൻസും ഈ അവിശ്വാസത്തിൻെറ പിടിയിലമൎന്നുപോയി. ഫ്രാൻസിലേ യുക്തിവാദപ്രസ്ഥാനത്തിനു നേതൃത്വംവഹിച്ചതു വോൾട്ടയർ എന്ന സാഹിത്യകാരനായിരുന്നു.

## 5. ഫ്രീമേസനറി

വോൾട്ടയറുടേയും അതുപോലുള്ള മററൊരു സ്വതന്ത്രചിന്തകനായ റൂസ്സോയുടേയും കൃതികൾ ക്രിസ്തീയവിശ്വാസത്തിൻെറ അടിക്കല്ലിളക്കുന്നതിനും തന്മൂലം വിപ്ലവത്തിനു വഴിതെളിക്കുന്നതിനും വളരെ സഹായിച്ചു. ജനങ്ങളുടെമേൽ കത്തോലിക്കാസഭയ്ക്കുണ്ടായിരുന്ന സ്വാധീനത നശിപ്പിക്കുന്നതിനായി ഫ്രീമേസനറി എന്ന പേരിൽ ഒരു രഹസ്യസംഘടന രൂപീകൃതമായി. കത്തോലിക്കാചൈതന്യത്തെ അതിജാഗ്രതയോടെ സംരക്ഷിച്ചുപോന്ന ഈശോസഭാശാഖകളെ പോർട്ടുഗലിലും, ഫ്രാൻസിലും, സ്പെയിനിലും നിരോധിക്കുവാനും അവരുടെ വസ്തുക്കളും വിദ്യാലയങ്ങളും കോളേജുകളും കണ്ടുകെട്ടിക്കാനും ഈ ഫ്രീമേസൻ സംഘങ്ങൾക്കു കഴിഞ്ഞു. കത്തോലിക്കാവിശ്വാസത്തിൻെറ പ്രബലസംരക്ഷകരായിരുന്ന ഈശോസഭാംഗങ്ങൾ ഇങ്ങനെ നിശ്ശബ്ദരാക്കപ്പെട്ടു.

## 6. ഫ്രെഞ്ചുവിപ്ലവം (1789–1815)

വിപ്ലവകാലത്തു ഫ്രാൻസിലേ സമാന്യജനങ്ങൾ വിശ്വാസത്തിൽ സ്ഥിരമായിത്തന്നെ നിലകൊണ്ടു. എന്നാൽ, പ്രഭുവൎഗ്ഗങ്ങളിൽ വിശ്വാസരാഹിത്യം പടൎന്നുപിടിച്ചിരുന്നു. വൈദികരിൽ ഒരു വലിയ വിഭാഗം അലസരും ലോകായതികന്മാരുമായി അധഃപതിച്ചുപോയി. പ്രഭുക്കളുടെ മൎദ്ദനങ്ങളേററു കൎഷകരും തൊഴിലാളികളും വിഷമതയനുഭവിച്ചിരുന്നു. പ്രഭുക്കൾക്കും സാധാരണ ജനങ്ങൾക്കും ഇടയ്ക്കു് 'ബൂർഷ്വാസി'യെന്നപേരിൽ സാമാന്യം വിദ്യാഭ്യാസവും ധനസ്ഥിതിയുമുള്ള ഒരു മദ്ധ്യവൎഗ്ഗം ഉണ്ടായിരുന്നവർ ഫ്രീമേസൻ ആശയങ്ങളുടെ പ്രചാരകന്മാരായിരുന്നു. നിലവിലുള്ള അസമത്വങ്ങൾക്കും അനീതികൾക്കും കാരണം യാഥാസ്ഥിതികമായ കത്തോ

ലിക്കാസഭയാണെന്നൊരു വ്യാജപ്രചരണവും അവർ നടത്തി. മാത്രമല്ല, സമാന്യജനങ്ങളുടെ രോഷത്തെ ആളിക്കത്തിച്ചു വിപ്ലവമുണ്ടാക്കുവാനും അവർ ശ്രമിച്ചു.

1789 ജൂൺ മാസത്തിലാണു ഫ്രഞ്ചുവിപ്ലവം പൊട്ടിപ്പുറപ്പെട്ടതു്. അതു കൊള്ളയും കൊള്ളിവയ്പുമായി 1815 വരെ നീണ്ടു. പല ദൈവാലയങ്ങളും സന്യാസമന്ദിരങ്ങളും തന്മൂലം നശിപ്പിക്കപ്പെട്ടു. വൈദികരും വിശ്വാസികളും കൂട്ടം കൂട്ടമായി വധിക്കപ്പെട്ടു. ക്രിസ്തുമതത്തേയും രാജത്വത്തേയും ഉന്മൂലനാശം വരുത്തുന്നതിനു രാജ്യത്തെങ്ങും വിപ്ലവക്കമ്മിററികളും തൂക്കുമരങ്ങളും സ്ഥാപിതങ്ങളായി. രക്തസാക്ഷികളുടെ പരിപാവനരക്തംകൊണ്ടു് തിരുസഭ വീണ്ടും മഹത്വീകരിക്കപ്പെട്ടു.

## 7. നെപ്പോളിയൻ

നെപ്പോളിയൻ ഫ്രാൻസിലെ സൈനികാധിപതിയായി ഉയന്നതോടുകൂടി ഫ്രെഞ്ചുവിപ്ലവം സ്വതേ അവസാനിച്ചു. നെപ്പോളിയന്റെ വിജയശ്രീലാളിതമായ സൈനികമുന്നേററത്തിൽ യൂറോപ്പിലെ സിംഹാസനങ്ങൾ ഒന്നൊന്നായി തകന്നു നിലംപതിച്ചു. ചുരുങ്ങിയ ഒരു കാലയളവിനുള്ളിൽ അദ്ദേഹം യൂറോപ്പുഖണ്ഡത്തിന്റെ ഏകഛത്രാധിപതിയായി. തന്റെ സാമ്രാജ്യത്തിൽ സമാധാനം പുനസ്ഥാപിക്കുന്നതിനു തിരുസഭയുടെ സഹകരണവും ആവശ്യമെന്നു തോന്നുകയാൽ, നെപ്പോളിയൻ 1802-ൽ പരിശുദ്ധ സിംഹാസനവുമായി സഖ്യത്തിലേർപ്പെട്ടു. എന്നാൽ ചരിത്രം നല്കുന്ന പാഠങ്ങളെ നെപ്പോളിയൻ വിസ്മരിച്ചുകളഞ്ഞു. അദ്ദേഹം ക്രമേണ സ്വേച്ഛയായി സഭാധികാരത്തെ കയ്യടക്കുവാൻ ശ്രമം തുടങ്ങി. 1809-ൽ നെപ്പോളിയന്റെ സൈന്യം പേപ്പൽരാജ്യങ്ങളെ ഫ്രാൻസിനോടു കൂട്ടിച്ചേത്തു. തുടന്നു പീയൂസ് ഏഴാമൻ നെപ്പോളിയനെ സഭാഭ്രഷ്ടനാക്കി. കുപിതനായ ചക്രവത്തി പരിശുദ്ധ പിതാവിനെ ബന്ധനസ്ഥനാക്കി. ആദ്യം സാവോണിലും പിന്നീടു ഫോണ്ടെൻബ്ലോയിലും തടവിൽ പാപ്പിച്ചു. നെപ്പോളിയന്റെ ഭായ്യയായിരുന്ന ജോസഫയിനുമായുള്ള

വിവാഹബന്ധം വിടുത്തി, ആസ്ട്രിയാ രാജകുടുംബാംഗമായ മേരീ ലൂയിയെ പരിണയിക്കുവാനും നെപ്പോളിയൻ ശ്രമം നടത്തി.

എന്നാൽ 1813-ൽ നെപ്പോളിയൻെറ അധഃപതനം ആരംഭിച്ചു. റഷ്യൻ തലസ്ഥാനമായ മോസ്കോയിൽനിന്നുള്ള പിന്മാററം നെപ്പോളിയനേററം ദുസ്സഹമായ പ്രഹരമായിരുന്നു. എല്ലാ രംഗങ്ങളിലും പരാജിതനായ നെപ്പോളിയൻ, ഫോണ്ടെൻബ്ളോ കൊട്ടാരത്തിൽവച്ചുതന്നെ സ്ഥാനത്യാഗം ചെയ്തു. ഒരു മാസത്തിനുശേഷം, വയോവൃദ്ധനായ പീയൂസ് ഏഴാമൻ വിജയലാളിതനായി റോമിലേക്കു തിരിച്ചെഴുന്നള്ളി. പത്രോസിൻെറ പാറയിൽതട്ടി ഭൗതികശക്തികൾ തകൻന്നു തരിപ്പണമാകുന്നതിൻെറ ഒരുദാഹരണംകൂടി ലോകം കണ്ടു!

# തിരുസഭയുടെ ആധുനികകാലത്തെ വിജയങ്ങൾ

(ഏ. ഡി. 1800—1914)

പത്തൊൻപതാം നൂററാണ്ട് സഭാചരിത്രത്തിൽ വളരെ രസകരമായ ഒരു കാലഘട്ടമാണ്. അതിരൂക്ഷങ്ങളായ പരീക്ഷണങ്ങളും അവയ്ക്കെതിരായുള്ള സഭയുടെ അത്യുജ്ജ്വല വിജയങ്ങളും ഈ കാലഘട്ടത്തിൻെറ വിശേഷതയാണ്.

## 1. കത്തോലിക്കാചൈതന്യത്തിൻെറ നവോത്ഥാനം

ഈ നൂററാണ്ടിൻെറ ആരംഭത്തോടുകൂടി യൂറോപ്പിലാകെ കത്തോലിക്കാചൈതന്യത്തിന് ഒരു നവോന്മേഷം കണ്ടുതുടങ്ങുന്നു. ഫ്രാൻസിൽ ലൂയി പതിനെട്ടാമൻെറ കീഴിൽ സഭയ്ക്കു സംപൂർണ്ണസ്വാതന്ത്ര്യം സംലബ്ധമായി. അയർലണ്ടിൽ, ഡാനിയേൽ ഓക്കോനൽ എന്ന കത്തോലിക്കാനേതാവിൻെറ ശ്രമഫലമായി ജനങ്ങൾക്കു പൗര

സ്വാതന്ത്ര്യം ലഭിച്ചു. നിരന്തരപീഡനങ്ങൾക്കുശേഷം, അവിടെ വിശ്വാസം സ്വാതന്ത്ര്യം പ്രാപിച്ചു. ജർമ്മനിയിലും കത്തോലിക്കാ വിശ്വാസത്തിനു് അത്ഭുതകരമായ ഉണർവുണ്ടായി.

## 2. ലിബറലിസം

"സ്വതന്ത്രചിന്ത"കന്മാരുടെ വിനാശകരങ്ങളായ ആശയങ്ങൾ പുതിയരൂപങ്ങൾ കൈക്കൊണ്ടു് സഭയുടെമേൽ ആക്രമണം തുടങ്ങി. വ്യവസായരംഗത്തും സാമൂഹ്യജീവിതത്തിലും രാഷ്ട്രീയലോകത്തും അവരുടെ വാദങ്ങൾ മാറ്റൊലിക്കൊള്ളാൻ തുടങ്ങി.

ആവിശ്ശക്തിയുടെ കണ്ടുപിടുത്തവും വലിയ തൊഴിൽശാലകളുടെ ആവിർഭാവവും മൂലം സംഭവിച്ച വ്യാവസായികവിപ്ലവം, ജനങ്ങളുടെ ജീവിതത്തിൽ സാരമായ വ്യതിയാനങ്ങൾ വരുത്തി. വാണിജ്യത്തിൻേറയും വ്യവസായത്തിൻേറയും നിയന്ത്രണം വഹിക്കുന്നവർ മതബോധനങ്ങൾക്കു വിധേയരാകരുതെന്നു 'സ്വതന്ത്രചിന്തകന്മാർ' ഉദ്ഘോഷിക്കാൻ തുടങ്ങി. നിർദ്ദയരായ ഒരു ചൂഷകവിഭാഗം ഒരു വശത്തും നിരാലംബരും നിരാശരുമായ ഒരു ചൂഷിതവിഭാഗം മറുവശത്തും എന്ന ദുർദ്ദശ സാമൂഹ്യരംഗത്തു വന്നുകൂടി.

# സോഷ്യലിസവും കമ്മ്യൂണിസവും

ജീവിതഭാരംകൊണ്ടു തകന്ന ജനങ്ങൾക്കിടയിൽ ഉയന്ന ആത്മീയമൂല്യങ്ങളെപ്പററി ഉദ്ബോധനം നടത്തേണ്ട സഭയുടെ കത്തവ്യം തുലോം വിഷമപൂണ്ണമായി. ഇതേസമയം അസംതൃപ്തിയുടേയും മത്സരത്തിൻേറയും വിഷബീജങ്ങൾ വിതയ്ക്കപ്പെടുന്നതിനുള്ള വളമുള്ള മണ്ണു സജ്ജീകരിക്കപ്പെടുകയും ചെയ്തു. ഭൂമി, ഖനികൾ, തൊഴിൽശാലകൾ തുടങ്ങിയവയെല്ലാം രാഷ്ട്രത്തിൻേറ പൊതുമുതലാക്കണമെന്നും, സ്വകാര്യഉടമകളെ ഇല്ലായ്മചെയ്തു് അവയുടെ ആദായം തൊഴിലാളികൾക്കു തുല്യമായി പങ്കുവയ്ക്കണമെന്നും വാദിച്ചുകൊ

ണ്ടു സോഷ്യലിസ്റ്റുകാം രാഗപ്രവേശനംചെയ്തു. ആകഷ്കങ്ങളായ വർണ്ണങ്ങളിൽ അവതരിക്കപ്പെട്ട ഈ വാദങ്ങാം അനേകംപേരെ വഴി തെററിച്ചു.

കാറാംമാർക്ക്സ്, ഫ്രെഡറിക്ക് എൻഗെത്സ് എന്ന രണ്ടു പ്രക്ഷോഭകന്മാരുടെ കൈയിൽ, സോഷ്യലിസം ഒരു പടികൂടികടന്നു കമ്മ്യൂണിസമായി. അവരുടെ അഭിപ്രായപ്രകാരം പൊതുധനാഗമ മാർഗ്ഗങ്ങാം മാത്രംപോരാ, സ്വകാര്യസ്വത്തുക്കളെല്ലാം രാഷ്ട്രസാൽക്ക രിക്കണം. തൊഴിലാളികാം സംഘടിച്ചു നിലവിലുള്ള ഭരണകൂട ങ്ങാം മറിച്ചിടണം, തൽസ്ഥാനത്തു ലോകവ്യാപകമായി നിരീശ്വര തൊഴിലാളി രാഷ്ട്രങ്ങാം പടുത്തുയത്തണം. കമ്മ്യൂണിസ്റ്റുകാംക്കു രാഷ്ട്ര മല്ലാതെ ദൈവമില്ല, ആത്മാവില്ല, മരണാനന്തരജീവിതമില്ല. ഒരു വീടുപണിയുവാൻ സ്വന്തമായി ഒരു തുണ്ടുസ്ഥലം പോലുമില്ലാത്ത കമ്മ്യൂണിസ്റ്റു പൗരന്ന് കുടുംബമില്ല, കുടുബബന്ധങ്ങളില്ല. രാഷ്ട്രയ ന്ത്രത്തിൻെറ കേവലം ഒരു ആണിയായി അവൻ പ്രവത്തിക്കുന്നു, നശിക്കുന്നു!

## 1. കത്തോലിക്കാ സാമൂഹ്യപ്രവത്തനം.

കമ്മ്യൂണിസത്തിൻെറ ആവിർഭാവം, അതെത്രമാത്രം കത്തോ ലിക്കാവിശ്വാസത്തിന്ന് അപകടകാരിയായിരുന്നാലും കത്തോലി ക്കാസഭ അതിൽ അന്ധാളിക്കുകയുണ്ടായില്ല. ലോകമെങ്ങുമുള്ള കത്തോലിക്കർ ഈ നശീകരണപ്രസ്ഥാനത്തിൻെറ അപകടം കണ്ടറി യുകയും അതിനെ നേരിടാനുള്ള പ്രത്യാക്രമനീക്കങ്ങാംക്കു സന്നദ്ധ രാവുകയും ചെയ്തു. ശത്രുവിനെ അവൻെറ ആയുധംകൊണ്ടുതന്നെ എതിരിടാനാണു സഭ തീരുമാനിച്ചതു്. കത്തോലിക്കാത്തൊഴിലാ ളികളെ, കത്തോലിക്കാക്ലബ്ബുകളിലും, കത്തോലിക്കായൂണിയനു കളിലും സംഘടിപ്പിച്ചു. ഫ്രെഡറിക്ക ഓസാനാം, ദരിദ്രസംര ക്ഷണത്തിനായി, വിൻസെൻറ ഡി പോാം സംഘം സ്ഥാപിച്ചു. ലഘുലേഖകാം എഴുതപ്പെട്ടു. ജമ്മനിയിൽ സമാരംഭിച്ച കത്തോലി ക്കാ സാമൂഹ്യപ്രവത്തനം യൂറോപ്പിലെങ്ങും വ്യാപിച്ചു.

2. ലിയോ പതിമൂന്നാമൻ മാപ്പാപ്പാ.

വ്യാവസായികരംഗത്തു പൊന്തിവന്ന സാമൂഹ്യമായ അനീതികൾക്ക പരിഹാരമായി പോപ്പ് ലീയോ പതിമൂന്നാമൻ ഒരു പ്രതിവിധി നിർദ്ദേശിച്ചു. തിരുസഭയുടെ ഉദ്ബോധനങ്ങളെ നിരാകരിച്ചതുകൊണ്ടാണ് ഈ തിന്മകൾ ഉടലെടുത്തതെന്ന്, അനേകം ചാക്രികലേഖനങ്ങൾമൂലം അവിടുന്നു വ്യക്തമാക്കി. യഥാർത്ഥമായ സ്വാതന്ത്ര്യത്തിൻെറയും പുരോഗതിയുടേയും മാതാവ് തിരുസഭയാണെന്നു പരിശുദ്ധ പിതാവ് ഉദ്ബോധിപ്പിച്ചു. ഒരു പരിപൂർണ്ണ ക്രിസ്തീയ രാഷ്ട്രത്തിൻെറ മാതൃക അവിടുന്നു വരച്ചു കാണിച്ചു. തൊഴിലാളികളുടെ ജീവിതത്തോതു് ഉയർത്താനായി 1891–ൽ, വിശ്രുതമായ 'റേരും നൊവാരും' എന്നു തുടങ്ങുന്ന ചാക്രികലേഖനം അവിടുന്നു വിളംബരംചെയ്തു. അനേകം സാമൂഹ്യപരിഷ്കാരങ്ങൾക്ക് ഈ ചാക്രികലേഖനം പ്രചോദനം നല്കുകയുണ്ടായി.

# ഫ്റാൻസിലേ നവോത്ഥാനം

ഫ്രാൻസിൽ 1830–ലേ വിപ്ലവത്തിനുശേഷം അധികാരത്തിൽവന്ന ഗവണ്മെൻറ തികച്ചും കത്തോലിക്കാവിരുദ്ധമായ ഒന്നായിരുന്നു. എങ്കിലും ഇക്കാലത്താണ് അവിടുത്തേ മതപരമായ നവോത്ഥാനം പൂർണ്ണവികാസം പ്രാപിച്ചതു്. പഴയ സന്യാസസഭകളെല്ലാം ശക്തിപ്പെടാൻ തുടങ്ങി. അൽമായക്കുവേണ്ടിയുള്ള പല സംഘടനകളും ഉടലെടുത്തു. വിശ്വാസപ്രചരണസംഘം, സെൻറ വിൻസെൻറ ഡി പോൾ സംഘം മുതലായവ ഇക്കാലത്തു ജന്മമെടുത്തവയാണ്. 1848 മുതൽ 1852 വരെ നിലവിലിരുന്ന സോഷ്യലിസ്റ്റു ഭരണകൂടം, കത്തോലിക്കക്ക് ഏറെക്കുറേ ആശ്വാസകരമായിരുന്നുവെന്നു പറയാം. 1852 മുതൽ 1870 വരെ നീണ്ടുനിന്ന ദ്വിതീയസാമ്രാജ്യം നിരീശ്വരത്വത്തേയും അസ്സാന്മാർഗ്ഗികമായ പ്രവണതകളേയും നിരങ്കുശമായി അഴിച്ചുവിട്ടു. വിദ്യാലയങ്ങളെ അക്രൈസ്തവീകരിക്കുവാനുള്ള സംരംഭങ്ങൾതന്നെ തുടങ്ങുകയുണ്ടായി. എങ്കിലും ഫ്രാങ്കോ

റഷ്യൻ യുദ്ധത്തിൽ നേരിട്ട ഭയങ്കരമായ പരാജയം ഫ്രഞ്ചുജനതയ്ക്കു്, അവരുടെ ദുർവൃത്തജീവിതത്തിലേക്കു തിരിഞ്ഞുനോക്കുവാൻ അവസരം നല്കി. പരാജയത്തെത്തുടന്നു ചുരുങ്ങിയകാലത്തേക്കു കമ്യൂണിസ്റ്റു് ഭീകരത നടമാടിയെങ്കിലും ഫ്രെഞ്ചുജനതയ്ക്കിടയിൽ ഒരു കത്തോലിക്കാനവോത്ഥാനത്തിൻെറ ലക്ഷണങ്ങൾ കണ്ടുതുടങ്ങി. തിരുഹൃദയഭക്തിയുടെ തൊട്ടിലായ പരേ ല് മോനിയലിലേക്കും ലൂർദ്ദിലേക്കും തീർത്ഥാടനങ്ങൾ നടത്തപ്പെട്ടു. ലൂർദ്ദിൽ പരിശുദ്ധ കന്യകാമറിയം, വി. ബെർണ്ണദീത്തയോടുചെയ്ത വാഗ്ദാനങ്ങൾ നിറവേററിക്കൊണ്ടിരുന്ന ഒരു കാലഘട്ടമായിരുന്നു അതു്. 1873_ൽ മാഷ്ൽ മക്മഹൻ, മോണ്ടു് മാട്ടറിൽ തിരുഹൃദയ പ്രതിഷ്ഠയ്ക്കായി ഒരു ദേശീയ ബസിലിക്കാ പണികഴിപ്പിച്ചു. 1879-ൽ ഫ്രീമേസൻസ് വീണ്ടും അധികാരത്തിൽ വന്നപ്പോൾ ബാഹ്യമായിട്ടാണെങ്കിലും ഈ നവോത്ഥാനത്തിനു് ഒരു സ്ലാനി തട്ടുകയുണ്ടായി.

## 1. റോമൻ പ്രശ്നം

പത്തൊമ്പതാംനൂററാണ്ടിലെ തിരുസഭാചരിത്രം പ്രധാനമായും റോമൻ പ്രശ്നത്തിൻെറ വിവരണമാണു്. അനേകം ചെറുരാജ്യങ്ങൾ അടങ്ങിയ ഇററലിയെ സംയോജിപ്പിച്ചു് ഒരു ഏകീകൃതരാഷ്ട്രമാക്കുന്നതിനുള്ള സംരംഭങ്ങൾ ഇക്കാലത്തു നടന്നുകൊണ്ടിരുന്നു. തിരുസ്സഭാശത്രു ഈ പ്രശ്നം തിരുസിംഹാസനത്തിൻെറ ഭൗതികാധികാരത്തിനെതിരായി തിരിച്ചുവിടുവാൻ ശ്രമം തുടങ്ങി. ഇററലിയുടെ ഐക്യത്തിനു പേപ്പൽരാജ്യങ്ങൾ തടസ്സമായി നില്ക്കുന്നുവെന്നു് ആരോപണം മുഴങ്ങി. ഒടുവിൽ പ്രസ്തുത രാജ്യങ്ങൾ പിടിച്ചടക്കി ഇററലിയോടു ചേക്കപ്പെട്ടു. അന്നത്തെ മാപ്പാപ്പായായിരുന്ന പീയൂസ് നവമൻ ഈ കയ്യേററത്തെ പ്രതിഷേധിച്ചു വത്തിക്കാനിൽ സ്വയം ബന്ധനസ്ഥനായി കഴിച്ചുകൂട്ടി. അദ്ദേഹത്തിൻെറ പിൻഗാമിയായ ലിയോ പതിമൂന്നാമനും ഇതേനയം അനുവത്തിച്ചു. ഒടുവിൽ പിയൂസ് പതിനൊന്നാമൻെറ കാലത്തു് 1929-ൽ ഇററലിയും പരിശുദ്ധസിംഹാസനവും തമ്മിൽ നടന്ന <u>ലാററൻ ഉടമ്പടി</u> പ്രകാരം,

മാപ്പാപ്പാ വത്തിക്കാൻ രാജ്യത്തിൻെറ സ്വതന്ത്ര ഭൗതിക പരമാധികാരിയായി അംഗീകരിക്കപ്പെട്ടു. അതേ സമയംതന്നെ ഒപ്പുവച്ച ഒരു കൺകോർദാത്തു് പ്രകാരം കത്തോലിക്കാമതം ഇററലിയിലെ ഔദ്യോഗിക മതമായി അംഗീകരിക്കപ്പെടുകയും, വിദ്യാഭ്യാസം, വിവാഹം തുടങ്ങിയുള്ള കാര്യങ്ങളിൽ തിരുസ്സഭയുടെ അവകാശങ്ങാം സംരക്ഷിക്കപ്പെടുമെന്നു് ഉറപ്പു് നല്കപ്പെടുകയും ചെയ്തു.

ജർമ്മനിയിൽ ഫ്രാങ്കോപ്രഷ്യൻ യുദ്ധത്തിനുശേഷം, ഓട്ടോ വോൺ ബിസ്മാക്കിൻെറ ആധിപത്യത്തിലുടലെടുത്ത ഭരണകൂടം, കത്തോലിക്കാ മതത്തിനെതിരായി കുാംത്തൂർ കാംഫ് (Kultur Kampf) എന്ന പേരിൽ ഭയങ്കര പീഡനം നടത്തിയെങ്കിലും, വിശ്വാസികളുടേയും വൈദികരുടേയും അചഞ്ചലവും തീക്ഷ്ണവുമായ മതബോധത്തിനു്, അതിനെ അതിജീവിക്കുവാൻ സാധിച്ചു. ഒടുവിൽ സുശക്തമായ ഒരു കാത്തലിക്കു് സെൻറർപാർട്ടിതന്നെ ഗവണ്മെൻറിൽ സ്ഥാനം കരസ്ഥമാക്കി.

പത്തൊൻപതാം നൂററാണ്ടിൽ ഇംഗ്ലീഷ് ജനതയ്ക്കിടയിൽ അത്ഭുതകരമായ ഒരു വിശ്വാസനവോത്ഥാനം ദൃശ്യമായി. കാർഡിനൽ വൈസ്മാൻ, കാർഡിനൽ മാന്നിംങ്ങ്, കാർഡിനൽ ന്യൂമാൻ എന്നി വൈദികവിദ്വച്ഛിരോമണികാം, ഈ നവോത്ഥാനത്തിനു നേതൃത്വം നല്കി. ക്ഷാമപീഡിതരായ ഐറിഷ്ജനതയുടെ കുടിയേററവും 'ഓക്സ്ഫോഡ് മൂവ്മെൻറ്' എന്ന പേരിൽ നടന്ന ഒരു സംഘം ആംഗ്ലിക്കൻ വൈദികരുടെ തിരുസ്സഭാശ്ലേഷവും, ഇംഗ്ലണ്ടിലെ നവോത്ഥാനത്തിനു ചൈതന്യം നല്കി.

## 2. മിഷൻ പ്രവത്തനം

അത്ഭുതകരമായ മിഷൻപ്രവത്തനത്തിൻെറ ശതാബ്ദമാണു് പത്തൊമ്പതാം ശതകം എന്നു പറയാം. ആവിക്കപ്പൽ, ആവിവണ്ടി മുതലായവയുടെ ആവിർഭാവംമൂലം ഗതാഗതത്തിനുണ്ടായ സൗകര്യം മതപ്രചരണത്തെ വളരെയേറെ സഹായിച്ചു. മിൽഹിൽ മിഷന

റീസ്, വൈററ് ഫാദേഴ്സ്, ഒബ്ളേററ് ഫാദേഴ്സ് തുടങ്ങി പുതിയ വേദപ്രചാരസംഘങ്ങൾ രൂപീകരിക്കപ്പെട്ടു.

## 3. മാപ്പാപ്പായുടെ പ്രവർത്തനങ്ങൾ

ഈ മിഷനറിമാർ ദൂരദേശങ്ങളിൽ ക്രിസ്തീയ സന്ദേശം പ്രചരിപ്പിച്ചുകൊണ്ടിരുന്ന അവസരത്തിൽ, തിരുസ്സഭയുടെ ആന്തരികമഹത്വവും വെളിപ്പെടുത്തപ്പെട്ടുകൊണ്ടിരുന്നു.

ഇതിൽ ഏററവും പ്രധാനം 1854-ൽ പീയൂസ് നവമൻ പാപ്പാ പ്രഖ്യാപനം ചെയ്ത, നമ്മുടെ ദൈവജനനിയുടെ അമലോത്ഭവ രഹസ്യമാണ്. ഈ വിശ്വാസ സത്യപ്രഖ്യാപനം, ലോകമെങ്ങുമുള്ള കത്തോലിക്കരെ ആനന്ദപുളകമണിയിച്ചു. നാലു വർഷങ്ങൾക്കശേഷം ലൂർദിൽവച്ച് വി. ബർണ്ണർദീത്തായ്ക്കു പരിശുദ്ധകന്യകാമറിയം പ്രത്യക്ഷയായപ്പോൾ, ഈ പ്രഖ്യാപനഫലമായുണ്ടായ സ്വർഗ്ഗീയാനന്ദം തെളിയിക്കപ്പെട്ടു. അതിനുശേഷം, ലൂർദ് സ്വർഗ്ഗത്തോടടുത്ത ഭൂമിയിലെ സ്ഥാനമായിത്തീർന്നു. അത്ഭുതങ്ങളുടേയും തീർത്ഥാടനങ്ങളുടേയും ഒരു കേന്ദ്രമാണ് ഇന്നു ലൂർദ്, അവിശ്വാസികൾക്കുള്ള ദൈവത്തിൻെറ ഒരു അനിഷേധ്യ മറുപടിയാണു ലൂർദ്. 1870-ൽ വത്തിക്കാനിൽ കൂടിയ ജനറൽ കൗൺസിൽ, പാപ്പായുടെ അപ്രമാദിത്വം ഒരു വിശ്വാസസത്യമായി പ്രഖ്യാപിച്ചതു്, അവിശ്വാസികൾക്കേററ മറെറാരടിയായിരുന്നു.

ലിയോ പതിമൂന്നാമൻ തിരുമേനി ആധുനികകാലത്തിലെ എല്ലാ സാമൂഹ്യപ്രശ്നങ്ങൾക്കും എങ്ങനെ പരിഹാരം നിർദ്ദേശിച്ചുവെന്നു നാം നേരത്തേ കണ്ടുകഴിഞ്ഞു. വേദപുസ്തകപഠനത്തിനും വി. തോമസ് അക്വിനാസിൻെറ തത്വശാസ്ത്രപഠനത്തിനും, അവിടുന്നു പ്രോത്സാഹനം നല്കി. തിരുഹൃദയഭക്തി വർദ്ധിക്കുന്നതിനു പരിശുദ്ധ പിതാവു് വളരെ ശ്രമങ്ങൾ നടത്തി. പരിശുദ്ധാരൂപിയെപ്പററിയും, കൊന്തനമസ്കാരത്തെപ്പററിയും, വി. യൗസേപ്പിനെപ്പററിയും അവിടുന്നു പുറപ്പെടുവിച്ച ചാക്രികലേഖനങ്ങൾ അവിടുത്തേ അഗാധ

പാണ്ഡിത്യത്തിനും തീക്ഷ്ണമായ ഭക്തിക്കും ഉത്തമങ്ങളായ ദിദൾ
നങ്ങളാണ്.

വി. പത്താംപീയൂസ് മാപ്പാപ്പായാണ്, ആധുനികപാഷ
ണ്ഡികളിൽനിന്നു കത്തോലിക്കാവിശ്വാസത്തെ സംരക്ഷിച്ചതു്.
അനുദിനദിവ്യകാരുണ്യസ്വീകരണത്തിനു് ആഹ്വാനം ചെയ്തുകൊണ്ടു
പരിശുദ്ധപിതാവു്, ജാൻസെനിസ്റ്റം പാഷണ്ഡതയുടെ ശവപ്പെട്ടി
മേൽ അവസാനത്തെ ആണിയടിച്ചു. കാനൻനിയമസംഹിത ക്രോ
ഡീകരിച്ചതും ദൈവാലയസംഗീതം പരിരിഷ്ക്കരിച്ചതും വി. പത്താം
പീയൂസ് മാപ്പാപ്പായാണ്.

---

# ഉപസംഹാരം

പീയൂസ് പതിനൊന്നാമൻ: ഒന്നാംലോകമഹായുദ്ധം മതത്തിനും,
നാഗരികതയ്ക്കും എതിരായുള്ള അത്യുഗ്രമായ ഒരു പ്രഹരമായിരുന്നു.
യുദ്ധം കഴിയുന്നതും വേഗം അവസാനിപ്പിക്കുന്നതിനുവേണ്ടിയുള്ള
ബനഡിക്ട് പതിനഞ്ചാമൻ പാപ്പായുടെ അഭ്യർത്ഥനകൾ വിഫലങ്ങ
ളായി. അരാജകത്വം നടമാടിയ ലോകത്തു ക്രിസ്തുവിനെ അതിരാജ
നായി വാഴിക്കാൻ പീയൂസ് പതിനൊന്നാമൻ തീരുമാനിച്ചു.
1922-ൽ "ക്രിസ്തുവിൻെറ രാജ്യത്തിൽ ക്രിസ്തുവിൻെറ സമാധാനം"
സ്ഥാപിച്ചുകൊണ്ടു് അദ്ദേഹം ഒരു ചാക്രികലേഖനം പുറപ്പെടുവിച്ചു.
മൂന്നുകൊല്ലത്തിനുശേഷം 1925-ൽ ക്രിസ്തുവിൻെറ രാജത്വത്തിരു
നാൾ പ്രഖ്യാപിച്ചുകൊണ്ടു് അവിടുന്നു മറെറാരു വിളംബരം ചെയ്തു.
കൂടാതെ ക്രിസ്തീയവിവാഹം, തൊഴിലാളി സമുദ്ധാരണം, തൊഴിലി
ല്ലായ്മ, സിനിമാ തുടങ്ങിയ വിഷയങ്ങളെപ്പററി പരിശുദ്ധപിതാവു
തുടരെത്തുടരെ ചാക്രികലേഖനങ്ങൾ പുറപ്പെടുവിച്ചുകൊണ്ടിരുന്നു.

## മതപീഡനം :

പീയൂസ് പതിനൊന്നാമന്റെ കാലത്തു റഷ്യയിലും, മെക്സി ക്കോയിലും, സ്പെയിനിലും, നാസി ജർമ്മനിയിലും മതപീഡനങ്ങൾ ഉണ്ടായി. അവയെ ധീരമായി നേരിടുന്നതിനു വിശ്വാസികളെ സജ്ജീകരിക്കുന്നതിന് അവിടുത്തേക്കു കഴിഞ്ഞു. ഇക്കാലത്തുതന്നെ, വിദേശങ്ങളിൽ മതപ്രചരണം നടത്തുന്ന കാര്യത്തിലും അവിടുന്നു ശ്രദ്ധ പതിപ്പിച്ചിരുന്നു. 'വേദപ്രചാരത്തിന്റെ പാപ്പാ'യെന്ന അപരനാമത്താലാണ് അവിടുന്നു അറിയപ്പെട്ടതുതന്നെ. അവിടുത്തെ ക്കാലത്താണു വത്തിക്കാനിലേ പ്രക്ഷേപണനിലയം സ്ഥാപിതമായതു്. തന്മൂലം ലോകമെങ്ങുമുള്ള വിശ്വാസികൾക്കു ക്രിസ്തുവിന്റെ വികാരിയുടെ സജീവശബ്ദം ശ്രവിക്കുവാൻ സൗകര്യം ലഭിച്ചു.

## പീയൂസ് പന്ത്രണ്ടാമൻ :

1939 ഫെബ്രുവരി പത്താംതീയതി പതിനൊന്നാംപീയൂസ് മാർപ്പാപ്പാ ദിവംഗതനായി. 'സമാധാനത്തിന്റെ പാപ്പാ'യെന്ന് അറിയപ്പെടുന്ന പന്ത്രണ്ടാംപീയൂസ് മാർപ്പാപ്പാ സിംഹാസനാരോഹണം ചെയ്തു. "നീതിയുടെ പരിണതഫലം സമാധാനം" എന്നതായിരുന്നു തന്റെ മുദ്രാവാക്യം. ഒരു രണ്ടാംലോകമഹായുദ്ധത്തിന്റെ നടുവിൽ ജനതതി നട്ടംതിരിയുന്നതുകണ്ടു് അവിടുന്നു അത്യധികം ദുഃഖിച്ചു. ആയുധകലാപങ്ങളുടെ മദ്ധ്യേ അവിടുത്തെ സമാധാന സന്ദേശം ഉയർന്നുകേൾക്കപ്പെട്ടു. ഏററവും രൂക്ഷമായ കൊടുങ്കാററിലും ഉലയാതെ തിരുസ്സഭാസൗധം പത്രോസിന്റെ പാറമേൽ ഉറച്ചു നില കൊണ്ടിരുന്നു. അനേകായിരം സത്യാന്വേഷകർ നാഗരികതയുടെ ആശാകേന്ദ്രവും, സത്യത്തിന്റെ ഉറവിടവുമായ തിരുസഭയിലേക്ക് അനുദിനം ആകർഷിക്കപ്പെട്ടിരുന്നു.

## ജോൺ 23-ാമൻ

1958 ഒക്ടോബർ 9-ാംതീയതി അഖിലലോകത്തിന് പ്രത്യേകിച്ചു കത്തോലിക്കാസഭയ്ക്കു് അപരിഹാര്യമായ ഒരു നഷ്ടം സംഭവി

ച്ചു. അന്നത്രേ, സമാധാനത്തിൻെറ പാപ്പാ, മാലാഖാസ്ക്കുട്ടത്ത പാപ്പാ, ചാക്രികലേഖനങ്ങളുടെ പാപ്പാ, എന്നുള്ള അപരനാമങ്ങളാൽ അറിയപ്പെട്ടിരുന്ന പീയൂസ് 12–ാമൻ ദിവംഗതനായതു്. അദ്ദേഹത്തിൻെറ പിൻഗാമിയായി വേനിസിലേ പാത്രിയക്കീസായിരുന്ന റൊങ്കാള്ളി കർദ്ദിനാളം, ജോൺ 23–ാമൻ എന്ന പേരിൽ 1958 ഒക്ടോബർ 28–ാം തീയതി സിംഹാസനാരോഹണം ചെയ്തു.

ഇററലിയിലുള്ള ബർഗാമോ (Bergamo) രൂപതയിലേ സോട്ടോ ഇൽ മോൺട്ട് (Sotto il monte) എന്ന സ്ഥലത്തു നിർദ്ധനരും കൃഷീവലന്മാരും എന്നാൽ മതഭക്തരുമായ ജിയോവാന്നി ബാററിസ്റ്റാ റൊങ്കാള്ളി–മരിയന്ന-മസ്സോല (Giovanni Battista Roncalli–Marianna Mazzola) എന്നീ ദമ്പതികളുടെ പ്രഥമപുത്രനായി 1881 നവംബർ 25–ൽ അവിടുന്നു ഭൂജാതനായി. അന്നുതന്നേ ആൻജെലോ എന്ന അഭിധാനത്തിൽ ശിശുവിനു ജ്ഞാനസ്നാനം നല്കപ്പെട്ടു.

പ്രാഥമികവിദ്യാഭ്യാസം ഗവൺമെൻറ് സ്കൂളിലും തുടർന്നുള്ള പഠനം ചാർച്ചക്കാരുടെ സഹായത്താൽ സെലനാ കോളേജിലും നിർവ്വഹിച്ചു. വൈദികജീവിതത്തിലേക്കുള്ള ദിവ്യനാഥൻെറ ആഹ്വാനം ബാല്യത്തിലേ ശ്രവിച്ചു് ആൻജലോ, ഇടവക വികാരിയിൽ നിന്നും ലത്തീൻപഠനം ആരംഭിച്ചു. മാതാപിതാക്കൾ നിർദ്ധനരായിരുന്നതിനാൽ മോൺ. മൊർലാനിയുടെ സഹായത്താൽ പ്രത്യേക വൈദികവിദ്യാർത്ഥി വേതനത്തോടെ, രൂപതാസെമിനാരിയിൽനിന്നു് റോമിലുള്ള ലാററൻ സെമിനാരിയിൽ പ്രവേശിച്ചു. തുടന്നു് "ഡോക്ടറേററു്" ബിരുദം നേടി, 1904 ആഗസ്റ്റ് 10–ാംതീയതി 24–ാമത്തെ വയസ്സിൽ മിശിഹായുടെ പുരോഹിതനായി അദ്ദേഹം അഭിഷേചിക്കപ്പെട്ടു.

ബർഗാമോ മെത്രാൻെറ സെക്രട്ടറി, മിലിട്ടറി ചാപ്ലയിൻ, സാമൂഹ്യപ്രവർത്തക സംഘാടകൻ, അപ്പൊസ്തോലിക്ക വിസിററർ എന്നീനിലകളിൽ ഫാ. ആൻജെലോ റൊങ്കാള്ളി നിർവ്വഹിച്ച സേവനം അവിടുത്തേ വ്യക്തിമുദ്ര പ്രതിഫലിപ്പിക്കുന്നതു തന്നെയായിരുന്നു. 1944 വരേയുള്ള 23 കൊല്ലങ്ങൾ പ്രൊപ്പഗാന്തായുമായും, ബൾ

ഗേറിയാ, ഗ്രീസ്, ടർക്കി മുതലായ പൗരസ്ത്യരാജ്യങ്ങളുമായും ഉററ സമ്പർക്കത്തിലേർപ്പെട്ടു് ഏവരുടേയും മുക്തകണ്ഠമായ പ്രശംസയ്ക്കു് താൻ പാത്രീഭവിച്ചു.

രണ്ടാംലോകമഹായുദ്ധത്തിൻെറ പരിണതഫലങ്ങൾ ഭീകരവും അസംഖ്യങ്ങളുമായിരുന്നു. അപ്പോഴാണു് ഭാഗ്യസ്മരണാർഹനായ 12-ാംപീയൂസ് മോൺ. റൊങ്കാള്ളിയെ ഫ്രാൻസിലെ നുൺഷ്യോ ആയി അയച്ചതു്. ഉത്തരവാദിത്വമേറിയ പ്രസ്തുത ജോലിയിൽ പരി. സിംഹാസനത്തിൻെറ അഭിമാനവും പ്രശസ്തിയും പ്രതാപവും താൻ പൂർണ്ണമായി സംരക്ഷിച്ചു. 1953-ൽ കർദ്ദിനാളും വേനീസ് പാത്രിയർക്കീസുമായി അദ്ദേഹം നിയമിക്കപ്പെട്ടു. താൻ ഇതിനകം പ്രസിദ്ധനായ ഒരു ഗ്രന്ഥകാരനായി ഉയർന്നിരുന്നു.

കത്തോലിക്കാസഭാചരിത്രത്തിൽ, 1958 ഒക്ടോബർ 28 മുതൽ, റൊങ്കാള്ളി കർദ്ദിനാളിനെ പുതിയ പാപ്പായായി തെരഞ്ഞെടുത്തതിനോടെ ഒരു സുവർണ്ണാദ്ധ്യായം ആരംഭിച്ചിരിക്കുന്നു. തൻെറ മുദ്രാവാക്യം "അനുസരണവും സമാധാനവും" എന്നത്രേ. വിശുദ്ധനായ പത്താം പീയൂസിൻേറയും 23-ാം ജോൺ മാർപ്പാപ്പായുടേയും ജീവിതത്തിൽ വളരെയേറെ സാധർമ്മ്യങ്ങളുണ്ടു്. സുസ്മേരവദനനായി വത്തിക്കാനിൽ വാണരുളുന്ന 81 കാരനായ പരിശുദ്ധ പിതാവു് ഇതിനകം നിരവധി വൻകാര്യങ്ങൾ ചെയ്തുകഴിഞ്ഞു. കർദ്ദിനാൾ സംഘത്തിലെ അംഗസംഖ്യാവർദ്ധനവു്, 1962 ഒക്ടോബർ 11-ാം തീയതി ഉദ്ഘാടനം ചെയ്യപ്പെട്ട 21-ാം സാർവ്വത്രികസൂനഹദോസ് (2-ാം വത്തിക്കാൻ സൂനഹദോസ്), അന്താരാഷ്ട്രീയ പ്രശ്നങ്ങളുടെ നവീനസമീപനം മുതലായവ ഇതിൽപ്പെടും. സാമൂഹ്യപ്രശ്നങ്ങളെ സംബന്ധിച്ചുള്ള സഭയുടെ ഔദ്യോഗികശബ്ദം വിശ്വവിഖ്യാതമായ "മാത്തെർ എത്ത് മജിസ്ത്രാ" എന്ന ചാക്രികലേഖനംവഴി, അദ്ദേഹം ലോകജനതയെ അറിയിച്ചു. ആയുരാരോഗ്യവാനായി ദീർഘനാൾ തിരുസഭാഭരണം നടത്തി വിരാജിക്കുവാൻ നമ്മുടെ പരിശുദ്ധ പിതാവായ ജോൺ 23-ാമനെ ജഗദീശൻ കടാക്ഷിക്കട്ടെ.

പരിശുദ്ധകത്തോലിക്കാസഭ യഥാൎത്ഥത്തിൽ വിശ്വവ്യാപകമാണു്. ഉത്തരധ്രുവംതൊട്ടു ദക്ഷിണധ്രുവംവരേയും, ചൈനാതൊട്ടു പെറുവരേയും അതു വ്യാപിക്കുന്നു. ഈ ഭൂമുഖത്തെവിടേയും കത്തോലിക്കരെ നമുക്കു കാണുവാൻ കഴിയുന്നു. ആകെ ഇന്നു ഭൂമുഖത്തുള്ള ഇരുനൂററമ്പത്തഞ്ചുകോടി ജനങ്ങളിൽ അഞ്ചിലൊന്നായ അമ്പത്തൊന്നുകോടിയോളം കത്തോലിക്കരാണു്. അവരിൽ പണ്ഡിതന്മാരും, പാമരന്മാരും, ധനവാന്മാരും, ദരിദ്രന്മാരും, ശാസ്ത്രകാരന്മാരും, കലാകാരന്മാരും, തത്വജ്ഞന്മാരും, ചരിത്രകാരന്മാരും, രാഷ്ട്രീയനേതാക്കന്മാരും, സാമൂഹ്യശാസ്ത്രജ്ഞന്മാരും ഉണ്ടു്. അവരെല്ലാം മാപ്പാപ്പായുടെ പരമാധികാരത്തിലും കാതലായ ഇതര ക്രൈസ്തവതത്വങ്ങളിലും ദൃഢവിശ്വാസമുള്ളവരാണു്. സഭാതലവനായ മാപ്പാപ്പായുടെ ആസ്ഥാനം യൂറോപ്പുഖണ്ഡത്തിലുള്ള റോമാനഗരമാണെങ്കിലും, തിരുസ്സഭ കേവലം ദേശീയമോ, ജാതീയമോ, രാഷ്ട്രീയമോ അല്ല. അതു തികച്ചും ദേശാതീതമാണു്. അക്കാരണത്താലാണു്, പരിശുദ്ധ സിംഹാസനത്തിനു ഭൂലോകമാസകലം അന്യാദൃശമായ ഒരു ധാൎമ്മികശക്തി ചെലുത്തുവാൻ സാധിക്കുന്നതു്. വത്തിക്കാനുമായി നയതന്ത്രബന്ധം പാലിക്കുന്ന നാല്പത്തഞ്ചിൽപ്പരം രാജ്യങ്ങൾ ഇന്നു ഭൂമുഖത്തുണ്ടു്. അവയിൽ പലതും അകത്തോലിക്കാ രാജ്യങ്ങളാണെന്നുള്ളതും സ്മരണീയമാണു്. അങ്ങനെ അപ്പോസ്തോലപ്രഭുവായ പത്രോസിന്റെ പിൻഗാമി വഴിയായി ക്രിസ്തു ജീവിക്കുന്നു, ക്രിസ്തു ഭരിക്കുന്നു, ക്രിസ്തു അധീശത്വം പാലിക്കുകയുംചെയ്യുന്നു.

രണ്ടാംഭാഗം

# ഭാരത സഭാചരിത്രം

# ഭാരത സഭാചരിത്രം

## മാർത്തോമ്മാ ക്രിസ്ത്യാനികൾ

### 1. ഭാരതസഭയും മാർത്തോമ്മാശ്ലീഹായും. (52–72)

"നിങ്ങൾ ലോകമെങ്ങുംപോയി സകല സൃഷ്ടികളോടും എൻെറ സുവിശേഷം അറിയിക്കുവിൻ! വിശ്വസിക്കുകയും ജ്ഞാനസ്നാനം സ്വീകരിക്കുകയും ചെയ്യുന്നവൻ രക്ഷപ്രാപിക്കും. വിശ്വസിക്കാത്തവൻ കുററക്കാരനായി വിധിക്കപ്പെടും."

(വി. മർക്കോസ് xvi 15-16)

ദിവ്യഗുരുവിൻെറ ഈ കല്പന അനുസരിച്ചു പരിശുദ്ധാത്മാവിനാൽ നിറഞ്ഞ ശ്ലീഹന്മാർ ലോകമെങ്ങും സുവിശേഷദീപം കൊളുത്തുവാനായി പുറപ്പെട്ടു. വി. പത്രോസ് റോമാക്കാർക്ക് സുവിശേഷം പ്രസംഗിച്ചു. വി. പൗലോസ് പുറജാതികളുടെ അപ്പസ്തോലനായി. വി. തോമ്മാ ആദ്യകാലങ്ങളിൽ പേർഷ്യയിലും എത്യോപ്യയിലും സുവിശേഷം പ്രസംഗിച്ചു. അതിൻെറശേഷം ശ്ലീഹാ ഇൻഡ്യയിലേക്കു കപ്പൽ കയറുകയും ക്രി. വ. 52–ൽ കൊടുങ്ങല്ലൂർ വന്നിറങ്ങുകയും ചെയ്തു. അദ്ദേഹത്തിൻെറ ആദിമപ്രവർത്തനരംഗവും കൊടുങ്ങല്ലൂർ തന്നെയായിരുന്നു. അവിടെനിന്നു കേരളത്തിൻെറ വിവിധ ഭാഗങ്ങളിൽ ചുററിസഞ്ചരിച്ച് അത്ഭുതങ്ങളാലും പ്രസംഗങ്ങളാലും അനേകംപേരെ അദ്ദേഹം മാനസാന്തരപ്പെടുത്തി. ശ്ലീഹാ കേരളത്തിൽ കൊടുങ്ങല്ലൂർ. പാലയൂർ, കോട്ടക്കാവ് (വടക്കൻപറവൂർ), കോക്കമംഗലം, നിരണം, കൊല്ലം, ചായൽ എന്നീ ഏഴു സ്ഥലങ്ങളിൽ ദൈവാലയങ്ങളും പലേടത്തും കുരിശുകളും സ്ഥാപിച്ചുവെന്നു കേരളപാരമ്പര്യം ഘോഷിക്കുന്നു.

കേരളത്തിൽനിന്നും വി. തോമസ് അപ്പോസ്തോലൻ ഭാരതത്തിൻെറ കിഴക്കേ തീരങ്ങളിലേക്കു പോകുകയും അവിടെ അനേകം പേരെ മാനസാന്തരപ്പെടുത്തുകയുംചെയ്തു. ഈ മാനസാന്തരബാഹുല്യം കണ്ടു് ക്ഷേത്രത്തിലെ പൂജാരികാംക്കു തോമ്മാശ്ലീഹായുടെ നേരെ വലിയ അസൂയയും വൈരവും ഉദിച്ചു. മൈലാപ്പൂരിനടുത്തുള്ള ചിന്നമല എന്ന സ്ഥലത്തുവച്ചു ശത്രുക്കാം അദ്ദേഹത്തെ വധിക്കുവാൻ ഒരുമ്പെടുകയും അദ്ദേഹം സമീപസ്ഥലമായ പെരിയമലയിലേക്കു ഓടിപ്പോകുകയുംചെയ്തു. അവിടെവച്ചു് ഒരു എമ്പ്രാൻെറ ശൂലം കൊണ്ടുള്ള കുത്തേററു ശ്ലീഹാ മരണമടഞ്ഞു. വിശുദ്ധൻ ദിവംഗതനായതു ക്രി. വ. 72 ജൂലൈ മൂന്നാംതീയതിയാണെന്നാണു പാരമ്പര്യം. അദ്ദേഹത്തിൻെറ പാവനശരീരം മൈലാപ്പൂരിൽ അടക്കംചെയ്യപ്പെട്ടു. ഈ സ്ഥലത്താണു മൈലാപ്പൂരിലെ സാൻതോം കത്തീഡ്രൽ സ്ഥിതിചെയ്യുന്നതു്.

വിശുദ്ധൻെറ പൂജ്യാവശിഷ്ടം ഉദ്ദേശം മൂന്നാം നൂററാണ്ടിൽ എദേസായിലേക്കും അവിടെനിന്നു 1141-ൽ കിയോസ് ദ്വീപിലേക്കും 1258-ൽ ഇററലിയിലെ ഓർത്തോണാ നഗരത്തിലേക്കും കൊണ്ടുപോകപ്പെട്ടു. 1953 ഡിസംബറിൽ അത്യുന്നത കർദ്ദിനാാം ടിസറൻറു തിരുമനസ്സുകൊണ്ടു മാർത്തോമ്മാശ്ലീഹായുടെ തിരുശേഷിപ്പിൻെറ രണ്ടു ഭാഗങ്ങാം ഇൻഡ്യയിലേക്കു കൊണ്ടുവരുകയും കൊടുങ്ങല്ലൂരും മൈലാപ്പൂരിലുമായി സ്ഥാപിക്കുകയുംചെയ്തു.

മാർത്തോമ്മാശ്ലീഹാ ഇൻഡ്യയിൽ വരുകയും സുവിശേഷം പ്രസംഗിക്കുകയും ചെയ്തുവെന്നുള്ളതിനു അനിഷേധ്യങ്ങളായ അനവധി തെളിവുകാം ഉണ്ടു്.

1. പാരമ്പര്യം:— തോമ്മാശ്ലീഹാ കേരളത്തിൽ വന്നു വേദം പ്രസംഗിച്ചതായി ആദ്യനൂററാണ്ടുമുതൽ പരമ്പരാഗതമായി വിശ്വസിച്ചുപോരുന്നു. മാർതോമ്മാശ്ലീഹായെപ്പററി കേരളത്തിൻെറ എല്ലാഭാഗത്തും തമിഴ്നാട്ടിലുമുള്ള പാരമ്പര്യം ഇന്നും വളരെ സജീവമായി നിലനില്ക്കുന്നു. ഈ പാരമ്പര്യമാകട്ടെ ചരിത്രത്തേക്കാാം പ്രാബല്യമേറിയതാണു്.

2. മാർത്തോമ്മാ ക്രിസ്ത്യാനികൾ—: ആദ്യനൂററാണ്ടുമുതൽ "മാർത്തോമ്മാ ക്രിസ്ത്യാനികൾ" എന്ന പേരോടുകൂടിയ ഒരു ജനസമൂഹം കേരളത്തിൽ ജീവിച്ചുവരുന്നു. മാർത്തോമ്മാശ്ലീഹായ്ക്കു് ഇവിടത്തെ ക്രിസ്ത്യാനികളുമായി അഭേദ്യബന്ധമില്ലായിരുന്നെങ്കിൽ കേരള നസ്രാണികൾക്കു "മാർത്തോമ്മാക്രിസ്ത്യാനികൾ" എന്നനാമം ഉണ്ടായതെങ്ങനെ?

3. ദുക്റാനത്തിരുനാൾ:— കേരളസുറിയാനിക്കാർ ജൂലൈ 3-ാംതീയതി വി. തോമ്മാശ്ലീഹായുടെ ദുക്റാനത്തിരുനാൾ കടമുള്ളതായി ആചരിച്ചുവരുന്നു. കേരളത്തിലെ സുറിയാനി വൈദികർ ജപിച്ചുവരുന്ന കാനോൻ ജപപ്പുസ്തകത്തിൽ ജൂലൈ 3-ാംതീയതിക്കുള്ള ഭാഗത്തിൽ വി. തോമ്മാശ്ലീഹായെ സംബന്ധിച്ച പ്രത്യേകം പ്രാർത്ഥനകൾ ചേർത്തിട്ടുണ്ടു്. മറെറാരു സ്ഥലത്തും റീത്തിലും ഇതു കാണുന്നില്ല. ഈ വസ്തുതകൾ തോമ്മാശ്ലീഹായ്ക്കു കേരളസഭയോടുള്ള ബന്ധത്തെയല്ലേയോ കുറിക്കുന്നതു്?

4. പള്ളികൾ:— കേരളത്തിലെ കൊടുങ്ങല്ലൂർ, പാലയൂർ, കോട്ടക്കാവു്, കോക്കമംഗലം, നിരണം, കൊല്ലം, ചായൽ എന്നീ ഏഴുപള്ളികൾ വി. തോമ്മാശ്ലീഹായാൽ സ്ഥാപിക്കപ്പെട്ടതായി വിവിധ ജാതിയിലും മതത്തിലുംപെട്ട കേരളീയർ പരമ്പരാഗതമായി വിശ്വസിച്ചുവരുന്നു.

5. മൈലാപ്പൂരിലെ ശവകുടീരം :- ഒന്നാംനൂററാണ്ടുമുതൽ തുടച്ചയായി മൈലാപ്പൂരിലേക്കു പൊയ്ക്കൊണ്ടിരുന്ന തീർത്ഥയാത്രക്കാർ വി. തോമ്മാശ്ലീഹായുടെ ശവകുടീരം മൈലാപ്പൂരിലാണെന്നുള്ളതിനു സാക്ഷ്യം വഹിക്കുന്നു. ഇതു വിശുദ്ധനും ഭാരതസഭയുമായുള്ള ബന്ധത്തിനു അനിഷേധ്യമായ മറെറാരു തെളിവാണു്. തങ്ങളുടെ ആത്മീയപിതാവായ മാർത്തോമ്മാശ്ലീഹായുടെ കബറിടത്തിങ്കലേക്കു് തീർത്ഥാടനം ചെയ്കയെന്നതു കേരളക്രിസ്ത്യാനികളുടെ ഒരു പ്രാചീനാചാരമായിരുന്നു. പത്തൊമ്പതാംശതാബ്ദത്തിലെ 'പദ്രുവാദോശീശ്ശ'യുടെ കാലത്തു പരിശുദ്ധ സിംഹാസനത്തിൽനിന്നു മുടക്കം ചെയ്തുവരെ ഈ ആചാരം നിലനിന്നിരുന്നു.

കേരളീയർ മാത്രമല്ലാ ഭാരതത്തിനു പുറത്തുനിന്നും അനേകർ വിശുദ്ധൻെറ കബറിടം സന്ദർശിച്ചിരുന്നതായി കാണാം. ക്രി. വഷം 883-ൽ ഇംഗ്ലണ്ടിലെ മഹാനായ ആൽഫ്രെഡ്ഡു രാജാവു് തന്വിക്കഡയിൻകാരെ തോല്പിക്കവാൻ സാധിച്ചതിനു കൃതജ്ഞതാസൂചകമായി സിഗ്ഗ്ലേം എന്ന മെത്രാൻെറ നേതൃത്വത്തിൽ ഒരു തീർത്ഥസംഘത്തെ ഇൻഡ്യയിലേക്കു് അയക്കുകയും അനേകം വിലപിടിച്ച നേച്ചകൾ വി. തോമ്മായുടെ ശവകുടീരത്തിൽ കാഴ്ച്ചവയ്ക്കുകയും ചെയ്തതായി "ആംഗ്ലോസാക്സൺ ക്രോണിക്കിൾ" എന്ന പ്രാചീന ഇംഗ്ലീഷ് രേഖയിൽ കാണുന്നു. മാർക്കോപോളോ എന്ന വെനീഷ്യൻ സഞ്ചാരി താൻ 1295-ൽ ദക്ഷിണേന്ത്യയിൽ വരുകയും വി. തോമ്മാശ്ലീഹായുടെ ശവകുടീരം സന്ദർശിക്കുകയും ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ടു്. 1324-ൽ ഇററലിയിലെ വാഴ്ത്തപ്പെട്ട ഒഡോറിക്കു് എന്ന ഫ്രാൻസിസ്കൻ മൈലാപ്പൂരിൽ തോമ്മാശ്ലീഹായുടെ കബറിടം സന്ദർശിച്ചതായി എഴുതിയിരിക്കുന്നു. 1350-ൽ മാർപ്പാപ്പായുടെ പ്രതിനിധിയായ ജോൺ മരിഞ്ഞോളി എന്ന ഫ്രാൻസിസ്കൻ മെത്രാനും, 1425-ൽ നിക്കൊളോദ് കൊൺതി എന്ന ഇററാലിയൻ സഞ്ചാരിയും മാർത്തോമ്മാശ്ലീഹായുടെ മൈലാപ്പൂർ കബറിടം സന്ദർശിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. 1545-ൽ വി. ഫ്രാൻസീസ് സേവ്യർ മൈലാപ്പൂർ സന്ദർശിച്ചതായും അവിടെ നാലുമാസത്തോളം താമസിച്ച വി. തോമ്മാശ്ലീഹായുടെ ശവകുടീരത്തിനു സമീപം രാത്രിസമയം പ്രാർത്ഥനയിൽ നിമഗ്നനായിരുന്നതായും അദ്ദേഹം എഴുതിയ കത്തുകളിൽ കാണുന്നു.

കേരളം സന്ദർശിച്ചിട്ടുള്ള ക്ലോഡിയസ് ബുക്കാനൻ എന്ന പ്രോട്ടസ്റ്റൻറ് മിഷനറി പറയുന്നതു് ഇങ്ങനെയാണ്: "പത്രോസ് ശ്ലീഹാ റോമിൽവച്ചു മരിച്ചു എന്നതിനു നമുക്കു് എത്രത്തോളം തെളിവുകളുണ്ടോ, അത്രത്തോളം തെളിവു് തോമ്മാശ്ലീഹാ ഇൻഡ്യയിൽ വച്ചു മരിച്ചു എന്നതിനും ഉണ്ടു്." കൽക്കട്ടായിൽ ആംഗ്ലിക്കൻ മിഷനറിയായിരുന്ന ബിഷപ്പ് ഹീബർ കുറേക്കൂടി ഉറപ്പിച്ചു് ഇപ്രകാരം പറയുന്നു: "വി. പൗലോസ് റോമാനഗരിയിലും, ലിയോനിഡാ

സ് തെമ്മോപൊളിയിലുംവച്ചു മരണം കൈവരിച്ചു എന്ന വസ്തുതകളെ നാം എത്രത്തോളം ശരിയായി വിശ്വസിക്കുന്നുവോ അത്രത്തോളം സന്നദ്ധതയോടുകൂടി തോമ്മാശ്ലീഹായുടെ മൈലാപ്പൂരിൽവച്ചുള്ള മരണത്തെ നമുക്കു വിശ്വസിക്കാവുന്നതാണ്".

6. പ്രാചീനകൃതികൾ:- രണ്ടാംനൂററാണ്ടിന്റെ അവസാനത്തിൽ സുറിയാനി ഭാഷയിൽ വിരചിതമായ "തോമ്മാശ്ലീഹായുടെ നടപടികൾ" മലയാളഭാഷയിലെ പ്രാചീനകൃതികളായ "മാർഗ്ഗംകളിപ്പാട്ട്" "തോമ്മാപർവ്വം" "റമ്പാൻപാട്ട്" എന്നീ ഗ്രന്ഥങ്ങളിൽ തോമ്മാശ്ലീഹാ മലങ്കരെ വന്നതും മൈലാപ്പൂരിൽവച്ചു രക്തസാക്ഷിയായി മരിച്ചതും മററും വിവരിച്ചിട്ടുണ്ട്.

7. സഭാപിതാക്കന്മാരുടേയും ചരിത്രകാരന്മാരുടേയും സാക്ഷ്യങ്ങൾ:- ക്രൈസ്തവസഭയുടെ ആദിമശതകങ്ങളിൽ ജീവിച്ചിരുന്ന പലേ പിതാക്കന്മാരും വി. തോമാശ്ലീഹായുടെ ഭാരതത്തിലെ സുവിശേഷവേലയെപ്പററിയും രക്തസാക്ഷി മരണത്തെക്കുറിച്ചും അവരുടെ കൃതികളിൽ സ്പഷ്ടമായി രേഖപ്പെടുത്തിയിട്ടുണ്ട്.

ഒന്നാംനൂററാണ്ടുമുതൽ ഇന്നോളമുള്ള നിരവധി ചരിത്രരേഖകൾ പരിശോധിച്ചതിന്റെ ഫലമായി സുപ്രസിദ്ധ ചരിത്രപണ്ഡിതന്മാർ മാർത്തോമ്മാശ്ലീഹാ തന്നെയാണ് ഭാരതത്തിന്റെ അപ്പോസ്തോലൻ എന്ന വാസ്തവം സമ്മതിച്ചേററു പറഞ്ഞിട്ടുണ്ട്. ഡോക്ടർ മിൻഗാനാ എന്ന ദേഹം പ്രസ്താവിക്കുന്നതു് ഇങ്ങനെയാണ്; "വിശുദ്ധ തോമായെപ്പററി പ്രസ്താവിക്കുമ്പോൾ അദ്ദേഹത്തിന്റെ നാമത്തെ ഭാരതവുമായി സംഘടിപ്പിക്കാത്ത ഒരു ചരിത്രകാരനെയാകട്ടെ, ഒരു കവിയെയാകട്ടെ, ഒരു പ്രാർത്ഥനാപ്പുസ്തകമാകട്ടെ, ഒരു ആരാധനാക്രമമാകട്ടെ കണ്ടെത്തുക അസാദ്ധ്യം" വി. തോമസ് അപ്പസ്തോലൻ സിറിയായിൽനിന്നു് വിശ്വാസദീപം ദക്ഷിണേന്ത്യയിൽ കൊണ്ടുവരുകയാണുണ്ടായതെന്നു ഡോക്ടർ രാധാകൃഷ്ണനും, ഒന്നാംശതാബ്ദം മുതൽ ക്രിസ്ത്യാനികൾ ഇൻഡ്യയിലുണ്ടായിരുന്നുവെന്നു പണ്ഡിററ് ജവഹർലാൽ നെഹ്റുവും രേഖപ്പെടുത്തിയിട്ടുണ്ട്.

## 2. ഭാരതസഭ മാർത്തോമ്മാശ്ലീഹായ്ക്കുശേഷം

കേരളത്തിലേ ആദിമക്രിസ്ത്യാനികളുടെ ആത്മീയഭരണം നിർവ്വഹിച്ചുകൊണ്ടിരുന്നതു സ്വദേശമെത്രാന്മാരായിരുന്നു. എന്നാൽ രണ്ടോ മൂന്നോ ശതകങ്ങൾക്കുശേഷം കേരളസഭ വൈദേശികമായ പൗരസ്ത്യസഭകൾക്ക് അധീനമായിത്തീർന്നു. ക്രി. വർഷം 325-ൽ കൂടിയ നിക്യാസൂനഹദോസിൽ "പേർഷ്യയിലെയും വലിയ ഇൻഡ്യയിലെയും സഭകളുടെ മെത്രാനായ" ഒരു മാർ യോഹന്നാൻ സംബന്ധിച്ചിരുന്നതായി കാണുന്നു. ഈ കാലങ്ങളിൽ കേരളത്തിനു പേർഷ്യാ, മെസെപ്പൊട്ടേമിയ മുതലായ രാജ്യങ്ങളുമായി കച്ചവടബന്ധമുണ്ടായിരുന്നു. 16-ാംനൂറ്റാണ്ടിന്റെ അന്ത്യംവരേയും കേരളസഭയുടെ ഭരണം നടത്തിയിരുന്നതു പേർഷ്യാ, ബാബിലോൺ, അന്തിയോക്കിയാ എന്നീ സ്ഥലങ്ങളിൽനിന്നു വന്നിരുന്ന സുറിയാനിക്കാരായ മെത്രാന്മാരായിരുന്നു.

ക്രി. വർഷം 345-ൽ സിറിയാ ദേശക്കാരായ 472 ക്രിസ്തീയ കുടുംബക്കാർ ഒരു ധനികനും കച്ചവടക്കാരനുമായ ക്നായിത്തൊമ്മന്റെ നേതൃത്വത്തിൽ മഹാദേവർ (കൊടുങ്ങല്ലൂർ) പട്ടണത്തിൽ കുടിയേറിപ്പാർത്തു. കേരളത്തെ അന്നു ഭരിച്ചുകൊണ്ടിരുന്ന ചേരമൻ പെരുമാൾ കുടിയേറിപ്പാർത്തവരടക്കമുള്ള കേരളത്തിലെ ക്രിസ്ത്യാനികൾക്ക് അദ്ദേഹം മുഖേന ചില പദവികളും പ്രത്യേക അവകാശങ്ങളും നല്കുകയുണ്ടായി. ക്നായിത്തൊമ്മന്റേയും അനുചരന്മാരുടേയും കുടിയേറ്റം കേരളക്രിസ്ത്യാനികൾക്ക് ഒരു വലിയ അനുഗ്രഹമായിരുന്നു. അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്ന പണ്ഡിതന്മാരായ വൈദികരുടെ സഹായം കേരളത്തിലേ ക്രിസ്ത്യാനികൾക്കു ലഭിച്ചതു ഒരു വലിയ ഉപകാരമായിത്തീർന്നു. കേരളക്രിസ്ത്യാനികൾ സംസ്കാരത്തിലും കൃഷിവാണിജ്യാദികളിലും അഭിവൃദ്ധി പ്രാപിച്ചുവന്നു. ക്രി. വർഷം 825-ൽ സബറീശോ അല്ലെങ്കിൽ ബാർഏശു മുതലാളി എന്നു പേരായ ഒരു പേർഷ്യൻ കച്ചവടക്കാരന്റെ നേതൃത്വത്തിൽ കുറേ സിറിയൻ ക്രിസ്ത്യൻ കുടുംബങ്ങൾ കൊല്ലത്തുവന്നു താമസമാക്കി.

ഒരു ഗ്രീക്കു സഞ്ചാരിയായ കോസ്മോസ് ക്രിസ്താബ്ദം 522-ൽ ഇൻഡ്യാ സന്ദർശിക്കുകയും കുരുമുളകു വിളയുന്ന കേരളത്തിലും സിലോണിലും ഓരോ ക്രിസ്തീയസമുദായം ഉണ്ടായിരുന്നെന്നു് എഴുതുകയും ചെയ്തിരിക്കുന്നു.

16-ാം നൂററാണ്ടുവരെ കേരളീയസഭ സത്യവിശ്വാസത്തെ പാലിച്ചിരുന്നെന്നും റോമായുടെ അധികാരത്തിനു വിധേയമായിരുന്നെന്നും ഉള്ളതിനു് അനേകം ചരിത്രവസ്തുതകൾ മതിയായ തെളിവുകൾ നല്കുന്നു.

1. ക്രിസ്താബ്ദം 883-ൽ മഹാനായ ആൽഫ്രെഡ് രാജാവു് മൈലാപ്പൂരിലെ വി. തോമ്മാശ്ലീഹായുടെ കബറിടത്തുങ്കലേക്കു നേർച്ചകൾ കൊടുത്തയയ്ക്കുകയുണ്ടായല്ലോ. ഭാരതസഭ ശീശ്മയിൽ ഉൾപ്പെട്ടിരുന്നെങ്കിൽ ഒരു ഉത്തമ കത്തോലിക്കാരാജാവായ ആൽഫ്രെഡ് അവിടെ നേർച്ചകൾ കൊടുത്തയയ്ക്കുക അസംഭവ്യമാണു്.

2. ക്രി. വർഷം 1122-ൽ മാർ യോഹന്നാൻ എന്ന ഒരു ഇൻഡ്യൻ മെത്രാപ്പോലീത്താ റോമിൽ എത്തി, കലിക്സ്റ്റസ് ദ്വിതീയൻ മാർപ്പാപ്പായെ സന്ദർശിക്കുകയുണ്ടായി. മാർപ്പാപ്പാ മെത്രാപ്പോലീത്തായ്ക്കു പാത്രിയർക്കീസ് സ്ഥാനവും 'പാല്യം' എന്ന അധികാരവസ്ത്രവും നല്കി. ഈ സംഭവവും അക്കാലത്തു ഭാരതസഭ ശീശ്മയിൽ പെട്ടിരുന്നില്ല എന്നുള്ളതിനു ഒരു തെളിവാണു്.

3. ജോൺ മോന്തെ കൊർവീനോ എന്ന യൂറോപ്യൻ മിഷനറി 1291-ൽ ഇൻഡ്യയിൽ വരുകയും 13 മാസക്കാലം ഇവിടെ താമസിച്ചു പലയിടങ്ങളിലായി 100 ആളുകളെ മാനസാന്തരപ്പെടുത്തുകയും ചെയ്തതായി എഴുതിയിരിക്കുന്നു. ഇവിടത്തെ ക്രിസ്ത്യാനികൾ അബദ്ധവിശ്വാസികളാണെന്നോ നെസ്തോറിയന്മാരാണെന്നോ ഉള്ള യാതൊരു സൂചനയും അദ്ദേഹം നല്കുന്നില്ല.

4. 1329-ൽ 22-ാം യോഹന്നാൻ മാർപ്പാപ്പാ ജോർദാനുസ് എന്ന ഡൊമിനിക്കൻ വൈദികനെ കൊല്ലത്തെ മെത്രാനായി

നിയമിച്ചു. ഇതിൽനിന്നു കൊല്ലത്തും പരിസരങ്ങളിലുമുണ്ടായിരുന്ന ക്രിസ്ത്യാനികൾ മാർപ്പാപ്പായുടെ കീഴിലിരുന്നുവെന്നു തെളിയുന്നു.

5. 1348-ൽ കൊല്ലത്തു കുറേക്കാലം താമസിച്ച ആളും മാർപ്പാപ്പായുടെ പ്രതിപുരുഷനുമായ ജോൺ ദ് മരിഞ്ഞോളി, മാർത്തോമ്മാ ക്രിസ്ത്യാനികൾ കുരുമുളകിന്റെ ഉടമസ്ഥരാകുന്നുവെന്നും മാർപ്പാപ്പായുടെ പ്രതിപുരുഷൻ എന്നനിലയിൽ തനിക്കു പ്രതിമാസം 100 പൊൻപണവും കേരളക്കര വിട്ടുപോയപ്പോൾ 1000 പൊൻപണവും നല്കിയതായും പ്രസ്താവിക്കുന്നു. മാർപ്പാപ്പായുടെ പ്രതിനിധിയെ ഇപ്രകാരം ബഹുമാനിക്കുകയും സഹായിക്കുകയും ചെയ്ത ഇവിടത്തെ ക്രിസ്ത്യാനികൾ മാർപ്പാപ്പായുടെ ഭരണത്തിൻകീഴുള്ള കത്തോലിക്കരായിരുന്നുവെന്നതിൽ സംശയിക്കാനൊന്നുമില്ല.

6. 1439-ൽ യൂജീൻ ചതുർത്ഥൻ മാർപ്പാപ്പാ ക്രിസ്തീയരാജകുടുംബമായ വില്ലാർവട്ടത്തു സ്വരൂപത്തിലെ രാജാവിനയച്ച കത്തിൽ രാജാവും പ്രജകളും സത്യക്രിസ്ത്യാനികളാണെന്നു പ്രസ്താവിച്ചിരിക്കുന്നു.

7. കേരളത്തിലെ ക്രിസ്ത്യാനികൾ റോമിലെ മാർപ്പാപ്പായെ തിരുസ്സഭയുടെ തലവനായി കരുതുന്നുവെന്നു 1493-ൽ കേരളത്തിൽ വന്ന ലൂയീസ് കടമുസ്റ്റോക്കു് എന്ന വെനീഷ്യൻ സഞ്ചാരി രേഖപ്പെടുത്തിയിട്ടുണ്ടു്.

## 3. പോർട്ടുഗീസുകാരും നസ്രാണികളും

1498-ൽ വാസ്കോ ഡി ഗാമാ എന്ന പോർട്ടുഗീസ് നാവികൻ കപ്പൽമാർഗ്ഗം കോഴിക്കോട്ടു തുറമുഖത്തു വന്നെത്തി. 1502-ൽ അദ്ദേഹം രണ്ടാംപ്രാവശ്യം ഭാരതഭൂമിയിൽ വരുകയും തന്റെ കപ്പലുകൾ കൊച്ചിയിൽ അടുപ്പിക്കുകയും ചെയ്തു. ഈ അവസരത്തിൽ മലങ്കരനസ്രാണികളുടെ പ്രതിനിധികൾ കൊച്ചിയിൽചെന്നു പ്രസിദ്ധനായ ആ കപ്പിത്താനെ സന്ദർശിക്കുകയും അന്നു അന്യംനിന്നുപോയിരുന്ന വില്ലാർവട്ടത്തു രാജകുടുംബത്തിന്റെ ചെങ്കോലും സ്ഥാനാ

ചിഹ്നങ്ങളും അദ്ദേഹത്തെ ഏല്പിക്കുകയും കത്തോലിക്കനായ പോർട്ടുഗൽ രാജാവിന്റെ സംരക്ഷണയ്ക്കു സ്വയം വിധേയരാവുകയും ചെയ്തു. വാസ്കോ ഡി ഗാമാ അവരുടെ അഭീഷ്ടം സസന്തോഷം സ്വീകരിച്ച് അവർക്ക വേണ്ട സഹായങ്ങൾ നല്കാമെന്നു വാഗ്ദാനംചെയ്തു. ഏകദേശം അൻപതുകൊല്ലത്തേക്ക പോർട്ടുഗീസുകാരും നസ്രാണികളും തമ്മിൽ വളരെ രമ്യതയിൽ വർത്തിച്ചിരുന്നു. മതവിഷയത്തിലും ഒരേ സഭാംഗങ്ങൾ എന്ന നിലയിൽത്തന്നെയാണ് അവർ വർത്തിച്ചിരുന്നതു്.

1504-ൽ ബാബേലിൽനിന്നു നാലുമെത്രാന്മാർ കേരളത്തിൽ വന്നു. ഈ മെത്രാന്മാരെ പോർട്ടുഗീസുകാർ സന്തോഷപൂർവ്വം സ്വീകരിക്കുകയും അവർ സമർപ്പിച്ച ദിവ്യബലിയിൽ പങ്കുകൊള്ളുകയും ചെയ്തു. ഈ മെത്രാന്മാരിലൊരാളായ മാർ യാക്കോബ് 45 കൊല്ലക്കാലം മലങ്കരനസ്രാണികളുടെ ഭരണം നടത്തി. വളരെ ഭക്തനായിരുന്ന ഈ മെത്രാൻ 1549-ൽ ചരമമടഞ്ഞു.

## 4. മാർ യൗസേപ്പ് മെത്രാപ്പോലീത്താ (1555-68)

മാർ യാക്കോബിന്റെ മരണാനന്തരം ആറുവർഷം കഴിഞ്ഞു ബാബേലിൽനിന്നു മാർ യൗസേപ്പ് എന്ന മെത്രാപ്പോലീത്താ കേരളത്തിൽവന്നു. അദ്ദേഹം കേരളത്തിൽവന്ന് അധികം കഴിയുന്നതിനു മുമ്പുതന്നെ പോർട്ടുഗീസുകാരുമായി നീരസമുണ്ടാകുന്നതിന് ഇടയായി. സുറിയാനി വശമില്ലാതിരുന്ന കൊടുങ്ങല്ലൂർ സെമിനാരിയിലെ ഏതാനും വൈദികവിദ്യാർത്ഥികൾക്ക പട്ടംകൊടുക്കുവാൻ മാർ യൗസേപ്പ് വിസമ്മതിച്ചു. ഇതു സെമിനാരി അധികൃതരായ പോർട്ടുഗീസ് അധികൃതരെ ക്ഷോഭിപ്പിച്ചു. പോർട്ടുഗീസുകാർ മാർ യൗസേപ്പിൽ നെസ്തോറിയൻ വിശ്വാസം ആരോപിച്ച് 1556-ൽ അദ്ദേഹത്തെ പോർട്ടുഗലിലേക്ക നാടുകടത്തി. എന്നാൽ പോർട്ടുഗലിലെ കാതറൈൻ രാജ്ഞിയും കർദ്ദിനാൾ ഡോൺ ഹെൻട്രിയും അദ്ദേഹം നിർദ്ദോഷിയായ ഒരു ഉത്തമ കത്തോലിക്കനാണെന്നു ഗ്രഹിച്ചു വീണ്ടും അദ്ദേഹത്തെ ഇൻഡ്യയിലേക്ക് അയക്കുകയാണു ചെ

സ്തൂ°. 1565-ൽ മാർ യൗസേപ്പ് വീണ്ടും കേരളത്തിൽ എത്തി ഭരണമാരംഭിച്ചു. പോർട്ടുഗീസുകാരുടെ നിബ്ബന്ധം മൂലം മതാനുഷ്ഠാനക്രമങ്ങളിൽ പ്രധാനമായ പല ആചാരവ്യത്യാസങ്ങളും ഇദ്ദേഹം നടപ്പിലാക്കുകയുണ്ടായി. വിശുദ്ധ പൂജ അപ്പിക്കുമ്പോഠം ഉപയോഗിക്കുന്ന തിരുവസ്ത്രങ്ങഠം പൗരസ്ത്യരീതിയിലായിരുന്നതു മാററി പാശ്ചാത്യരീതിയിലാക്കിയതും ദിവ്യബലിക്കു പുളിച്ച അപ്പവും മുന്തിരിങ്ങാച്ചാറം ഉപേക്ഷിച്ചു പുളിക്കാത്ത അപ്പവും വീഞ്ഞും നടപ്പിൽ വരുത്തിയതും ഇദ്ദേഹത്തിൻെറ കാലത്താണ്°. എന്നാൽ ഇങ്ങനെയൊക്കെ ചെയ്തിട്ടും പോർട്ടുഗീസുകാരെ ദീർഘകാലത്തേക്കു തൃപ്തിപ്പെടുത്തിക്കൊണ്ടുപോകുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. 1567-ൽ പോർട്ടുഗീസുകാർ അദ്ദേഹത്തെ റോമിലേക്കു കൊണ്ടുപോയി. റോമിൽ അദ്ദേഹം മാപ്പാപ്പായുടേയും കർദ്ദിനാളന്മാരുടേയും സ്നേഹബഹുമാനങ്ങഠംക്കു പാത്രീഭൂതനായി. 1569-ൽ റോമിൽവച്ച്° അദ്ദേഹം നിര്യാണം ചെയ്തു.

## 5. മാർ അബ്രാഹം മെത്രാപ്പോലീത്താ (1568-97)

പോർട്ടുഗലിൽനിന്നു കാതറൈൻ രാജ്ഞിയാൽ മാർ യൗസേപ്പു തിരിച്ചയക്കപ്പെട്ട കാലത്തുതന്നെ ബാബേലിൽനിന്നും മാർ അബ്രാഹം എന്ന ഒരു മെത്രാപ്പോലീത്താ കേരളത്തിൽ വന്നു. എന്നാൽ അദ്ദേഹത്തേയും പോർട്ടുഗീസുകാർ ഉടനെതന്നെ നാടുകടത്തുകയുണ്ടായി. മാപ്പാപ്പായുടെ സാക്ഷ്യപത്രത്തോടുകൂടി 1568-ൽ അദ്ദേഹം വീണ്ടും ഇൻഡ്യയിൽ വന്നു. മാർ അബ്രാഹം 1568 മുതൽ 1597 വരെ കേരളസഭയെ ഭരിച്ചു. കൽദായ പാത്രിയർക്കീസന്മാരുമായുള്ള ബന്ധത്തിൽനിന്നും കേരളസഭയെ വേർപെടുത്തുവാൻ ബദ്ധപ്പെട്ടുകൊണ്ടിരുന്ന പോർട്ടുഗീസുകാർ മാർ അബ്രാഹത്തെ നിരന്തരം ശല്യപ്പെടുത്തിക്കൊണ്ടിരുന്നു. 1576-ൽ മാർ അബ്രാഹം ഈ വിവരങ്ങളെല്ലാം കാണിച്ചു കൊച്ചീരാജാവു വഴി മാപ്പാപ്പായ്ക്കു° ഒരെഴുത്തയച്ചു. മാർ അബ്രാഹം മെത്രാപ്പോലീത്തായെപ്പററി മാപ്പാപ്പായ്ക്കുള്ള വിശ്വാസം പ്രത്യക്ഷപ്പെടുത്തുന്ന ഓരോ ലേഖനം റോമിൽനിന്നു°

പോർട്ടുഗൽ രാജാവിനും ഗോവാ മെത്രാപ്പോലീത്തായ്ക്കും അയക്കുകയുണ്ടായി. ഇതു കഴിഞ്ഞു കുറേക്കാലത്തേക്കു മാർ അബ്രാഹത്തിനു പോർട്ടുഗീസുകാരിൽനിന്നു വലിയ ശല്യങ്ങളൊന്നും ഉണ്ടായില്ല.

മാർ അബ്രാഹം മെത്രാപ്പോലീത്താ തൻെറ അജഗണങ്ങളുടെ സാമൂഹികവും ആദ്ധ്യാത്മികവുമായ സ്ഥിതി ഉയർത്തുവാൻ പല പരിഷ്ക്കാരങ്ങളും നടപ്പിൽ വരുത്തി. അദ്ദേഹം ജസ്യൂട്ട് വൈദികരെ തൻെറ അതിരൂപതയിൽ ജോലിചെയ്യുന്നതിന് അനുവദിച്ചു. 1581-ൽ അവർ കൊടുങ്ങല്ലൂരിനടുത്തുള്ള വൈപ്പിക്കോട്ട് എന്ന സ്ഥലത്ത് ഒരു കോളേജും ഒരു പള്ളിയും ഒരു മുദ്രാലയവും സ്ഥാപിച്ചു. 1582-ൽ അദ്ദേഹം അതിരൂപതവകയായി അങ്കമാലിയിൽ ഒരു സൂനഹദോസ് വിളിച്ചുകൂട്ടുകയും തൻെറ ജനങ്ങളുടെ ആത്മീയാഭിവൃദ്ധിയെ ഉദ്ദേശിച്ചു പല നിയമങ്ങളും നടപ്പിലാക്കുകയും ചെയ്തു.

1585-ൽ ഗോവയിൽവച്ചു നടത്തപ്പെട്ട മൂന്നാമത്തേ പ്രാദേശിക സൂനഹദോസിൽ മാപ്പാപ്പായുടെ ആഗ്രഹപ്രകാരം മാർ അബ്രാഹവും സംബന്ധിച്ചു. ഈ സൂനഹദോസിൽ കേരളസഭയെ സംബന്ധിച്ചു പാസാക്കപ്പെട്ട നിശ്ചയങ്ങളിൽ പലതിൻേറയും ഉദ്ദേശ്യം കേരളസുറിയാനിസഭയെ പോർട്ടുഗീസ് ഭരണത്തിന് അധീനമാക്കണമെന്നും കേരളസഭയിലേ സുറിയാനി ആരാധനക്രമങ്ങൾ ലത്തീൻമയമാക്കിത്തീർക്കണമെന്നും ആയിരുന്നു. പോർട്ടുഗീസുകാരുടെ ഈ ശ്രമത്തിൽ മാർ അബ്രാഹം ഒരു വിലങ്ങുതടിയായിരുന്നു. അതിനാൽ അദ്ദേഹം വീണ്ടും അവരുടെ അപ്രീതിക്കു പാത്രമായി. 1597-ൽ മാർ അബ്രാഹം നിര്യാതനായി. മരണാസന്നനായപ്പോൾ അദ്ദേഹം തൻെറ അജഗണങ്ങൾ റോമാ മാർപ്പാപ്പാമാരോട് എക്കാലത്തും അനുസരണമുള്ളവരായിരിക്കണമെന്നും എല്ലാവരും ജസ്യൂട്ട് വൈദികരെ ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്യണമെന്നും പ്രത്യേകമായി കല്പിച്ചു. സിറിയായിൽനിന്നു വന്ന ഒടുവിലത്തേ മെത്രാപ്പോലീത്തായായ ഇദ്ദേഹത്തിൻെറ മരണത്തോടുകൂടി മാർത്തോമ്മാക്രിസ്ത്യാനികളുടെ സുറിയാനി വൈദികാദ്ധ്യക്ഷഭരണം അവസാനിച്ചു.

## 6. ഡോം മെനേസീസ് മെത്രാപ്പോലീത്തായും ഉദയംപേരൂർ സൂനഹദോസും 1599

മാർ അബ്രാഹം നിര്യാതനായ ഉടനെ, ഗോവയിലെ മെനേസീസ് മെത്രാപ്പോലീത്താ വൈപ്പിക്കോട്ട സെമിനാരിയുടെ റെക്ടറായിരുന്ന ഫ്രാൻസീസ് റോസ് എന്ന ജസ്യൂട്ട വൈദികനെ അങ്കമാലി അതിരൂപതയുടെ അഡ്മിനിസ്റ്റ്റേറർ ആയി നിയമിച്ചു. എന്നാൽ, മെത്രാപ്പോലീത്തായുടെ അഭാവത്തിൽ അർക്കദിയാക്കോൻ (Archdeacon) സഭാഭരണം നടത്തുകയെന്ന കേരളീയസഭയിലെ നടപ്പനുസരിച്ചും 13-ാം ഗ്രീഗോരിയസ് മാപ്പാപ്പായും മാർ അബ്രാഹവും നേരത്തെ അധികാരപ്പെടുത്തിയതനുസരിച്ചും ഗീവർഗീസ് അർക്കദിയാക്കോൻ കേരളീയസഭയുടെ ഭരണം സ്വീകരിച്ചുകഴിഞ്ഞിരുന്നു. അതിനാൽ കുഴപ്പങ്ങൾ ഭയന്നു മെത്രാപ്പോലീത്താ ഫാദർ റോസിൻെറ നിയമനം റദ്ദാക്കിയശേഷം ഗീവർഗീസ് അർക്കദിയാക്കോനെത്തന്നെ അങ്കമാലിയുടെ തൽക്കാല ഭരണാധികാരിയായി നിയമിച്ചു. ഗീവർഗീസ് അർക്കദിയാക്കോൻ വൈപ്പിക്കോട്ടചെന്നു' ഫ്രാൻസീസ്കൻ വൈദികരുടെ മുമ്പാകെ വിശ്വാസസത്യം ചെയ്തെങ്കിലും മെത്രാപ്പോലീത്തായിൽ നിന്നുള്ള നിയമനപത്രം വാങ്ങിച്ചില്ല. കൽദായ പാത്രിയർക്കീസിനും റോമാമാപ്പാപ്പായ്ക്കുമല്ലാതെ ഗോവാ മെത്രാപ്പോലീത്തായ്ക്ക് കേരളസുറിയാനിസഭയുടെമേൽ അധികാരമില്ലെന്നു് അദ്ദേഹം വിശ്വസിച്ചിരുന്നതുകൊണ്ടാണ് ഇങ്ങനെ ചെയ്യാതിരുന്നതു്.

1599 ഫെബ്രുവരിയിൽ ഡോം മെനേസീസ് മെത്രാപ്പോലീത്താ ഗോവായിൽനിന്നു കേരളത്തിൽ വന്നു. ആയുധപാണികളായ അംഗരക്ഷകരുടെ അകമ്പടിയോടുകൂടി ഗീവർഗീസ് അർക്കദിയാക്കോൻ കൊച്ചിയിൽച്ചെന്നു് ഡോം മെനേസീസിനെ സന്ദർശിച്ചു. ബാബേൽ പാത്രിയർക്കീസ് നെസ്തോറിയനാണെന്നും അതിനാൽ അദ്ദേഹത്തിൻെറ നാമം മേലിൽ കുർബാനയിലും പ്രാർത്ഥനയിലും ഉച്ചരിച്ചുകൂടെന്നും മററും ഡോം മെനേസീസ് ആവശ്യപ്പെട്ടു. അർക്കദിയാക്കോൻ ആദ്യം ഇതിനു വിസമ്മതിച്ചുവെങ്കിലും ഒടുവിൽ എല്ലാ സം

ഗതികളും ഒരു സൂനഹദോസ് വിളിച്ചുകൂട്ടി തീരുമാനിക്കണമെന്നുള്ള മെത്രാപ്പോലീത്തായുടെ ഇംഗിതത്തിനു സമ്മതിച്ചുകൊടുത്തു. ഇതിനു ശേഷം ഡോം മെനേസീസ് അക്ദിയാക്കോനോടുകൂടി മലങ്കരസഭയിലെ പള്ളികൾ സന്ദർശിച്ചുതുടങ്ങി. ഇദ്ദേഹം പല സ്ഥലങ്ങളിലും വച്ചു ശെമ്മാശന്മാർക്ക് പട്ടവും കുട്ടികൾക്കു സ്ഥൈര്യലേപനവും നല്കുകയുണ്ടായി. സുറിയാനിപ്പള്ളികളിൽ ഇങ്ങനെ അനധികൃതമായി അധികാരപ്രയോഗങ്ങൾ നടത്തിയതിനെ ജനങ്ങൾ പലയിടത്തും പ്രതിഷേധിച്ചു. ഈ യാത്രയ്ക്കുശേഷമാണ് ഉദയംപേരൂർ സൂനഹദോസ് നടന്നതു്. ഡോക്ടർ മെനേസീസ് ഈ സൂനഹദോസ് വിളിച്ചുകൂട്ടിയതിൻെറ ഉദ്ദേശ്യം കേരളസഭയെ ഗോവാ അതിരൂപതയ്ക്കു കീഴ്പ്പെടുത്തണമെന്നും കൽദായറീത്തിനെ മാററി തൽസ്ഥാനത്തു ലത്തീൻ റീത്തു സ്ഥാപിക്കണമെന്നുള്ളതായിരുന്നു എന്ന കാര്യം സുവ്യക്തമാണ്.

1599 ജൂൺ 2-ാം തീയതി സൂനഹദോസ് ആരംഭിച്ചു. സൂനഹദോസിൽ മെത്രാപ്പോലീത്തായേയും അക്ദിയാക്കോനേയും കൂടാതെ ഫ്രാൻസീസ് റോസ്, ആൻറണിറെറാസ്കാനോ എന്നീ ജസ്യൂട്ട് വൈദികരും സ്വദേശിയരായ 153 വൈദികരും 671 അൽമായ പ്രതിനിധികളും സംബന്ധിച്ചിരുന്നു. ഏഴു ദിവസം നീണ്ടുനിന്ന സൂനഹദോസിൽ കേരളസഭയുടെ വിശ്വാസം, റീത്തു്, ഭരണഘടന, സാമൂഹ്യാചാരാനുഷ്ഠാനങ്ങൾ തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ച് അനേകം നിയമങ്ങൾ പാസാക്കപ്പെട്ടു. സൂനഹദോസിൽ വച്ചു പ്രതിഷേധങ്ങൾ ഉണ്ടായെങ്കിലും മെനേസിസ് മെത്രാപ്പോലീത്തായുടെ അനിതരസാധാരണമായ സാമർത്ഥ്യവും നയവിശേഷവും സ്വാധീനശക്തിയുംനിമിത്തം അതിൽ സംബന്ധിച്ചിരുന്നവർ അദ്ദേഹത്തിൻെറ ഇംഗിതത്തിനു കീഴ്പ്പെട്ടുപോവുകയാണുണ്ടായതു്.

ഉദയംപേരൂർ സൂനഹദോസിലെ നിശ്ചയങ്ങളിൽ പലതും മലങ്കരനസ്രാണികളുടെ പൂർവ്വവിശ്വാസത്തെപ്പററി അന്യരിൽ തെററിദ്ധാരണ ഉളവാക്കുന്നവയാണ്. എന്നാൽ, സൂനഹദോസ് നടപടിക

ളിൽനിന്നുതന്നെ ഈ നിശ്ചയങ്ങളിൽ പലതും അബദ്ധപൂർണ്ണമാണെന്നും മലങ്കരക്രിസ്ത്യാനികൾ സത്യക്രിസ്ത്യാനികളായിരുന്നുവെന്നും നമുക്കു തെളിയിക്കാം.

1. സൂനഹദോസ് കൂടുന്നതിനയച്ച കല്പനയിൽ സുഖക്കേടോ പ്രായാധിക്യമോ ജോലിത്തിരക്കോ മൂലം തടയപ്പെടാത്ത എല്ലാ വൈദികരും സൂനഹദോസിനു വന്നുകൊള്ളണമെന്നും ഹാജരാകാതിരിക്കുന്ന വൈദികർ അതിനാൽത്തന്നെ മഹറോൻശിക്ഷയിൽ ഉൾപ്പെടുന്നതാണെന്നും കാണിച്ചിരുന്നു. ഈ വൈദികർ കത്തോലിക്കരല്ലെങ്കിൽ അവർ മഹറോൻശിക്ഷയിൽ ഉൾപ്പെടുമെന്നു പറയുന്നതിൽ യാതൊരർത്ഥവുമില്ലല്ലോ.

2. മെത്രാപ്പോലീത്തായുടെ കല്പനയനുസരിച്ചു കേരളത്തിന്റെ നാനാഭാഗങ്ങളിലുമുള്ള ഇടവകകളിൽനിന്നും 153 വൈദികരും തിരഞ്ഞെടുക്കപ്പെട്ട 671 അൽമായ പ്രതിനിധികളും സംബന്ധിക്കുകയുണ്ടായല്ലോ. കേരളത്തിലെ സുറിയാനിക്കാർ കത്തോലിക്കരല്ലായിരുന്നെങ്കിൽ ഒരു കത്തോലിക്കാമെത്രാപ്പോലീത്തായുടെ കല്പനകേട്ട് ഇത്രയധികം പ്രതിനിധികൾ ആ സൂനഹദോസിൽ സംബന്ധിക്കുവാൻ സന്നദ്ധരാകുമോ? തീർച്ചയായും ഇല്ലെന്നു നമുക്കു മനസ്സിലാക്കാം. അതിനാൽ അവരെല്ലാം കത്തോലിക്കരായിരുന്നുവെന്നു തെളിയുന്നു.

3. സൂനഹദോസ് ദിവസങ്ങളിൽ എല്ലാ വൈദികരും ദിവ്യപൂജ അർപ്പിക്കണമെന്നു മെത്രാപ്പോലീത്താ കല്പിക്കുകയുണ്ടായി. അവർ അകത്തോലിക്കരായിരുന്നെങ്കിൽ ദിവ്യപൂജ അർപ്പിക്കുവാൻ മെത്രാപ്പോലീത്താ അവരോടു കല്പിക്കുന്നതെങ്ങനെ?

ഡോം മെനേസീസ് മെത്രാപ്പോലീത്താ കുശാഗ്രബുദ്ധിയും കർമ്മധീരനുമായ ഒരു മഹാനുഭാവനായിരുന്നു. അദ്ദേഹത്തിന്റെ മതതീക്ഷ്ണതയും പ്രശംസനീയമാണ്. അദ്ദേഹം പല നല്ല പരിഷ്കാരങ്ങളും മലങ്കരസഭാഘടനയിൽ വരുത്തിയിട്ടുണ്ട്. എന്നിരുന്നാലും അദ്ദേഹത്തിന്റെ നടപടികളിലെ ചില വൈകല്യങ്ങൾ ചൂണ്ടിക്കാണിക്കാതിരിക്കുവാൻ നിവൃത്തിയില്ല. അദ്ദേഹം ഔദ്യോഗികമായി

സുറിയാനിപ്പള്ളികൾ സന്ദർശിക്കുകയും ശമ്മാശന്മാർക്കു പട്ടം കൊടുക്കു കയും സൂനഹദോസ് വിളിച്ചുകൂട്ടി നടത്തുകയും കല്പനകൾ നല്കുകയും സുറിയാനി സഭയിലെ ആരാധനാക്രമവും ഭരണക്രമവും മാററുകയും നശിപ്പിക്കുകയും ചെയ്തതു അനധികൃതമായിട്ടായിരുന്നു. മലങ്കരസഭ യേയും സഭാദ്ധ്യക്ഷന്മാരേയും അവരുടെ റീത്തിനേയും റീത്തുഭാഷ യായ സുറിയാനിയേയും കുറിച്ച് അദ്ദേഹത്തിനുണ്ടായിരുന്ന വലിയ അജ്ഞതയും അവജ്ഞയും നിമിത്തം ലത്തീൻ റീത്തിലല്ലാത്തതെല്ലാം ശീശ്മയോ അന്ധവിശ്വാസമോ ആണെന്നു് അദ്ദേഹം പെട്ടെന്നു വി ധി കല്പിച്ചിരുന്നു. സുറിയാനിഭാഷ പാഷണ്ഡതകളുടെ സ്രോതസ്സാ യും അദ്ദേഹം കരുതിയിരുന്നു. ഇതിൻെറ ഫലമായി സുറിയാനിറീത്തു മാററി മലങ്കരസഭയിൽ ലത്തീൻറീത്തു സ്ഥാപിക്കണമെന്നു് അദ്ദേഹം ദൃഢപ്രതിജ്ഞചെയ്തു. എന്നാൽ, അപ്പോസ്തോലന്മാരുടെ കാലംമുതൽ ഇടമുറിയാതെ നിലനിന്നുപോന്നിട്ടുള്ള ആരാധനക്രമങ്ങളേയും ആ ചാരങ്ങളേയും പൊടുന്നനവെ വ്യത്യാസപ്പെടുത്തുക മലങ്കരക്രിസ്ത്യാ നികൾക്കു മർമ്മഭേദകമായിരുന്നു. പോർട്ടുഗീസുകാരുടെ ആഗമനത്തി നുശേഷം ലത്തീൻ റീത്തു സ്വീകരിച്ചവരേയും സുറിയാനി ക്രിസ്ത്യാ നികളേയും എല്ലാം കോർത്തിണക്കി ഒരു ഏകീകൃത നേതൃത്വത്തിൻ കീഴിലാക്കി ഭാരതസഭയെ പുഷ്ടിപ്പെടുത്തണമെന്നുള്ള സദുദ്ദേശ്യവും ഡോം മെനേസീസിനു് ഉണ്ടായിരുന്നിരിക്കാം. കൽദായമെത്രാന്മ ാരുടെ വരവ് അവസാനിപ്പിക്കുവാനും മലങ്കരക്രിസ്ത്യനികളെ ദീർ ഘകാലത്തേക്കു ലത്തീൻ മെത്രാന്മാരുടെ കീഴിലാക്കുവാനും ഡോം മെനേസീസിൻെറ നടപടികൾകൊണ്ടു സാധിച്ചുവെങ്കിലും മലങ്കര യിൽനിന്നു് സുറിയാനിറീത്തു് എന്നേക്കുമായി പറിച്ചുമാററുവാൻ ഇദ്ദേഹത്തിനു കഴിഞ്ഞില്ലെന്നു കേരളസഭയുടെ ആധുനിക ചരിത്രം നമ്മെ മനസ്സിലാക്കുന്നു.

ഡോം മെനേസീസിൻെറ പരിഷ്കാരങ്ങളുടെ ഉദ്ദേശ്യം എന്തു തന്നെയായിരുന്നാലും അതിൻെറ പരിണതഫലങ്ങൾ വിദൂരവ്യാപക വും അത്യന്തം മർമ്മഭേദകവുമാണു്. കൂനൻകുരിശുസത്യവും, തൽഫല മായി ഇന്നു കേരളത്തിലേ ക്രിസ്തീയസമുദായം പുത്തനും പഴയതും

യാക്കോബായും മാർത്തോമ്മായും ആംഗ്ലിക്കനും സുറിയാനിയും ഓർത്തഡോക്സുമെല്ലാമായി ഛിന്നഭിന്നപ്പെട്ട ബലഹീനമായിത്തീന്നിട്ടുള്ളതും ഡോം മെനേസീസ് മെത്രാപ്പോലീത്തായുടെ സുറിയാനി വിദ്വേഷത്തിൻേറയും അപനയത്തിൻേറയും പ്രത്യാഘാതമെന്നു പറയാതെ തരമില്ല.

## 7. ലത്തീൻമെത്രാന്മാരുടെ കീഴിൽ

ഉദയംപേരൂർ സൂനഹദോസിൻെറ ഫലമായി കൽദായ മെത്രാന്മാരുടെ പരമ്പര കേരളസഭയിൽ നിത്യമായി നിത്തലാക്കപ്പെട്ടു. 1599 ഡിസംബറിൽ അങ്കമാലി അതിരൂപത ഗോവാ അതിരൂപതയുടെ ഒരു സാമന്തരൂപതയായി തരംതാഴ്ത്തപ്പെടുകയും ലത്തീൻ റീത്തുകാരനായ ഫാദർ ഫ്രാൻസീസ് റോസ് S. J. അങ്കമാലി മെത്രാനായി നിയമിക്കപ്പെടുകയും ചെയ്തു. ഇദ്ദേഹമാണ് കേരളസുറിയാനി സഭയ്ക്കു ലഭിച്ച പ്രഥമ ലത്തീൻമെത്രാൻ. 1609-ൽ മലങ്കരസഭയുടെ വൈദികകേന്ദ്രം അങ്കമാലിയിൽ നിന്നും കൊടുങ്ങല്ലൂരേക്കു മാററി. കൊടുങ്ങല്ലൂരിന്ന് അതിരൂപതയുടെ പദവി ലഭിക്കുകയും ഫ്രാൻസീസ് റോസ് മെത്രാപ്പോലീത്തായായി ഉയത്തപ്പെടുകയും ചെയ്തു. 1624-ൽ അദ്ദേഹം ദിവംഗതനായി. ഫ്രാൻസീസ് റോസ് മെത്രാപ്പോലീത്താ ഒരു സുറിയാനി ഭാഷാപണ്ഡിതനും സുറിയാനിക്കാരോടു വളരെ അനുകമ്പയുള്ള ആളുമായിരുന്നു. മാർ ഫ്രാൻസീസ് റോസിനുശേഷം സ്റ്റീഫൻ ബ്രിട്ടോ എന്ന ജസ്യൂട്ട് മെത്രാപ്പോലീത്താ കേരളസഭയുടെ ഭരണം നടത്തി. ഇദ്ദേഹത്തിൻെറ പിൻഗാമിയായി ഈശോസഭാംഗം തന്നെയായ ഫ്രാൻസീസ് ഗാർഷ്യാ മെത്രാപ്പോലീത്താ 1641-ൽ ഭരണമാരംഭിച്ചു. 1659-ലാണ് ഇദ്ദേഹം ചരമം പ്രാപിച്ചതു്. ഈ ലത്തീൻ മെത്രാന്മാരുടെ ഭരണകാലത്തു മലങ്കരസഭയുടെ കൽദായ മതാനുഷ്ഠാനക്രമങ്ങളിൽ പല മാററങ്ങളും വരുവാൻ ഇടയാവുകയും ലത്തീനിൽനിന്നു് അനേകഭാഗങ്ങൾ സുറിയാനിയിലേക്കു തർജ്ജിമ ചെയ്തു ചേർക്കപ്പെടുകയും ചെയ്തു. അങ്ങനെ കൽദായ – സുറിയാനി റീത്തു് സീറോ–മലബാർ റീത്തായി പരിണമിച്ചു.

ഈ നടപടികാം അക്കദിയാക്കോനേയും, സുറിയാനി വൈദികരേയും, ജനങ്ങളേയും അതൃപ്തരാക്കി. ഗീവറുഗീസ് അക്കദിയാക്കോൻ പോർട്ടുഗീസ് തലസ്ഥാനമായ ലിസ്ബണിൽ താമസിച്ചിരുന്ന പേപ്പൽ നൺഷ്യോയുടെ പേക്കും പോർട്ടുഗൽരാജാവിനും 1608–ലും, 1628–ലും 1632–ലും മലങ്കരസഭയിലേ കുഴപ്പങ്ങാം പരിഹരിക്കുന്നതിനായി ഹർജികാം അയച്ചെങ്കിലും അവയൊന്നും ഫലപ്രദമായില്ല. ഇതിനിടയിൽ ഗീവർഗീസ് അക്കദിയാക്കോൻ മരണം പ്രാപിക്കുകയും അദ്ദേഹത്തിന്റെ അനന്തരവനായ തോമ്മാ അക്കദിയാക്കോൻ തൽസ്ഥാനത്തു് നിയമിതനാകുകയും ചെയ്തു.

## 8. കൂനൻകുരിശുസത്യം 1653

പോർട്ടുഗൽ മുഖേന തങ്ങളുടെ സങ്കടങ്ങാം പരിഹരിച്ചു കിട്ടുക സാദ്ധ്യമല്ലെന്നു കണ്ടപ്പോാം 1650–ൽ തോമ്മാ അക്കദിയാക്കോൻ മലങ്കരയ്ക്കു് ഒരു മെത്രാനെ അയച്ചുതരണമെന്നു ബാബേൽ പാത്രിയക്കീസിനോടു് അഭ്യർത്ഥിച്ചു. അങ്ങനെയിരിക്കെ ഇഗ്നാത്തിയോസ് അഹത്തള്ളാ എന്ന ഒരു കൽദായ മെത്രാൻ 1653–ൽ മൈലാപ്പൂരിൽ വന്നു. മൈലാപ്പൂരിൽ തോമ്മാശ്ലീഹായുടെ കബറിടം സന്ദർശിച്ചു പ്രാർത്ഥിക്കുന്നതിനായി കേരളത്തിൽനിന്നു പോയിരുന്ന രണ്ടു ശെമ്മാശന്മാർ അദ്ദേഹത്തെ കാണുന്നതിനിടവരുകയും അദ്ദേഹം അവർവശം അക്കദിയാക്കോനും വൈദികക്കുമായി ഒരു എഴുത്തു കൊടുത്തയക്കുകയും ചെയ്തു. ഈ എഴുത്തിൽ താൻ ഇൻഡ്യയുടേയും ചൈനയുടേയും പാത്രിയക്കീസാണെന്നും തനിക്കു മാർപ്പാപ്പായിൽനിന്നു സർവ്വ അധികാരങ്ങളും സിദ്ധിച്ചിട്ടുണ്ടെന്നും അഹത്തള്ളാ പ്രസ്താവിച്ചിരുന്നു. അഹത്തള്ളായെ സ്വീകരിക്കുന്നതിനു നസ്രാണികാം ഉദയംപേരൂരിൽ ഒരു യോഗംകൂടി വേണ്ട ഒരുക്കങ്ങാം കൂട്ടി. അഹത്തള്ളാമെത്രാൻ പരിശുദ്ധ പിതാവിൽനിന്നു അധികാരം ലഭിച്ചിട്ടുള്ള ആളല്ലെന്നു ഫ്രാൻസീസ് ഗാർഷ്യാ മെത്രാപ്പോലീത്താ നസ്രാണികളെ അറിയിച്ചെങ്കിലും അവർ അദ്ദേഹത്തിന്റെ വാക്കുകളെ വിശ്വസിച്ചില്ല.

ഇതിനിടയിൽ പോർട്ടുഗീസുകാർ അഹത്തള്ളായെ കപ്പൽ മാൎഗ്ഗം ഗോവായിലേക്കയച്ചു. വഴിമദ്ധ്യേ കപ്പൽ കൊച്ചിയിലടുത്തു. ഈ വിവരമറിഞ്ഞ അൎക്കദിയാക്കോൻ അനേകം വൈദികരോടും അനേകായിരം ക്രിസ്ത്യാനികളോടുംകൂടി കൊച്ചീക്കോട്ടയിലെത്തി തങ്ങളുടെ പാത്രിയൎക്കീസിനെ സ്വതന്ത്രനാക്കുവാൻ പോർട്ടുഗീസ് കപ്പിത്താനോട് എഴുത്തുമൂലം ആവശ്യപ്പെട്ടു. എന്നാൽ പോർട്ടുഗീസ് അധികൃതന്മാർ ഇതിനു വഴിപ്പെടാതെ കോട്ടകാവലിനു ഭടന്മാരെ അണിനിരത്തുകയാണു ചെയ്തതു്. അഹത്തള്ളായെ വഹിച്ചിരുന്ന കപ്പൽ രാത്രിയിൽത്തന്നെ ഗോവായിലേക്കു വിടുകയുണ്ടായി. എന്നാൽ അഹത്തള്ളാ കടലിൽതാഴ്ത്തി വധിക്കപ്പെട്ടുവെന്നു് ഒരു വാൎത്ത ജനങ്ങളുടെ ഇടയിൽ പെട്ടെന്നു പ്രചരിച്ചു. എല്ലാംകൊണ്ടും ദു:ഖിതരും നിരാശരുമായ നസ്രാണികൾ 1653 ജനുവരി 3-ാംനു- വെള്ളിയാഴ്ച കൊച്ചിയിൽ മട്ടാഞ്ചേരി പള്ളിയിൽ സമ്മേളിക്കുകയും അവിടെയുള്ള "കൂനൻകുരിശിൽ" ഒരു കയറുകെട്ടി അതിൽ എല്ലാവരും പിടിച്ചുകൊണ്ടു് "മേലാൽ ഈ പരിഷ ഉള്ളടത്തോളംകാലം സാമ്പളൂർ പാതിരിമാരുടെ കീഴിലിരിക്കയില്ല" എന്നു് ഒരു ശപഥം ചെയ്യുകയും ചെയ്തു. കൊടുങ്ങല്ലൂരടുത്തു ജസ്യൂട്ടുകാൎക്കു സെൻറു് പോൾസ് എന്നൊരു കോളേജുണ്ടായിരുന്നു. അതിനാൽ നസ്രാണികൾ ജസ്യൂട്ടു വൈദികരെ "സാമ്പളൂർ പാതിരിമാർ" എന്നു പറഞ്ഞു വന്നിരുന്നു. അന്നു മലങ്കരസഭയെ ഭരിച്ചിരുന്നതു ജസ്യൂട്ടായ ഫ്രാൻസീസ് ഗാർഷ്യാ ആയിരുന്നു.

തങ്ങളുടെ ദീർഘകാലത്തെ അഭ്യൎത്ഥനകളെല്ലാം വെറും വനരോദനമായി പരിണമിച്ചതിലുള്ള ദുസ്സഹമായ ദു:ഖവും തങ്ങളെ ഭരിച്ചിരുന്ന ജസ്യൂട്ടുകാരോടുള്ള അമൎഷവും മാത്രമാണു മേൽപ്പറഞ്ഞ ശപഥ വാക്യത്തിൽ നാം കാണുന്നതു്. പരിശുദ്ധ സിംഹാസനത്തോടു് അനാദരവിനെ കാണിക്കുന്ന ഒരു സൂചനപോലും അതിലില്ല. അതിനാൽ കൂനൻകുരിശു സത്യം മലങ്കരനസ്രാണികളെ പരിശുദ്ധ സിംഹാസനത്തോടുള്ള ബന്ധത്തിൽനിന്നു വേർപെടുത്തിയിട്ടില്ല.

## 9. മലങ്കരസഭയിലെ "വലിയ ശീശ്മ" (1653-65)

കൂനൻകുരിശുസത്യം നടത്തിയ അതേവർഷം മേയ് മാസത്തിൽ ആലങ്ങാട്ടുപള്ളിയിൽവച്ചു വൈദികരുടേയും അത്മായപ്രതിനിധികളുടേയും ഒരു മഹായോഗം കൂടി. ഈ യോഗത്തിൽ അന്നത്തെ വൈദികപ്രമാണികളിലൊരുവനായ കല്ലിശ്ശേരി ഇടവക ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാർ അഹത്തള്ളാ മെത്രാൻേറതായി വ്യാജമായി നിർമ്മിച്ച ഒരെഴുത്തു ഹാജരാക്കി. മാർ അഹത്തള്ളായ്ക്കു തോമ്മാ അർക്കദിയാക്കോനെ മെത്രാനായി ഉയർത്തുന്നതിനു മാർപ്പാപ്പായിൽനിന്നു് അധികാരം ലഭിച്ചിട്ടുണ്ടെന്നും, അദ്ദേഹത്തിനു് അതു സാധിക്കാതെ വന്നാൽ പന്ത്രണ്ടു വൈദികന്മാർ ചേർന്നു മെത്രാഭിഷേകകർമ്മം നിർവ്വഹിച്ചാൽ അതു സാധുവായിരിക്കുന്നതാണെന്നും ആയിരുന്നു എഴുത്തിലെ സാരം. തോമ്മാ അർക്കദിയാക്കോനെ മെത്രാനായി വാഴിക്കുന്നതിനു യോഗം തീരുമാനിച്ചു. അദ്ദേഹം മെത്രാൻെറ വേഷഭൂഷണങ്ങൾ അണിഞ്ഞു ജനതാമദ്ധ്യേ പ്രത്യക്ഷപ്പെടുകയും ചെയ്തു. അദ്ദേഹത്തിൻെറ ആലോചനക്കാരായി കടുത്തുരുത്തി ഇടവക കടവിൽ ചാണ്ടി കത്തനാർ, കുറവിലങ്ങാട്ടുപള്ളി ഇടവക പള്ളിവീട്ടിൽ (പറമ്പിൽ) ചാണ്ടിക്കത്തനാർ, അങ്കമാലി ഇടവക വെങ്ങൂർ ഗീവർഗീസ് കത്തനാർ, കല്ലിശേരി ഇടവക ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻകത്തനാർ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. ഇങ്ങനെ കേരളസഭയിലെ "വലിയ ശീശ്മ" ആരംഭിച്ചു.

ഈ അവസരത്തിൽ സുറിയാനി ക്രിസ്ത്യാനികളിൽ ഒരു വലിയ വിഭാഗവും മെത്രാൻ വേഷധാരിയായ തോമ്മാ അർക്കദിയാക്കോൻെറ പക്ഷത്തായിരുന്നു. ഏകദേശം 400 പേർ മാത്രമാണു ഫ്രാൻസീസ് ഗാർഷ്യാ മെത്രാപ്പോലീത്തായുടെ കീഴിലുണ്ടായിരുന്നതു്. എന്നാൽ, ഇട്ടിത്തൊമ്മൻകത്തനാരുടെ കുതന്ത്രങ്ങൾ കുറേശ്ശെ പുറത്താകുകയും കടവിൽ ചാണ്ടി കത്തനാരും മററനേകം പേരും ശീശ്മ ഉപേക്ഷിച്ചു തങ്ങളുടെ നിയമാനുസൃതമേലദ്ധ്യക്ഷനായ ഗാർഷ്യാ മെത്രാപ്പോലീത്തായുടെ പക്കലേക്കു പിന്തിരിയുകയും ചെയ്തു. രണ്ടു വർഷത്തിനകം 25 പള്ളിക്കാർ അർക്കദിയാക്കോനെ ഉപേക്ഷിച്ചു് ഗാർഷ്യാ മെത്രാപ്പോലീത്തായ്ക്കു വിധേയരായിത്തീർന്നു.

എന്നാൽ, കുറെപ്പേർ ശീശ്മയിൽത്തന്നെ നിലനിന്നു. മലങ്കരയിലേ "വലിയ ശീശ്മ" 1653 മുതൽ 1665 വരെ നിലനിന്നിരുന്നു. ശീശ്മയിൽത്തന്നെ നിലനിന്നിരുന്നവർ 1665–നു ശേഷം യാക്കോബായ വിശ്വാസത്തിലേക്കു ക്രമേണ വഴുതി വീഴുന്നതു കാണാം.

## 10. മാർ സെബസ്ത്യാനി മെത്രാൻ (1661–63)

കേരളസുറിയാനി സഭയിലേ ഒട്ടനേകംപേർ ശീശ്മ ഉപേക്ഷിച്ച് ഗാഷ്യാ മെത്രാപ്പോലീത്തായുടെ കീഴിൽ വന്നെങ്കിലും സ്ഥിരമായി ഈശോസഭക്കാർക്ക് അധീനപ്പെട്ടിരിക്കുന്നതിൽ അവർ വിമുഖരായിരുന്നു. അവരുടെ അഭ്യർത്ഥനയനുസരിച്ച് 1657–ൽ റോമിൽനിന്നും അയക്കപ്പെട്ട കർമ്മലീത്താക്കാരായ ഫാദർ ജോസഫ് സെബസ്ത്യാനിയും മററു മൂന്നുവൈദികരും കേരളത്തിൽ എത്തി. അദ്ദേഹത്തിൻെറ പരിശ്രമഫലമായി അനേകർ യാഥാർത്ഥ്യം മനസ്സിലാക്കുകയും അർക്കദിയാക്കോൻെറ കക്ഷിയെ വിട്ടുപേക്ഷിക്കുകയും ചെയ്തു. 1658–ൽ അദ്ദേഹം റോമിലേക്കു മടങ്ങി.

1661–ൽ കേരളത്തിൻെറ (വരാപ്പുഴ) പ്രഥമ വികാരി അപ്പസ്തോലിക്കായായി സെബസ്ത്യാനി കേരളത്തിൽ തിരിച്ചെത്തി. കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായുടെ കീഴിൽ നില്ക്കുവാൻ മനസില്ലാത്തവരെ വരാപ്പുഴയുടെ കീഴിൽ ചേർത്ത് അദ്ദേഹം ഭരണമാരംഭിച്ചു. ശീശ്മ അവസാനിപ്പിക്കുവാൻ അദ്ദേഹം വളരെ ശ്രമിക്കുകയുണ്ടായി. ഇതിനിടയ്ക്കു ഡച്ചുകാരുടെ കേരളത്തിലേ ശക്തി വളരെ വർദ്ധിക്കുകയും 1663–ൽ അവർ കൊച്ചീനഗരം പോർട്ടുഗീസുകാരിൽനിന്നു പിടിച്ചെടുക്കുകയും ചെയ്തു. ഇതിൻെറ ഫലമായി പോർട്ടുഗീസ് പിന്തുണയില്ലിരുന്ന മാർ സെബസ്ത്യാനിക്കും കേരളം വിടേണ്ടിവന്നു.

## 11. പള്ളിവീട്ടിൽ മാർ ചാണ്ടിമെത്രാൻ (1663–87)

ഡോക്ടർ സെബസ്ത്യാനി, കേരളം വിടുന്നതിനുമുമ്പു മാർപ്പാപ്പായിൽനിന്നു തനിക്കു ലഭിച്ചിരുന്ന പ്രത്യേകാധികാരം ഉപയോഗി

ച്ചു 1663 ജനുവരിയിൽ കേരളീയനായ പള്ളിവീട്ടിൽ ചാണ്ടി കത്തനാരെ കേരളത്തിൻെറ വികാരി അപ്പസ്തോലിക്കായായി അഭിഷേകം ചെയ്തു. മാർ ചാണ്ടി മെത്രാൻെറ ഭരണകാലത്തു കേരളത്തിലെ കത്തോലിക്കാസഭ വളരെ അഭിവൃദ്ധിപ്പെടുകയും ശീശ്മക്കു വളരെ അധഃപതനം സംഭവിക്കുകയും ചെയ്തു. അദ്ദേഹം 1687-ൽ ചരമം പ്രാപിച്ചു. അദ്ദേഹത്തിൻെറ മരണശേഷം കേരളസഭ വീണ്ടും ലത്തീൻ കർമ്മലീത്താമിഷനറിമാരുടെ ഭരണത്തിനു് അധീനമായി. ഈ ഭരണം രണ്ടുനൂററാണ്ടുകാലം ദീർഘിക്കുന്നതായി നമുക്കു കാണാം.

## 12. കൊടുങ്ങല്ലൂർ അതിരൂപത ക്രൂനൻകുരിശു സത്യത്തിനുശേഷം

കൂനൻകുരിശു സത്യത്തോടുകൂടി കൊടുങ്ങല്ലൂർ അതിരൂപതയ്ക്കു കേരളസുറിയാനിക്കാരുടെ മേലുണ്ടായിരുന്ന അധികാരം നഷ്ടപ്പെട്ടു. ഗാഷ്യാ മെത്രാപ്പോലീത്തായുടെ മരണശേഷം കൊടുങ്ങല്ലൂർ അതിരൂപതയിലേക്കു് തുടരെത്തുടരെ ആറുപേർ നിയമിക്കപ്പെട്ടുവെങ്കിലും അവരിൽ ആരുംതന്നെ കേരളത്തിൽവന്നു ഭരണമേററിട്ടില്ല. തന്മൂലം കൊടുങ്ങല്ലൂർ അതിരൂപതയുടെ കീഴായിരുന്ന സുറിയാനിക്കാരേയും ഭരിച്ചുവന്നതു വരാപ്പുഴ വികാരി അപ്പസ്തോലിക്കാമാരായിരുന്നു. എന്നാൽ 1701-ൽ പോർട്ടുഗീസുകാരനായ യോഹന്നാൻ റിബെയിറോ എന്ന മെത്രാപ്പോലീത്താ കേരളത്തിൽ വന്നു കൊടുങ്ങല്ലൂർ അതിരൂപതയുടെ ഭരണം ആരംഭിച്ചു. അദ്ദേഹം ഭരണം ഏററ ഉടനെ, സുറിയാനിക്കാർ കൊടുങ്ങല്ലൂർ അതിരൂപതയുടെ അധികാരത്തിൽപ്പെട്ടവരാകയാൽ അവരെ തനിക്കു വിട്ടുതരണമെന്നു വരാപ്പുഴ വികാരി അപ്പസ്തോലിക്കായായിരുന്ന മാർ ആൻജലൂസ് മെത്രാനോടാവശ്യപ്പെട്ടു. മാർ ആൻജലൂസ് ഇതിനു വിസമ്മതിച്ചില്ലെങ്കിലും സുറിയാനിക്കാർ ഇതിനു പ്രതികൂലിക്കുകയാൽ റിബെയിറോ മെത്രാപ്പോലീത്തായുടെ അഭീഷ്ടം ഫലപ്രദമായില്ല. മാത്രമല്ല, കേരളത്തിലെ സ്ഥിതിഗതികൾ ഗ്രഹിച്ച മാർപ്പാപ്പാ 1709-ൽ വരാപ്പുഴയിലേ കർമ്മലീ

ത്താമെത്രാൻെറ അധികാരം കൊടുങ്ങല്ലൂർ, കൊച്ചി രൂപതകളിലേക്കു വ്യാപിപ്പിക്കുകകൂടി ചെയ്തു. പോർട്ടുഗീസുകാരോടു ഡച്ചുകാർക്കുണ്ടായിരുന്ന ശത്രുതയും മലങ്കരനസ്രാണികൾക്കുണ്ടായിരുന്ന അവജ്ഞയുമാണ് ഈ നടപടികൾക്കു മാർപ്പാപ്പായെ പ്രേരിപ്പിച്ചതു്. ഇതോടുകൂടി മാർ ആൻജലൂസിൻെറ ഭരണമണ്ഡലം വളരെ വിസ്തൃതമായിത്തീർന്നു. എന്നാൽ, ഡച്ചുകാർക്കു വിധേയമാകാതിരുന്ന സാമൂതിരിയുടെ രാജ്യാതിർത്തിക്കുള്ളിൽ സ്ഥിതിചെയ്തിരുന്ന ഉത്തരകേരളത്തിലെ സുറിയാനിക്കാർ (കൊരട്ടി, ചാലക്കുടി, പുത്തൻചിറ, അമ്പഴക്കാട് എന്നീ പള്ളിക്കാർ) അമ്പഴക്കാട് ആസ്ഥാനമാക്കിയ കൊടുങ്ങല്ലൂർ മെത്രാപ്പോലീത്താമാരുടെ ഭരണത്തിൽത്തന്നെ കഴിഞ്ഞുകൂടി. അതുപോലെ ഡച്ച് അധികാരത്തിനു പ്രാബല്യം കുറഞ്ഞ തെക്കൻദിക്കുകളിലേ പള്ളികൾ അഞ്ചുതെങ്ങിലും കൊല്ലത്തുമൊക്കെയായി താമസം ഉറപ്പിച്ചിരുന്ന കൊച്ചി മെത്രാന്മാരുടെ ഭരണത്തിലുമായിരുന്നു.

ഇങ്ങനെ, 1838-ൽ കൊടുങ്ങല്ലൂർ രൂപതയും കൊച്ചീരൂപതയും നിറുത്തലാക്കപ്പെട്ടുവരെ അവ പദ്രുവാദോ അധികാരത്തിൻകീഴിലായിരുന്നതിനാൽ ഇടയ്ക്കിടെ ആ രൂപതകൾക്കു മെത്രാന്മാരായും അഡ്മിനിസ്ട്രേറ്ററന്മാരായും ഓരോരുത്തർ വന്ന് അധികാരം നടത്തിയിരുന്നു. അങ്ങനെയുള്ള അവസരങ്ങളിൽ പ്രസ്തുത രൂപതകളുടെ ഭരണത്തിൽനിന്ന് വരാപ്പുഴയിലേ വികാരി അപ്പസ്തോലിക്കാമാർ ഒഴിഞ്ഞുനില്ക്കുകയാണു ചെയ്തിരുന്നതു്. കൊടുങ്ങല്ലൂരിൽ റിബെയിറോ മെത്രാപ്പോലീത്തായെ തുടർന്ന് 1777 വരെ ഈശോസഭക്കാരായ മെത്രാപ്പോലീത്താമാർ ഭരണം നടത്തി.

## 13. പുനരൈക്യശ്രമങ്ങൾ:-

1653-ലേ കൂനൻകുരിശുസത്യത്തെത്തുടർന്ന് ശീശ്മയിലായി ഭിന്നിച്ചുപോയ ക്രിസ്ത്യാനികളുടെ ഭരണം വഹിച്ചിരുന്ന തോമ്മാ അർക്കദിയാക്കോൻ സിറിയായിലേ യാക്കോബായ സഭക്കാരുമായി എഴുത്തുകുത്തുനടത്തുകയും ഓറശ്ലേം പാത്രിയർക്കീസായ മാർ ഗ്രിഗോരി

യോസ് എന്ന യാക്കോബായക്കാരൻ 1665-ൽ കേരളത്തിൽ വന്നുചേരുകയും ചെയ്തു. അന്നു തോമ്മാ അക്കദിയാക്കോനും കൂട്ടർക്കും വിശ്വാസത്തിലോ മതാചാരങ്ങളിലോ കത്തോലിക്കരിൽനിന്നും യാതൊരു വ്യത്യാസവും ഉണ്ടായിരുന്നില്ല; അവർ യഥാൎത്ഥകത്തോലിക്കാ ആധിപത്യത്തെ നിരാകരിച്ചിരുന്നു എന്നുമാത്രമേയുള്ളൂ. ഗ്രിഗോരിയോസ് അഞ്ചുവൎഷക്കാലം ശീശ്മക്കാരെ ഭരിക്കുകയും പ്രസ്തുതാവസരം യാക്കോബായ വിശ്വാസങ്ങളും ആചാരങ്ങളും അവരിൽ നടപ്പിലാക്കുന്നതിനായി വിനിയോഗിക്കുകയും ചെയ്തു. ഇങ്ങനെ കേരളത്തിൽ ആദ്യമായി യാക്കോബായ സഭയ്ക്കു് ആരംഭമിട്ടു. ശീശ്മക്കാർ പുതിയ ഒരു രീതി സ്വീകരിക്കുകയാൽ അവൎക്കു "പുത്തൻകൂറുകാർ" എന്ന പേരും ലഭിച്ചു. തുടൎന്നു മററു ചില യാക്കോബായമെത്രാന്മാരും വൈദികരും കേരളത്തിൽ വന്നു യാക്കോബായ വിശ്വാസം പ്രചരിപ്പിച്ചിട്ടുണ്ടു്.

എന്നാൽ, അധികകാലതാമസമെന്യേ പുനരൈക്യത്തിനുള്ള ശ്രമങ്ങളും ശീശ്മക്കാർ ആരംഭിച്ചു. 1700 ലും 1704 ലും 1748 ലും പുനരൈക്യത്തിനായി അവർ നടത്തിയ ഉദ്യമങ്ങളെല്ലാം ഓരോരോ കാരണങ്ങളാൽ നിഷ്ഫലങ്ങളായി. തോമ്മാ അക്കദിയാക്കോൻ മാർ തോമ്മാ ഒന്നാമൻ എന്ന പേരിലാണു ശീശ്മക്കാരുടെ ഇടയിൽ അറിയപ്പെടുന്നതു്. അദ്ദേഹത്തിൻെറ പിൻഗാമികളായിരുന്ന നാലു പേരും ശരിയായ പട്ടമേല്ക്കാതെയാണു മരണമടഞ്ഞതു്. എന്നാൽ അടുത്ത പിൻഗാമിയായ മാർ തോമ്മാ ആറാമൻ 1772-ൽ ഗ്രിഗോരിയോസ് എന്ന യാക്കോബായ മെത്രാനിൽനിന്നു നിരണത്തുവച്ചു വൈദികപട്ടങ്ങളും മെത്രാൻപട്ടവും സ്വീകരിച്ചു. ദിവന്യാസിയോസ് പ്രഥമൻ എന്നപേരിലാണു് അദ്ദേഹം മെത്രാൻപട്ടം സ്വീകരിച്ചതു്. മെത്രാനായതിനു മുമ്പും അതിനുശേഷവും കത്തോലിക്കാ സഭയുമായി ഐക്യപ്പെടുന്നതിനു് ഇദ്ദേഹം ശ്രമിച്ചുകൊണ്ടിരുന്നു. എന്നാൽ, വരാപ്പുഴയിലേയും കൊടുങ്ങല്ലൂരേയും ലത്തീൻമെത്രാന്മാർ മാർ തോമ്മായുടെ ആത്മാൎത്ഥതയിൽ വിശ്വസിക്കായ്കയാൽ അദ്ദേഹത്തിൻെറയും മുപ്പതിനായിരത്തിൽപ്പരം ജനങ്ങളുടേയും പുനരൈക്യം

വിഘാതപ്പെട്ടു. അദ്ദേഹം, തന്നെ സഹായിക്കുന്നതിനായി ആലങ്ങാട്ടു സെമിനാരിയിൽ അദ്ധ്യാപകജോലിയിൽ ഇരുന്ന കരിയാററിൽ യൗസേപ്പുമല്പാനെ സമീപിക്കുകയും മല്പാൻ എല്ലാവിധ സഹായങ്ങളും വാഗ്ദാനം ചെയ്യുകയും ചെയ്തു.

## 14. കരിയാററിൽ യൗസേപ്പു മല്പാനും പുനരൈക്യശ്രമങ്ങളും

ആലങ്ങാട്ടു സ്വദേശിയായിരുന്ന കരിയാററിൽ യൗസേപ്പു മല്പാൻ റോമിലെ പ്രോപ്പഗാന്താ കോളേജിൽ പഠിച്ചു വൈദികപട്ടമേല്ക്കുകയും തത്വശാസ്ത്രം, ദൈവശാസ്ത്രം, കാനൻ നിയമം എന്നീ മൂന്നു വിഷയങ്ങളിലും ഡോക്ടർ ബിരുദം സമ്പാദിക്കുകയും ചെയ്ത ഒരു പണ്ഡിതശിരോമണിയായിരുന്നു. റോമിൽനിന്നു തിരിച്ചെത്തിയ ഉടനെ അദ്ദേഹം ആലങ്ങാട്ടു സെമിനാരിയിലെ മല്പാനായി നിയമിക്കപ്പെട്ടു. ഈ അവസരത്തിലാണു മാർ തോമ്മാ ആറാമൻ പുനരൈക്യപ്പെടുന്നതിന്ന് അദ്ദേഹത്തിന്റെ സഹായം അഭ്യർത്ഥിച്ചതു്. പുനരൈക്യകാര്യം തിരുസിംഹാസനത്തിങ്കൽ നേരിട്ടു ഗ്രഹിപ്പിക്കുന്നതിനായി കരിയാററിൽ മല്പാൻ പാറേമ്മാക്കൽ തോമ്മാക്കത്തനാരുമൊന്നിച്ചു് 1778-ൽ റോമിലേക്കു പോയി. വളരെ ആപല്ക്കരവും ക്ലേശഭൂയിഷ്ഠവുമായ കപ്പൽയാത്രചെയ്തു് അവർ പോർട്ടുഗലിലും റോമിലുമെത്തി മാർ തോമ്മായേയും അനുഗാമികളേയും കത്തോലിക്കാസഭയിലേക്കു സ്വീകരിക്കുന്നതിന്ന് ആവശ്യകമായ അധികാരങ്ങളും വാങ്ങി. മാത്രമല്ല, 1783-ൽ പോർട്ടുഗലിൽ വച്ചു കരിയാററിൽ മല്പാൻ കൊടുങ്ങല്ലൂർ അതിരൂപതയുടെ മെത്രാപ്പോലീത്തായായി അഭിഷേകം ചെയ്യപ്പെടുകയും ചെയ്തു. 1786-ൽ ഡോക്ടർ കരിയാററിയും പാറേമ്മാക്കലച്ചനും ഗോവായിൽ തിരിച്ചെത്തി. എന്നാൽ, അവിടെ താമസിച്ചുവരവെ കരിയാററിൽ മെത്രാപ്പോലീത്താ അപ്രതീക്ഷിതമായ വിധം പെട്ടെന്നു മരണമടഞ്ഞു. അദ്ദേഹത്തിന്റെ വിയോഗത്തോടുകൂടി പുത്തൻകൂററക്രിസ്ത്യാനികളെ തിരുസ്സഭയിലേക്കു കൊണ്ടുവരണമെന്നുള്ള ആശാസൗധം മിക്കവാറും നിലംപതിച്ചു.

പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ ഭരണകാലത്തു മാർ തോമ്മാ വീണ്ടും പുനരൈക്യശ്രമങ്ങൾ നടത്തിക്കൊണ്ടിരുന്നു. തിരുവിതാംകൂർ രാജാവിൻെറ ഒരു വലിയ സ്നേഹിതനായിരുന്ന തച്ചിൽ മാത്തുത്തരകൻ എന്ന പ്രസിദ്ധനായ ഒരു സിറിയൻ കത്തോലിക്കനും ഈ ശ്രമങ്ങളിൽ ഒരു നല്ല പങ്കു വഹിച്ചു. പല വിട്ടുവീഴ്ചകളും ചെയ്യുന്നതിനും ലത്തീൻ മെത്രാന്മാരുടെ പല വ്യവസ്ഥകൾക്കും വിധേയനാകുന്നതിനും മാർ തോമ്മാ തയ്യാറായി. എന്നാൽ ഒരു മെത്രാനെന്നുള്ള നിലയിൽ അദ്ദേഹത്തെ കത്തോലിക്കാസഭയിലേക്കു സ്വീകരിക്കുവാൻ ലത്തീൻ മെത്രാൻ ഒട്ടും സമ്മതിച്ചില്ല.

ഇങ്ങനെ, യാക്കോബായക്കാർ ഒന്നാകെ പുനരൈക്യപ്പെടുന്നതിനുള്ള അവസാനത്തെ സുവർണ്ണാവസരവും നഷ്ടപ്പെട്ടു. മാതൃസഭയിൽനിന്നു വ്യതിചലിച്ചു നിന്നിരുന്നവർ മാർത്തോമ്മാ ആറാമൻെറ അനന്തരഗാമികളുടെ കാലത്തും ഭിന്നതയിൽത്തന്നെ തുടർന്നുപോന്നു. അവരുടെ സന്താനങ്ങൾ കാലക്രമത്തിൽ പല വകുപ്പുകളായി പിരിഞ്ഞു. അങ്ങനെ പിരിഞ്ഞവരാണ് ഇന്നു കേരളത്തിലുള്ള യാക്കോബായക്കാർ, മാർത്തോമ്മാക്കാർ, ഓർത്തഡോക്സുകാർ, ആംഗ്ലിക്കൻ സുറിയാനിക്കാർ മുതലായവർ. യാക്കോബായസഭ പ്രോട്ടെസ്റ്റൻറു സ്വാധീനത്തിൽ അകപ്പെട്ടുപോയതു പുനരൈക്യകാര്യം തീർത്തും നിരാശാജനകമാക്കി.

## 15. പാറേമ്മാക്കൽ തോമ്മാക്കത്തനാർ (1786—89)

1777 വരെ കൊടുങ്ങല്ലൂർ അതിരൂപതയിൽ ജസ്യൂട്ടുമെത്രാൻ ഭരിച്ചുവെന്നു കണ്ടല്ലോ. അനന്തരം കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായായി നിയമിക്കപ്പെട്ട കരിയാററിൽ മല്പാൻ കേരളത്തിൽ വന്നെത്താതെ നിര്യാതനായി. 1786-ൽ പാറേമ്മാക്കൽ തോമ്മാക്കത്തനാർ കൊടുങ്ങല്ലൂർ അതിരൂപതയുടെ അഡ്മിനിസ്ത്രേറ്റർ (ഗൊവർണ്ണദോർ) ആയി ഭരണം ആരംഭിച്ചു. പന്ത്രണ്ടു കൊല്ലക്കാലം ദീർഘിച്ച ഇദ്ദേഹത്തിൻെറ ഭരണകാലത്തു സഭാഭരണം സംബന്ധിച്ച പല പുതിയ നിബന്ധനകളും ഉണ്ടാക്കി. അദ്ദേഹത്തിൻെറ ഭരണകാലത്തു

കേരളത്തിലെ എല്ലാ സുറിയാനിപ്പള്ളികളും കൊടുങ്ങല്ലൂർ ഭരണത്തിൻെറ കീഴവന്നു. തോമ്മാക്കത്തനാരുടെ ഭരണകാലത്താണ്° (1790) ടിപ്പുസുൽത്താൻ കേരളത്തെ ആക്രമിച്ചതു°. അങ്കമാലി, ആലങ്ങാടു°, മലയാററൂർ, കൊരട്ടി, പുത്തൻചിറ, പാലൂർ തുടങ്ങിയ അനവധി ദൈവാലയങ്ങൾ അയാൾ കൊള്ളയിടുകയും അഗ്നിക്കിരയാക്കുകയും ചെയ്തു. പട്ടിണികൊണ്ടും പടകൊണ്ടും അനേകർ മരണമടഞ്ഞു. അനേകം ക്രിസ്ത്യാനികൾ സത്യമതം ഉപേക്ഷിക്കായ്കയാൽ വധിക്കപ്പെട്ടു. എങ്കിലും ചിലർ മരണത്തെ ഭയന്നു സത്യവിശ്വാസം പരിത്യജിക്കുകയുണ്ടായി. 1799-ൽ പാറേമ്മാക്കൽ തോമ്മാക്കത്തനാർ പരലോകപ്രാപ്തനായി.

പാറേമ്മാക്കലച്ചൻെറ പിൻഗാമിയായി ശങ്കുരിക്കൽ ഗീവർഗീസ്° മല്പാൻ എന്ന സുറിയാനി വൈദികൻ കൊടുങ്ങല്ലൂർ രൂപതയുടെ അഡ്°മിനിസ്ട്രേററായി നിയമിക്കപ്പെട്ടു. ഇദ്ദേഹത്തിൻെറ പിൻഗാമികളായി കൊടുങ്ങല്ലൂർ അതിരൂപതയെ ഭരിച്ചിരുന്നതു പോർട്ടുഗീസുകാരായ വൈദികരായിരുന്നു. 1838-ൽ കൊടുങ്ങല്ലൂർ അതിരൂപത നിറുത്തലാക്കപ്പെടുകയും പ്രസ്തുത അതിരൂപതയിലെ സുറിയാനിക്കാരെല്ലാം വീണ്ടും വരാപ്പുഴ അധികാരത്തിനു വിധേയരാവുകയും ചെയ്തു.

## 16. കേരളസഭയിലെ കർമ്മലീത്താഭരണം

1700-ൽ ആൻജലൂസ്° ഫ്രാൻസീസ്° എന്ന യൂറോപ്യൻ കർമ്മലീത്താ വൈദികൻ കേരളത്തിൻെറ വികാരി അപ്പസ്തോലിക്കായായി നിയമിക്കപ്പെട്ടു. അദ്ദേഹം വരാപ്പുഴെ തൻെറ ആസ്ഥാനം ഉറപ്പിച്ചു. ഡോക്ടർ ആൻജലൂസിൻെറ കാലംമുതൽ 1887 വരെ 14 മെത്രാന്മാർ വരാപ്പുഴ വികാരിയാത്തിൽ ഭരണം നടത്തുകയുണ്ടായി. സുദീർഘമായ ഈ കർമ്മലീത്താ ഭരണകാലത്തും സുറിയാനിക്കാർ സ്വന്തറീത്തിൽപ്പെട്ട മെത്രാന്മാരെ ലഭിക്കുന്നതിനായി അഭിലഷിച്ചുകൊണ്ടിരുന്നു. കർമ്മലീത്താമിഷനറിമാർ അവരുടെ ഭരണകാലത്തു പല സുറിയാനിപ്പള്ളികളേയും സുറിയാനിജനങ്ങളേയും ലത്തീൻ

റീത്തിലാക്കുകയുണ്ടായി. ഇന്നു കേരളത്തിലുള്ള ലത്തീൻകാരിൽ ഒരു ഭാഗം ഇങ്ങനെ സുറിയാനിക്കാരിൽനിന്നു പിരിഞ്ഞുപോയിട്ടുള്ളവരാണു്.

1709-ൽ മാർ ആൻജലൂസിൻെറ അധികാരം കൊടുങ്ങല്ലൂർ, കൊച്ചി എന്നീ രൂപതകളിലേക്കു കൂടി വ്യാപിപ്പിക്കുകയുണ്ടായെങ്കിലും പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ കാലത്തു സുറിയാനിക്കാരെല്ലാംതന്നെ കൊടുങ്ങല്ലൂരിനു കീഴിലായി. എന്നാൽ 1838-ൽ ഫ്രാൻസീസ് സേവ്യർ എന്ന മെത്രാൻ വരാപ്പുഴ വികാരി അപ്പസ്തോലിക്കായായിരുന്ന കാലത്തു കൊടുങ്ങല്ലൂർ, കൊച്ചി എന്നീ രൂപതകൾ വരാപ്പുഴ വികാരിയാത്തിനോടു ചേർക്കപ്പെട്ടു. ഇതിൻെറ ഫലമായി വടക്കൻ പ്രദേശങ്ങളിലേതുൾപ്പെടെ എല്ലാ സുറിയാനിപ്പള്ളികളും വരാപ്പുഴ ഭരണത്തിൻ കീഴായി. കൊടുങ്ങല്ലൂർ അതിരൂപതയിലെ കത്തോലിക്കരുടെകൂടി ഭരണാധികാരിയായിത്തീന്ന ഫ്രാൻസീസ് സേവ്യർ മെത്രാനും അദ്ദേഹത്തിൻെറ പിൻഗാമികൾക്കും മെത്രാപ്പോലീത്താ എന്ന മഹനീയ സംജ്ഞ നല്കപ്പെട്ടു. 1831-ൽ മോൺ. സ്തബിലീനി എന്ന മെത്രാൻ വരാപ്പുഴ വികാരി അപ്പസ്തോലിക്കായായിരുന്ന കാലത്താണു കേരളത്തിലെ കർമ്മലീത്താ നിഷ്പാദുക മൂന്നാംസഭയുടെ മാതൃഭവനമായ മാന്നാനം ആശ്രമത്തിൻെറ ശിലാസ്ഥാപനകർമ്മം നടന്നതു്.

## 17. ബർണർദീനോസ് മെത്രാപ്പോലീത്താ (1853-68)

1853 മുതൽ 1868 വരെ വരാപ്പുഴ വികാരിയാത്തിനെ ഭരിച്ച സുപ്രസിദ്ധനായ ബർണർദീനോസ് മെത്രാപ്പോലീത്തായുടെ കാലം പല കാരണങ്ങളാലും പ്രാധാന്യം അർഹിക്കുന്നു. അദ്ദേഹം കേരളകത്തോലിക്കരുടെ ഉന്നമനാർത്ഥം ചെയ്തിട്ടുള്ള സേവനങ്ങൾ നിരവധിയാണു്.

1. മാന്നാനം കുന്നിൽ ആരംഭിച്ച സന്യാസസഭ കർമ്മലീത്താസഭയുടെ മൂന്നാംസഭയായി അംഗീകരിക്കപ്പെട്ടു. മററുസ്ഥലങ്ങളിലും ഈ സന്യാസസഭയുടെ ആശ്രമങ്ങൾ സ്ഥാപിച്ചു. ലത്തീൻകാർക്കു പ്രത്യേകമായി മഞ്ഞുമ്മേൽ ഒരാശ്രമം സ്ഥാപിക്കപ്പെട്ടു.

2. 1866-ൽ കൂനമ്മാവിൽ കേരളത്തിലേ ആദ്യകന്യകാമഠം സ്ഥാപിച്ചു.

3. ജനങ്ങളുടെ ജീവിതനവീകരണത്തിനായി ആദ്ധ്യാത്മിക ധ്യാനങ്ങൾ കേരളത്തിൽ ആരംഭിക്കുകയും ധ്യാനപ്രസംഗങ്ങൾ നടത്തുവാൻ കേരളത്തിലേ കർമ്മലീത്താസന്യാസികളെ നിയോഗിക്കുകയും ചെയ്തു.

4. വൈദികരും ആണ്ടുതോറും ജ്ഞാനധ്യാനം നടത്തണമെന്നു കല്പിച്ചു.

5. ദൈവാലയങ്ങളോടനുബന്ധിച്ചു വിദ്യാലയങ്ങൾ സ്ഥാപിക്കണമെന്നും ഞായറാഴ്ചതോറും കുട്ടികളെ വേദപാഠം പഠിപ്പിക്കണമെന്നും ആജ്ഞാപിച്ചു.

6. വൈദികവിദ്യാർത്ഥികൾക്ക് ഇടവകജനങ്ങൾ 'ദേശകുറി' എന്ന സാക്ഷ്യപത്രം നല്കിയിരുന്ന പതിവു നിറുത്തലാക്കി.

7. പരിശുദ്ധ ദൈവമാതാവിൻേറയും മാർ യൗസേപ്പപിതാവിൻേറയും മാസവണക്കങ്ങൾ കേരളത്തിൽ ആരംഭിച്ചു നടപ്പിലാക്കി.

8. കേരളത്തിൽ നിലവിലിരുന്ന എല്ലാ പ്രൈവററു സെമിനാരികളും വൈദികരുടെ ശിക്ഷണത്തിൽ ഐകരൂപ്യം വരുത്തുന്നതിനായി നിറുത്തലാക്കുകയും മാന്നാനം, വാഴക്കുളം, എൽത്തുരുത്ത്, പുത്തൻപള്ളി എന്നീ നാലു സെമിനാരികൾമാത്രം നടത്തുന്നതിനു നിർദ്ദേശിക്കുകയും ചെയ്തു.

## 18. റോക്കോസ് ശീശ്മ (1861)

നാനാപ്രകാരേണയും ശ്രേയസ്കരമായിരുന്ന മാർ ബർണർദീനോസിൻെറ ഭരണകാലത്തുപോലും കേരളത്തിൽ ഒരു മതഭിന്നത ഉണ്ടാകുന്നതിനു ഇടയായി. റോക്കോസ് ശീശ്മ എന്ന പേരിലാണ് ഈ മതഭിന്നത അറിയപ്പെടുന്നതു്. 1861-ൽ പരിശുദ്ധ സിംഹാസനത്തിലേ അനുമതികൂടാതെ മാർ തോമ്മാ റോക്കോസ് എന്ന മെത്രാൻ ബാബേലിൽനിന്നും കേരളത്തിൽ എത്തി. സുറിയാനിക്കത്തോലി

ക്കരിൽ ഒരു നല്ലഭാഗം റോക്കോസ് മെത്രാൻെറ അനുയായികളായി. റോക്കോസ് ശീശ്മയെ തടയുന്നതിനായി കേരളകമ്മേലീത്താസഭക്കാർ അക്ഷീണം യത്നിച്ചു. ഏതായാലും ഒരു കൊല്ലംകൊണ്ടു് ഈ ശീശ്മ നിശ്ശേഷം അസ്തമിച്ചു.

## 19. മേലൂസ്ശീശ്മ (1874)

സ്വന്തറീത്തിൽപ്പെട്ട മെത്രാന്മാരാൽ ഭരിക്കപ്പെടണമെന്നുള്ള കേരളീയ സുറിയാനിക്കാരുടെ ആഗ്രഹം മറെറാരു ശീശ്മക്കുകൂടി വഴിതെളിച്ചു. മാപ്പാപ്പായുടെ അനുമതികൂടാതെ 1874-ൽ ബാബേലിൽനിന്നു മാർ ഏലിയാ മേലൂസ് എന്ന ഒരു മെത്രാൻ കേരളത്തിൽ വന്നു. നാലുതോളം പള്ളിക്കാർ തങ്ങളുടെ ന്യായമായ അധികാരിയെ വിട്ടു മേലൂസ്ശീശ്മയിൽ ചേൎന്നു. ഇതിനിടയിൽ ബോംബെ മെത്രാനായിരുന്ന ലിയോ മൗരീൻ കേരളത്തിൽ വിസിററർ അപ്പസ്തോലിക്കായായി നിയമിക്കപ്പെട്ടു. അദ്ദേഹം പണ്ഡിതനും കമ്മപട്ടവും സമുദായസ്നേഹിയുമായ നിധീരിക്കൽ മാണിക്കത്തനാരോടും കേരളത്തിലേ സുറിയാനി കമ്മേലീത്താ സന്യാസികളോടുംകൂടി മേലൂസ്ശീശ്മയോടു സുധീരം പോരാടി. 1882-ൽ മേലൂസ് കേരളം വിട്ടുപോയി. ക്രമേണ തൃശ്ശൂർ വ്യാകുലമാതാവിൻെറ പള്ളിക്കാർ ഒഴിച്ചുള്ള എല്ലാവരും കത്തോലിക്കാ ഐക്യത്തിലേക്കു പിന്തിരിഞ്ഞു.

മേലൂസ് പോയശേഷം കേരളീയനായ തൊണ്ടനാട്ടു് അന്തോനി അച്ചൻ തൃശ്ശൂരുള്ള ശീശ്മക്കാരുടെ ഭരണം നടത്തിപ്പോന്നു. 1900-ൽ അദ്ദേഹം മരണമടഞ്ഞു. 1908-ൽ ശീശ്മക്കാരുടെ അപേക്ഷപ്രകാരം ബാബേലിലെ നെസ്തോറിയൻ പാത്രിയക്കീസ് മാർ അബീമലേക്ക് എന്ന മെത്രാനെ അയച്ചുകൊടുത്തു. ഇദ്ദേഹം ശീശ്മക്കാരിൽ നെസ്തോറിയൻ സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കുന്നതിനു് ഉദ്യമിക്കുകയും തന്മൂലം അവരിൽ ഒരു അന്തഃഛിദ്രം ഉണ്ടാവുകയും ചെയ്തു. അവർ സ്വതന്ത്രർ (ഇൻഡിപെൻഡെൻറ്) എന്നും നെസ്തോറിയൻ (സുറായികൾ) എന്നും രണ്ടായി പിരിഞ്ഞു. ഇരുകൂട്ടരും തമ്മിൽ നടന്ന ഒരു സിവിൽക്കേസ് ബ്രിട്ടീഷ് പൊളിററിക്കൽ ഏജൻറി

ന്റെ മാദ്ധ്യസ്ഥ്യത്തിൽ അവസാനിച്ചു. ഈ ഒത്തുതീർപ്പിലേ വ്യവസ്ഥപ്രകാരം വ്യാകുലമാതാവിന്റെ പള്ളി നെസ്തോറിയന്മാർക്ക ലഭിച്ചു. അനന്തരം സ്വതന്ത്രകക്ഷിക്കാർ എല്ലാവരുംതന്നെ കത്തോലിക്കാസഭയിലേക്ക പിന്തിരിയുകയുണ്ടായി. 1945-ൽ അബീമലേക്ക് ചരമം പ്രാപിക്കകയും 1952-ൽ മാർ തോമ്മാ എന്ന നെസ്തോറിയൻ മെത്രാൻ കേരളത്തിൽ വരുകയും ചെയ്തു. തൃശ്ശൂരിൽ ഇപ്പോഠം മൂവായിരം സുറായികാം ഉണ്ട്. ഇപ്രകാരം മേലൂസ് ശീശ്മയുടെ ദുരന്തഫലം ഇപ്പോഴും നിലനില്ക്കുന്നു.

## 20. സുറിയാനിക്കാർ വേർതിരിക്കപ്പെടുന്നു (1887)

കേരളത്തിലേ സുറിയാനികത്തോലിക്കർ സ്വന്തറീത്തിനോടും പൗരസ്ത്യാധികാരികളോടുമുള്ള പ്രതിപത്തി എത്രകണ്ടു തീവ്രവും ദൃഢമൂലവുമായിരുന്നെന്നു റോക്കോസ്ശീശ്മയും മേലൂസ്ശീശ്മയും പ്രസ്പഷ്ടമാക്കി. സ്വന്തറീത്തിലും ജാതിയിലുമുള്ള മെത്രാന്മാരെ ലഭിക്കുന്നതിനായി 1875 മുതൽ അനേകം ഹർജികാം റോമിലേക്ക് അയച്ചുതുടങ്ങി. സുറിയാനിക്കാരുടെ അഭിലാഷം സാധിച്ചുകൊടുക്കുവാൻതന്നെ റോമിൽനിന്നും തീരുമാനിച്ചു. ഇതിനു പ്രാരംഭമായി വരാപ്പുഴയിലേ സുറിയാനിക്കാരെമാത്രം ഭരിക്കുന്നതിനായി മാർസലീനോസ് എന്ന മിഷനറിയെ 1387-ൽ മെത്രാനായി നിയമിച്ചു. 1887-ൽ 13-ാം ലിയോ മാർപ്പാപ്പാ കേരളത്തിലേ സുറിയാനിക്കാരെ വരാപ്പുഴ അധികാരത്തിൽനിന്നു വിടുത്തുകയും അവക്കായി തൃശ്ശൂർ, കോട്ടയം എന്നീ വികാരിയാത്തുകാം സ്ഥാപിക്കുകയുംചെയ്തു. ഇതിന്റെ ഫലമായി വരാപ്പുഴ ലത്തീൻക്രിസ്ത്യാനികളുടെ മാത്രം മേലദ്ധ്യക്ഷസ്ഥാനമായി. തൃശ്ശൂർ വികാരി അപ്പസ്തോലിക്കായായി പ്രസിദ്ധ ചരിത്രപണ്ഡിതനായ ഡോക്ടർ എം. ഈ. മെഡ്ലിക്കോട്ടും കോട്ടയം വികാരി അപ്പസ്തോലിക്കായായി റോമിലെ ഗ്രിഗോറിയൻ സർവ്വകലാശാലാ പ്രൊഫസറായിരുന്ന മോൺ. ചാഠംസ് ലവീഞ്ഞ് എസ്. ജെ. യും നിയമിക്കപ്പെട്ടു. കോട്ടയം വികാരി അപ്പസ്തോലിക്കാ അദ്ദേഹത്തിന്റെ ആസ്ഥാനം ഉറപ്പിച്ചതു ചങ്ങനാശേരിയിലാ

ന്നു്. അതിനാൽ ഈ വികാരിയാത്തു് ചങ്ങനാശേരി വികാരിയാത്തു് എന്നു വിളിക്കപ്പെട്ടു.

## 21. സുറിയാനിക്കാൎക്കു നാട്ടുമെത്രാന്മാരെ ലഭിക്കുന്നു (1896)

1896-ൽ പതിമൂന്നാം ലിയോ മാർപ്പാപ്പാ തൃശ്ശൂർ വികാരിയാത്തിൻെറ ദക്ഷിണഭാഗവും കോട്ടയം വികാരിയാത്തിൻെറ ഉത്തരഭാഗവും ചേൎത്തു് എറണാകുളം എന്നപേരിൽ ഒരു സുറിയാനി വികാരിയാത്തുകൂടി സ്ഥാപിക്കുകയും കേരളീയരായ മൂന്നു സുറിയാനി വൈദികരെ വികാരിഅപ്പസ്തോലിക്കാമാരായി തെരഞ്ഞെടുക്കുകയും ചെയ്തു. മേനാച്ചേരിൽ യോഹന്നാനച്ചൻ തൃശ്ശൂരിൻേറയും പഴേപറമ്പിൽ ളൂയീസച്ചൻ എറണാകുളത്തിൻേറയും മാക്കീൽ മത്തായിയച്ചൻ ചങ്ങനാശേരിയുടേയും വികാരിഅപ്പസ്തോലിക്കാമാരായി നിയമിക്കപ്പെട്ടു.

1911-ൽ കേരളത്തിലുള്ള തെക്കുംഭാഗം പള്ളികളെ വേർതിരിച്ചു കോട്ടയം തലസ്ഥാനമാക്കി ഒരു പുതിയ വികാരിയാത്തു സ്ഥാപിക്കപ്പെടുകയും ചങ്ങനാശേരി വികാരി അപ്പസ്തോലിക്കായായിരുന്ന മാക്കീൽ മാർ മത്തായി മെത്രാൻ കോട്ടയം വികാരി അപ്പസ്തോലിക്കായായി നിയമിക്കപ്പെടുകയും ചെയ്തു. മാക്കീൽ മെത്രാനു പകരം പുണ്യശ്ലോകനായ കുര്യാളശ്ശേരിൽ മാർ തോമ്മാ മെത്രാനെ ചങ്ങനാശേരി വികാരിഅപ്പസ്തോലിക്കായായി നിയമിച്ചു.

1911-ൽതന്നെ പഴേപറമ്പിൽ ളൂയീസ് മെത്രാൻെറ സഹായമെത്രാനായി മാർ അഗസ്റ്റിൻ കണ്ടത്തിൽ നിയമിതനായി. 1919-ൽ മാർ ളൂയീസ് ദിവംഗതനായപ്പോൾ മാർ അഗസ്റ്റിൻ തിരുമേനി എറണാകുളം വികാരി അപ്പസ്തോലിക്കായായി.

തൃശ്ശൂർ വികാരി അപ്പസ്തോലിക്കായായിരുന്ന മേനാച്ചേരിൽ മാർ യോഹന്നാൻ മെത്രാൻ 1919-ൽ പരലോകപ്രാപ്തനായി. അദ്ദേഹത്തിൻെറ പിൻഗാമിയായി 1921-ൽ മാർ ഫ്രാൻസീസ് വാഴപ്പള്ളി നിയമിക്കപ്പെട്ടു.

കോട്ടയം വികാരി അപ്പസ്തോലിക്കായായി മൂന്നുവഷം മാത്രമേ മാർ മത്തായി മാക്കീൽ ഭരണം നടത്തുകയുണ്ടായുള്ളു. 1914–ൽ അദ്ദേഹം ചരമമടയുകയും ചൂളപ്പറമ്പിൽ മാർ അലക്സാണ്ടർ മെത്രാൻ പിൻഗാമിയായി നിയമിക്കപ്പെടുകയും ചെയ്തു.

## 22. സിറോ–മലബാർ ഹയരാക്കി സ്ഥാപനം. (1923)

കേരളത്തിലെ സുറിയാനിസഭ സ്വതദ്ദേശീയരും സ്വന്തറീത്തിലുള്ളവരുമായ വൈദികമേലദ്ധ്യക്ഷന്മാരുടെ ഭരണത്തിൽ ആശ്ചര്യകരമാംവിധം പുരോഗതി പ്രാപിച്ചു. വൈദികരും സന്യാസികളും സന്യാസിനികളും കന്യകാലയങ്ങളും ദൈവാലയങ്ങളും വദ്ധിച്ചു. കത്തോലിക്കരുടെ വകയായി കോളേജുകളും ഹൈസ്കൂളുകളും പ്രാഥമികവിദ്യാലയങ്ങളും സ്ഥാപിക്കപ്പെട്ടു. കത്തോലിക്കാ പത്രമാസികകളും ഗ്രന്ഥങ്ങളും വദ്ധിക്കുകയും കേരളസുറിയാനിക്കാർ വിജ്ഞാനത്തിലും വിശുദ്ധിയിലും അഭിവൃദ്ധിപ്പെടുകയും ചെയ്തു. കത്തോലിക്കാ സഭയിലേക്കുള്ള മാനസാന്തരങ്ങളും വദ്ധിച്ചുവന്നു. ഇങ്ങനെ അഭിവൃദ്ധമായിത്തീന്ന കേരളസുറിയാനി സഭയ്ക്കു 1923 ഡിസംബർ 21–ാംനു- പരിശുദ്ധപിതാവു് പതിനൊന്നാം പീയൂസ് മാപ്പാപ്പാ ഹയരാക്കി കല്പിച്ചനുവദിച്ചു. എറണാകുളം വികാരിയാത്തു് അതിരൂപതയായും ചങ്ങനാശ്ശേരി, തൃശ്ശൂർ, കോട്ടയം എന്നീ വികാരിയാത്തുകറ്റ സാമന്തരൂപതകളായും ഉയത്തപ്പെട്ടു. കണ്ടത്തിൽ മാർ അഗസ്റ്റിൻ തിരുമേനി എറണാകുളം മെത്രാപ്പോലീത്തായായും മാർ ഫ്രാൻസീസ് വാഴപ്പള്ളി, മാർ തോമസ് കുര്യാളശ്ശേരി, മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ എന്നീ തിരുമേനിമാർ യഥാക്രമം തൃശ്ശൂർ, ചങ്ങനാശ്ശേരി, കോട്ടയം എന്നീ രൂപതകളുടെ മെത്രാന്മാരായും ആരോഹണം ചെയ്തു.

ഈ വന്ദ്യതിരുമേനിമാരിൽ മാർ തോമസ് കുര്യാളശ്ശേരിൽ 1925–ൽ റോമിൽവച്ചു ദിവംഗതനായി. കുര്യാളശ്ശേരിമെത്രാൻെറ പിൻഗാമിയായി 1927–ൽ കാളാശ്ശേരിൽ മാർ ജയിംസ് മെത്രാൻ നിയമിക്കപ്പെട്ടു. വേദപ്രചാരകാര്യങ്ങളിൽ അതീവ ഉത്സുകനായി

രുന്ന ജയിംസ് മെത്രാന്റെ ഭരണകാലത്തു ചങ്ങനാശ്ശേരി രൂപത യിൽനിന്നു് അനേകം യുവതീയുവാക്കന്മാർ മിഷൻ പ്രവർത്തനാർത്ഥം ഇൻഡ്യയിലെ വിവിധമിഷൻ രംഗങ്ങളിലേക്കു പോകുകയുണ്ടായി. 1930-ൽ നടന്ന പുനരൈക്യസംരംഭം പുരോഗമിപ്പിക്കുന്നതിനും മാർ ജയിംസ് മെത്രാൻ നല്കിയിട്ടുള്ള സഹായ സഹകരണങ്ങൾ സ്മരണീയമാണ്. അദ്ദേഹം 1949-ൽ ദിവംഗതനായി. 1950-ൽ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് ചങ്ങനാശ്ശേരി രൂപതയെ ചങ്ങനാശ്ശേരി, പാലാ എന്നു രണ്ടു രൂപതകളായി തിരിച്ചു. ചങ്ങനാശ്ശേരി മെത്രാനായി ഡോക്ടർ മാത്യു കാവുകാട്ടു തിരുമേനി നിയമിക്കപ്പെട്ടു. ഇൻഡ്യയിൽവച്ചു കത്തോലിക്കർ ഏററവും കൂടു തൽ തിങ്ങിപ്പാർക്കുന്ന സ്ഥാനമായ മീനച്ചൽ താലൂക്കിൽ പാലാ തലസ്ഥാനമാക്കി സ്ഥാപിക്കപ്പെട്ട പുതിയ രൂപതയുടെ പ്രഥമ മെത്രാനായി നിയമിതനായതു ഡോക്ടർ സെബാസ്റ്റ്യൻ വയലിൽ തിരുമനസ്സുകൊണ്ടാണ്.

തൃശ്ശൂർ മെത്രാനായിരുന്ന മാർ ഫ്രാൻസീസ് വാഴപ്പള്ളിയുടെ ഭരണകാലത്തു മേലൂസ് ശീശ്മക്കാരുടെ അനന്തരവരായി തൃശ്ശൂരിൽ അവശേഷിച്ചിരുന്നവരിൽ ഭൂരിപക്ഷവും സത്യസഭയിൽ ചേർന്നു. 1942-ൽ അദ്ദേഹം ദിവംഗതനായി. അദ്ദേഹത്തിന്റെ പിൻഗാമി യായി 1944-ൽ മാർ ജോർജ്ജ് ആലപ്പാട്ടു് തിരുമനസ്സുകൊണ്ടു നിയ മിക്കപ്പെട്ടു.

കോട്ടയം രൂപതയുടെ ശില്പി എന്നു ബഹുമതിക്കർഹനായി ത്തീർന്ന മാർ അലക്സാണ്ടർ ചൂളപ്പറമ്പിലിന്റെ മുപ്പത്തിയാറുവർഷത്തെ ഭരണകാലത്തു കോട്ടയം രൂപതയ്ക്കു നാനാമുഖങ്ങളായ അഭിവൃദ്ധി കൈവന്നു. 1945-ൽ ഡോക്ടർ തോമസ് തറയിൽ, ചൂളപ്പറമ്പിൽ മെത്രാന്റെ സഹായമെത്രാനായി നിയമിക്കപ്പെട്ടു. 1951-ൽ മാർ അലക്സാണ്ടർ മെത്രാൻ ദിവംഗതനായപ്പോൾ ഡോക്ടർ തറയിൽ തിരു മേനി ഭരണം കൈയേററു.

വാർദ്ധക്യവയോധികനായ മാർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമന സ്സിലെ സഹായമെത്രാനായി 1953 നവംബറിൽ ഡോ. ജോസഫ്

പാറേക്കാട്ടിൽ തിരുമനസ്സുകൊണ്ടു നിയമിതനാവുകയും 1956-ൽ മാർ അഗസ്റ്റിൻ കണ്ടത്തിൽ ദിവംഗതനായപ്പോഠം എറണാകുളം അതിരൂപതയുടെ മെത്രാപ്പോലീത്തായായി നിയമിക്കപ്പെടുകയുംചെയ്തു.

1953 നവംബറിൽ പൗരസ്ത്യ തിരുസംഘത്തിൻെറ സെക്രട്ടറിയും കർദ്ദിനാഠം തിരുസംഘത്തിൻെറ ഡീനുമായ അത്യുന്നതകർദ്ദിനാഠം ടിസറൻറ് തിരുമനസ്സുകൊണ്ടു ഒർത്തോണായിലേ, വി. തോമസ് അപ്പസ്തോലൻെറ തിരുശേഷിപ്പിൻെറ രണ്ടുഭാഗങ്ങളുമായി ഇൻഡ്യയിൽ വരുകയും അവ കൊടുങ്ങല്ലൂരും മൈലാപ്പൂരിലും പ്രതിഷ്ഠിക്കുകയും ചെയ്തു. കർദ്ദിനാഠം തിരുമനസ്സിലേ കേരളസന്ദർശനം കേരളീയ സുറിയാനി സഭയെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമർഹിക്കുന്നു.

1956 ജൂലൈ 29-ാം തീയതി പരിശുദ്ധ പിതാവ് 12-ാം പീയൂസ് തിരുമനസ്സുകൊണ്ട് എറണാകുളം അതിരൂപതയെ രണ്ടായി വിഭജിച്ചു കോതമംഗലം കേന്ദ്രമാക്കി ഒരു പുതിയ രൂപത സ്ഥാപിക്കുകയും അതിൻെറ പ്രഥമ മെത്രാനായി മോൺ. മാത്യു പോത്തനാമൂഴിയെ നിയമിക്കുകയും ചെയ്തു.

## 23. സിറോ-മലബാർ റീത്തിൻെറ അധികാരപരിധി വിസ്തൃതമാകുന്നു. (1954)

കേരളത്തിലേ കൽദായ സുറിയാനിക്കാക്കു (സിറോ-മലബാർ റീത്തുകാർ) പ്രത്യേക വികാരിയാത്തുകഠം സ്ഥാപിക്കപ്പെട്ട അവസരത്തിൽ ഈ റീത്തിൻെറ അധികാരപരിധി തെക്ക് പമ്പാനദി മുതൽ വടക്ക് ഭാരതപ്പുഴ (പൊന്നാനി നദി) വരെയുള്ള ഭാഗമായിരുന്നു. ഈ ഭാഗത്തേ കൽദായ സുറിയാനി രൂപതകളിൽനിന്നു്, പ്രത്യേകിച്ചു പാലാ, ചങ്ങനാശ്ശേരി രൂപതകളിൽനിന്നു്, പുതിയ കൃഷിസ്ഥലങ്ങഠം തേടി അനേകായിരം കത്തോലിക്കർ മലബാർ ഡിസ്ത്രിക്ടിലേ കോഴിക്കോട്ടു രൂപതയിൽ കുടിയേറിപ്പാർത്തുവന്നു. കോഴിക്കോട്ടു രൂപത സ്ഥാപിക്കപ്പെട്ട 1923 മുതൽ സുറിയാനിക്കാർ അവിടെ

കുടിയേറിപ്പാർക്കുവാൻ ആരംഭിച്ചതാണ്. 1942 മുതൽ മലബാർ കുടിയേററപ്രസ്ഥാനം വളരെ വിപുലമായിത്തീൎന്നു. 1923-ൽ കോഴിക്കോട്ട രൂപതയിൽ 9,000 കത്തോലിക്കർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ സുറിയാനിക്കാരുടെ കുടിയേററഫലമായി അവിടത്തെ കത്തോലിക്കാ ജനസംഖ്യ 1953-ൽ 91,000 ആയി വൎദ്ധിച്ചു. ഇതിൽ 74,000-വും സുറിയാനിക്കാരായിരുന്നു. 1954 ജനുവരിയിൽ ഈ സുറിയാനിക്കാൎക്കായി തലശ്ശേരി ആസ്ഥാനമാക്കി ഒരു രൂപത സ്ഥാപിക്കപ്പെടുകയും അതിൻെറ അഡ്മിനിസ്ത്രേററർ അപ്പസ്തോലിക്ക് ആയി മോൺ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തിരുമനസ്സുകൊണ്ടു നിയമിക്കപ്പെടുകയുംചെയ്തു. ഇതിൻെറ ഫലമായി പമ്പാനദിക്കും ഭാരതപ്പുഴക്കും ഇടയ്ക്കു് ഒതുങ്ങിനിന്നിരുന്ന സിറോ-മലബാർ റീത്തിൻെറ അധികാരപരിധി മലബാർ ഡിസ്ട്രിക്റ്റിൻെറ വടക്കേ അതിൎത്തിവരെയായി വികസിച്ചു. 1955-ൽ ഒരു പ്രത്യേക ഡിക്രീമൂലം തലശ്ശേരി രൂപതയുടെ പ്രഥമ മെത്രാനായി മോൺ. സെബാസ്റ്റ്യൻ വള്ളോപ്പള്ളിൽ നിയമിതനാവുകയും രൂപതയുടെ അതിൎത്തി മംഗലാപുരം, മൈസൂർ, ഊട്ടി എന്നീ രൂപതകളുടെ അതിൎത്തി ഉൾപ്പെടുത്തി വികസിപ്പിക്കുകയും ചെയ്തു. തെക്കോട്ടുള്ള അതിൎത്തി 1956-ൽ ച: അതിരൂപതാ സ്ഥാപനത്തോടെ പമ്പാനദികഴിഞ്ഞു കന്യാകുമാരിവരെയും ദീൎഘിപ്പിച്ചിരിക്കുന്നു.

ഇങ്ങനെ, മുപ്പതു വൎഷങ്ങൾക്കു മുമ്പാരംഭിച്ച കുടിയേററ പ്രസ്ഥാനം ഇന്നു് അതിൻെറ പൂൎണ്ണവളൎച്ചയിൽ എത്തിയിരിക്കുന്നു. കാൽശതാബ്ദത്തിനു മുമ്പു കാട്ടുമൃഗങ്ങളുടേയും മലവൎഗ്ഗങ്ങളുടേയും ആസ്ഥാനമായിരുന്ന മലബാറിലെ വിസ്തൃതമായ വനപ്രദേശങ്ങളിൽ ഇന്നു സ്ഥിരോത്സാഹികളും ദൈവഭക്തരുമായ ഒരു ലക്ഷത്തിനാല്പതിനായിരം കത്തോലിക്കരായ സ്ത്രീപുരുഷന്മാർ മലയോടും മണ്ണിനോടും മല്ലിട്ടുകൊണ്ടിരിക്കുകയാണ്. വന്യമൃഗങ്ങളോടും മലമ്പനിയോടും ദാരിദ്ര്യത്തോടുമുള്ള പോരാട്ടത്തിൽ അനേകായിരം പേർ തങ്ങളുടെ ജീവൻ ബലി അൎപ്പിച്ചിട്ടുണ്ടു്.

മലബാറിൽ മാത്രമല്ല, പമ്പാനദിക്കു തെക്കുള്ള ലത്തീൻ രൂപതകളിലും കൽദായ സുറിയാനിക്കാർ കുടിയേറിപ്പാർത്തുവരുന്നു. 1925–നോടടുത്താണ് ഈ കുടിയേററവും ആരംഭിച്ചതു്. ഇവർ കുടിയേറിയിരിക്കുന്നതു പത്തനാപുരം, പത്തനംതിട്ട, കൊട്ടാരക്കര, നെയ്യാററിൻകര, പീരുമേട്, ഉടുമ്പൻചോല മുതലായ താലൂക്കുകളിലാണ്. ഇവരുടെ സംഖ്യ ഇപ്പോൾ ഇരുപതിനായിരത്തിൽ അധികമായിട്ടുണ്ട്. ഇവർ കോതമംഗലം രൂപതയിലും ഇപ്പോൾ കൊല്ലം, തിരുവനന്തപുരം, കോട്ടാർ എന്നീ ലത്തീൻ രൂപതകൾ ഉൾപ്പെട്ട ച. അതി. രൂ. അതിർത്തിക്കുള്ളിലും കിടക്കുന്നു.

## 24. "മലങ്കരസഭയിലെ മലർവാടി"

(കർമ്മലീത്താ നിഷ്പാദുക മൂന്നാംസഭ)

1831–ൽ മാന്നാനം കുന്നിൽ ആരംഭിച്ചതാണല്ലോ കേരളത്തിലേ സുറിയാനി കർമ്മലീത്താ നിഷ്പാദുക മൂന്നാംസഭ. 1906–ൽ വി. പത്താംപീയൂസ് മാർപ്പാപ്പായാണ് ഈ സന്യാസസ്സഭയ്ക്കു സ്ഥിരമായ അംഗീകരണം നല്കിയതു്. ഈ സന്യാസികൾ മുദ്രാലയ പ്രവർത്തനങ്ങൾ, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, ധ്യാനപ്രസംഗങ്ങൾ തുടങ്ങിയ വിശിഷ്ടോപാധികൾ മുഖേന കേരളീയ കത്തോലിക്കരുടെ ഇടയിൽ വിജ്ഞാനവും വിശുദ്ധിയും വദ്ധിപ്പിക്കുവാൻ വളരെയധികം യത്നിക്കുന്നു. ഈ സന്യാസസ്സഭ കേരളസ്സഭയുടെ ഒരു "ആദ്ധ്യാത്മികോദ്യാനം" തന്നെയാണ്. കേരളസുറിയാനി കർമ്മലീത്താ സഭയെ വി. യൗസേപ്പിന്റെ ദക്ഷിണപ്രോവിൻസ്, തിരുഹൃദയത്തിന്റെ മദ്ധ്യമപ്രോവിൻസ്, ദൈവജനനിയുടെ ഉത്തരപ്രോവിൻസ് എന്നിങ്ങനെ മൂന്നു പ്രോവിൻസുകളായി ഇപ്പോൾ തിരിച്ചിരിക്കുന്നു. മൂന്നു പ്രോവിൻസുകളിലുംകൂടി ഈ സഭയ്ക്കു് ഇപ്പോൾ 47 ആശ്രമങ്ങൾ ഉണ്ടു്. കേരളസുറിയാനി കർമ്മലീത്താസഭയിലേ ഒരു പ്രമുഖാംഗവും പണ്ഡിതനുമായ വെ. റവ. ഡോ. പ്ലാസിഡ് സി. എം. ഐ. പൗരസ്ത്യതിരുസംഘത്തിലേ ഉപദേഷ്ടാവായി നിയമിക്കപ്പെട്ടിരിക്കുന്നതു് കേരളീയർക്കെല്ലാം അഭിമാനാർഹമാണ്. ഈ

സഭയുടെ സ്ഥാപകനായ ചാവറ കുര്യാക്കോസ് ഏലിയാസച്ച
ൻെറ മാദ്ധ്യസ്ഥ്യം നിമിത്തം അനേകം അനുഗ്രഹങ്ങൾ ലഭിച്ചു
കൊണ്ടിരിക്കുന്നു. ദൈവദാസനെ വിശുദ്ധരുടെ പട്ടികയിൽ പെടു
ത്തുന്നതിന്ന് പ്രാരംഭ നടപടികൾ പൂർത്തിയാക്കുന്നതിനായുള്ള കോട
തികൾ രണ്ടെണ്ണം (ദൈവദാസൻെറ എഴുത്തുകൾ സംബന്ധിച്ചും
പുണ്യപൂർണ്ണത സംബന്ധിച്ചുമുള്ളവ) 1962 ആഗസ്റ്റ് 15-ാം തീയതി
മാന്നാനം ആശ്രമത്തിൽ വച്ച് ഔദ്യോഗികമായി ഉദ്ഘാടനം
ചെയ്യപ്പെടുകയുണ്ടായി.

കൂടാതെയും, വിൻസെൻഷ്യൻ, ദിവ്യകാരുണ്യമിഷനറി
(M. C. B. S.), ലിററിൽഫ്ളവ്വർ കോൺഗ്രെഗേഷൻ (C. S. T.),
മുതലായ സന്യാസസഭകളും, അടുത്ത നാളുകളിൽ സമാരംഭിക്കുകയും
കേരളത്തിലെ വിവിധ രൂപതകളിൽ പ്രവർത്തനം നടത്തുകയും
ചെയ്യുന്നു.

## 25. വിശ്വവിഖ്യാതയായ അൽഫോൻസാമ്മ

1946 ജൂലൈ 28-ാം തീയതി ഭരണങ്ങാനം ക്ലാരമഠത്തിൽ
വച്ചു പരലോകപ്രാപ്തയായ ഒരു സുകൃതിനിയാണു ബ. സിസ്റ്റർ അൽ
ഫോൻസാ. ജീവിതത്തിൻെറ നല്ല പങ്കം രോഗശയ്യയിൽ കഴിച്ചു
കൂട്ടിയിരുന്ന ഈ കന്യക സ്നേഹത്തിൻേറയും സഹനത്തിൻേറയും
ഒരു മഹനീയ മാതൃകയായിരുന്നു. ജീവിച്ചിരുന്ന കാലത്ത് ആരാലും
തന്നെ കേൾക്കപ്പെടാതിരുന്ന സിസ്റ്റർ അൽഫോൻസാ മരണാനന്തരം
പ്രസിദ്ധയായിത്തീർന്നു. ഇന്നു കേരളം മുഴവനും ഭാരതത്തിൻെറ
നാനാഭാഗങ്ങളിലും മാത്രമല്ല, വിദേശങ്ങളിലും അൽഫോൻസാമ്മ
യുടെ സുകൃതത്തെപ്പററി കേട്ടുതുടങ്ങിയിരിക്കുന്നു. പല ഇൻഡ്യൻ
ഭാഷകളിലും പാശ്ചാത്യ ഭാഷകളിലും ആഫ്രിക്കൻ ഭാഷകളിലും
അവളുടെ ജീവചരിത്രം പ്രചരിച്ചുകഴിഞ്ഞിട്ടുണ്ട്. ഈ സുകൃതിനി
യുടെ മാദ്ധ്യസ്ഥ്യംമൂലം നിരവധി അനുഗ്രഹങ്ങൾ – ആശ്ചര്യകരങ്ങ
ളായ രോഗശമനങ്ങൾ തന്നെ സിദ്ധിച്ചിട്ടുള്ളതായി വിവിധ മതങ്ങ
ളിൽപ്പെട്ട അനുഭവസ്ഥർ തെളിവുകൾ സഹിതം സാക്ഷ്യപ്പെടുത്തു

ന്നുണ്ട്. അവളുടെ പൂജ്യശരീരം ഉൾക്കൊള്ളുന്ന കുഴിമാടം, ഭാരതത്തിൻെറ വിവിധ ഭാഗങ്ങളിൽനിന്നും അനുസ്യൂതം വന്നുകൊണ്ടിരിക്കുന്ന വിവിധജാതിമതസ്ഥരടങ്ങിയ തീർത്ഥകർ സന്ദർശിച്ചു പ്രാർത്ഥനകളും നേർച്ചകാഴ്ചകളും സമർപ്പിച്ചുവരുന്നു. ഇതിനകം രണ്ടു കർദ്ദിനാളന്മാർ, രണ്ടു ഇൻറർനൺഷ്യോമാർ പല മെത്രാപ്പോലീത്താമാർ, മെത്രാന്മാർ, സന്യാസശ്രേഷ്ഠന്മാർ, ബഹുശതം വൈദികർ എന്നിവരുൾപ്പെടെ പല ലക്ഷം തീർത്ഥകർ അൽഫോൻസാമ്മയുടെ ശവകുടീരം സന്ദർശിച്ചിട്ടുണ്ട്.

ഭാരതസഭയിലേ ഒരു വീരാത്മാവിനേയും വിശുദ്ധരുടെ ഗണത്തിൽ ഉൾപ്പെടുത്തിക്കാണുവാനുള്ള ഭാഗ്യം നമുക്ക് ഉണ്ടായിട്ടില്ലല്ലോ. ദൈവദാസി അൽഫോൻസാമ്മയുടെ കാര്യം ഈ അവസരത്തിൽ വളരെ പ്രതീക്ഷകൾ ഭാരതീയ കത്തോലിക്കരിൽ ജനിപ്പിച്ചിരിക്കുന്നു. അൽഫോൻസാമ്മയുടെ പുണ്യപദവിയെപ്പററി വേണ്ട തെളിവുകൾ ശേഖരിക്കുന്നതിനുള്ള രൂപതാ നടപടികൾ 1952–ൽ സമാരംഭിച്ചു. 1953 നവംബർ 23–ാംനു- ദൈവദാസിയുടെ എഴുത്തുകൾ സംബന്ധിച്ചുള്ള കോടതിയും 1960 മാർച്ച് 19–ാംനു-, ദൈവദാസിക്ക് പരസ്യവണക്കം ചെയ്തിട്ടുണ്ടോ എന്ന് അന്വേഷിക്കുന്നതിനുള്ള കോടതിയും ഉദ്ഘാടനം ചെയ്യപ്പെട്ടു. ഈ മൂന്നു കോടതികളുടേയും ജോലി വിജയപ്രദമായി പര്യവസാനിച്ചിരിക്കുകയാണ്. ഇതിനകം 100–ൽ അധികം സാക്ഷികളെ വിസ്തരിച്ചിട്ടുണ്ട്. സാക്ഷികളുടെ മൊഴികളും എഴുത്തുകൾ സംബന്ധിച്ചുള്ള രേഖകളും കൂടി ഏതാണ്ട് 9000 പേജുകളിലായി രേഖപ്പെടുത്തിയിരിക്കുന്നു. പതിനായിരക്കണക്കിനുള്ള അനുഗ്രഹലബ്ധികളും രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. രൂപതാ നടപടികൾ 1962 ഒക്ടോബർ 4–ൽ അവസാനിച്ചു. ഇതു സംബന്ധിച്ചുള്ള രേഖകൾ അഭിവന്ദ്യ രൂപതാദ്ധ്യക്ഷൻ ഒക്ടോബർ 7–ാംനു- റോമിലേക്കുകൊണ്ടുപോയിരിക്കുന്നു.

## 26. കേരളീയരുടെ മിഷൻ പ്രവർത്തനം.

പത്തൊൻപതു നൂററാണ്ടു പഴക്കമുള്ള കേരളസഭയ്ക്കു അതിൻെറ പുരാതനത്വത്തിനും വിശ്വാസസ്ഥിരതയ്ക്കും അനുയോജ്യമായ

വികസനത്തിനോ വേദപ്രചാരണത്തിനോ സാഹചര്യങ്ങരം അനുകൂലമല്ലായിരുന്നുവെന്നതു് ഒരു പരമാത്ഥം മാത്രമാണ്. പത്തൊൻപതാം ശതാബ്ദത്തിൻെറ മദ്ധ്യഘട്ടംമുതൽ കേരളത്തിലേ സുറിയാനിക്കത്തോലിക്കർ ചേരമർ, പുലയർ തുടങ്ങിയ അധ:കൃത വഗ്ഗക്കാരെ കത്തോലിക്കാസഭയിലേക്കു സ്വീകരിച്ചു തുടങ്ങി. ജാത്യാഭിമാനം പുലത്തിക്കൊണ്ടുപോന്ന ചില സുറിയാനി ക്രിസ്ത്യാനികരം ആദ്യകാലത്തു് ഈ പ്രസ്ഥാനത്തെ ശക്തിയായി എതിത്തിരുന്നു.

കേരളീയർ കേരളത്തിനു പുറത്തുള്ള മിഷൻ രംഗങ്ങളിലേക്കു തങ്ങളുടെ ശ്രദ്ധപതിച്ചിട്ടു കേവലം കാൽശതാബ്ദം മാത്രമേ ആയിട്ടുള്ളൂ. പ്രഥമ കേരളീയ മിഷനറി എന്ന സ്ഥാനത്തിനഹനായിത്തീർന്ന ഫാദർ ഫിലിപ്പ് കുടക്കച്ചിറ 1927-ൽ ഒരു ശമ്മാശനായിരുന്ന കാലത്തു വിശാഖപട്ടണം രൂപതയിൽ ചേന്നു. 1931-ൽ വിശാഖപട്ടണം മിഷനിൽ ചേർന്ന ചങ്ങനാശ്ശേരി (ഇപ്പൊഴത്തേ ചങ്ങനാശ്ശേരിയും പാലായും) രൂപതക്കാരായ 15 ബാലികമാരാണ് കേരളത്തിലേ പ്രഥമ മിഷനറി കന്യാസ്ത്രീകരം. ഇതിനേ തുടന്നു് ഇൻഡ്യയിലേ മററനേകം രൂപതകളിലേക്കും കേരളത്തിൽനിന്നു യുവതീയുവാക്കന്മാർ ക്ഷണിക്കപ്പെട്ടുതുടങ്ങി. ഇന്നു് ഇൻഡ്യയിലേയും പാക്കിസ്ഥാനിലേയും എല്ലാ രൂപതകളിലുംതന്നെ ശതക്കണക്കിനു കേരളത്തിൻെറ വീരസന്താനങ്ങരം വൈദികരും സഹോദരന്മാരും കന്യാസ്ത്രീകളുമെന്ന നിലയിൽ സേവനം നടത്തുന്നു. ഇവരുടെ സംഖ്യ ഇപ്പോരം ആറായിരത്തിലധികമായിട്ടുണ്ട്. ഇവയിൽ 88 ശതമാനവും സുറിയാനിക്കാരാണ്.

ഇൻഡ്യയിലേ വിവിധ രൂപതകളിൽനിന്നും സന്യാസസഭകളിൽനിന്നും ലഭിക്കുന്ന ആഹ്വാനമനുസരിച്ചു പ്രേഷിതാത്ഥികളായ യുവാക്കന്മാരെ തെരഞ്ഞെടുത്തു് അവക്കു വേണ്ട പ്രാരംഭപരിശീലനം നല്കുന്നതിനായി വെ. റവ. ഫാ. ജേക്കബ് വെള്ളരിങ്ങാട്ടു് 1937-ൽ തിരുവല്ലായിൽ സെൻറ് ജോസഫ്സ് മിഷൻ ഹോം ആരംഭിച്ചു. 1945-ൽ ഈ സ്ഥാപനം കോട്ടയത്തേക്കും 1951-ൽ പാലായിലേക്കും

മാററി സ്ഥാപിക്കപ്പെട്ടു. 1962–ൽ മിഷൻഹോമിനോടനുബന്ധിച്ച് ഒരു അപ്പസ്തോലിക്ക സ്കൂളും ആരംഭിച്ചിരിക്കുന്നു.

കേരളത്തിലും പുറമേയും വിശ്വാസം സംരക്ഷിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും സംഘടിതവും കാര്യക്ഷമവുമായ പ്രവർത്തനങ്ങൾ നടത്തണമെന്നുള്ള ലക്ഷ്യത്തോടുകൂടി ഫാദർ സഖറിയാസ് വാഴപ്പള്ളി അവർകളുടെ പരിശ്രമഫലമായി തൃശ്ശൂരിൽ 1948–ൽ ആരംഭിച്ചതാണ് "മലബാർ മിഷനറി യൂണിയൻ" എന്ന പേരിൽ അറിയപ്പെടുന്ന ഇടവക വൈദികരുടെ സംഘടന. ഭാരതമാനസാന്തരത്തിനായി അക്ഷീണം പരിശ്രമിച്ചുകൊണ്ടിരിക്കുന്ന പല സന്യാസസഭകളും തങ്ങളുടെ ആശ്രമങ്ങളും അപ്പസ്തോലിക് സ്കൂളുകളും സെമിനാരികളും കേരളത്തിൽ സ്ഥാപിച്ചു പ്രവർത്തനം നടത്തിവരുന്നു. കപ്പൂച്ചിൻസഭക്കാർക്ക് 8 ആശ്രമങ്ങളും ഭരണങ്ങാനത്ത് ഒരു മൈനർ സെമിനാരിയും ഈശോസഭക്കാർക്ക് ഒരു കേരളാപ്രോവിൻസും അപ്പസ്തോലിക്ക് സ്കൂളും മൈനർ സെമിനാരിയും വി. ഫ്രാൻസീസ് സാലേസിന്റെ മിഷനറിസഭക്കാർക്ക് ആരമാനൂരിൽ ഒരു മൈനർ സെമിനാരിയും ദിവ്യവചനസഭക്കാർക്ക് കട്ടുത്തുരുത്തിയിലും ചങ്ങനാശേരിയിലും ഓരോ അപ്പസ്തോലിക്ക സ്കൂളുകളും സലേഷ്യൻസഭക്കാർക്ക് എറണാകുളത്ത് ഒരു അപ്പസ്തോലിക്ക സ്കൂളും ഉണ്ട്. ആലുവായിലുള്ള ഒരു മേജർ സെമിനാരിക്കു പുറമേ പല മൈനർ സെമിനാരികളും കർമ്മലീത്താ ഒന്നാംസഭക്കാർ നടത്തിവരുന്നു. 1962 ജൂലൈ 3–ാംതീയതി ഏതദ്ദേശീയ വൈദികർക്കായി രൂപതാവൈദികന്മാരാൽ നടത്തപ്പെടുന്ന ഒരു മേജർ സെമിനാരി കോട്ടയത്ത് വടവാതൂരും ആരംഭിച്ചിട്ടുണ്ട്. അങ്ങനെ കേരളത്തിലെ വർദ്ധിച്ചുവരുന്ന ദൈവവിളികൾ മുഴുവൻ സ്വീകരിച്ചു പ്രോത്സാഹിപ്പിക്കുവാൻ കേരളം പര്യാപ്തമായി വരുന്നു.

## ഭാരതത്തിന്റെ ആശാകേന്ദ്രം (ചെറുപുഷ്പമിഷൻലീഗ്)

മിഷനെ സഹായിക്കുന്നതിനായി 1947–ൽ ഫാ ജോസഫ് മാലിപ്പറമ്പിൽ എന്ന യുവവൈദികൻ "ചെറുപുഷ്പമിഷൻലീഗ്"

എന്ന അല്മായരുടെ സംഘടന ഭരണങ്ങാനത്തു് ആരംഭിച്ചു. രണ്ടു പരിശുദ്ധപിതാക്കന്മാരുടേയും ഭാരതത്തിലേ എല്ലാ വൈദികമേലദ്ധ്യക്ഷന്മാരുടേയും ആശീർവ്വാദനുഗ്രഹങ്ങളാൽ സമ്പുഷ്ടമായ, കേരളത്തിൻെറ സ്വന്തമായ ഈ ചെറുപുഷ്പമിഷൻ ലീഗിനു് ഇന്നു കേരളത്തിലേ 13 രൂപതകളിലായി 500-ൽ അധികം ശാഖകളും 125,000 അംഗങ്ങളും ഉണ്ടു്. 227 ബുക്കുസ്റ്റാളുകളും 212 ഗ്രന്ഥശാലകളും മിഷൻലീഗു നടത്തിവരുന്നു. പ്രതിവർഷം ലക്ഷക്കണക്കിനു പണം ശേഖരിച്ചു ഭാരതത്തിലേ 31 രൂപതകളിലായി 173 മിഷൻകേന്ദ്രങ്ങളെ സഹായിക്കുന്നതിനും പുറമേ 34 വൈദികവിദ്യാർത്ഥികളുടെ പാഠച്ചെലവും 64 ഹൈസ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കു് ഫീസും നല്കിവരുന്നുണ്ടു്. ദൈവവിളി പ്രോത്സാഹനാർത്ഥം ഒരു "വൊക്കേഷൻ ബ്യൂറോ"യും ആരംഭിച്ചു് പ്രവർത്തനം നടത്തുന്നുണ്ടു്. ഇതിനകം മിഷൻലീഗിൽനിന്നും 3500-ൽ അധികം ദൈവവിളികൾ ഉണ്ടായിട്ടുണ്ടു്. അങ്ങനെ ഭാരതമിഷൻെറ ആശാകേന്ദ്രമായി ഇന്നു് മിഷൻലീഗു് തീർന്നിരിക്കുകയാണു്.

## 27. ചണ്ഡാമിഷൻ

ഭാരതത്തിൽ മിഷൻപ്രവർത്തനം നടത്തുന്ന മിഷനറിമാരിൽ 88%-വും സുറിയാനിക്കത്തോലിക്കരാണു്. അവരുടെ മിഷൻ ചൈതന്യവും വർദ്ധിച്ചുവരുന്ന ദൈവവിളിയും കഴിവും മനസ്സിലാക്കി പരിശുദ്ധസിംഹാസനം 1962-ൽ ഒരു ഡിക്രിമൂലം പതിമൊന്നു ഡിസ്ത്രിക്ടുകളുള്ള നാഗപ്പൂർ അതിരൂപതയിൽനിന്നും വാർദ്ധാ, ചണ്ഡാ, ആദിലാബാദ് എന്നീ മൂന്നു ഡിസ്ത്രിക്ടുകൾ വേർപെടുത്തി കേരളത്തിലേ സുറിയാനിക്കാരായ കർമ്മലീത്താക്കാർക്കു് ഏല്പിച്ചുകൊടുക്കുകയും വെ. റവ. ഡോ. ജനുവാരിയൂസ് C. M. I. അവർകളെ പുതിയ മിഷൻരൂപതയുടെ സുപ്പീരിയർ ആയി നിയമിക്കുകയും ചെയ്തിരിക്കുന്നു കേരളത്തിൻെറ ഒന്നേകാൽ ഇരട്ടി വിസ്തീർണ്ണമുള്ള ഈ മിഷൻെറ ഉദ്ഘാടനം 1962 ജൂലൈ മൂന്നാംതീയതി നടന്നു. ഭാരതമിഷനിൽ ഇനിയും സുറിയാനിക്കാർക്കായി പല ഭൂവിഭാഗങ്ങ

ളും തിരിച്ച് ഏല്പിക്കപ്പെടുന്നതിനും മിഷൻപ്രവൎത്തനം ത്വരിതപ്പെടുന്നതിനും ഇതു കാരണമായി ഭവിക്കുകയും ചെയ്യും.

## 28. പുനരൈക്യപ്രസ്ഥാനം

പതിനെട്ടാംനൂററാണ്ടിൻെറ അന്ത്യഘട്ടംവരേയും കേരളത്തിലെ യാക്കോബായക്കാർ ഒററക്കെട്ടായിത്തന്നെ നിന്നിരുന്നു. എന്നാൽ, പിന്നീട് അവർ പല വിഭാഗങ്ങളായി ഭിന്നിച്ചുപോയി. 1838-ൽ ഏതാനും യാക്കോബായക്കാർ ആംഗ്ലിക്കൻസഭയിൽ (സി. എം. എസ്.) ചേർന്നു. പിന്നോക്കവൎഗ്ഗങ്ങളിൽനിന്നു ചേൎന്നവരുംപ്പെടെ ഇപ്പോഠം (C. S. I.) മുക്കാൽ ലക്ഷം സി. എം. എസ്. കാരുണ്ട്. ഇവരുടെ ഭരണം കോട്ടയം കേന്ദ്രമാക്കി നടത്തപ്പെടുന്നു.

1889-നു ശേഷം യാക്കോബായക്കാരിൽ ഗണ്യമായ ഒരു ഭാഗം മാൎത്തോമ്മാസഭ എന്നപേരിൽ അറിയപ്പെടുന്ന നവീകരണകക്ഷിയിൽ ചേൎന്നു. മാൎത്തോമ്മാസഭയിൽ ഇപ്പോഠം രണ്ടുലക്ഷം ജനങ്ങളും ഒരു മെത്രാപ്പോലീത്തായും നാലു മെത്രാന്മാരും ഉണ്ട്. മെത്രാപ്പോലീത്തായുടെ ആസ്ഥാനം തിരുവല്ലായാണ്.

1909-ൽ യാക്കോബായക്കാരിൽ മറെറാരു ഭിന്നതകൂടി ഉടലെടുക്കുകയും അവർ പാത്രിയക്കീസ് കക്ഷിയെന്നും മെത്രാൻ കക്ഷിയെന്നും രണ്ടായി പിരിയുകയും ചെയ്തു. 1952-ൽ മെത്രാൻകക്ഷിക്കാർ യാക്കോബായസഭയിൽനിന്നും സ്ഥിരമായി വേർപെടുകയും തങ്ങളുടെ കക്ഷിയെ "മലങ്കര ഓൎത്തഡോക്സ് സഭ" എന്നപേരിൽ ഒരു സ്വതന്ത്രസഭയായി പ്രഖ്യാപനം ചെയ്യുകയും ചെയ്തു. കേരളത്തിലെ യാക്കോബായ സഭയിൽ (പാത്രിയക്കീസ് കക്ഷിയിൽ) ഇപ്പോഠം മൂന്നു ലക്ഷത്തോളം ജനങ്ങളും 7 വൈദികമേലദ്ധ്യക്ഷന്മാരും ഉണ്ട്. ഇവരുടെ മെത്രാപ്പോലീത്തായുടെ ആസ്ഥാനം ആലുവായാണ്. ഓൎത്തഡോക്സ് സഭയിൽ (മെത്രാൻ കക്ഷിയിൽ) രണ്ടുലക്ഷത്തിൽപ്പരം ജനങ്ങളും പത്തു മേലദ്ധ്യക്ഷന്മാരും ഉണ്ട്. മെത്രാപ്പോലീത്താസ്ഥാനംകൂടി വഹിക്കുന്ന കാസോലിക്കാബാവായുടെ ആസ്ഥാനം കോട്ടയമാകുന്നു.

പതിനെട്ടാംനൂററാണ്ടിൻെറ അന്തിമഘട്ടത്തിൽ പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ കാലത്തു നടന്ന പുനരൈക്യശ്രമങ്ങളും പരാജയമടഞ്ഞതിനെത്തുടൎന്നുണ്ടായ സ്തംഭനാവസ്ഥ നൂറുവൎഷത്തോളം ദീർഘിച്ചു. നിധിരിക്കൽ മാണിക്കത്തനാർ പത്തൊമ്പതാം നൂററാണ്ടിൻെറ അന്ത്യപാദത്തിൽ പുനരൈക്യശ്രമങ്ങൾ വീണ്ടും ആരംഭിച്ചു. എന്നാൽ, 1930–ലാണു കേരളത്തിലെ പുനരൈക്യശ്രമങ്ങൾ വിജയമകുടം ചൂടിയതു്. 1930–ൽ യാക്കോബായ സഭയിലെ മെത്രാൻകക്ഷിയിൽപ്പെട്ട മാർ ഈവാനിയോസ്‌ മെത്രാപ്പോലീത്തായും മാർ തെയോഫിലസ്‌ മെത്രാനും കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു. തുടൎന്നു് അനേകം യാക്കോബായ വൈദികരും അത്മായരും കത്തോലിക്കാസഭയിൽ പ്രവേശിച്ചു. യാക്കോബായസഭയിൽ ആചരിച്ചിരുന്ന അന്തിയോക്കിയൻ റീത്തു് വേണ്ട തിരുത്തലുകളോടുകൂടെ ഉപയോഗിക്കുന്നതിനു പതിനൊന്നാംപീയൂസ്‌ മാർപ്പാപ്പാ പുനരൈക്യപ്പെട്ടവരെ അനുവദിക്കുകയും 1932–ൽ അവൎക്കായി സീറോ–മലങ്കര ഹയരാൎക്കി സ്ഥാപിക്കുകയും ചെയ്തു. തത്ഫലമായി തിരുവനന്തപുരം അതിരൂപതയും തിരുവല്ലാ രൂപതയും സ്ഥാപിക്കപ്പെട്ടു.

പമ്പാനദിമുതൽ തെക്കോട്ടു് കന്യാകുമാരിവരെ നീണ്ടുകിടക്കുന്ന സ്ഥലവിഭാഗം തിരുവനന്തപുരം അതിരൂപതയിൽ ഉൾപ്പെടുന്നു. മാർ ഈവാനിയോസ്‌ 1932–ൽ തിരുവനന്തപുരം മെത്രാപ്പോലീത്തായായി നിയമിക്കപ്പെട്ടു. തിരുമനസ്സിലെ അക്ഷീണയത്നത്താൽ സീറോ–മലങ്കര ഹയരാൎക്കി അതിവേഗം അഭിവൃദ്ധമായി. 1952–ൽ അദ്ദേഹത്തിൻെറ സഹായമെത്രാനായി ബനഡിക്ടു് മാർ ഗ്രീഗോറിയോസ്‌ തിരുമേനി നിയമിതനായി. 1953–ൽ ഈവാനിയോസ്‌ മെത്രാപ്പോലീത്താ ചരമമടയുകയും മാർ ഗ്രീഗോറിയോസ്‌ തിരുമേനി മെത്രാപ്പോലീത്തായായി നിയമിക്കപ്പെടുകയും ചെയ്തു.

പമ്പാനദിമുതൽ വടക്കോട്ടു് ഭാരതപ്പുഴവരെയുള്ള സ്ഥലവിഭാഗമാണു തിരുവല്ലാ രൂപതയുടെ ഭരണത്തിൽ ഉൾപ്പെടുന്നതു്.

തിരുവല്ലാ മെത്രാനായി 1932-ൽ മാർ തെയോഫിലസ് തിരുമേനി നിയമിക്കപ്പെട്ടു. രണ്ടുവർഷം കഴിഞ്ഞപ്പോഴം അദ്ദേഹം രോഗബാധിതനായിത്തീൎന്നു. 1937-ൽ ജോസഫ് മാർ സെവേരിയൂസ് തിരുമേനിയും 1939-ൽ മാർ ദീയസ്കോറസ് തിരുമേനിയും കത്തോലിക്കാസഭയിൽ ചേൎന്നു. മാർ ദീയസ്കോറസ് ഭരണഭാരമേല്ക്കാതെ ദിവംഗതനാകുകയാണുണ്ടായതു്. മാർ സെവേരിയൂസ് തിരുമേനി 1938-ൽ തിരുവല്ലാ രൂപതയുടെ അഡ്മിനിസ്റ്റ്രേററായും 1951-ൽ തിരുവല്ലായുടെ മെത്രാനായും നിയമിക്കപ്പെട്ടു. 1954-ൽ തിരുമേനിക്കു് പരിശുദ്ധ സിംഹാസനത്തിൽനിന്നു് മെത്രാപ്പോലീത്താസ്ഥാനം നല്കുകയും തിരുമനസ്സിലെ സഹായമെത്രാനായി സഖറിയാസ് മാർ അത്തനാസിയോസ് തിരുമേനിയെ നിയമിക്കുകയുംചെയ്തു.

പുനരൈക്യപ്രസ്ഥാനം ക്രമേണ വിജയം പ്രാപിച്ചുകൊണ്ടിരിക്കുന്നു. തിരുവനന്തപുരം അതിരൂപതയിലും തിരുവല്ലാ രൂപതയിലുംകൂടെ ഇപ്പോഴം ഒരു ലക്ഷത്തിലധികം കത്തോലിക്കരുണ്ടു്. ഒരു കാലത്തു തങ്ങളുടെ സ്വന്തസഹോദരങ്ങളായിരുന്നവരും ഇപ്പോഴം യാക്കോബായ, ഓൎത്തഡോക്സ്, മാൎത്തോമ്മാ, ആംഗ്ലിക്കൻ ആദിയായ സഭകളിൽപ്പെട്ടുകിടക്കുന്നവരുമായ ഏഴുലക്ഷത്തിൽപ്പരം സുറിയാനിക്രിസ്ത്യാനികളുടെ കത്തോലിക്കാസഭയിലേക്കുള്ള പുനരാഗമനത്തിനും വേണ്ടി കേരളത്തിലെ ഓരോ സുറിയാനികത്തോലിക്കനും പൂൎവ്വാധികം ഉണൎന്നു പ്രവൎത്തിക്കേണ്ടിയിരിക്കുന്നു. ഇംഗ്ലണ്ടിലേയും അമേരിക്കയിലേയും കത്തോലിക്കർ തങ്ങളുടെ പ്രോട്ടെസ്റ്റൻറ സഹോദരങ്ങളുടെ മാനസാന്തരാൎത്ഥം ചെയ്യുന്ന പരിശ്രമങ്ങൾ നമുക്കും പ്രചോദനം നല്കട്ടെ. നാമും അവരേപ്പോലെ സംഘടിതമായി ആധുനികങ്ങളായ വിവിധമാൎഗ്ഗങ്ങൾ സ്വീകരിക്കണം. കേരളത്തിലെ ക്രിസ്തീയ വിഭാഗങ്ങൾ തമ്മിൽ സാമുദായികൈക്യം സ്ഥാപിതമായിക്കഴിയുമ്പോൾ മതതത്വങ്ങളിലുള്ള ഭിന്നതയും മാറിമറഞ്ഞു് ഏകതൊഴുത്തും ഏകഇടയനും ആയിത്തീരുമെന്നു് പ്രതീക്ഷിക്കാം.

## 29. കേരളത്തിലെ ലത്തീൻ ക്രിസ്ത്യാനികൾ

പോർട്ടുഗീസുകാരുടെ ആഗമനത്തോടുകൂടിയാണു കേരളത്തിൽ ലത്തീൻറീത്തു് സുസ്ഥിരമായി സ്ഥാപിക്കപ്പെട്ടതു്. എന്നാൽ, അതിനു മുൻപും ചില അവസരങ്ങളിൽ ലത്തീൻറീത്തു് കേരളത്തിൽ ആവിർഭവിച്ചിരുന്നതായി കാണുന്നുണ്ടു്. ജോൺ മോന്തെ കൊർവിനോ (1291), ജോർദാനൂസ് (1328) മുതലായ ലത്തീൻ മിഷനറിമാർ കൊല്ലത്തും മററും സുവിശേഷവേല നടത്തുകയും ലത്തീൻറീത്തു് ഏർപ്പെടുത്തുകയും ചെയ്തു. 1348-ൽ കൊല്ലത്തു വന്നിറങ്ങിയ ജോൺ ഡി മരിഞ്ഞോളി മെത്രാൻ, കൊല്ലത്തു ഗീവർഗീസ് പുണ്യവാൻെറ നാമത്തിൽ ലത്തീൻസമുദായം വക ഒരു പള്ളിയുണ്ടായിരുന്നെന്നും രേഖപ്പെടുത്തിയിട്ടുണ്ടു്. എന്നാൽ, പുരാതനചരിത്രങ്ങളിൽ അങ്ങിങ്ങായി കാണുന്ന ഈ ആദിമലത്തീൻകാരുടെ സ്ഥിതി അനന്തരശതാബ്ദങ്ങളിൽ എന്തായിത്തീർന്നുവെന്നു ശരിയായ ചരിത്രരേഖകളൊന്നും കാണുന്നില്ല.

പോർട്ടുഗീസുകാരുടെ കാലത്തു സ്ഥാപിക്കപ്പെട്ട ലത്തീൻറീത്താകട്ടെ, കേരള കത്തോലിക്കരുടെ ജനസംഖ്യയിൽ ഒരു നല്ല വിഭാഗം ഉള്ളടക്കിക്കൊണ്ടു് ഇന്നും പരിശോഭിക്കുന്നു. ഈ ലത്തീൻ കത്തോലിക്കരിൽ ഒരു ഭാഗം പോർട്ടുഗീസുകാരുടെ ആഗമനത്തിനു ശേഷം പല ഘട്ടങ്ങളിലായി ലത്തീൻരീതി സ്വീകരിച്ച മാർത്തോമ്മാക്രിസ്ത്യാനികളുടെ സന്താനങ്ങൾ തന്നെയാണു്.

എന്നാൽ, മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സന്താനപരമ്പരയിൽപ്പെടുന്ന ലത്തീൻ ക്രിസ്ത്യാനികൾ മാത്രമല്ല ഇന്നു് കേരളത്തിൽ ഉള്ളതു്. അവരിൽ ഒരു നല്ലഭാഗം മിഷനറിമാരുടെ പ്രവർത്തനഫലമായി ഹിന്ദുമതത്തിൽ നിന്നും മാനസാന്തരപ്പെട്ടു ലത്തീൻറീത്തിൽ ലയിച്ചവരാണു്. ദക്ഷിണതിരുവിതാംകൂർ, വി. ഫ്രാൻസീസ് സേവ്യരുടെ ഒരു പ്രധാന പ്രവർത്തനരംഗമായിരുന്നു. കേരളത്തിൽ കുടിയേറിയിട്ടുള്ള ലത്തീൻറീത്തുകാരായ യൂറോപ്യന്മാരും അവർ നാട്ടുകാരുമായി വൈവാഹികബന്ധത്തിൽ ഏർപ്പെട്ടതിൻെറ ഫലമായുണ്ടായ

സങ്കരവർഗ്ഗക്കാരും കേരളത്തിലെ ലത്തീൻരൂപതകളിൽ വസിക്കുന്നുണ്ടു്.

1557-ൽ കൊച്ചിരൂപത സ്ഥാപിക്കപ്പെട്ടു. 1838-ൽ കൊച്ചി വരാപ്പുഴയോടു ചേർക്കപ്പെടുകയുണ്ടായല്ലോ. 1853-ൽ ഒൻപതാം പീയൂസ് മാർപ്പാപ്പാ വരാപ്പുഴ വികാരി അപ്പസ്തോലിക്കായുടെ അധീനത്തിലിരുന്ന സ്ഥലങ്ങളെ വരാപ്പുഴ, കൊല്ലം, മംഗലാപുരം എന്നിങ്ങനെ മൂന്നു വികാരിയാത്തുകളായി തിരിച്ചു. 1886-ൽ വരാപ്പുഴയിൽനിന്നു വേർപെടുത്തി കൊച്ചിരൂപത പുനഃസ്ഥാപിച്ചു. 1886-ൽത്തന്നെ വരാപ്പുഴ അതിരൂപതയായി ഉയർത്തപ്പെട്ടു. 1887-ൽ വരാപ്പുഴയിലെ സുറിയാനിക്കാർ വേർപെടുത്തപ്പെടുകയും അതു ലത്തീൻകാരുടേതു മാത്രമായിത്തീരുകയും ചെയ്തു.

1923-ൽ മംഗലാപുരം രൂപത വിഭജിച്ചു കോഴിക്കോട്ടു രൂപത സ്ഥാപിതമായി.

1930-ൽ വരാപ്പുഴ അതിരൂപതയുടെ തെക്കുകിഴക്കേഭാഗം വേർപെടുത്തി വിജയപുരം രൂപത സ്ഥാപിക്കപ്പെട്ടു. 1934-ൽ ഡോക്ടർ ജോസഫ് അട്ടിപ്പേററി തിരുമേനി വരാപ്പുഴയിലെ ഏതദ്ദേശീയ മെത്രാപ്പോലീത്തായായി ഭരണം കൈയ്യേററു.

1930-ൽ കൊല്ലം രൂപതയുടെ ദക്ഷിണഭാഗം വേർപെടുത്തി കോട്ടാർ രൂപത സ്ഥാപിക്കപ്പെടുകയും അതു് ഏതദ്ദേശീയ ഭരണത്തിന് ഏല്പിക്കപ്പെടുകയും ചെയ്തു. 1937-ൽ കൊല്ലം രൂപത വീണ്ടും വിഭജിക്കപ്പെട്ടു തിരുവനന്തപുരം രൂപത സ്ഥാപിതമായി. ആ രൂപതയുടെ മെത്രാനായി മോൺ. വിൻസെൻറ് ദെരേരെ നിയമിക്കപ്പെട്ടു. അദ്ദേഹത്തിൻെറ സഹായമെത്രാനായി ഏതദ്ദേശ്യനായ മോൺ. പീററർ പെരേര 1955-ൽ നിയമിതനായി. കൊല്ലം രൂപതയുടെ മെത്രാനായ ബൻസിഗർ തിരുമേനി ദിവംഗതനായപ്പോൾ ഏതദ്ദേശീയ മെത്രാനായി മോൺ. ജറോം ഫെർണാണ്ടസ് തിരുമേനി നിയമിക്കപ്പെട്ടു.

നാലരനൂററാണ്ടു കാലമായി നിലനിന്നുപോന്ന പോർട്ടുഗീസ് വൈദികഭരണം 1951-ൽ കൊച്ചിരൂപതയിൽനിന്നു് തിരോധാനം ചെയ്തു. 1952-ൽ ഈ രൂപതയെ വിഭജിച്ചു് ആലപ്പുഴ കേന്ദ്രമാക്കി ഒരു പുതിയ രൂപത സ്ഥാപിച്ചു. ഏതദ്ദേശീയരായ മോൺ. അലക്സാണ്ടർ എടേഴത്തു തിരുമേനി കൊച്ചിമെത്രാനായും മോൺ. മൈക്കാം ആറാട്ടുകുളം തിരുമേനി ആലപ്പുഴ മെത്രാനായും നിയമിക്കപ്പെട്ടു. 1953-ൽ ഇൻഡ്യയിലെ സഭാപ്രവിശ്യകളുടെ ഭൂമിശാസ്ത്രപരമായ പുനഃസംഘടന നടന്നപ്പോഠം ഗോവാ അതിരൂപതയുടെ കീഴായിരുന്ന കൊച്ചി, ആലപ്പുഴ രൂപതകളും ബോംബെ അതിരൂപതയുടെ കീഴായിരുന്ന കോഴിക്കോടു രൂപതയും വരാപ്പുഴ അതിരൂപതയുടെ സാമന്തരൂപതകളാക്കി.

കേരളത്തിലെ ലത്തീൻരൂപതകളിൽ കോഴിക്കോടു് ജസ്യൂട്ടു് മിഷനറിമാരുടേയും വിജയപുരം, തിരുവനന്തപുരം ഇവ കർമ്മലീത്താ മിഷനറിമാരുടേയും ഭരണത്തിലാണു്.

ഇൻഡ്യയിലെ പൂർവ്വക്രിസ്തീയ സമുദായമായ സുറിയാനി ക്രിസ്ത്യാനികളുടേയും കേരളത്തിലേമാത്രം ലത്തീൻ ക്രിസ്ത്യാനികളുടേയും ചരിത്രം സംക്ഷിപ്തമായിട്ടെങ്കിലും ഈ ഭാഗത്തിൽ നാം പരിശോധിച്ചുകഴിഞ്ഞു. കേരളകത്തോലിക്കാസമുദായത്തിലെ വിവിധ ഭാഗങ്ങഠം വ്യർത്ഥമായ ദുരഭിമാനത്താലും ലജ്ജാവഹമായ ജാതിചിന്തയാലും പ്രേരിതരായി റീത്തിൻേറയും പാരമ്പര്യത്തിൻേറയും പേരിൽ മത്സരിച്ചും കലഹിച്ചും കാലംകഴിക്കാതെ യഥാർത്ഥ ക്രൈസ്തവസംസ്കാരത്തിനനുയോജ്യമായി സാഹോദര്യത്തിലും സൗഹാർദ്ദതയിലും വർത്തിച്ചു് തങ്ങളുടെ പൊതുതാത്പര്യങ്ങഠം സംരക്ഷിക്കുകയും സുന്ദരമായ ക്രൈസ്തവൈക്യത്തേയും ആദർശങ്ങളേയും സഹോദരസമുദായങ്ങളെ ബോധ്യപ്പെടുത്തുകയും ചെയ്യുന്ന നാഴിക അതിവേഗം സമാഗതമാകട്ടെ.

# മൂന്നാംഭാഗം

# ഇൻഡ്യയിലെ മിഷൻപ്രവർത്തനം

# ഇൻഡ്ധ്യയിലെ മിഷൻപ്രവൎത്തനം

ഭാരതത്തിലെ വിവിധ മിഷൻരംഗങ്ങളിലുള്ള ക്രിസ്ത്യാനികളെപ്പററിയും മിഷൻപ്രവൎത്തനങ്ങളുടെ പുരോഗതിയെപ്പററിയുമാണു് ഈ ഭാഗത്തിൽ പ്രതിപാദിക്കുന്നതു്. 1498-ൽ പോർട്ടുഗീസുകാർ ഇൻഡ്ധ്യയിൽ വന്നപ്പോഠ, ഇൻഡ്ധ്യയിൽ കേരളത്തിൽ മാത്രമാണു് ഒരു ക്രിസ്തീയസമുദായം ഉണ്ടായിരുന്നതു്. ഇൻഡ്ധ്യയുടെ കിഴക്കൻ തീരത്തും സിലോണിലും ഉണ്ടായിരുന്ന ക്രിസ്ത്യാനികഠ ഈ കാലത്തിനു മുമ്പുതന്നെ നാമാവശേഷമായിത്തീർന്നിരുന്നു.

പതിനഞ്ചാംനൂററാണ്ടിൻെറ അവസാനത്തിൽ കൊച്ചി, പുറക്കാട്ടു്, തെക്കുപടിഞ്ഞാറേത്തീരത്തുള്ള മററു ചെറിയ രാജ്യങ്ങഠ എന്നിവിടങ്ങളിലെ അറുപതിൽപ്പരം പട്ടണങ്ങളിലും ഗ്രാമങ്ങളിലും ചിതറി ഏകദേശം 60,000 കത്തോലിക്കർ ഉണ്ടായിരുന്നതായി കണക്കാക്കപ്പെടുന്നു. ഇവരെല്ലാംതന്നെ സുറിയാനിക്കാരുമായിരുന്നു. പോർട്ടുഗീസുകാർ ഇൻഡ്ധ്യയിൽ വന്ന കാലഘട്ടംവരെ കുടിയേററം കൊണ്ടും സ്വാഭാവിക വൎദ്ധനവുകൊണ്ടും മാത്രമാണു് ഇൻഡ്ധ്യയിലെ സഭ വളൎന്നിരുന്നതു്. എന്നാൽ പോർട്ടുഗീസുകാരുടെ ആഗമനം മുതൽ ഭാരതം ഒരു പ്രേഷിതരംഗമായിത്തീർന്നു. പോർട്ടുഗീസുകാൎക്കു മുമ്പു കൊല്ലത്തും ബോംബേക്കടുത്തുള്ള താനാ എന്ന സ്ഥലത്തും ചില ഫ്രാൻസിസ്കൻ മിഷനറിമാരും ഡൊമിനിക്കൻ മിഷനറിമാരും സുവിശേഷവേല നടത്തിയതായി കാണുന്നുണ്ടെങ്കിലും സുസ്ഥിരമായ ഒരു പ്രേഷിതവേല ആരംഭിച്ചതു പോർട്ടുഗീസുകാരുടെ കാലംമുതലാണു്.

## 1. ദക്ഷിണേന്ത്യയിലെ മിഷൻരംഗങ്ങഠ

1500 ആഗസ്റ്റു് 26-ാംതീയതി പീററർ കബ്രാളിൻെറ കപ്പലിൽ എട്ടു ഫ്രാൻസിസ്കൻ വൈദികരും എട്ടു ഇടവക വൈദികരും

ഉൾപ്പെട്ട പ്രഥമ പോർട്ടുഗീസ് മിഷനറിസംഘം കോഴിക്കോട്ടുവന്നിറങ്ങി. 1542 വരെ ഫ്രാൻസിസ്കൻ വൈദികരായിരുന്നു ഇൻഡ്യയിലേയും സിലോണിലേയും പ്രഥമ മിഷനറിമാർ. അവർ ഗോവാ, കൊച്ചി, ബാർഡേസ്, മൈലാപ്പൂർ, സിലോൺ, ഫിഷറിത്തീരം എന്നിവടങ്ങളിൽ പ്രേഷിതജോലിയിൽ ഏർപ്പെട്ടിരുന്നു. ജനങ്ങൾ കൂട്ടംകൂട്ടമായി ജ്ഞാനസ്നാനം സ്വീകരിച്ചു. 1535-ലാണു ഫ്രാൻസിസ്കൻസ് ഫിഷറിത്തീരത്തുള്ള പരവവർഗ്ഗക്കാരുടെ ഇടയിൽ മിഷൻ പ്രവർത്തനമാരംഭിച്ചതു്. കുറച്ചുനാളുകൾക്കുള്ളിൽ അവർ 20,000-ത്തോളം പരവരെ ജ്ഞാനസ്നാനപ്പെടുത്തി. ഫ്രാൻസിസ്കൻസിനെ തുടർന്നു ജസ്യൂട്ട്സും (ഈശോസഭക്കാർ) ഡൊമിനിക്കൻ സഭക്കാരും അഗസ്തീനിയൻ സഭക്കാരും ഇൻഡ്യയിൽ വന്നു.

ഈശോസഭക്കാർ 1542-ാണ് ഇൻഡ്യയിൽവന്നതു്. ഭാരതത്തിൻെറ ദ്വിതീയാപ്പോസ്തോലനായ വി. ഫ്രാൻസീസ് സേവ്യറായിരുന്നു ഈശോസഭക്കാരിൽ പ്രമുഖ മിഷനറി. അദ്ദേഹം ആദ്യം ഗോവായിലും അനന്തരം, മിഷനറിമാരുടെ അഭാവം നിമിത്തം വെറും നാമമാത്രമായ ക്രിസ്ത്യാനികളായി ജീവിച്ചിരുന്ന ഫിഷറിത്തീരത്തെ പരവന്മാരുടെ ഇടയിലും പ്രേഷിതവേല നിർവ്വഹിച്ചു. അനേകായിരങ്ങളെ വിശുദ്ധൻ ആ സ്ഥലങ്ങളിൽ ജ്ഞാനസ്നാനപ്പെടുത്തി. അതിനുശേഷം അദ്ദേഹം ദക്ഷിണതിരുവിതാംകൂറിൽ 10,000-ൽപ്പരം മുക്കുവരെ മാമ്മോദീസാ മുക്കി.

1534-ൽ ഗോവാരൂപതയും 1557-ൽ കൊച്ചീരൂപതയും സ്ഥാപിതമായി. 1557-ൽ ഗോവാ അതിരൂപതയായി ഉയർത്തപ്പെടുകയും ചെയ്തു. ഈ രണ്ടു സ്ഥാനങ്ങളും കേന്ദ്രമാക്കിക്കൊണ്ടു ഈശോസഭാവൈദികർ ഇൻഡ്യയുടെ വിവിധഭാഗങ്ങളിൽ പ്രേഷിതപ്രവർത്തനങ്ങൾ ആരംഭിച്ചു. ഫാദർ ആൻറണി ക്രിമിനാലി എസ്. ജെ. രാമനാഥത്തിനടുത്തുവച്ചു 1549-ൽ രക്തസാക്ഷിയായി. ഈശോസഭക്കാർ 1558 മുതൽ 1561 വരെയുള്ള നാലുകൊല്ലംകൊണ്ടു ഗോവായിലും പരിസരങ്ങളിലുമായി 20,000 പേരേയും 1563 മുതൽ

1565 വരെയുള്ള കാലഘട്ടത്തിൽ താനാ, ബസീൻ എന്നീ സ്ഥലങ്ങളിൽ 6000-ത്തിൽപ്പരം പേരേയും ജ്ഞാനസ്നാനപ്പെടുത്തി. 1583-ൽ ഫാദർ റഡോഠഫ് ആകചാ വീവാ, നാലു ജസ്യൂട്ട്സും 15 ഇൻഡ്യൻ കത്തോലിക്കരോടുംകൂടെ സാൾസെററിൽവച്ചു വധിക്കപ്പെട്ടു. എന്നാൽ, ഇവരുടെ രക്തസാക്ഷിത്വം അവിടത്തേ മാനസാന്തരങ്ങൾ ത്വരിതപ്പെടുത്തുകയാണുണ്ടായതു്. 1596-ആയപ്പോഴേക്കും സാൾസെററിലേ കത്തോലിക്കരുടെ സംഖ്യ 36,000 ആയിത്തീന്നു.

16-ാം നൂററാണ്ടിൻെറ അവസാനത്തിൽ ഇൻഡ്യയുടെ തീരപ്രദേശങ്ങളിൽ മാത്രമേ ക്രിസ്തുമതം ശക്തിപ്പെട്ടിരുന്നുള്ളു. എന്നാൽ, 17-ാം ശതകത്തിൻെറ ആരംഭത്തിൽത്തന്നെ ഈ സ്ഥിതി മാറി. 1606-ൽ ഫാദർ റോബർട്ടു് ദ് നോബിലി എന്ന ഇററാലിയൻ ജസ്യൂട്ട് മിഷനറി, മധുരമിഷൻ സ്ഥാപിക്കുകയും ബ്രാഹ്മണരുൾപ്പെടെ അനേകായിരം ഹിന്ദുക്കളെ മാനസാന്തരപ്പെടുത്തുകയും ചെയ്തു. ഈ മിഷൻ, ക്രമേണ, ചുററുമുള്ള എല്ലാ ഡിസ്ട്രിക്റ്റുകളിലേക്കും വടക്കോട്ടു് ഗിൻജി, വെല്ലൂർ എന്നീ രാജ്യങ്ങൾ കടന്നു ഗോൾക്കണ്ടാവരെയും വ്യാപിക്കുകയുണ്ടായി.

ഫാദർ ദ് നോബിലി ഒരു ത്വാഭാരതീയനായിട്ടാണു രംഗപ്രവേശനം ചെയ്തതു്. അദ്ദേഹം കാഷായവസ്ത്രമുടുത്തു; പൂണൂലും മെതിയടിയുമിട്ടു; താടിയും മുടിയും വളത്തി; അതിരാവിലെ കുളിക്കുകയും സസ്യാഹാരംമാത്രം കഴിക്കുകയും ചെയ്തു. ഇങ്ങനെ ആചാരരീതിയിൽ അദ്ദേഹം ഒരു ബ്രാഹ്മണസന്യാസിയായിത്തീർന്നു. ഈ രീതി സവണ്ണഹിന്ദുക്കളുടെ മാനസാന്തരത്തിനു വളരെ സഹായിച്ചു. എന്നാൽ, ഏറെത്താമസിയാതെ ജസ്യൂട്ടു മിഷനറിമാരിൽ ഒരു ഭാഗം ഫാദർ ദ് നോബിലിയുടെ ഈ പുതിയ രീതിയിലുള്ള മിഷൻപ്രവത്തനത്തെ എതിക്കുകയും മേലധികാരികളിൽനിന്നു് അദ്ദേഹത്തിനു നിരോധനാജ്ഞകൾ ലഭിക്കുകയുംചെയ്തു. 1623-ൽ പതിനഞ്ചാം ഗ്രിഗോരിയോസ് മാർപ്പാപ്പാ ഈ പദ്ധതിയെ വീണ്ടും അംഗീകരിച്ചു.

അതിവേഗം അഭിവൃദ്ധിപ്പെട്ടുവന്ന മധുരമിഷൻ വിഭജിച്ച് 1650–ൽ മൈസൂർ മിഷനും 1702–ൽ കർണ്ണാടകമിഷനും സ്ഥാപിതമായി. മധുരമിഷൻേറയും കർണ്ണാടകമിഷൻേറയും ചരിത്രങ്ങളിൽ റോബർട്ട് ദ് നോബിലി, ബൽത്താസർ ദ് കോസ്റ്റാ, ബിഷപ്പ് ഫ്രാൻസീസ് ലയിനെസ്, വി. ജോൺ ദ് ബ്രിട്ടോ, വെനാൻസിയൂസ് ബുഷേ എന്നിവർ എന്നെന്നും സ്മരണീയരാണ്.

ഗോവായിൽ പോർട്ടുഗീസ് മിഷനറിമാർ ക്രിസ്തുമതം സ്വീകരിച്ചിരുന്ന ഭാരതീയരെ വേഷത്തിലും മററ് ആചാരരീതികളിലും പാശ്ചാത്യമയമാക്കുവാൻ ശ്രമിച്ചു. എന്നാൽ മധുര തുടങ്ങിയ ദക്ഷിണേന്ത്യയിലെ ഉൾപ്രദേശങ്ങളിൽ വേലചെയ്തിരുന്ന ഇററാലിയൻ മിഷനറിമാരും ഫ്രെഞ്ചുമിഷനറിമാരും തങ്ങളെത്തന്നെ ഭാരതീയരാക്കുകയും പുതിയ ക്രിസ്ത്യാനികളെ അക്രൈസ്തവമല്ലാത്ത അവരുടെ പഴയ സാമുദായികാചാരങ്ങളെല്ലാം തുടരുന്നതിന് അനുവദിക്കുകയും ചെയ്യുകയാണുണ്ടായത്.

17–ാം നൂററാണ്ടിൽ ചില പുതിയ സന്യാസസംഘങ്ങൾ കൂടെ ഇൻഡ്യയുടെ രക്ഷയ്ക്കായി വന്നു. അവർ തീയേററൈൻ, കപ്പൂച്ചിൻ, കർമ്മലീത്താ എന്നീ സഭക്കാരാണ്. കൂടാതെ സിലോണിൻെറ അപ്പോസ്തോലൻ എന്ന പേരിൽ അറിയപ്പെടുന്ന ധന്യനായ ഫാദർ ജോസഫ് വാസ് 1685–ൽ "ഇൻഡ്യൻ ഓററേറാറിയൻസ്" എന്ന പേരിൽ ബ്രാഹ്മണവംശജരായ വൈദികരുടെ ഒരു കോൺഗ്രിഗേഷൻ ഗോവായിൽ സ്ഥാപിച്ചു. ഇവരെല്ലാം ഇൻഡ്യയിലേയും സിലോണിലേയും വിവിധ ഭാഗങ്ങളിൽ പ്രേഷിതവേലയിൽ ഏർപ്പെട്ടിരുന്നു. ഡച്ചുകാരുടെ വരവോടുകൂടെ പോർട്ടുഗീസുകാരുടെ ശക്തി ക്ഷയിച്ചു. ഡച്ചുകാരുടെ മുന്നേററം കത്തോലിക്കാ പ്രേഷിത പ്രവത്തനങ്ങൾക്ക് ഒരു വലിയ തടസ്സമായിത്തീൎന്നു. കാൽവിൻ മതവിശ്വാസികളായ അവരുടെ മർദ്ദനം ദക്ഷിണേന്ത്യയിലേയും സിലോണിലേയും അനവധി മിഷൻ രംഗങ്ങളുടെ അധഃപതനത്തിനു കാരണമായി.

16-ാം നൂററാണ്ടിൻെറ അവസാനത്തിൽ ഗോവാ, കൊച്ചി, കൊടുങ്ങല്ലൂർ എന്നീ മൂന്നു രൂപതകൾ മാത്രമേ ഇൻഡ്യയിൽ ഉണ്ടായിരുന്നുള്ളു. 1606-ൽ മൈലാപ്പൂർ രൂപതകൂടെ സ്ഥാപിക്കപ്പെട്ടു. അതിനുശേഷം 1886 വരെ ചില അപ്പോസ്തോലിക്ക വികാരിയാത്തുകളല്ലാതെ പുതിയ രൂപതകളൊന്നും ഇൻഡ്യയിൽ സ്ഥാപിക്കപ്പെട്ടിട്ടില്ല. ഈ നാലു രൂപതകളും പോർട്ടുഗീസ് ഗവണ്മെൻറിൻെറ രക്ഷാധികാരത്തിൻ കീഴായിരുന്നു. പോർട്ടുഗീസുകാരുടെ ഈ അധികാരം "പദ്രവാദോ" എന്ന പേരിലാണ് അറിയപ്പെടുന്നതു്.

## 2. ഉത്തരേന്ത്യയിലെ മിഷൻരംഗങ്ങൾ

19-ാം നൂററാണ്ടിൻെറ അന്ത്യത്തിൽ ഉത്തരേന്ത്യയിലും ജസ്യൂട്ട് മിഷനറിമാർ ചില പ്രേഷിത സംരംഭങ്ങൾ നടത്തുകയുണ്ടായി. 1595-ൽ ഫാദർ ജറോം സേവ്യർ എസ്. ജെ. യുടെ നേതൃത്വത്തിലുള്ള ഒരു മിഷനറി സംഘത്തിനു് ആഗ്രാ, ലാഹോർ, ഡൽഹി എന്നിവിടങ്ങളിൽ ഓരോ ക്രീസ്തീയ കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ കഴിഞ്ഞു. പാററ്നാ, മാർവാർ തുടങ്ങിയ സ്ഥലങ്ങളിലും ഈശോസഭക്കാർ മിഷൻ പ്രവത്തനങ്ങൾ നടത്തിയിരുന്നു. മുഗൾ ചക്രവത്തിമാരിൽ ആഗ്രഗണ്യനായ അക്ബർ ക്രിസ്തുമതത്തിൽ താത്പര്യം പ്രദർശിപ്പിച്ചിരുന്നു. എങ്കിലും നിരവധി കാരണങ്ങളാൽ അദ്ദേഹത്തിൻെറ മാനസാന്തരം നടക്കുകയുണ്ടായില്ല. ആഗ്രായിൽ അക്ബറുടെ പൗത്രിയായ ജഹ്നാര ഉൾപ്പടെ ഏതാനും മുസ്ലീങ്ങൾ ക്രിസ്തുമതം സ്വീകരിക്കുകയുണ്ടായി. 1610-ൽ ജഹാംഗീർ ചക്രവർത്തിയുടെ അഭ്യർത്ഥനയനുസരിച്ച് അദ്ദേഹത്തിൻെറ മൂന്നു മരുമക്കൾക്കു ജ്ഞാനസ്നാനം നല്കുകയും കൂടുതൽ മാനസാന്തരങ്ങളെപ്പററി വലിയ പ്രത്യാശകൾ ഉത്ഭവിക്കുകയും ചെയ്തു. എന്നാൽ, ജഹാംഗീറിൻെറ പിൻഗാമിയായ ഷാജഹാൻെറ കാലത്തു് ഈ പ്രത്യാശകളെല്ലാം അസ്തമിച്ചുപോയി.

16-ാം നൂററാണ്ടിൽത്തന്നെ അനേകം പോർട്ടുഗീസുകാർ ബംഗാളിൽ കുടിയേറിപ്പാർത്തിരുന്നു. 1577 ആയപ്പോഴേക്കും ബംഗാൾ

പോർട്ടുഗീസ് ക്രിസ്ത്യാനികളുടെ ഒരു കേന്ദ്രമായിത്തീൎന്നു. അഗസ്തീനിയൻ സഭക്കാരുടേയും ഈശോസഭക്കാരുടേയും പ്രവൎത്തനഫലമായി ബംഗാളിൽ അനേകം ഇൻഡ്യാക്കാർ ക്രിസ്തുമതം സ്വീകരിച്ചു. ഹൂഗ്ലി കേന്ദ്രമാക്കി വസിച്ചിരുന്ന പോർട്ടുഗീസ് ക്രിസ്ത്യാനികൾ ബംഗാളിൽ കൊള്ളയിടുകയും ശിശുക്കളേയും മററും തട്ടിക്കൊണ്ടുപോയി അടിമകളായി വില്ക്കുകയും മുഗളന്മാരുടെ കച്ചവടം താറുമാറാക്കുകയും ചെയ്തിരുന്നു. 1632-ൽ ഷാജഹാൻ പോർട്ടുഗീസുകാർ വസിച്ചിരുന്ന ഹൂഗ്ലിയെ ആക്രമിക്കുകയും അനേകം ക്രിസ്ത്യാനികളെ തടവുകാരാക്കി ആഗ്രായിലേക്കു കൊണ്ടുപോകുകയുംചെയ്തു. ഹൂഗ്ലിയിലെ ക്രിസ്ത്യാനികളോടുണ്ടായ ഈ വിദ്വേഷത്തിൻെറ പ്രത്യാഘാതം ആഗ്രായിലെ ക്രിസ്ത്യാനികൾക്കും അനുഭവിക്കേണ്ടിവന്നു. ക്രിസ്തുമതം സ്വീകരിച്ച എല്ലാ മുസ്ലീങ്ങളും മുഗൾകൊട്ടാരത്തിൽനിന്നു് ഓടിരക്ഷപ്പെട്ടു. പലരും തടവുകാരാക്കപ്പെടുകയും തടവിൽ കിടന്നു മരിക്കുകയുംചെയ്തു. തൽഫലമായി ഇസ്ലാമിൽ നിന്നുള്ള മാനസാന്തരങ്ങൾ അവസാനിച്ചു.

കുറേ വൎഷങ്ങൾക്കുശേഷം ഹൂഗ്ലിക്കു സമീപം താമസിക്കുന്നതിനു പോർട്ടുഗീസുകാർ വീണ്ടും അനുവദിക്കപ്പെട്ടു. ജസ്യൂട്ടു വൈദികരും അഗസ്തീനിയൻ വൈദികരും ബംഗാൾ, അരാക്കാൻ, ആസാം തുടങ്ങിയ സ്ഥലങ്ങളിൽ പ്രേഷിതവേല ചെയ്തുകൊണ്ടിരുന്നു. ഇവൎക്കു് അനേകായിരം പേരെ ക്രിസ്തുമതത്തിൽചേൎക്കാൻ കഴിഞ്ഞെങ്കിലും പിന്നീടു് അനേകം ക്രിസ്ത്യാനികൾ മൎദ്ദനങ്ങൾമൂലം തങ്ങളുടെ പൂൎവ്വമതങ്ങളിലേക്കു തിരിച്ചുപോയി.

18-ാം നൂററാണ്ടിൽ കൽക്കട്ടാ, ഹൂഗ്ലി, ഡാക്കാ, ചിററഗോങ്ങു്, സെറാമ്പൂർ, ചന്ദ്രനഗരം, പാററ്നാ, ബെററിയാ എന്നീ പ്രദേശങ്ങളിൽ മിഷനറിമാർ പ്രേഷിതവേല ചെയ്തിരുന്നു. ജസ്യൂട്ടു്, കപ്പൂച്ചിൻ, അഗസ്തീനിയൻ, ഡൊമിനിക്കൻ എന്നീ സഭകളിൽപ്പെട്ട മിഷനറിമാരായിരുന്നു ഈ സ്ഥലങ്ങളിൽ ജോലിയിലേപ്പെട്ടിരുന്നതു്. ഈ സ്ഥലങ്ങളിലെല്ലാം ധാരാളം മാനസാന്തരങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു.

## 3. ഭാരത മിഷൻെറ അന്ധകാരയുഗം

1600-ൽ 75,000 മാർത്തോമ്മാ ക്രിസ്ത്യാനികൾക്കു പുറമേ ഏകദേശം 3,00,000 പുതിയ ക്രിസ്ത്യാനികൾ ഇൻഡ്യയിലും സിലോണിലുംകൂടെ ഉണ്ടായിരുന്നു. 1700-ൽ ഇൻഡ്യയിലേ കത്തോലിക്കാജനസംഖ്യ 8,00,000-വും, 1750-ൽ 10,59,000—ം ആയി വർദ്ധിച്ചു. എന്നാൽ, പതിനെട്ടാംശതകത്തിൻെറ മദ്ധ്യഘട്ടംമുതൽ ഒരു നൂററാണ്ടുകാലത്തേക്കു ഇൻഡ്യയിൽ കത്തോലിക്കരുടെ സംഖ്യ അധികം വർദ്ധിച്ചതായി കാണുന്നില്ല. 1750 മുതൽ 1850 വരെയുള്ള നൂറു വർഷത്തേ കത്തോലിക്കരുടെ വർദ്ധനം കേവലം 34,000 മാത്രമായിരുന്നു. ഈ ഒരു നൂററാണ്ടുകാലത്തു 1750-ൽ ഉണ്ടായിരുന്ന 10,59,000 കത്തോലിക്കർ ജനനംകൊണ്ടുതന്നെ ഇരട്ടിയായിട്ടെങ്കിലും വർദ്ധിക്കേണ്ടതായിരുന്നു. ഇതിൽനിന്നു്, കത്തോലിക്കരായിരുന്ന പലരും മതത്യാഗം ചെയ്തിരിക്കണമെന്നും കത്തോലിക്കരുടെ അനേകം കുട്ടികൾ വൈദികരുടെ അഭാവം നിമിത്തം മന്ത്രരഹിതരായി ജീവിച്ചിരിക്കണമെന്നും അനുമാനിക്കാവുന്നതാണു്. ഈ കാലഘട്ടത്തെ ഇൻഡ്യൻ മിഷൻെറ അന്ധകാരയുഗമെന്നു് നാമകരണം ചെയ്യുന്നതു് അസംഗതമായിരിക്കുകയില്ല.

വിലപനീയമായ ഈ അധഃപതനത്തിനു ചരിത്രകാരന്മാർ വിവിധകാരണങ്ങൾ ചൂണ്ടിക്കാണിക്കുന്നു. പ്രധാനകാരണങ്ങൾ താഴെ പറയുന്നവയാണു്:—

1) ഇംഗ്ലീഷുകാരുടെ എതിർപ്പ്:-1757-ലേ പ്ലാസിയുദ്ധത്തോടുകൂടെ ഇൻഡ്യയിൽ ഇംഗ്ലീഷുകാരുടെ ആധിപത്യം വർദ്ധിച്ചുവന്നു. അവർ ഹിന്ദുക്കളുടേയും മഹമ്മദീയരുടേയും പ്രീതി സമ്പാദിക്കുന്നതിനുവേണ്ടി ആദ്യകാലങ്ങളിൽ ക്രിസ്തുമതപ്രചരണത്തിനു് എതിരായി നിന്നു. ബ്രിട്ടീഷിൻഡ്യൻ പ്രദേശത്തു യാതൊരു വിദേശമിഷനറിയും പ്രവേശിക്കുന്നതിനു് അവർ അനുവദിച്ചിരുന്നില്ല. ഇംഗ്ലീഷ് ബാപ്ററിസ്റ്റ് പ്രീച്ചറായിരുന്ന വില്യംകേറെക്കുപോലും 1793-ൽ കൽക്കട്ടായിൽനിന്നു പോകേണ്ടിവന്നു. വാണിജ്യത്തിൽനിന്നു രാജ്യ

ഭരണത്തിലേക്കു പ്രവേശിച്ചതുവരെ ബ്രിട്ടീഷുകാർ ഈ നയം തുടന്നിരുന്നു. 1813–ലേ പാർലിയമെൻറ് ആക്ട് മൂലമാണ് അവർ ഈ നയം ഉപേക്ഷിച്ചതു്.

2) മഹാരാഷ്ട്രയുദ്ധങ്ങൾ:– പശ്ചിമേന്ത്യയിൽ മഹാരാഷ്ട്രന്മാർ നടത്തിയ ആക്രമണങ്ങൾ നിമിത്തം അനേകം മിഷൻ കേന്ദ്രങ്ങൾ നാമാവശേഷമായി. അവർ ബസീൻ, സാൾസെററി, കാരഞ്ഞാ, ചാൾ എന്നീ കത്തോലിക്കാ കേന്ദ്രങ്ങൾ പോർട്ടുഗീസുകാരിൽ നിന്നു പിടിച്ചെടുത്തു.

3) മൈസൂർ യുദ്ധങ്ങൾ:– ഹൈദരാലിയുടേയും ടിപ്പുസുൽത്താൻേറയും കാലത്തുണ്ടായ മൈസൂർ യുദ്ധങ്ങൾ ഇൻഡ്യൻ മിഷനു വളരെയധികം നാശങ്ങൾ വരുത്തിവച്ചു. ഉത്തരകാനറായിലേ കാർവ്വാർ 1764–ൽ ഹൈദരാലിയാലും 1784–ൽ ടിപ്പുവിനാലും ആക്രമിക്കപ്പെട്ടു. ആ മിഷൻ നാമാവശേഷമായി. ദക്ഷിണ കാനറായിലും ടിപ്പുസുൽത്താൻ ഭയങ്കരമായ ആക്രമണങ്ങൾ നടത്തി. അനേകം ദൈവാലയങ്ങൾ നശിപ്പിക്കുകയും അനേകായിരം ക്രിസ്ത്യാനികളെ തടവുകാരാക്കുകയും ചെയ്തു. ഭയങ്കരമായ ദുരിതങ്ങൾ മൂലം അനേകം പേർ മരണം പ്രാപിച്ചു. രണ്ടുമൂന്നവസരങ്ങളിലായി ഏകദേശം 80,000–ത്തിനുമേൽ കാനറാക്രിസ്ത്യാനികൾ തടവുകാരായി ശ്രീരംഗപട്ടണത്തിലേക്കു കൊണ്ടുപോകപ്പെട്ടു. ടിപ്പു ഇവരുടെമേൽ അതിക്രൂരമായ പീഡനങ്ങൾ ഏല്പിച്ചു. ടിപ്പുവിൻെറ കാലശേഷം ഏകദേശം 20,000 കത്തോലിക്കർ കാനറായിലേക്കു തിരിച്ചുപോന്നു.

4) ഈശോ സഭയുടെമേലുള്ള നിരോധനം:– 1759–ൽ പോർട്ടുഗീസ് ഗവണ്മെൻറ് ഈശോസഭക്കാരെ പോർട്ടുഗലിൽനിന്നും അതിൻെറ കോളനികളിൽ നിന്നും പുറംതള്ളി. ജസ്യൂട്ട്സഭയുടെ നിരോധനം ഇൻഡ്യൻമിഷനു വലിയ ക്ഷീണം തട്ടിച്ചു. ഈ നഷ്ടം "പാരീസ് വിദേശമിഷനറി സംഘം" തുടങ്ങിയ മിഷനറി സമൂഹങ്ങളാൽ ഒരു വിധം പരിഹരിക്കപ്പെട്ടു.

5) ഫ്രെഞ്ചുവിപ്ലവത്തിൻെറ പ്രത്യാഘാതം:- 1789-ലെ ഫ്രെഞ്ചുവിപ്ലവത്തിൻെറ ഫലമായി കുറേക്കാലത്തേക്കു ഫ്രാൻസിലേയും ഇതര യൂറോപ്യൻരാജ്യങ്ങളിലേയും ദൈവവിളികൾ വളരെ കുറഞ്ഞു. അതിനാൽ ഇക്കാലത്തു യൂറോപ്പിൽനിന്നു മിഷനറിമാർ വളരെ വിരളമായേ ഇൻഡ്യയിലേക്കു വന്നിരുന്നുള്ളു. തന്മൂലം മിഷൻ രംഗങ്ങൾക്കു വളരെ ഉടവുതട്ടി.

6) മതപീഡനങ്ങൾ:- 18-ാം നൂററാണ്ടിൻെറ മദ്ധ്യഘട്ടത്തിൽ ബർമ്മായിലും, സിലോണിലും, ടിബററിലും, നീപ്പാളിലും, കേരളത്തിലും ഉണ്ടായ ചില മതമർദ്ദനങ്ങൾ പ്രേഷിതവൃത്തികളെ പ്രതിരോധിച്ചുകൊണ്ടിരുന്നു.

1752-ൽ ദക്ഷിണതിരുവിതാംകൂറിൽ കോട്ടാറിനടുത്തുവച്ചു ദേവസഹായംപിള്ള എന്നയാളെ ക്രിസ്തുമതം സ്വീകരിച്ചു എന്ന കുററം ആരോപിച്ചു വെടിവച്ചു വധിക്കുകയുണ്ടായി.

7) പ്രോട്ടെസ്റ്റൻറു മിഷൻ പ്രവർത്തനങ്ങൾ:- ഭാരതത്തിലെ കത്തോലിക്കാസഭയുടെ പുരോഗതിയെ സാരമായി ബാധിച്ച മറെറാരു സംഗതി 18-ാം നൂററാണ്ടിൽ വിവിധ പ്രോട്ടെസ്റ്റൻറുസഭകൾ ഇൻഡ്യയിൽ ഊർജ്ജിതമായ മിഷൻ ജോലി ആരംഭിച്ചതാണ്.

## 4. ഇൻഡ്യയിൽ ഒരു നവചൈതന്യം

പത്തൊൻപതാം നൂററാണ്ടിൻെറ ദ്വിതീയപാദംമുതൽ ഇൻഡ്യൻ ജനതയിൽ സാംസ്കാരികമായും സാമ്പത്തികമായും സാമൂഹികമായും വലിയ ഒരു പരിവർത്തനം ആരംഭിച്ചു. ഇന്ത്യാക്കാരുടെ സാമുദായിക ജീവിതത്തിൽ ക്രിസ്തീയാദർശങ്ങൾക്കും യൂറോപ്യൻ കലകൾക്കും ശാസ്ത്രങ്ങൾക്കും ഫ്രെഞ്ച്, പോർട്ടുഗീസ്, ഇംഗ്ലീഷ് തുടങ്ങിയ ഭാഷകൾക്കും ലഭിച്ച പ്രചാരം ഈ ഉണർവിനു സഹായകമായിട്ടുണ്ടെന്നതിൽ സംശയമില്ല. ബഹുദൈവവിശ്വാസത്തേയും വിഗ്രഹാരാധനയേയും വ്യക്തമായി എതിർത്തിരുന്ന ക്രിസ്തുമതത്തിൻെറ ആദർശസ്ഥികൾ ഇന്ത്യൻ ജനത ദർശിച്ചുതുടങ്ങി.

ഈ പരിവത്തനത്തിൻെറ ചില പ്രത്യക്ഷഫലങ്ങാം നമുക്കു ചൂണ്ടിക്കാണിക്കുവാൻ സാധിക്കും. ഇൻഡ്യയിൽ നടപ്പിലിരുന്ന നരബലി, സതി, കുററംചെയ്യുന്നവരുടെ കൈകളും മൂക്കും ചെവിയും ഛേദിക്കുക തുടങ്ങിയ ക്രൂരമായ ആചാരങ്ങളും നടപടികളും നിരത്തലാക്കി. വിധവാവിവാഹം അനുവദിക്കുകയും ശിശുവിവാഹം നിയമവിരുദ്ധമാക്കുകയും ചെയ്തു. സ്ത്രീകളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിലുള്ള വിമുഖത കുറഞ്ഞുവന്നു. സ്ത്രീകാംക്കു തങ്ങളുടെ അവകാശങ്ങളെക്കുറിച്ച് കൂടുതൽ ബോധം ഉണ്ടായി. മനുഷ്യൻെറ സാഹോദര്യം അംഗീകരിക്കുകയും "അസ്പൃശ്യ"രുടെ അവകാശങ്ങാം ആദരിച്ചു തുടങ്ങുകയും ചെയ്തു. അനേകം ഹിന്ദുക്കാം ക്രിസ്തുമതത്തെ വിലമതിച്ചു തുടങ്ങി. മാനസാന്തരപ്പെടുന്നവക്കു സാമുദായിക തടസ്സങ്ങാം അനുഭവപ്പെടുകയില്ലായിരുന്നെങ്കിൽ അനേകംപേർ ക്രിസ്തുമതാവലംബികളാകുമായിരുന്നു.

ക്രിസ്തുമതാദർശങ്ങളുടെ പ്രചാരം വർദ്ധിച്ചുകൊണ്ടിരുന്നു. എന്നാൽ, 19-ാംശതാബ്ദത്തിൻെറ അന്ത്യപാദമായപ്പോഴേക്കും ഈ സ്ഥിതിക്ക് ഒരു മാററം ആരംഭിച്ചു. യാഥാസ്ഥിതിക ഹിന്ദുക്കാം തങ്ങളുടെ പൂർവ്വികവിശ്വാസത്തിൻെറ സംരക്ഷണത്തിനായി ഒരുമ്പെട്ടു. ഇതിനായി ആര്യസമാജം തുടങ്ങിയ സംഘടനകാം സ്ഥാപിതമായി. "വേദങ്ങളിലേക്കു തിരിച്ചു പോകുക" എന്ന മുദ്രാവാക്യത്തോടുകൂടെ അവർ ക്രിസ്തുമതത്തെ എതിക്കുകയും രാജ്യത്തിനു യോജിച്ച മതം ഹിന്ദുമതമാണെന്നു പ്രചരണമാരംഭിക്കുകയും ചെയ്തു.

## 5. പുതിയ വികാരിയാത്തുകാം

1831-ൽ പതിനൊന്നാം ഗ്രിഗോരിയോസ് മാർപ്പാപ്പാ തിരുസഭാഭരണം ആരംഭിച്ചപ്പോാം ഇൻഡ്യയിൽ പോർട്ടുഗീസു രക്ഷാധികാരത്തിൽ കൊടുങ്ങല്ലൂർ, ഗോവാ, കൊച്ചി, മൈലാപ്പൂർ എന്നീ നാലുരൂപതകളും പ്രൊപ്പഗാന്ത തിരുസംഘത്തിൻെറ കീഴിൽ ബീജപ്പൂർ (ബോംബെ) വരാപ്പുഴ, കാനറാ, കർണ്ണാടകം ആഗ്രാ എന്നീ

വികാരിയത്തുകളും ഉണ്ടായിരുന്നു. 16-ാം ഗ്രിഗോരിയോസ് മാർപ്പാപ്പാ മദ്രാസ്, കൽക്കട്ടാ, പോണ്ടിച്ചേരി, മധുര, സിലോൺ എന്നീ അഞ്ചു വികാരിയാത്തുകൾകൂടെ സ്ഥാപിച്ചു. തിരുമനസ്സിലെ പിൻഗാമിയായ ഒൻപതാംപീയൂസ് മാർപ്പാപ്പായുടെ കാലത്തു കോയമ്പത്തൂർ, മൈസൂർ, വിശാഖപട്ടണം, ഹൈദ്രാബാദ്, മംഗലാപുരം, കൊല്ലം, പൂനാ, മദ്ധ്യബംഗാൾ, കിഴക്കേബംഗാൾ, ഉത്തരബർമ്മാ, പൂർവ്വബർമ്മാ, ജാഫ്നാ എന്നീ പന്ത്രണ്ടുവികാരിയാത്തുകൾകൂടെ സ്ഥാപിതമായി.

## 6. പദ്രൊവാദോ ശീശ്മ

പോർട്ടുഗലിൽ ഉണ്ടായ ആഭ്യന്തരകലഹങ്ങളുടെ ഫലമായി 1835-ൽ പോർട്ടുഗലിന്റെ കോളനിയായ ഗോവായിലെ എല്ലാ സന്യാസാശ്രമങ്ങളും അവയുടെ വസ്തുവകകളും കണ്ടുകെട്ടപ്പെടുകയും വിവിധ സഭകളിൽപ്പെട്ട മുന്നൂറോളം വൈദികർ നിഷ്കാസനം ചെയ്യപ്പെടുകയും ചെയ്തു. 16-ാം ഗ്രിഗോരിയോസ് മാർപ്പാപ്പാ പോർട്ടുഗലിന്റെ ഈ നടപടിയെ എതിർക്കുകയും പ്രൊപ്പഗാന്താ തിരുസംഘത്തിന്റെ കീഴിൽ മദ്രാസ്, കൽക്കട്ടാ തുടങ്ങി മുകളിൽ കണ്ട അഞ്ചു വികാരിയാത്തുകൾ ഇൻഡ്യയിൽ ഏർപ്പെടുത്തുകയും ചെയ്തു. ഈ നടപടി പദ്രൊവാദോ സിവിൽ അധികാരികൾക്ക് ഇഷ്ടപ്പെട്ടില്ല. അവർ 1836-ൽ അപ്പോൾ ഒഴിവായിക്കിടന്നിരുന്ന ഗോവാ, കൊച്ചി, മൈലാപ്പൂർ എന്നീ പദ്രൊവാദോ സിംഹാസനങ്ങളിൽ മാർപ്പാപ്പായുടെ അംഗീകരണം കൂടാതെ മൂന്നുപേരെ "മെത്രാന്മാരാ"യി നിയമിച്ചു. പദ്രൊവാദോ രൂപതകളുടെ അധികാരസ്ഥാനം നിയമവിരുദ്ധമായി കൈവശപ്പെടുത്തിയതിനെ മാർപ്പാപ്പാ പ്രതിഷേധിക്കുകയും 1838-ൽ കൊടുങ്ങല്ലൂർ, കൊച്ചി, മൈലാപ്പൂർ എന്നീ മെത്രാസനങ്ങളുടെമേൽ പോർട്ടുഗലിനുണ്ടായിരുന്ന എല്ലാ ഭരണാധികാരങ്ങളും റദ്ദാക്കുകയും ചെയ്തു. കൊടുങ്ങല്ലൂരിന്റേയും കൊച്ചിയുടേയും ഭരണം വരാപ്പുഴ വികാരി അപ്പസ്തോലിക്കായ്ക്കും, മൈലാപ്പൂരിന്റെ ഭരണം മദ്രാസ് വികാരി അപ്പസ്തോലിക്കായ്ക്കും നല്കി. ഗോവാ അതിരൂപതയിലെ നിയമനം മാത്രം കുറേവർഷങ്ങൾക്കുശേഷം അംഗീകരിച്ചു.

പോർട്ടുഗീസ് വൈദികാധികാരികൾ മാർപ്പാപ്പായുടെ കല്പനയെ അവഗണിച്ച് അധികാരപ്രയോഗം നടത്തുകയും അങ്ങനെ ഒരു ശീശ്മയ്ക്ക് ഇടയാകുകയും ചെയ്തു. "പദ്രുവാദോ ശീശ്മ" എന്ന പേരിൽ അറിയപ്പെടുന്ന ഈ ശീശ്മ ഭാരതസഭാന്തരീക്ഷത്തെ അത്യന്തം പ്രക്ഷുബ്ധമാക്കുകയുണ്ടായി.

## 7. ഇൻഡ്യൻ ഹയരാർക്കി സ്ഥാപനം

ഭാരതസഭയുടെ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്നതിനായി 13-ാം ലിയോ മാർപ്പാപ്പാ 1884-ൽ ഇൻഡ്യയുടെ പ്രഥമ ഡെലഗാദ് അപ്പസ്തോലിക്കായായി മോൺ. ആൻറണി അല്ലിയാർദിയെ നിയമിച്ചു. ഭാരതമിഷൻെറ പുരോഗതിക്ക് ഒരു കത്തോലിക്കാ ഹയരാർക്കി ആവശ്യമാണെന്നു ബോദ്ധ്യനായ 13-ാം ലിയോ തിരുമനസ്സു കൊണ്ട് 1886-ൽ ഭാരതത്തിലെ ലത്തീൻകത്തോലിക്കർക്കായി പ്രൊപ്പഗാന്തായുടെ കീഴിൽ ഹയരാർക്കി കല്പിച്ചനുവദിച്ചു. കൊച്ചി, മൈലാപ്പൂർ എന്നീ രൂപതകൾ പുനഃസ്ഥാപിച്ചു. ഇൻഡ്യയിലെയും സിലോണിലെയും എല്ലാ വികാരിയാത്തുകളും രൂപതകളായി ഉയർത്തപ്പെട്ടു. ആഗ്രാ, ബോംബെ, കൽക്കട്ടാ, മദ്രാസ്, പോണ്ടിച്ചേരി, വരാപ്പുഴ, കൊളംബ് എന്നീ ഏഴെണ്ണം അതിരൂപതകളായി ഉയർന്നു.

1850-ൽ ഇൻഡ്യയിലും സിലോണിലുംകൂടി 1,093,000 കത്തോലിക്കർ ഉണ്ടായിരുന്നു. 19-ാംശതാബ്ദത്തിൻെറ ഉത്തരാർദ്ധത്തിൽ ഇൻഡ്യൻ കത്തോലിക്കരുടെ സംഖ്യ വർദ്ധിച്ചുകൊണ്ടിരുന്നു. 1886-ൽ ഹയരാർക്കി അനുവദിച്ച കാലത്ത് ഇൻഡ്യയിലെ കത്തോലിക്കാ ജനസംഖ്യ 1,671,000 ആയി. അന്ന് ഇൻഡ്യയിലെ എല്ലാ രൂപതകളിലും ഭരണം നടത്തിയിരുന്നതു വിദേശീയരായ മെത്രാന്മാർ ആയിരുന്നു.

# ഇൻഡ്യൻ മിഷൻെറ അഭിവൃദ്ധി

ഇൻഡ്യയിൽ ഹയരാർക്കി സ്ഥാപിച്ചതുമുതലുള്ളകാലം ഭാരതമിഷൻസംരംഭങ്ങളുടെ ഏററവും ശ്രേയസ്കരമായ ഘട്ടത്തെ കുറിക്കു

ന്നു. ഈ കാലഘട്ടത്തിൽ ഇൻഡ്യയുടെ അനേകഭാഗങ്ങളിൽ പുതിയ മിഷൻകേന്ദ്രങ്ങൾ ആരംഭിക്കുകയും നേരത്തെ ആരംഭിച്ചവ പൂർവ്വാധികം അഭിവൃദ്ധി പ്രാപിച്ചുവരുകയും ചെയ്തു. ഫാദർ കോൺസ്റ്റൻറ് ലീവൻസ് എന്ന ബൽജിയം ജസ്യൂട്ട് വൈദികൻ 1885–ൽ റാഞ്ചി കേന്ദ്രമാക്കി ആരംഭിച്ച ചൊട്ടാനാഗപ്പൂർ മിഷൻെറ പുരോഗതി നമ്മുടെ സവിശേഷമായ ശ്രദ്ധയെ ആകർഷിക്കുന്നു. ഇന്ന് അവിടെ നാലു ലക്ഷത്തോളം കത്തോലിക്കർ ഉണ്ട്. ഇതുകൂടാതെ അഹമ്മദനാഗരം, ഗുജറാത്ത്, ആസാം, പഞ്ചാബ്, ആജ്മീർ, ബീഹാർ തുടങ്ങിയ പല പ്രദേശങ്ങളിലും വിവിധ സഭകളിൽപ്പെട്ട മിഷനറിമാർ പ്രേഷിതവേല ആരംഭിച്ചു. ഇൻഡ്യയിൽ എല്ലാ സ്ഥലങ്ങളിലുംതന്നെ സാധാരണയായി പിന്നോക്കജാതികളുടേയും ആദിമവർഗ്ഗങ്ങളുടേയും ഇടയിലാണു മിഷൻപ്രവർത്തനം കൂടുതൽ വിജയിച്ചതു്.

19–ാം നൂററാണ്ടിൽ വി. ഫ്രാൻസീസ് സാലെസിൻെറ മിഷനറിസഭ, മിലാൻ വിദേശമിഷൻസംഘം, ഹോളിക്രോസ് സഭ, മിൽഹിൽ ഫാദേഴ്സ് (വി. യൗസേപ്പിൻെറ വിദേശമിഷൻ സംഘം) തുടങ്ങിയ മിഷനറിസമൂഹങ്ങൾ ഇൻഡ്യയിൽ വരുകയുണ്ടായി. ഒന്നാംലോകമഹായുദ്ധാനന്തരം (1914–18) സലേഷ്യൻ, വിൻസെൻഷ്യൻ, നോർബർട്ടൈൻ, ദിവ്യവചനസഭ, സൊസൈററി ഓഫ് സെൻറ് പോൾ, ഫ്രാൻസീസ്കൻ മൂന്നാംസഭ (T. O. R.) ദിവ്യരക്ഷകസഭ തുടങ്ങിയ പല പുതിയ സന്യാസസഭക്കാരും ഇൻഡ്യയിൽ പ്രേഷിതവേല നടത്തുന്നതിനു തയ്യാറായി മുമ്പോട്ടുവന്നു. 1941–ൽ "ഇൻഡ്യൻ മിഷനറി സൊസൈററി" എന്ന പേരിൽ ഒരു ഏതദ്ദേശീയ മിഷനറിസംഘം ഉത്തരേന്ത്യയിൽ ആരംഭിച്ചു. ഹിന്ദുക്കളുടെ ഏററവും പ്രധാനകേന്ദ്രവും പുരാണപ്രസിദ്ധവുമായ ബനാറസിൽ ഗംഗാനദിയുടെ വടക്കേക്കരയിൽ നഗരപ്രാന്തത്തിൽനിന്നും ഏകദേശം ഏഴുമൈൽ അകലെയായിട്ടാണ് ഇൻഡ്യൻ മിഷനറി സൊസൈററിയുടെ കേന്ദ്രം ഉറപ്പിച്ചിരിക്കുന്നതു്. ഭാരതത്തിലും സമീപരാജ്യങ്ങളിലും ഭാരതീയർ കുടിയേറിപ്പാർത്തുകൊണ്ടിരിക്കുന്ന നാട്ടുകളിലും വേദപ്രചരണം നടത്തുകയാണ് ഈ സഭയുടെ ഉദ്ദേശ്യം. ഭാര

ത്തിൻെറ മാനസാന്തരം ലക്ഷ്യമാക്കി, 1947-ൽ സേലത്തു് ആരംഭിച്ചതും, ഇപ്പോഠം ബാംഗ്ലൂരിൽ പ്രവൎത്തിച്ചുകൊണ്ടിരിക്കുന്നതുമായ ഒരു സന്യാസസഭയാണു ബനഡിക്ടൈൻ സഭ. ഈ സഭാംഗങ്ങഠം ഇൻഡ്യയിലെ ജീവിതരീതി അനുകരിക്കുന്നു.

ഐറിഷ് ക്രിസ്ത്യൻബ്രദേഴ്സ്, വി. ഗബ്രിയേലിൻെറ ക്രിസ്ത്യൻ സഹോദരന്മാർ, വി. ഫ്രാൻസീസ് അസ്സീസിയുടെ മിഷനറി സഹോദരന്മാർ, വി. പാട്രിക്കിൻെറ സഹോദരന്മാർ, തിരുഹൃദയത്തിൻെറ സഹോദരന്മാർ എന്നിങ്ങനെ സന്യാസ സഹോദരന്മാൎക്കായുള്ള മിഷനറിസംഘങ്ങളും ഇൻഡ്യയിൽ പ്രേഷിതവേല നടത്തുന്നുണ്ടു്. ഒരു നല്ല സംഖ്യ ഏതദ്ദേശീയസംഘങ്ങഠം ഉഠംപ്പെടെ നൂറിലധികം സന്യാസിനീസഭകളും ഇൻഡ്യയിൽ പ്രേഷിതവൃത്തിയിൽ ഏൎപ്പെട്ടിരിക്കുന്നു.

ഇങ്ങനെയുള്ള മിഷൻ പ്രവൎത്തനങ്ങളുടെ ഫലമായി ഇൻഡ്യയിലെ കത്തോലിക്കരുടെ സംഖ്യ പൂൎവ്വോപരി വൎദ്ധിച്ചുകൊണ്ടിരുന്നു. ഇൻഡ്യയിലും ബൎമ്മായിലുംകൂടി 1901-ൽ 19 ലക്ഷവും, 1911-ൽ 23 ലക്ഷവും, 1921-ൽ 26 ലക്ഷവും 1941-ൽ 42 ലക്ഷവും കത്തോലിക്കർ ഉണ്ടായിരുന്നു. 1950-ൽ ഇൻഡ്യയിലേയും പാക്കിസ്ഥാനിലേയും മാത്രം കത്തോലിക്കാ ജനസംഖ്യ 47 ലക്ഷമായി. 1886-നു ശേഷം ഇൻഡ്യയിൽ അനേകം രൂപതകളും പ്രീഫക്ച്ചറുകളും സ്ഥാപിക്കപ്പെട്ടിട്ടുണ്ടു്. 1947-ൽ ഇൻഡ്യാ വിഭജിക്കപ്പെട്ടപ്പോഠം ഏഴു രൂപതകഠം പാക്കിസ്ഥാനിലായിത്തീൎന്നു.

1948-ൽ ഇൻഡ്യയിൽ ഇൻേറർനൺഷ്യേച്ചർ സ്ഥാപിക്കപ്പെട്ടതുവരെ താഴെപ്പറയുന്ന ഏഴുപേർ ഇവിടത്തെ ഡലഗാഡ് അപ്പോസ്തോലിക്കാമാരായി ഉദ്യോഗം വഹിച്ചിട്ടുണ്ടു്.

1. മോൺ. ആൻറണി അല്ലിയാർദി (1884-87)
2. മോൺ. ആൻഡ്രൂ അയ്യൂത്തി (1887-91)
3. മോൺ. ലഡിസ്ളാവോ സലേസ്സി (1892-1916)
4. മോൺ. പീററർ ഫുമസോനി ബിയോണ്ടി (1916-19)

5. മോൺ. പീററർ പിസാനി (1919–24)
6. മോൺ. എഡ്വേർഡ് മൂണി (1926–31)
7. മോൺ. ലീയോ പീററർ കിയേക്കൽസ് (1931–48–52)

— Martin Lucas, Knox, Caprio

1947-ൽ ഇൻഡ്യാ സ്വതന്ത്ര്യയായതിനെ തുടർന്ന് തിരുസിംഹാസനവും ഇൻഡ്യാഗവണ്മെൻറും തമ്മിൽ നയതന്ത്രബന്ധം സ്ഥാപിക്കപ്പെടുകയും അതോടുകൂടെ 1948-ൽ ഇൻഡ്യയിലെ അപ്പോസ്തോലിക്ക് ഡലഗേഷൻസ്ഥാനം അപ്പോസ്തോലിക്ക ഇൻറർനൺഷ്യേച്ചറിൻെറ പദവിയിലേക്ക് ഉയർത്തപ്പെടുകയും ചെയ്തു. ദലഗാദ് അപ്പോസ്തോലിക്കായായിരുന്ന മോൺ. ലീയോ പി. കിയേർക്കൽസ് തന്നെ ഇൻഡ്യയിലെ പ്രഥമ ഇൻറർനൺഷ്യോ ആയി നിയമിക്കപ്പെട്ടു. ഇതിനെ തുടർന്നു ദലഗാദ് അപ്പോസ്തോലിക്കായുടെ ആസ്ഥാനം ബാംഗളൂരിൽനിന്നു് ന്യൂഡൽഹിയിലേക്കു മാററി. 1952-ൽ കിയേക്കൽസ് തിരുമേനി അനാരോഗ്യം നിമിത്തം ഉദ്യോഗം രാജിവയ്ക്കുകയും പകരം ഡോക്ടർ മാർട്ടിൻ ലൂക്കോസ് തിരുമേനി നിയമിക്കപ്പെടുകയും ചെയ്തു. അദ്ദേഹത്തിൻെറ പിൻഗാമി 1956-ൽ നിനിയമിതനായ മോൺ: റോബെർട്ട് നോക്സ് തിരുമേനി ആകുന്നു.

1950-ൽ ബാംഗളൂരിൽ സമ്മേളിച്ച ഇൻഡ്യയിലെ പ്രഥമ "സമ്പൂർണ്ണസൂനഹദോസും", മാർത്തോമ്മാശ്ലീഹാ ഇൻഡ്യയിൽ ക്രിസ്തുമതം സ്ഥാപിച്ചിട്ട് 19 ശതവത്സരങ്ങളും ഇൻഡ്യയുടെ ദ്വിതീയാപ്പോസ്തോലനായ വി. ഫ്രാൻസീസ്സേവ്യർ ചരമമടഞ്ഞിട്ട് 4 ശതവത്സരങ്ങളും പൂർത്തിയായതു പ്രമാണിച്ച് 1952-ൽ എറണാകുളം കേന്ദ്രമാക്കി ആഘോഷിച്ച ജൂബിലിയും ഭാരതകത്തോലിക്കാസഭയെ സംബന്ധിച്ചിടത്തോളം അതിപ്രധാനമായ രണ്ടു സംഭവങ്ങളാണ്. രണ്ടു സമ്മേളനങ്ങൾക്കും തൻെറ പ്രതിനിധിയായി ആസ്ത്രേലിയായിലെ സിഡ്നി അതിരൂപതയുടെ മെത്രാപ്പോലീത്തായായ അത്യുന്നത കർദ്ദിനാൾ നോർമൻ തോമസ് ഗിൽറോയി തിരുമേനിയെ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് ഇൻഡ്യയിലേക്ക് അയച്ചു. 1953 ജാനുവരിയിൽ ഇൻഡ്യൻ കത്തോലിക്കരെ അത്യധികം ആഹ്ലാദചിത്തരാക്കിയ

മറെറാരു സംഭവവും നടന്നു. ബോംബേ മെത്രാപ്പോലീത്തായായ മോൺ. വലേറിയൻ ഗ്രാസിയാസ് തിരുമേനി ഇൻഡ്യയുടെ പ്രഥമ കർദ്ദിനാളായി ഉയർത്തപ്പെട്ടുവെന്നതാണു് ആ സംഭവം.

1923 വരെ ഇൻഡ്യയിൽ എറണാകുളം, ചങ്ങനാശ്ശേരി, തൃശ്ശൂർ, കോട്ടയം എന്നീ നാലു സുറിയാനി രൂപതകളിൽ മാത്രമേ നാട്ടുകാരായ മെത്രാന്മാർ ഭരണം നടത്തിയിരുന്നുള്ളു. 1923-ൽ തൂത്തുക്കുടി രൂപത ഏതദ്ദേശീയ മെത്രാൻെറ ഭരണത്തിനു് ഏല്പിക്കപ്പെട്ടു. തുടർന്നു് 1947-ൽ ഇൻഡ്യാ സ്വാതന്ത്ര്യയായതുവരെ ഏതദ്ദേശീയ ഭരണത്തിനേല്പിക്കപ്പെട്ട രൂപതകൾ കോട്ടാർ, മംഗലാപുരം, വരാപ്പുഴ, കുംഭകോണം, കൊല്ലം, തൃശ്ശിനാപ്പള്ളി, ഗുണ്ടൂർ, കോയമ്പത്തൂർ, ബാംഗ്ലൂർ, അലഹബാദ് മുതലായവയാണു്. ഇവയ്ക്കുപുറമേ തിരുവനന്തപുരം, തിരുവല്ലാ എന്നീ സീറോ-മലങ്കര രൂപതകളും ഏതദ്ദേശീയ ഭരണത്തിലായിരുന്നു. ഇൻഡ്യാ സ്വാതന്ത്ര്യം പ്രാപിച്ചതിനുശേഷം അനേകം രൂപതകൾ സ്വദേശമെത്രാന്മാരുടെ ഭരണത്തിനു വിട്ടുകൊടുത്തിട്ടുണ്ടു്. ഇൻഡ്യയിൽ ഇപ്പോൾ 45-ഓളം രൂപതകൾ ഏതദ്ദേശീയ ഭരണത്തിലാണു്.

1950-ൽ, പദ്രുവാദോ കീഴായിരുന്ന രൂപതകളിൽ ഗോവാ ഒഴിച്ചുള്ളവ പദ്രുവാദോ ഭരണത്തിൽനിന്നു വിടത്തപ്പെട്ടു. ഇതിൻെറ ഫലമായി മൈലാപ്പൂരിലേയും കൊച്ചിയിലേയും പദ്രുവാദോഭരണം അവസാനിച്ചു. 1952-ൽ മൈലാപ്പൂർ മദ്രാസിനോടു കൂട്ടിച്ചേർത്തു് മദ്രാസ്-മൈലാപ്പൂർ അതിരൂപത സ്ഥാപിതമായി. 1953-ൽ ഗോവാ അതിരൂപതയുടെ കീഴിൽ ഇൻഡ്യൻ വിഭാഗത്തുണ്ടായിരുന്ന പ്രദേശങ്ങൾ വേർപെടുത്തി ബൽഗാം എന്ന പേരിൽ ഒരു പുതിയ രൂപത സൃഷ്ടിച്ചു.

1953-ൽ ഇൻഡ്യൻ രൂപതകൾ പുനഃസംഘടിപ്പിക്കപ്പെടുകയും ഭൂമിശാസ്ത്രപരമായ അടിസ്ഥാനത്തിൽ പ്രോവിൻസുകൾ രൂപീകരിക്കപ്പെടുകയും ചെയ്തു. ഓരോ മിഷനറി സമൂഹത്തിൻേറയും കീഴിലുള്ള രൂപതകൾ എവിടെ ആയിരുന്നാലും ആ മിഷനറി സമൂഹ

ത്തിൽപ്പെട്ട അതിരൂപതയുടെ സാമന്തരൂപതകളായിട്ടാണു സ്ഥിതി ചെയ്തിരുന്നതു്. ഈ സ്ഥിതി ഭൂമിശാസ്ത്രപരമായ സൗകര്യം അശേഷം പരിഗണിക്കാതെയുള്ളതായിരുന്നു. പരിശുദ്ധ സിംഹാസനത്തിൽ നിന്നും നടത്തിയ പുനർവിഭജനത്തിൻെറ ഫലമായി ഈ സ്ഥിതിക്കു മാററംവന്നു. ഇതോടുകൂടി ആഗ്രാ, മധുര, ബാംഗളൂർ, ചങ്ങനാശ്ശേരി, ഹൈദ്രാബാദ്, നാഗപ്പൂർ, റാഞ്ചി മുതലായി അതിരൂപതകളുടെ എണ്ണം 16 ആയി.

ഭാരതസഭയുടെ ആധുനികസ്ഥിതി

ഇൻഡ്യൻ കത്തോലിക്കരെ നാലു ഗണങ്ങളായി തിരിക്കാം.

1) കേരളത്തിലേ പൂർവ്വകാലം മുതലുള്ള മാർത്തോമ്മാ ക്രിസ്ത്യാനികൾ. മാർത്തോമ്മാശ്ലീഹായിൽനിന്നും സുവിശേഷവെളിച്ചം സ്വീകരിച്ചവരുടെ സന്തതിപരമ്പരകളിൽപ്പെടുന്നവരാണു് ഇവർ. ഇവരിൽ വൻഭൂരിഭാഗവും സുറിയാനിറീത്തുകാരാണു്. എന്നാൽ, മാർത്തോമ്മാ ക്രിസ്ത്യാനികളിൽ അപ്രധാനമല്ലാത്ത ഒരു വിഭാഗം പോർട്ടുഗീസുകാരുടെ ആഗമനത്തിനുശേഷം പല ഘട്ടങ്ങളിലായി ലത്തീൻറീത്തു സ്വീകരിക്കുകയുണ്ടായിട്ടുണ്ടു്.

2) പതിനാറും പതിനേഴും നൂററാണ്ടുകളിലേ പോർട്ടുഗീസ് ഫ്രെഞ്ച് മിഷൻ പ്രവർത്തനങ്ങളുടെ ഫലമായി മാനസാന്തരപ്പെട്ടവർ. ഇൻഡ്യൻ കത്തോലിക്കരുടെ ഭൂരിഭാഗവും ഈ ഗണത്തിൽപ്പെടും. ഇവരിൽ അധികപങ്കും ദക്ഷിണേന്ത്യാക്കാരാണു്. ബ്രാഹ്മണർ തുടങ്ങിയ ഉൽകൃഷ്ടവംശജരിൽനിന്നു മാനസാന്തരപ്പെട്ടവരും ഈ ഗണത്തിൽ ഉൾപ്പെടുന്നുണ്ടു്.

3) ആധുനിക മിഷനറിമാരാൽ മാനസാന്തരപ്പെടുത്തപ്പെട്ട മലവർഗ്ഗക്കാരും പട്ടികജാതിക്കാരുമായ കത്തോലിക്കർ, മലവർഗ്ഗക്കാർ മദ്ധ്യേന്ത്യയിലും ചോട്ടാനാഗപ്പൂർ മുതലായ സ്ഥലങ്ങളിലും വസിക്കുന്നു. പട്ടികജാതിക്കാർ ഇൻഡ്യയിലേ എല്ലാ രൂപതകളിലുംതന്നെ ചിതറിക്കിടക്കുന്നു.

4) ഇൻഡ്യയിൽ പല സ്ഥലങ്ങളിലായി താമസിക്കുന്ന ഒരു ലക്ഷത്തിലധികം വരുന്ന ആംഗ്ലോ–ഇൻഡ്യൻ കത്തോലിക്കർ

ഇൻഡ്യയിൽ സിറോ–മലബാർ (കൽദായസുറിയാനി), സിറോ–മലങ്കര (അന്തിയോക്കിയൻ സുറിയാനി) എന്നീ രണ്ടു പൗരസ്ത്യറീത്തുകളും ലത്തീൻറീത്തും നിലവിലിരിക്കുന്നു. ഇവയിൽ സുറിയാനിറീത്തുകൾ രണ്ടും കേരളത്തിന്റെ പരിധികളിൽ പരിഛേദിക്കപ്പെട്ടിരുന്നു. എന്നാൽ കൽദായ സുറിയാനി റീത്തിന്റെ വടക്കോട്ടുള്ള പരിധി സുറിയാനിക്കാർ കുടിയേറിപ്പാർത്ത മൈസൂർ സ്റ്റെയിറ്റിലെ പ്രദേശങ്ങൾ ഉൾപ്പെടെ ഇപ്പോൾ വികസിപ്പിച്ചിരിക്കുകയാണ്. പൗരസ്ത്യറീത്തുകാർ റോമിലെ പൗരസ്ത്യതിരുസംഘത്തിന്റെ കീഴിലും ലത്തീൻറീത്തുകാർ പ്രൊപ്പഗാന്താ തിരുസംഘത്തിന്റെ കീഴിലും സ്ഥിതിചെയ്യുന്നു. ഗോവാമാത്രം "അസാധാരണ കാര്യങ്ങൾക്കായുള്ള തിരുസംഘ"ത്തിന്റെ കീഴിലാണ്.

16 അതിരൂപതകളും 52 രൂപതകളും 8 പ്രീഫക്ച്ചറുകളും ഉൾപ്പെടെ 76 രൂപതാ യൂണിറ്റുകൾ ഇൻഡ്യയിൽ ഇപ്പോൾ ഉണ്ട്. ഇൻഡ്യയിലെ സഭാപ്രവിശ്യകളുടേയും ഓരോ പ്രവിശ്യയിലുമുള്ള രൂപതകളുടേയും പേരുകൾ താഴെ ചേർക്കുന്നു:–

### സിറോ–മലബാർ റീത്ത് (പൗ: തി: സം:)

I 1. എറണാകുളം 2. തൃശ്ശൂർ
3. കോതമംഗലം 4. തലശ്ശേരി

II 1. ചങ്ങനാശ്ശേരി 2. പാലാ
3. കോട്ടയം

### സിറോ–മലങ്കരറീത്ത്

III 1. തിരുവനന്തപുരം 2. തിരുവല്ലാ

## ലത്തീൻ റീത്ത് (പ്രൊപ്പഗാന്താ)

| | | | | |
|---|---|---|---|---|
| IV | 1. | വരാപ്പുഴ | 2. | കോഴിക്കോട് |
| | 3. | കൊച്ചി | 4. | ആലപ്പുഴ |
| | 5. | വിജയപുരം | 6. | കൊല്ലം |
| | 7. | തിരുവനന്തപുരം | 8. | കോട്ടാർ |
| V | 1. | മധുര | 2. | തൂത്തുക്കുടി |
| | 3. | തൃശ്ശിനാപ്പള്ളി | | |
| VI | 1. | പോണ്ടിച്ചേരി – കടലൂർ | 2. | സേലം |
| | 3. | കുംഭകോണം | 4. | തഞ്ചാവൂർ |
| VII | 1. | മദ്രാസ്–മൈലാപ്പൂർ | | |
| | 2. | കോയമ്പത്തൂർ | 3. | വെല്ലൂർ |
| VIII | 1. | ഹൈദ്രാബാദ് | 2. | വിജയവാദാ |
| | 3. | നെല്ലൂർ | 4. | ഗുണ്ടൂർ |
| | 5. | വിശാഖപട്ടണം | 6. | വറംഗൽ |
| IX | 1. | ബാംഗളൂർ | 2. | മംഗലാപുരം |
| | 3. | മൈസൂർ | 4. | ബല്ലാറി |
| | 5. | ഉട്ടാക്കമണ്ഡ് | | |
| X | 1. | ബോംബേ | 2. | പൂനാ |
| | 3. | ബൽഗാം | 4. | അഹമ്മദ്ബാദ് |
| XI | 1. | കൽക്കട്ടാ | 2. | കൃഷ്ണഗാർ |
| | 3. | ജൽപ്പായിഗുരി | 4. | മാറംഡാ (പ്രീ: അ:) |
| | 5. | ഹാഫ്ലോംഗ് (പ്രീ: അ:) | 6. | സിക്കിം (പ്രീ: അ:) |
| | 7. | പാററ്നാ | 8. | ഷില്ലോംഗ് |
| | 9. | ഡിബ്രൂഗാർ | 10. | ഭഗൽപൂർ (പ്രീ: അ:) |
| | 11. | ജംഷഡ്പൂർ | 12. | ഡുംകാ |

XII 1. <u>റാഞ്ചി</u> 2. കട്ടാക്ക്
3. സാംബൽപ്പൂർ

XIII 1. <u>നാഗപ്പൂർ</u> 4. അമരാവതി
2. റെയിഗാർ-അംബികാപൂർ 5. ചണ്ഡാമിഷൻ
3. ജബൽപ്പൂർ

XIV 1. <u>ആഗ്രാ</u> 5. ഇൻഡോർ
2. ആജ്മീർ-ജയ്പൂർ 6. ജാൻസി
3. അലഹബാദ് 7. ബനാറസ്–
4. ലക്ക്നോ ഗൊരക്പൂർ (പ്രീ: അ:)
8. മീററ്റ്

XV 1. <u>ഡൽഹി</u> 2. ജലന്തർ (പ്രീ: അ:)
3. ജമ്മു–കാഷ്മീർ (പ്രീ: അ:) 4. സിംലാ

XVI 1. <u>ഗോവാ–ഡാമൻ</u> (S. C. Extr: Eccl. Affairs)
2. ബൽഗാം

പശ്ചിമപാക്കിസ്ഥാനിൽ ഹൈദ്രാബാദ്, കറാച്ചി, മൂൾട്ടാൻ, ലാഹോർ, റാവൽപിണ്ടി, ലിയാൽപൂർ എന്നീ രൂപതകളും പൂർവ്വപാക്കിസ്ഥാനിൽ ഡാക്കാ, ഡിനാജ്പൂർ, ചിററഗോങ്ങ്, കൂമ്നാ എന്നീ രൂപതകളും ഉണ്ട്. ഇവയിൽ കറാച്ചി, ഡാക്കാ, ഹൈദ്രാബാദ് എന്നിവ അതിരൂപതകളാണ്. പത്തുരൂപതകളിലുംകൂടെ ഏകദേശം രണ്ടരലക്ഷം കത്തോലിക്കർ ഉണ്ട്. പാക്കിസ്ഥാനിലെ മൊത്തജനസംഖ്യ 7 കോടിയിൽ അധികമാകുന്നു.

ഇൻഡ്യയിലെ ആകെ ജനസംഖ്യ 44 കോടിയാണ്. ഇതിൽ കത്തോലിക്കരുടെ സംഖ്യ 6282409 ആകുന്നു. (1 · 36 ശതമാനം) ഇൻഡ്യൻ ഭൂപടത്തിൽ, ബോംബെയിൽനിന്നു വിശാഖപട്ടണത്തിലേക്കു കുറുകെ ഒരു വര വരച്ച് ഇൻഡ്യയെ തെക്കും വടക്കുമായി തിരിക്കുക. വരയ്ക്കുകീഴുള്ള ഭാഗത്തെ ദക്ഷിണഭാരതമെന്നും മേലുള്ള ഭാഗത്തെ ഉത്തരഭാരതമെന്നും നമുക്കു വിളിക്കാം. ഈ രണ്ടു ഭാഗങ്ങ

ളേയും ഒന്നു താരതമ്യപ്പെടുത്തി നോക്കിയാൽ ഭാരതകത്തോലിക്കാ സഭാരാമത്തിലേ ധനപുഷ്ടമായ ഭാഗം തെക്കും വളക്കൂറില്ലാത്ത ഭാഗം വടക്കുമാണെന്നു കാണാം.

ഇൻഡ്യയിലേ 44 കോടി ജനങ്ങളിൽ 34 കോടിയോളം ഉത്തരഭാരതത്തിലും 10 കോടിയോളം ദക്ഷിണഭാരതത്തിലുമാകുന്നു. എന്നാൽ, ഇൻഡ്യയിലേ 63 ലക്ഷം കത്തോലിക്കരിൽ 54 ലക്ഷവും ദക്ഷിണഭാരതത്തിലാണ്. താരതമ്യേന ജനസംഖ്യ വളരെ കൂടുതലുള്ള ഉത്തരഭാരതത്തിൽ വെറും 9 ലക്ഷം കത്തോലിക്കർ മാത്രമേയുള്ളു. അതായതു ദക്ഷിണേന്ത്യയിലേ ജനസംഖ്യയിൽ 5.4% കത്തോലിക്കരായിരിക്കുമ്പോൾ ഉത്തരേന്ത്യയിൽ അവിടത്തേ ജനസംഖ്യയുടെ 0.30% മാത്രമാണു കത്തോലിക്കർ. എന്നാൽ, ഉത്തരേന്ത്യയിലെ 9 ലക്ഷം കത്തോലിക്കരിൽ ഏകദേശം 4 ലക്ഷവും ചൊട്ടാനാഗപ്പൂരിൽ തന്നെയാണ്. ഇതിൽനിന്നും മററു ഭാഗങ്ങളിലേ മിഷൻെറ സ്ഥിതി ഏറെക്കുറെ മനസ്സിലാക്കാമല്ലോ.

ദക്ഷിണേന്ത്യയിലേ 55 ലക്ഷത്തോളം കത്തോലിക്കരിൽ 35 ലക്ഷവും ബോംബേമുതൽ കന്യാകുമാരിവരെയുള്ള പശ്ചിമതീരത്ത് അധിവസിക്കുന്നു. ഇതിൽ, 17 ലക്ഷം സുറിയാനിക്കാർ ഉൾപ്പെടെ 27 ലക്ഷം കത്തോലിക്കർ കേരളത്തിലുമാണ്. പശ്ചിമഘട്ടത്തിനു കിഴക്ക് 20 ലക്ഷം കത്തോലിക്കർ മാത്രമേയുള്ളു. ഇൻഡ്യയിൽ കത്തോലിക്കർ ഏററവും കൂടുതലായി തിങ്ങിപ്പാർക്കുകയും കത്തോലിക്കാ സഭയ്ക്കു് ഉറച്ച ഒരു നില പ്രാപിക്കുവാൻ സാധിക്കുകയും ചെയ്തിട്ടുള്ള സ്ഥലങ്ങൾ കേരളവും ഗോവായുമൊഴിച്ചു വേറെ ഇല്ല തന്നെ. കേരളത്തിൽ 16 രൂപതകളുണ്ട്. അതിൽ 9 എണ്ണം സുറിയാനിക്കാരുടേതും 7 എണ്ണം ലത്തീൻകാരുടേതും ആണ്.

ഭാരതസഭയുടെ മാരകവിപത്ത് കമ്യൂണിസമാണ്. 1957 മുതൽ 59 ജൂലായി 31-ൽ ഇൻഡ്യൻ പ്രസിഡൻറിനാൽ നിഷ്കാസനം ചെയ്യപ്പെട്ടതുവരെ, കേരളത്തിൽ ഭരണതാണ്ഡവം നടത്തിയ കമ്യൂണിസ്റ്റുദുർഭൂതം, ഭാരതസഭയ്ക്കു പ്രത്യേകിച്ച് കേരളസഭയ്ക്കു് ഒരു പേടിസ്വപ്നമായിരുന്നു. വിദ്യാലയങ്ങളിൽ കൈവച്ചപ്പോൾ, കമ്യൂ-

ഭരണാന്ത്യത്തിൻെറ ആരംഭം കുറിച്ചു. മററാരേയുംകാഠം, ആദ്യമായി തന്നെ, മുൻപന്തിയിൽ കേരളകത്തോലിക്കർ ആളും അത്ഥവും പദവികളും ബലികഴിച്ചു കമ്യൂണിസത്തിനെതിരായി സുധീരം പോരാടി. സ്വരാജ്യസ്നേഹികളായ ആബാലവൃദ്ധം ജനങ്ങഠം അവരുടെ അജയ്യശക്തി തെളിയിച്ചു് ചരിത്രം സൃഷ്ടിച്ചു. അപ്രതിരോധ്യമായ ജനകീയശക്തിയുടെ മുന്നേററത്താൽ—അതേ, അങ്കമാലി, പുല്ലുവിള, വെട്ടുകാട്ട്, ചെറിയതുറ മുതലായ സ്ഥലങ്ങളിലേ കത്തോലിക്കാരക്തസാക്ഷികളുടേയും, മററ സ്ഥലങ്ങളിലുള്ള മററനേകരുടേയും പരിപാവനരക്തത്താൽ–കിരാതകമ്യൂണിസ്റ്റ് ഭരണത്തിനു വിരാമമിടപ്പെട്ടു. ചരിത്രപ്രസിദ്ധമായ വിമോചനസമരം അങ്ങനെ വിജയശ്രീലാളിതമായി.

ഭാരതത്തിലേ കത്തോലിക്കാ സഭയ്ക്കു് ഏററവും ശോഭനമായ ഒരു ഭാവിയുണ്ടെന്നും ആ ഭാവിയെ കെട്ടിപ്പടുക്കുവാൻ കേരളത്തിലേ കത്തോലിക്കർ ഒരു നല്ല പങ്കു വഹിക്കേണ്ടിവരുമെന്നും നമുക്കു് ന്യായപൂർവ്വം പ്രതീക്ഷിക്കാം. ഇൻഡ്യയിലേ കത്തോലിക്കസഭയുടെ ഭാവി ഒരു വശത്തു ശോഭനമാണെങ്കിൽ മറുവശം വിഷമപൂർണ്ണമായും കാണപ്പെടുന്നു. എല്ലാ മതങ്ങളേയും വെല്ലുവിളിച്ചുകൊണ്ടുള്ള ഭൗതികവാദം ഒരു ഭാഗത്തും, ഒരു കൂട്ടം ഹിന്ദുക്കളുടെ വർഗ്ഗീയതയും സങ്കുചിതമായ "ദേശീയത്വ"വും മറെറാരു ഭാഗത്തും നാം കാണുന്നു. ക്രിസ്തുമതം ഒരു വിദേശമതമാണെന്നും പാശ്ചാത്യമായ നാഗരീകതയും സംസ്കാരവുമാണിതിനുള്ളതെന്നും ഇന്നും അപവദിക്കപ്പെടുന്നുണ്ടു്. ഈ മുൻവിധികളേയും സംശയങ്ങളേയും ദൂരീകരിക്കുന്നതിനും ക്രൈസ്തവധർമ്മത്തിൻെറ സാർവ്വജനീനത്വത്തേയും ക്രിസ്തുസന്ദേശത്തിൻെറ കാതൽ അവിച്ഛിന്നമായ സത്യവും സൗഹൃദമൂല്യവുമാകുന്നുവെന്ന പരമാർത്ഥത്തേയും ഇൻഡ്യയിലേ അക്രൈസ്തവസമക്ഷം ഉച്ചൈസ്തരം വിളംബരം ചെയ്യുന്നതിനും നമുക്കു ശ്രമിക്കാം. ഭാരതത്തിൻെറ അപ്പോസ്തോലന്മാരായ മാർത്തോമ്മാശ്ലീഹായും വി. ഫ്രാൻസീസ് സേവ്യറും ഇതിനു നമ്മെ സഹായിക്കട്ടെ.

# SYLLABUS

| | | | | |
|---|---|---|---|---|
| Standard VIII | | | | |
| | Page | 1 | — | 33 |
| | Page | 121 | — | 132 |
| Standard IX | | | | |
| | Page | 34 | — | 69 |
| | Page | 132 | — | 142 |
| Standard X | | | | |
| | Page | 72 | — | 118 |

# Reference books for teachers

1. മാർത്തോമ്മാ ക്രിസ്ത്യാനികൾ

   റവ. ഫാ. ബർണാർഡ് സി. ഡി.

2. കേരളത്തിലെ ക്രിസ്തുമതം

   ശ്രീ കെ. ഇ. ജോബ്

3. കേരളസുറിയാനി സഭാചരിത്രസംഗ്രഹം

   റവ. ഫാ. ലാസർ സി. ഡി.

4. ഭാരതസഭാ ചരിത്രസംഗ്രഹം

   എസ്സ്. ജെ. പൈനിക്കളം

5. തിരുസ്സഭാചരിത്രം

   ശ്രീ പി. സി. കുര്യൻ

6. മാർ ളൂയീസ് പഴേപറമ്പിൽ

   ശ്രീ ഐ. സി. ചാക്കോ

7. കൂനൻകുരിശിനു മുമ്പ്

   വെരി റവ. ഫാ. പ്ലാസിഡ് സി. ഡി.

# ഞങ്ങളുടെ വേദോപദേശഗ്രന്ഥങ്ങൾ

| | | | രൂ. | സ |
|---|---|---|---|---|
| 1. | മതോപദേശിക | ഒന്നാംപുസ്തകം | 0 | 12 |
| 2. | ” | രണ്ടാംപുസ്തകം | 0 | 25 |
| 3. | ” | മൂന്നാംപുസ്തകം | 0 | 40 |
| 4. | ” | നാലാംപുസ്തകം | 0 | 65 |
| 5. | മതതത്വപ്രദീപം | ഒന്നാംപുസ്തകം | 0 | 45 |
| 6. | ” | രണ്ടാംപുസ്തകം | 0 | 40 |
| 7. | ” | മൂന്നാംപുസ്തകം | 0 | 40 |
| 8. | ” | നാലാംപുസ്തകം | 0 | 80 |
| 9. | ” | അഞ്ചാംപുസ്തകം | 0 | 8 |
| 10. | ” | ആറാംപുസ്തകം | 0 | 90 |
| 11. | തിരുസഭാചരിത്രസംഗ്രഹം | | 0 | 75 |

സെൻറ് തോമസ് പ്രസ്സ്, പാലാ